# കോട്ടയം
## ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം



# വികസന റിപ്പോർട്ട് '1996

# കേരളം

## (കോട്ടയം പഞ്ചായത്തിന്റെ സ്ഥാനം കാണിക്കുന്ന മേപ്പ്)



# കോട്ടയം ഗ്രാമപഞ്ചായത്ത്



# റിപ്പോർട്ട് തയ്യാറാക്കിയവർ

1. യു. വിജയൻ
2. കെ. പ്രദീപൻ
3. വി. സി. അബ്ദുൾ ലത്തീഫ്
4. കെ. സത്യസജീവൻ
5. ടി. ദിനേശകുമാർ മാസ്റ്റർ
6. ടി. മോഹനൻ മാസ്റ്റർ
7. ടി. സി. രവീന്ദ്രൻ
8. എൻ. എം. കുമാരൻ
9. അജിമോൾ
10. ഡോ: മുഹമ്മദ്
11. താരാഭായി
12. വി. ഒ. അനിതകുമാരി.
13. കെ. പി. ഗോവിന്ദൻ
14. സി. എൻ. ഗിരീശൻ
15. കെ. കുമാരൻ
16. കെ. മനോഹരൻ
17. പി. ജാനകിടീച്ചർ
18. കെ. മുഹമ്മദായി
19. എം. ദാസൻ
20 എം. മോഹനൻ

കവർപേജ് ലേഔട്ട്

പി. എം. കെ. റഹീം

**1996 നവംബർ 20ന് ചേർന്ന കോട്ടയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 271/96 തീരുമാനപ്രകാരം അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നത്.**

## കോട്ടയം ഗ്രാമപഞ്ചായത്ത് ഭരണസമിതി

(1995 - 2000)

1. എം. മോഹനൻ (പ്രസിഡണ്ട്)
2. എം. ദാസൻ (വൈസ്പ്രസിഡണ്ട്)
3. കെ. മുഹമ്മദലി (സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ)
4. യു. വി. മൂസ്സ
5. എൻ. രാധ
6. പി. കാർത്ത്യായനി ടീച്ചർ
7. സി. കുമാരൻ മാസ്റ്റർ
8. ജലജകുമാരി.
9. കെ. വിജയൻ

# ഉള്ളടക്കം


പേജ്നമ്പർ

പൊതുവിവരണം

ആമുഖം

ചരിത്രം

ഭൂപ്രകൃതി-ജനപ്രകൃതി

**വികസനമേഖലകൾ**

1. കൃഷി- ജലസേചനം 15
2. മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരവികസനം. 23
3. വ്യവസായം 30
4. ഊർജ്ജം, ഗതാഗതം 35
5. കുടിവെള്ളം പൊതുജനാരോഗ്യം 42
6. വിദ്യാഭ്യാസം 49
7. പാർപ്പിടം സാമൂഹ്യക്ഷേമം 62
8. പട്ടികജാതി പട്ടികവർഗ്ഗവികസനം 69
9. വനിതാക്ഷേമം 71
10. സംസ്കാരം 74
11. സഹകരണമേഖല 81
12. വിഭവസമാഹരണം 85

# കോട്ടയം ഗ്രാമപഞ്ചായത്ത്
## പൊതുസ്ഥാപനങ്ങൾ



# കോട്ടയം പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കോട്ടയം ഗ്രാമപഞ്ചായത്ത് |
| വില്ലേജ് | : | കോട്ടയം |
| ബ്ലോക്ക്പഞ്ചായത്ത് ഡിവിഷൻ | : | കോട്ടയം |
| ബ്ലോക്ക്പഞ്ചായത്ത് | : | തലശ്ശേരി |
| താലൂക്ക് | : | തലശ്ശേരി |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | : | ധർമ്മടം |
| ജില്ല | : | കണ്ണൂർ |
| അസംബ്ലിമണ്ഡലം | : | കൂത്തുപറമ്പ് |
| പാർലിമെന്റ് മണ്ഡലം | : | കണ്ണൂർ |
| വിസ്തീർണ്ണം | : | 8.43 ചതുരശ്രകിലോമീറ്റർ |
| ജനസംഖ്യ(1991 സെൻസസ്) | : | 16526 |
| ജനസംഖ്യ(1996 ഒക്ടോബർ) | : | |
| വീടുകളുടെ എണ്ണം (1991 സെൻസസ്) | : | 2350 |
| വീടുകളുടെ എണ്ണം (1996 ഒക്ടോബർ) | : | |
| വാർഡ് | : | 9 |

## ഭരണപരമായ ചരിത്രം.

വലിയവീട്ടിൽ കോക്കോടൻ നമ്പ്ര് കുറുപ്പ് കൂടക്കായി കണാരി പറാണ്ടി അന്തൻ എം. നാരായണൻ നമ്പ്യാർ എന്നിവരായിരുന്നു ആദ്യകാല പഞ്ചായത്ത് പ്രസിഡണ്ടുമാർ.

*1963 ലെ തെരെഞ്ഞെടുപ്പിൽ നിലവിൽ വന്ന ഭരണസമിതി അംഗങ്ങൾ*

1. പി. കെ. കുഞ്ഞിരാമൻ മാസ്റ്റർ (പ്രസിഡണ്ട്)
2. എം. കെ. അലിപ്പി (വൈസ്പ്രസിഡണ്ട്)
3. മമ്പള്ളി ശ്രീമതി (മെമ്പർ)
4. എ. ആർ. മായൻ ,,
5. എ. ബാലൻ ,,
6. യു. രാഘവൻ വൈദ്യർ ,,
7. പി. എം. ആർ. മുഹമ്മദ് ,,
8. ടി. എൻ. ശങ്കരൻ ,,

*16 വർഷക്കാലം ഈ ഭരണസമിതി തുടരുകയുണ്ടായി. 1979 സപ്തംമ്പർമാസം തെരെഞ്ഞെടുപ്പ് നടന്നു. 19-9-1979 ൽ ഭരണസമിതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.*

1. എൻ. കുമാരൻമാസ്റ്റർ (പ്രസിഡന്റ്)
2. തോട്ടത്തി വാസു (വൈസ് പ്രസിഡന്റ്)
3. യു. ഇ. എൻ. മൂസ്സ
4. കെ. കെ. ബലൻ
5. എം. കെ. അബ്ദുൾ അസീസ്
6. പയ്യനാടൻ ആണ്ടി
7. എ. നാണി.
8. സി. അച്ചുതക്കുറുപ്പ്

*20-10-84 ൽ തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതി പിരിച്ചുവിട്ടു. സ്പെഷ്യൽ ഓഫീസറായി താലൂക്ക് പഞ്ചായത്ത് ഓഫീസർ ചാർജ്ജെടുത്തു.*

*1988 ഫെബ്രുവരി 8 ന് പുതിയ ഭരണസമിതി വന്നു. വാർഡ് വിഭജനത്തെത്തുടർന്ന് 9 വാർഡുകളായി.*

**ഭരണസമിതി.**

1. എൻ. കുമാരൻ മാസ്റ്റർ (പ്രസിഡണ്ട്)
2. എൻ. എം. കുമാരൻ (വൈസ്പ്രസിഡണ്ട്)
3. ടി. പി. വി. കാസിം
4. എം. ദാസൻ
5. സി. രവീന്ദ്രൻ
6. പി. ആർ. മുഹമ്മദ്
7. ടി. എ. കാർത്ത്യായനി
8. പി. വി. രാഘവൻ
9. എ. നാണി

12-9-92 ന് ശ്രീ എൻ. കുമാരൻ മാസ്റ്റർ മരണപ്പെട്ടതിനെ തുടർന്ന് 1992 നവംബർ 12 ന് ചേർന്ന ഭരണസമിതിയോഗം എൻ. എം. കുമാരനെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ശ്രീ. എം. ദാസൻ വൈസ്പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 8-2-93 ന് ഭരണസമിതിയുടെ കാലാവധി തീർന്നെങ്കിലും തുടർച്ചയായി കാലാവധി നീട്ടി 30-9-95 വരെ തുടർന്നു.

*30-9-95 ൽ സത്യപ്രതിജ്ഞ ചെയ്തു നിലവിലുള്ള ഭരണസമിതി.*

1. എം. മോഹനൻ (പ്രസിഡണ്ട്)
2. എം. ദാസൻ (വൈസ് പ്രസിഡണ്ട്)
3. കെ. മുഹമ്മദലി (സ്ററാന്റിഗ് കമ്മറ്റി ചെയർമാൻ)
4. യു. വി. മൂസ്സ
5. എൻ. രാധ
6. പി. കാർത്ത്യായനി ടീച്ചർ
7. സി. കുമാരൻമാസ്റ്റർ
8. ജലജകുമാരി
9. കെ. വിജയൻ

*പഞ്ചായത്ത് അതിർത്തിയിലെ സർക്കാർ സ്ഥാപനങ്ങൾ*

ഗ്രാമപഞ്ചായത്ത് ഓഫീസ്. വില്ലേജ് ഓഫീസ്, കൃഷിഭവൻ, പി. എച്ച്. സി, ആയുർവ്വേദഡിസ്പൻസറി, ഗ്രാമവികസന ഓഫീസുകൾ, കുടുംബക്ഷേമകേന്ദ്രങ്ങൾ, പോസ്റ്റാഫീസുകൾ.

*അതിർത്തിയിലെ മറ്റ് പൊതുസ്ഥാപനങ്ങൾ*

കോട്ടയം ഗവൺമന്റ് ഹൈസ്ക്കൂൾ, എരുവട്ടി യു. പി. സ്കൂൾ, 12 എൽ. പി. സ്കൂളുകൾ, കോട്ടയം സർവ്വീസ് സഹകരണബേങ്ക്, ക്ഷീരോൽപ്പാദകസഹകരണസംഘം, കൂത്തുപറമ്പ് നെയ്ത്ത് സഹകരണ സംഘം, വനിതാസഹകരണസംഘം.

*അതിർത്തികൾ*

വടക്ക് - വേങ്ങാട് പഞ്ചായത്ത്

തെക്ക് - കതിരൂർ

കിഴക്ക് - കൂത്തുപറമ്പ്

പടിഞ്ഞാറ് - പിണറായി

# ആമുഖം

സ്വതന്ത്രഭാരതത്തിന് 50 ആണ്ട് പൂർത്തിയാവുകയാണ്. അധികാരം ജനങ്ങൾക്ക്, ഗ്രാമസ്വരാജ് എന്നീ ആശയങ്ങൾ ഇതുവരെയും യാഥാർത്ഥ്യമായില്ല. അധികാരവികേന്ദ്രീകരണത്തിന് പകരം അധികാരകേന്ദ്രീകരണത്തിന്റെ ദുരന്തങ്ങളാണ് നമുക്ക് അനുഭവിക്കേണ്ടിവന്നത്. അധികാരകേന്ദ്രീകരണവും ബ്യൂറോക്രസിയും ജനങ്ങളുടെ താൽപ്പര്യങ്ങൾക്കെതിരാണ്. സ്വാതന്ത്ര്യാനന്തരം ഏറെ പിന്നിടുന്നതിനുമുമ്പുതന്നെ 1951 മുതൽ തന്നെ ആസൂത്രണത്തിൽക്കൂടി രാജ്യത്തിന്റെ ത്വരിതവികസനം എന്ന പാത നാം സ്വീകരിക്കുകയുണ്ടായി. എന്നാൽ ജനകീയപങ്കാളിത്തത്തിന്റെ അഭാവവും കൃത്യമായ ലക്ഷ്യബോധത്തിന്റെ കുറവും ഈ പദ്ധതിയിൽ അതിന്റെ ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായും സാക്ഷാൽക്കരിച്ചില്ല. 73-74 ഭരണഘടനഭേദഗതികളുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. സ്ത്രീകൾക്കാ മൂന്നിലൊന്ന് പ്രാതിനിധ്യം, അഞ്ചു വർഷം കൂടുമ്പോൾ തെരെഞ്ഞെടുപ്പ് ഗ്രാമസഭകൾ എന്നിവ പ്രത്യേകതകളാണ്. ഈ നിലയിൽ തെരെഞ്ഞെടുക്കപ്പെട്ട സമിതികൾ നിലവിൽവന്ന് ഒരു വർഷം പിന്നിട്ടിരിക്കയാണ്. ഈ പശ്ചാത്തലത്തിലാണ് വികേന്ദ്രീകൃതആസുത്രണത്തിൽ അധിഷ്ടിതമായും ഒമ്പതാം പഞ്ചവൽസരപദ്ധതി രൂപപ്പെടുത്താൻ സംസ്ഥാന ആസൂത്രണ ബോർഡ് തീരുമാനിച്ചിട്ടുള്ളത്. ഇതുവഴി കേരളം ഒരു പുതിയ മാതൃകക്ക് തുടക്കം കുറിച്ചിരിക്കുകയാണ് പഴയമാമൂൽരീതികളിൽനിന്ന് മാറിചിന്തിക്കാനും പുതിയൊരു വികസനസംസ്കാരം വളർത്തിയെടുക്കാനും നമുക്ക് സാധിക്കേണ്ടതുണ്ട്.

ജനകീയാസൂത്രണപ്രക്രിയയുടെ സംസ്ഥാനതല ഉത്ഘാടനം 96 ആഗസ്റ്റ് 17, ചിങ്ങം 1 ന് നിർവ്വഹിക്കപ്പെടുമ്പോൾ പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്കും ആരംഭം കുറിക്കുകയുണ്ടായി. ആവേശകരമായ പ്രവർത്തനങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ നടന്നത്.

ഗ്രാമസഭകൾ സംപ്തംബർ 15 ന് ആരംഭിച്ച് ഒക്ടോബർ 5 ന് പൂർത്തിയായി. ഗ്രാമസഭകളിൽ 979 പുരുഷൻമാരും 422 സ്ത്രീകളും ഉൾപ്പെടെ 1401 ആളുകൾ പങ്കെടുത്തു. ഇതൊരു പുതിയ അനുഭവമായിരുന്നു. ആറ് ഗ്രൂപ്പുകൾ പന്ത്രണ്ട് വിഷയങ്ങളെക്കുറിച്ച് കാര്യമായി ചർച്ചചെയ്യുകയുണ്ടായി. നിരവധി പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നു. ഇതിനു പുറമെ പഞ്ചായത്തിലെ മുഴുവൻ വീടുകളും കേന്ദ്രീകരിച്ചുകൊണ്ട് ഒരു കുടുംബസർവ്വേ നടത്തുകയുണ്ടായി. ഗ്രമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും കുടുംബസർവ്വേയുടെ ഭാഗമായി കിട്ടിയ വിവരങ്ങളും ദ്വിതീയ വിവരണ ശേഖരണത്തിന്റെ ഭാഗമായി കിട്ടിയ വസ്തുതകളും അടിസ്ഥാനമാക്കിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠനപര്യടനം വഴി പഞ്ചായത്തിന്റെ ഭൂപ്രകൃതിയെയും മണ്ണ് ജല വിഭവങ്ങളെക്കുറിച്ചും മറ്റും വിവരങ്ങൾ ശേഖരിക്കപ്പെട്ടു. പഞ്ചായത്തിന്റെ ചരിത്രത്തെക്കുറിച്ചും പഴയ തലമുറയിൽ പെട്ട കാരണവരുമായി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പിന്നിൽ നിരവധി സന്നദ്ധ പ്രവർത്തകരുടെ ത്യാഗപൂർണ്ണമായ സേവനവും ലഭിക്കുകയുണ്ടായി. ഈ പ്രവർത്തനവുമായി സഹകരിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു.

# സാമൂഹിക സാംസ്കാരിക ചരിത്രം

കോട്ടയത്തിന്റെ ചരിത്രം എന്നത് വലിയൊരളവോളം കോട്ടയം രാജവംശത്തിന്റെ ചരിത്രമാണ്. പുരളിമലയിൽ കോട്ടകെട്ടിയ ഒരു ഹരിശ്ചന്ദ്രരാജാവാണ് കോട്ടയം രാജവംശത്തിന്റെ സ്ഥാപകനെന്ന് കരുതപ്പെടുന്നു. കോലത്തുനാടിന് തെക്കും കിഴക്കും സ്ഥിതിചെയ്യുന്നതും തലശ്ശേരി മുതൽ കുടകു വരെ വ്യാപിച്ചിരുന്നതുമായ ഭൂവിഭാഗങ്ങൾ പ്രാചീനകാലത്ത് ഈ രാജവംശത്തിന്റെ അധികാര പരിധിയിലായിരുന്നു. 18 ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇരിവനാട്, വയനാട്, കുറുമ്പ്രനാട്, താമരശ്ശേരി തുടങ്ങിയ പ്രദേശങ്ങളും രാജവംശത്തിന്റെ അധീനതയിലായി.

ഒരുകാലത്ത് പുറനാട് പുറകിഴനാട് എന്നീപേരുകളിലും കോട്ടയം അറിയപ്പെട്ടിരുന്നു. മദ്ധ്യകാല സാഹിത്യകൃതികളായ ഉണ്ണിഅച്ചി സഹിത്യ ചരിതത്തിൽ കോകിലസന്ദേശത്തിലും കോട്ടയം രാജാവിനെ 'പുറയ്കിഴാർതങ്ങൾ' പുരളിക്ഷ്മാഭൃത്ത് എന്നിങ്ങനെ യഥാക്രമം വിശേഷിപ്പിച്ചിരിക്കുന്നതായി കാണാം.

മൂഴക്കുന്നിൽ രാജധാനി സ്ഥാപിച്ച് കോട്ടയം രാജവംശം അതിന്റെ ആസ്ഥാനം ആദ്യം ചാവശ്ശേരിയിലേക്കും പിന്നീട് കോട്ടയത്തേക്കും മാറ്റുകയാണുണ്ടായത്. രാജവംശത്തിന്റേതായ മൂന്ന് കോവിലകങ്ങൾ ഇന്നുണ്ട്. തെക്കുംകിഴക്കും കോവിലകങ്ങൾ കോട്ടയത്തും പടിഞ്ഞാറെ കോവിലകം പഴശ്ശിയിലുമാണ്. രാജവംശത്തിന്റെ വകയായുള്ള തൃക്കൈക്കുന്ന് മഹാദേവക്ഷേത്രം കേരളത്തിലെ ഏറ്റവും വലിപ്പമേറിയ ക്ഷേത്രങ്ങളിലൊന്നാണ്. ക്ഷേത്രത്തിന് തൊട്ടുമുന്നിലായുള്ള വിസ്തൃതമായ ചിറ കോട്ടയത്തിന് ലഭിച്ച ഒരു വരദാനമാണ്.

വ്യാപാരാവശ്യത്തിനായി ഇന്ത്യയിലേക്ക് കടന്നുവരികയും ഒടുവിൽ ഇവിടെ ഭരണം കൈയ്യാളിയ ഈസ്റ്റിന്ത്യാകമ്പനിക്കെതിരെ ദേശീയ സ്വാതന്ത്ര്യസമരം തുടങ്ങുന്നതിന്റെ മുന്നോടിയായി രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിരവധി പ്രാദേശിക പോരാട്ടങ്ങൾ നടന്നിരുന്നുവല്ലോ. അത്തരം പോരാട്ടങ്ങളിൽ അവിസ്മരണീയവും ഐതിഹാസികവും ആയ ഒന്നാണ് കോട്ടയം രാജാവായിരുന്ന കേരളവർമ്മ പഴശ്ശിരാജാവിന്റേത്.

നാട്ടിലെ എല്ലാ ജാതിമതസ്ഥരുടെയും പ്രിയങ്കരനായിരുന്ന പഴശ്ശിരാജാവ് ബ്രിട്ടീഷ് ആധിപത്യത്തിനെതിരായി വയനാട്ടിലെ കുറിച്യരുടെയും കുറുമരുടെയും സഹായത്തോടെ ദീർഘകാലം പോരാടി. അദ്ദേഹത്തെ കീഴടക്കാൻ പിന്നീട് നെപ്പോളിയനെ വാട്ടർലൂ യുദ്ധത്തിൽ പരാജയപ്പെടുത്തിയ ഡ്യൂക്ക് ഓഫ് വെല്ലിഗ്ടൺ ആയി മാറിയ കേണൽ ആർതർ വെല്ലസ്ലിക്ക് പതിനെട്ടടവും പയറ്റേണ്ടി വന്നു. ആ സമര കാലഘട്ടത്തെക്കുറിച്ച് 'കെട്ടേണ്ട പാഴ്‌വല വെല്ലസ്ലി കോട്ടയം കാട്ടിലെ പൊൻപുള്ളിമാനിനെ പിടിക്കുവാൻ ' എന്ന് മഹാകവി പി. കുഞ്ഞിരാമൻ നായർ പാടിയിരിക്കുന്നു. വാളും പരിചയുംകൊണ്ട് വീരേതിഹാസം രചിച്ച ഒട്ടേറെ പ്രദേശങ്ങൾ പഴയകോട്ടയം താലൂക്കിൽ നിരവധിയാണ്. പോരാട്ടങ്ങൾക്ക് രംഗവേദിയായ പോർക്കളം ഇന്നത്തെ തുറക്കളം എന്ന സ്ഥലമായെന്ന് ഐതിഹ്യം.

കോട്ടയം പഞ്ചായത്തിലെ പ്രസിദ്ധമായ ആരാധനാക്ഷേത്രമായ തൃക്കൈക്കുന്ന് മഹാദേവക്ഷേത്രത്തെക്കുറിച്ചും നിരവധി ഐതിഹ്യങ്ങളുണ്ട്. ചുമർചിത്രങ്ങളുടെ അപൂർവ്വശേഖരമായ ഈ ക്ഷേത്രം ചരിത്രക്കുതുകികളുടെ ശ്രദ്ധാകേന്ദ്രമാണ്. 14 ഏക്കറോളം വിസ്തൃതിയിൽ ക്ഷേത്രത്തിന് മുന്നിലായുള്ള ചിറ കോട്ടയം പഞ്ചായത്തിന്റെ ജലസങ്കേതമാണ്. തൊട്ടടുത്ത കൂത്തുപറമ്പ് മുനിസിപ്പൽ പ്രദേശങ്ങൾക്കുകൂടി കുടിവെള്ളത്തിന്റെ കാര്യത്തിൽ ഒരു അക്ഷയപാത്രമായേക്കാവുന്ന ഈ ജലസംഭരണി ഇന്ന് ഒരു രാജവംശത്തിന്റെ ആശ്രിതവാൽസല്യത്തിൽ നിന്ന് ഉയിർകൊണ്ട ഹൃദയവിശുദ്ധിയുടെ ജീവിക്കുന്ന ബാക്കിപത്രമാണ്.

കലയുടെ ഈറ്റില്ലമായിട്ടും കോട്ടയത്ത് കലാസാംസ്കാരികരംഗത്ത് പ്രമുഖരായവർ അംഗുലീപരിമിതമാണ്. കോട്ടയം രാജവംശത്തിന്റെ കാരണവർ പ്രസിദ്ധസംഗീതജ്ഞനായ ശ്രീ ശങ്കരവർമ്മവലിയരാജ ഇവരിൽ ഒരാളാണ്. പ്രസിദ്ധസിനിമാനടനും സംവിധായകനുമായ ശ്രീനിവാസൻ കോട്ടയം പഞ്ചായത്തുകാരൻ.

കോട്ടയത്തിന്റെ ചരിത്രത്തിൽ മറ്റൊരു അവിസ്മരണീയമായ ഏടാണ് കോട്ടയം തമ്പുരാന്റെത്. കേരളത്തിന്റെ ക്ലാസിക്ക് കലാരൂപമായ കഥകളിയുടെ ഉപജ്ഞാതാവ് കൊട്ടാരക്കരതമ്പുരാനാണെങ്കിലും കഥകളിയെ അർത്ഥസമ്പുഷ്ടമായ സാഹിത്യരൂപമാക്കി മാറ്റിയത് കോട്ടയത്തസമ്പുഷ്ടമായ സാഹിത്യരൂപമാക്കി മാറ്റിയത് കോട്ടയത്ത് തമ്പുരാനാണ്. മഹാഭാരതം വനപർവത്തെ ആധാരമാക്കി തമ്പുരാൻ നിർമ്മിച്ച കിർമ്മീരവധം, ബകവധം, കല്ല്യാണസൗഗന്ധികം, നിവാതകവചകാലകേയവധം എന്നീ നാല് ആട്ടക്കഥകളുടെ പ്രചാരത്തോടെയാണ് രാമനാട്ടമായി തുടങ്ങിയ കലാരൂപം ഇന്നത്തെ കഥകളിയായി മാറുന്നത്. ഇരയിമ്മൻതമ്പിയും ഉണ്ണായി വാര്യരും രംഗത്തെത്തുന്നതു വരെ ലക്ഷണമൊത്ത ആട്ടക്കഥകൾ കോട്ടയത്തുതമ്പുരാന്റേതു മാത്രമായിരുന്നു. അദ്ദേഹം രചിച്ച 'മാതംഗാനനമബ്ജവാസരമണിം' എന്നു തുടങ്ങുന്ന വിഖ്യാതമായ മംഗളശ്ലോകം കേരളത്തിലെ കളിയരങ്ങുകളിൽ നിരന്തരം ആലപിക്കപ്പെടുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാലയിലും കോട്ടയത്തുതമ്പുരാന്റെ കഥപറയുന്നുണ്ട്. ചുരുക്കത്തിൽ കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിലെ തിളങ്ങുന്ന ചില ഏടുകൾ കോട്ടയത്തിന്റെ സംഭാവനയാണെന്നതിൽ കോട്ടയം നിവാസികൾക്ക് എന്നും അഭിമാനിക്കാം.

സ്വാതന്ത്ര്യസമരത്തിൽ കോട്ടയം പഞ്ചായത്ത് സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. 1928 ഓടു കൂടി കോൺഗ്രസ്സിന്റെ പ്രവർത്തനം ഇവിടെ സജീവമായി. പൊതുവെ സാമ്പത്തിക ശേഷിയുള്ളവരാണ് കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ ഏറെ ആകൃഷ്ടരായത്.

മൂലാൻ കുഞ്ഞിക്കണ്ണൻ, പി.എൻ. നാരായണൻ നായർ പുത്തലത്ത് കൃഷ്ണൻ, മാറോളി രാമുണ്ണി, നെല്ലിക്ക കൃഷ്ണൻ, പി. വി. പത്മനാഭൻ നായർ, പി. വി. മാധവൻ നായർ, കണ്ണൻ മാസ്റ്റർ, ടി.കെ കുഞ്ഞിരാമൻ മാസ്റ്റർ, പയ്യമ്പള്ളി കുഞ്ഞിരാമൻ മാസ്റ്റർ, സി.എം. രാഘവൻ എൻ. കേളു മാസ്റ്റർ, നിലഞ്ചേരി നാരായണൻ നായർ, കെ.പി. മുകുന്ദൻ മാസ്റ്റർ എന്നിവർ കോൺഗ്രസ്സിന്റെ ആദ്യകാല പ്രവർത്തകരായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവേശം പകരാൻ ഇ.എം.എസ്, എ.കെ.ജി. കോഴിപ്പുറത്ത് മാധവമേനോൻ എ.വി. കുട്ടിമാളു അമ്മ എന്നിവർ ഇവിടെ എത്തുകയും ഉപദേശ നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തി ജനങ്ങളെ ആവേശഭരിതരാക്കുന്നതിന് എരുവട്ടി യു. പി. സ്കൂളിൽ വെച്ച് വിദ്യാർത്ഥികളോടും അദ്ധ്യാപകരോടുമായി എ. കെ. ജി. ചെയ്ത പ്രസംഗം പഴയതലമുറ ആവേശത്തോടെ ഇന്നും ഓർക്കുന്നു. സ്വദേശി പ്രസ്ഥാനം സ്വാതന്ത്ര്യസമരത്തിൽ ഒരു പ്രധാന സാമ്രാജ്യവിരോധസമരരൂപമായിരുന്നു. ചർക്കയും, ഖാദിയും ഇതിന്റെ ഭാഗമായി പ്രചരിക്കപ്പെട്ടു. എരുവട്ടി കോലാകാവിന്റെ സമീപത്ത് പുതിയ വീട്ടിൽ നൂൽ നൂൽപ്പ് കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് ശ്രീ. കോഴിപ്പുറത്ത് മാധവമേനോനായിരുന്നു. അന്നുതന്നെ കിണവക്കലിൽ ചേർന്ന പൊതുയോഗത്തിൽ കോഴിപ്പുറത്ത് മാധവമേനോനും എ. വി. കുട്ടിമാളുഅമ്മയും പ്രസംഗിക്കുകയുണ്ടായി.

തുടർന്ന് കർഷകപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ സോഷ്യലിസ്റ്റ് ആശയങ്ങളുടെ പ്രചാരവും കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിലേക്കും കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കും ആകർഷിച്ചു. കോൺഗ്രസ്സിന്റെ ആദ്യകാല പ്രവർത്തകരിൽ കണ്ണൻ മാസ്റ്റർ, നെല്ലിക്ക കൃഷ്ണൻ, നീലഞ്ചേരി നാരായണൻ നായർ, പി. വി. മാധവൻ നായർ, ടി. കെ. കുഞ്ഞിരാമൻ മാസ്റ്റർ, കേളുമാസ്റ്റർ എന്നിവർ പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിപ്രവർത്തകരായി മാറി. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന് പഞ്ചായത്തിലെ പൂകോട്, കോട്ടയം പൊയിൽ പ്രദേശങ്ങളിൽ നല്ല രീതിയിൽ വേരോട്ടമുണ്ടായിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ പഴവ കോട്ടയം താലൂക്കിന്റെ വാണിജ്യ സിരാകേന്ദ്രമായിരുന്ന കോട്ടയം അങ്ങാടിയിൽ മുൻപന്തിയിലുണ്ടായിരുന്നത് പ്രമുഖ മുസ്ലീം കുടുംബങ്ങളിലെ പ്രധാനികളായിരുന്നു. പുത്തൻപുര രണ്ടുപുരയിലെ കുഞ്ഞൂട്യാലി സ്വാതന്ത്ര്യസമരത്തിന്റെ

ഭാഗമായുള്ള കള്ള്ഷാപ്പ് പിക്കറ്റിങ് സമരത്തിൽ പങ്കെടുത്തവരിൽ ഒരാളായിരുന്നു. ഉറുദുഭാഷാപണ്ഡിതനായ അബ്ദുള്ള മൗലവി, k.e.n കുട്ട്യത്ത തുടങ്ങിയവർ ഈ പ്രദേശത്തെ പഴയകാല കോൺഗ്രസ്സ് പ്രവർത്തകരായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്ത് 1935 കളിലെ തെരെഞ്ഞെടുപ്പിൽ ഇന്നത്തെ വയനാട് ഉൾപ്പെടെയുള്ള തലശ്ശേരി മണ്ഡലത്തിൽ നടന്ന വാശിയേറിയ മത്സരത്തിൽ ഉപ്പ വഴിയും ഭാര്യവീട് വഴിയും കോട്ടയത്തുകാരനായ ഇന്നത്തെ ഏഷ്യയിലെ തന്നെ പ്രമുഖപ്ലൈവുഡ് വ്യവസായിയായ A. K. കാദർകുട്ടി ബന്ധുവായ പോക്കർവക്കീലിനെ പരാജയപ്പെടുത്തിയത് ഈ പ്രദേശത്തുകാർ ഇന്നും സ്മരിക്കുന്നു.

കോട്ടാൽ ഉപ്പിസാഹിബായിരുന്നു കോട്ടയത്തിന്റെ ഉന്നതനായ വ്യക്തി."ഭ്രാന്തൻ നായക്ക് ഉപ്പിസാഹിബെന്ന കണക്കുണ്ടോ" എന്ന പഴഞ്ചൊല്ല് ഇവിടത്തുകാർക്ക് വളരെ പ്രസിദ്ധമായ ഒന്നാണ്. 1905 രൂപീകൃതമായ മുസ്ലീം ലീഗ് കോട്ടയം അങ്ങാടിയിൽ സജീവമായിരുന്നു. ഉപ്പിസാഹിബിന്റെ കാലത്താണ് മുസ്ലീം ലീഗിന്റെ പ്രവർത്തനം ഇവിടെ ശക്തിപ്പെട്ടത്. ഏറനാട്ടിൽ നിന്നും മത്സരിച്ച് ജയിച്ച് മദ്രാസ് അസംബ്ലിയിൽ ഇദ്ദേഹം വളരെക്കാലം അംഗമായിരുന്നു. ഒരു കാലത്ത് മദിരാശി മുഖ്യമന്ത്രിയായ രാജാജി മന്ത്രിസഭയെ താങ്ങിനിർത്തിയത് ഉപ്പിസാഹിബടക്കമുള്ള അഞ്ച് മുസ്ലീം ലീഗ് എം. എൽ. സി മാരായിരുന്നു. അക്കാലത്ത് ജന്മിയായ അദ്ധേഹം മദിരാശി അസംബ്ലിയിൽ " കുടിയാൻബിൽ" അവതരിപ്പിച്ചു എന്നത് വളരെയധികം ശ്രദ്ധേയമാണ്.

കോട്ടയം പഞ്ചായത്തിന്റെ പ്രതാപശാലികളായ പഴവവില്ലേജ് അധികാരികൾ കോട്ടയം അങ്ങാടി നിവാസികളാണ്. 1871-78 കാലഘട്ടത്തിൽ കോട്ടയം അങ്ങാടിയിലായിരുന്നു പോലീസ് സ്റ്റേഷൻ പ്രവൃത്തിച്ചിരുന്നത്. p m r മമ്മു, പഴവ രണ്ടുപുരയിൽ മൊയ്തു എന്നിവരാണ് പഴയകാല സോഷ്യലിസ്റ്റ് ആശയക്കാരായ പ്രവർത്തകർ. ഇവരുടെയൊക്കെ പ്രവർത്തനം ഈ പ്രദേശത്ത് സോഷ്യലിസ്റ്റ് ആശയക്കാരായ ആളുകളെ സൃഷ്ടിക്കാനും മറ്റും വളരെയധികം സഹായകരമായിട്ടുണ്ട്.

ജാതിവ്യവസ്ഥ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും ഇവിടെ നിലനിന്നിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്ന കാലമായതിനാൽ ഉയർന്ന ജാതിക്കാരും തമ്പുരാക്കൻമാരും പോകുന്ന വഴിയിൽ നിന്നും താഴ്ന്ന ജാതിക്കാർ മാറിനില്ക്കേണ്ട അവസ്ഥയായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് ഉയർന്ന ജാതിക്കാരുടെ കിണറുകളിൽനിന്ന് വെള്ളമെടുക്കാൻ അവകാശമുണ്ടായിരുന്നില്ല.

ജന്മിത്വത്തിനും ജാതിവ്യവസ്ഥയ്ക്കുമെതിരായി പോരാട്ടങ്ങളിൽ കർഷക പ്രസ്ഥാനം വഹിച്ച പങ്ക് മഹത്തരമാണ്. നാടാകെ ഉയർന്നുവന്ന ഈ കർഷകമുന്നേറ്റം കോട്ടയം പഞ്ചായത്തിലും അലയൊലികൾ സൃഷ്ടിച്ചു.

ആദ്യഘട്ടത്തിൽ കർഷക പ്രസ്ഥാനത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രവർത്തന കേന്ദ്രമായിരുന്നു കൂവ്വപ്പാടി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒളിവുതാവളവുമായി ഇത് മാറി. നീലഞ്ചേരി നാരായണൻനായർ, എൻ. രാമൻ, കെ.സി. അനന്തൻമാസ്റ്റർ, നെല്ലിക്ക കൃഷ്ണൻ, കൊഴുക്ക അനന്തൻമാസ്റ്റർ, കുഞ്ഞാമൻ ഗുമസ്ഥൻ, ടി. കെ . കുഞ്ഞിരാമൻ മാസ്റ്റർ, പി. മാധവൻ നായർ എന്നിവർ കമ്മ്യൂണിസ്റ്റ് പാർട്ടയുടെ ആദ്യകാല പ്രവർത്തകരായിരുന്നു. പ്രവർത്തനവുമായി ബന്ധപ്പെട്ട്. ഇ.എം. എസ്., എ. കെ. ജി., സി. എച്ച്, കണാരൻ തുടങ്ങിയ നേതാക്കൾ ഇവിടെ എത്തിയിരുന്നു.

സ്വാതന്ത്ര്യാനന്തരം 1950 ൽ സേലം ജയിലിൽ നടന്ന വെടിവെപ്പ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതായിരുന്നു. 22 മനുഷ്യാത്മാക്കൾ സ്വജീവൻ ബലിയർപ്പിച്ചതിൽ 3 പേർ കോട്ടയം പഞ്ചായത്തുകാരായിരുന്നു. എൻ. ബാലൻ, നീലഞ്ചേരി നാരായണൻനായർ എന്നിവർ തത്സമയം ജയിലറക്കുള്ളിലും യു. വി. നാരായണൻ മാരാർ ദീർഘകാലം ദേഹത്ത് വെടിയുണ്ടയും പേറി ഏറെക്കാലം ജീവിച്ച ശേഷം അന്ത്യശ്വാസം വലിച്ചു.

ഇന്ന് ജാതിവ്യവസ്ഥയും ജന്മിത്വവും അവസാനിച്ചിരിക്കുന്നു. പഴയ കഥകൾ ഒരു കടംകഥയായി പുതിയ തലമുറയുടെ മുന്നിൽ ശേഷിക്കുന്നു.

## ഭൂപ്രകൃതി - ജനപ്രകൃതി.

അറബിക്കടലിൽ നിന്ന് 8 കി. മി. മാത്രം അകലെയുള്ള ഇടനാട് പ്രദേശമാണ് കോട്ടയം പഞ്ചായത്ത്. ചെറിയകുന്നിന്റെ മുകളിൽനിന്ന് നോക്കിയാൽ കാണുന്ന ദൂരത്തിലാണ് പ്രസിദ്ധമായ പുരളിമല. ഇടനാടൻ പ്രത്യേകതയായ ചെറിയ കുന്നുകളും കുന്നിൻചെരിവുകളും താഴ്‌വാരങ്ങളും സമതലങ്ങളും അടങ്ങിയഭൂപ്രദേശമാണ്. തെക്ക് കിഴക്ക്ഭാഗവും, തെക്ക്വടക്ക്ഭാഗവും ഉയർന്ന് പഞ്ചായത്തിന്റെ നടുഭാഗത്തേക്ക് ചിരവോടുകൂടിയതാണ്. എരുവട്ടി തോടാണ് പഞ്ചായത്തിലെ പ്രധാന തോട്. എരുവട്ടിതോടിന്റെയും പോഷകതോടുകളുടെയും ഇരുകരകളിലാണ് സമതലം. കോട്ടയം ചിറയാണ് പ്രധാന ജല സംഭരണി. വടക്ക് മങ്ങാട്ടിടം, വേങ്ങാട് പഞ്ചായത്തുകളും, തെക്ക് കതിരൂർ, പാട്യം പഞ്ചായത്തുകളും കിഴക്ക് കൂത്തുപറമ്പ് മുനിസ്സിപ്പാലിറ്റിയും പടിഞ്ഞാറ് പിണറായി പഞ്ചായത്തുകളുമാണ്. 833,972 ഹെക്ടർ ആണ് പഞ്ചായത്തിന്റെ ഭൂവിസ്തൃതി. പഞ്ചായത്തിന്റെ ഭൂരിഭാഗത്തെ നാലായി തരംതിരിക്കാം.

1. കുന്നിൻപ്രദേശം 2. താഴ്‌വാരം 3. കുന്നിൻചരിവുകൾ 4. സമതലം

### *ജനപ്രകൃതി*

ഇരുപതാംനൂറ്റാണ്ടിന്റെ ഈ അവസാന കാലയളവിൽ ജീവിതം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന ജനതയാണ് കോട്ടയം പഞ്ചായത്തിൽ. ഗ്രാമത്തിന്റെ സ്വയം പര്യാപ്തതയിൽനിന്ന് മാറി തൊട്ടടുത്ത നഗരങ്ങളെ കൂടുതലായി ആശ്രയിക്കുന്ന ജീവിതരീതിയാണ്. പരസ്പരസഹകരണത്തിന്റെ പഴയകാല ജീവിതരീതിയിൽ നിന്ന് പഞ്ചായത്തിലെ ജനത കുറേ ശ്ലഥയായി മാറിക്കൊണ്ടിരിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പോരായ്മമൂലം തൊഴിലില്ലാത്ത അഭ്യസ്ഥവിദ്യരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഒപ്പം പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. ഒരു പരിധിവരെ സുരക്ഷിതത്വ ബോധം നല്കിയിരുന്ന കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയും അന്നുകുടുംബവ്യാപനവും ചെറിയവിഭാഗം ജനങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ അരക്ഷിത ബോധം വളർത്തിയിരിക്കുന്നു. മുമ്പ് തൊഴിലവസരങ്ങൾ കൂടുതലായുണ്ടായിരുന്ന കാർഷിക മേഖലയിൽ നിന്ന് തൊഴിലാളികൾ കൂട്ടമായി നിർമ്മാണ രംഗത്തേക്ക് മാറിയിരിക്കുന്നു. ഇതോടൊപ്പം തന്നെ കൈത്തറിയും, ബീഡിത്തെറുപ്പ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ , പ്രത്യേകിച്ച് സ്ത്രീതൊഴിലാളികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഹിന്ദുക്കളാണ്. മുസ്ലീംങ്ങൾ ഗണ്യമായ വിഭാഗമാണ്. കാർഷിക പരമ്പരാഗത ജോലികളിൽ മുസ്ലീംങ്ങൾ കുറവാണ്. കേരളത്തിന് പുറത്ത് കർണ്ണാടകയിലെ പേട്ട തുടങ്ങി അന്യസംസ്ഥാനങ്ങളിലാണ് കൂടുതൽ പേരും ജോലിചെയ്യുന്നത്. ഗൾഫിൽ ജോലിചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. ക്രിസ്തുമതത്തിൽപ്പെട്ടവർ വിരലിലെണ്ണാവുന്നവർ മാത്രമാണ് പഞ്ചായത്തിൽ താമസിക്കുന്നത്. മതസൗഹാർദ്ദത്തിന് വലിയ കോട്ടംതട്ടാതെ ഇന്നും നിലനിൽക്കുന്ന പ്രദേശമാണ് കോട്ടയം പഞ്ചായത്ത്.

8.43 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം ജനസംഖ്യ 16526 ആണ് (പുരു: 8047, സ്ത്രീ: 8479) സ്ത്രീകൾ പുരുഷൻമാരെക്കാൾ കൂടുതലാണ്. ജനസാന്ദ്രത ചതു: കി. മീറ്ററിന് 1960 ആണ്. ജനസാന്ദ്രതയുടെ കണക്ക് അത്ഭുതപ്പെടുത്തുകയാണ്. സംസ്ഥാന ശരാശരിയെക്കാൾ എത്രയോ കൂടുതലാണ് പഞ്ചായത്തിലെ ശരാശരി. ഇത് കൃഷിഭൂമിയുടെ വിസ്തൃതി ഗണ്യമായി കുറച്ചിരിക്കുന്നു.

| | | |
|---|---|---|
| പഞ്ചായത്തിലെ ജനസംഖ്യ | : | 16526 |
| (1991 ലെ സെൻസസ്) പു: 8047 സ്ത്രീ: 8479 | | |
| സ്ത്രീപുരുഷ അനുപാതം | : | 1000:1054 |
| സംസ്ഥാന ശരാശരി | : | |
| ജനസാന്ദ്രത ച. കി. മീ. | : | 1960 |
| സംസ്ഥാനശരാശരി | : | 749 |
| ഇന്ത്യൻ ശരാശരി | : | 257 |
| പഞ്ചായത്തിലെ ആകെ വീടുകൾ | : | 2595 |
| കോൺക്രീറ്റ് | : | 280 |
| ഓട് | : | 1882 |
| ഓല | : | 424 |
| കുടിൽ | : | 9 |

# 1

# കൃഷിയും ജലസേചനവും

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ധീരോദാത്തം പോരാടിയ ധീര പഴശ്ശിരാജയുടെ ആസ്ഥാനമാണ് കോട്ടയം പഞ്ചായത്ത്. രാജഭരണം മുതൽതന്നെ നെൽവയലുകളാൽ സമ്പൽസമൃദ്ധമായിരുന്ന ഒരു കാർഷിക ഗ്രാമമായിരുന്നു. കോട്ടയം ചിറപരിസരം, മൗവ്വേരി എന്നീ പ്രദേശങ്ങളിൽ നിന്ന് ആരംഭിക്കുന്ന പച്ചപ്പരവതാനി പോലെ വിശാലമായ നെൽപാടം എരുവട്ടി വരെ പരന്നു കിടന്നിരുന്നു. മാങ്ങാട്ടിടം, വേങ്ങാട്, കതിരൂർ, പാട്യം കൂത്തുപറമ്പ് മുൻസിപാലിറ്റി, പിണറായി എന്നീ ഗ്രാമപഞ്ചായത്തുകളാൽ ചുറ്റപ്പെട്ടതും കുന്നുകളും പാടങ്ങളും അടങ്ങിയ ഭൂപ്രദേശമാണ്. വയലുകളിൽ നെല്ല്, വാഴ, പയർ പച്ചക്കറി, മരച്ചീനി, ചേമ്പ് പുരയിടങ്ങളിൽ തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് കണ്ടിക്കിഴങ്ങ്, നനകിഴങ്ങ് കുന്നിൻ പ്രദേശത്ത് തെങ്ങ്, കശുമാവ്, പ്ലാവ്, മാവ് തുടങ്ങിയവ കൃഷി ചെയ്ത് വന്നിരുന്നു.

ഭൂസമ്പത്ത് മുഴുവനായും കോട്ടയം രാജവംശത്തിന്റെ അധീനതയിലായിരുന്നു. രാജവംശത്തിന്റെ ഭൂമിയുടെ ചെറിയൊരു ഭാഗം സാമന്ത പ്രഭുക്കൾക്കും ക്ഷേത്രങ്ങൾക്കും വിട്ടുകൊടുത്തിരുന്നു. എന്നാൽ കർഷകർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം ഉണ്ടായിരുന്നില്ല. കർഷകരെ ഏത് സമയത്ത് വേണമെങ്കിലും തന്റേതെന്ന് തോന്നുന്ന കൃഷിഭൂമിയിൽ നിന്നും തുത്തെറിയാൻ ജന്മിമാർക്ക് അവകാശമുണ്ടായിരുന്നു. 'മേൽചാർത്ത്' 'വാരംബാക്കി' എന്നീ വഴികൾ അവർ അവലംബിച്ചിരുന്നു. പറമ്പുകൾ കാണം, കുഴിക്കാണം, വയലുകൾ കൊഴു അവകാശത്തിലുമാണ് കൃഷിക്കാർ കൈവശം വെച്ചിരുന്നത്. പറമ്പുകൾക്ക് പുറപ്പാടും വയലുകൾക്ക് വാരവും യഥാകാലത്ത് കൃഷിക്കാർ ജന്മിക്ക് കൊടുക്കണമായിരുന്നു. ഇതിനു പുറമെ വിശേഷദിവസങ്ങളിൽ 'കാണിക്കയും' കാഴ്ചവെയ്ക്കണമായിരുന്നു. കോട്ടയം രാജവംശം എരുവട്ടികാവ് ദേവസ്വം, എരുവട്ടി ദേവസ്വം ഊരാളൻമാർ അമ്മൽ കൈതേരി തറവാട്, കോട്ടാൽ, പാറപ്രം രണ്ടുപുരക്കൽ കോക്കോടൻ കുറുപ്പുമാർ, കാവുംകരം നമ്പൂതിരിമാർ എന്നിവരായിരുന്നു പ്രധാന ജന്മിമാർ. കർഷകരും, കർഷകത്തൊഴിലാളികളും ഐക്യത്തോടും സൗഹാർദ്ദത്തോടുമായിരുന്നു ജീവിച്ചിരുന്നത്. പുരകെട്ടിമേയൽ, വിവാഹം പൊതുവായ കുളംകുഴിക്കൽ, മുട്ടിയാർകെട്ടൽ (ബണ്ട്) വെള്ളരി കൃഷി, മറ്റുകൃഷികൾ ഇവ വളരെയധികം പരസ്പര സഹകരണത്തോടെ കൂലിയില്ലാതെ കൂട്ടായ്മയോടുകൂടിയായിരുന്നു ചെയ്തിരുന്നത്. കാർഷിക വൃത്തിയോടൊപ്പം മൃഗപരിപാലനവും മുഖ്യതൊഴിലായിരുന്നു. പശു, കാള, ആട് ഇവയായിരുന്നു മൃഗസമ്പത്ത്. കോഴികളെയും വളർത്തിയിരുന്നു. കാർഷികവൃത്തിക്ക് ഇഷ്ടംപോലെ തൊഴിലാളികൾ ഉണ്ടായിരുന്നു. കാളപൂട്ടിയായിരുന്നു നിലം ഉഴുതിരുന്നത്. പച്ചിലവളം, ചാണകം, വെണ്ണീറ് എന്നിവയായിരുന്നു വളമായി ഉപയോഗിച്ചിരുന്നത്. നിലങ്ങൾ നന്നായി ഉഴുതുമറിച്ചതിനാൽ നല്ല വിളയും കിട്ടിയിരുന്നു. കർഷകർക്ക് ഭൂമിയിൽ സ്ഥിരാവകാശമില്ലാത്തതിനാൽ ദീർഘകാല വിളകളായ നാണ്യവിളകളും മററും (ഉദാ:തെങ്ങ്) ഉൽപാദിപ്പിക്കാൻ മിനക്കെട്ടിരുന്നില്ല. ചുരുങ്ങിയ കാലയളവ് കൊണ്ട് ലഭിക്കുന്ന ഉല്പന്നങ്ങളായിരുന്നു ഉൽപാദിപ്പിച്ചത്. വിഴവിന്റെ സിംഹഭാഗവും വാരം, പാട്ടം, എന്നിവയായി ജന്മി കൈവശപ്പെടുത്തിയിരുന്നു. കൂട്ടുകുടുംബവ്യവസ്ഥിതിയാണ് അന്ന് നിലവിലിരുന്നത്. കൊയ്ത്തുകാലം കർഷകരുടെ ഉത്സവകാലമായിരുന്നു. ഉത്സവകാലത്ത് കോതാമൂരി, കാലൻ, കേളി പാത്ര, ആടി വേട്ടൻ, തെയ്യം എന്നിവ അന്ന് നിലനിന്നിരുന്ന ഉത്സവാചാരങ്ങളായിരുന്നു.

കാർഷിക കാലാവസ്ഥ അനുസരിച്ച് വടക്കൻ തുളുനാട് മേഖല (Northern Region)യിൽ പെടുന്ന തലശ്ശേരി ബ്ലോക്ക് പ്രദേശത്താണ് കോട്ടയം ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്യുന്ന പ്രദേശമാണ്. നെൽകൃഷി സംബന്ധിച്ച് പറയുകയാണെങ്കിൽ പഴയകാലത്ത് തള്ളോട്, കാനത്തുംചിറ പ്രദേശങ്ങളിൽ മൂന്നാം വിളയും കൃഷിചെയ്തിരുന്നെങ്കിലും ഇന്ന് ഒന്നും രണ്ടുമായി വിള ചുരുങ്ങിയ സ്ഥലത്ത് ഒതുങ്ങിയിരിക്കുകയാണ്.

മഴക്കാലത്ത് വെള്ളക്കെട്ടും വേനൽക്കാലത്ത് വരൾച്ചയും കൂടുതലാണ്. സ്ഥലത്തിന്റെ വൈവിധ്യം അനുസരിച്ച് വിത്തുകൾ ഉപയോഗിച്ചിരുന്നു. ഒന്നാം വിളയ്ക്ക് തൊണ്ണൂറാൻ, കീരിപാല, കഴമ, തവളകണ്ണൻ, ആനകൊടൻ, കൂട്ടുമുണ്ടകൻ, രാജകയ്മ. രണ്ടാംവിളയ്ക്ക് ചിറ്റേനി, ഓടച്ചീര, വെള്ളരിചിറ്റേനി, മുണ്ടകൻ, മൂന്നാംവിളയ്ക്ക് നവര തുടങ്ങിയ വിത്തിനങ്ങളാണ് കൃഷിചെയ്തിരുന്നത്. പുനംകൃഷി അല്ലെങ്കിൽ വാനോക്കി (കരകൃഷി) പഴയകാലത്ത് വ്യാപകമായിരുന്നു. കോയ്യാള നെൽവിത്ത്, മുത്താറി എള്ള്, കൂവ്വ, തുടങ്ങിയവ കരകൃഷിയായി ചെയ്തിരുന്നു. പഴയ്കാല വിത്തുകളൊക്കെ ഇന്ന് ഓർമ്മയായി മാറിയിരിക്കുകയാണ്. പഴയ വിത്തിന്റെ ഒക്കെ സ്ഥാനത്ത് അത്യുല്പാദനശേഷിയുള്ള കുറിയ സങ്കരയിനം നെല്ല് വിത്തുകളായ I R 8, ത്രിവേണി, മസൂരി, ജയ, ജ്യോതി, എന്നിവയാണ് ഇന്ന് ഉപയോഗിക്കുന്നത്. കുറിയ ഇനങ്ങളായതിനാൽ ഇത് വൈക്കോൽ ക്ഷാമത്തിന് കാരണമാകുന്നുണ്ട്.

പഴയകാല വിത്തുകളൊന്നുംതന്നെ ഇപ്പോൾ ഉപയോഗത്തിലില്ല.

കീടബാധ പഴയകാലത്ത് വളരെ കുറവായിരുന്നു. പുഴുബാധ, ഓലചുരുട്ടി, ബ്ലാസ്റ്റ് എന്നീ രോഗങ്ങളായിരുന്നു ഉണ്ടായിരുന്നത്.വെണ്ണീർ പാറ്റൽ, ഈന്തപ്പനയോല കുത്തൽ, പാറോത്തല, കൂവ്വയില നീരും, ചേർമരത്തിന്റെ ഇല, മുറംപാറ്റൽ എന്നീ മാർഗ്ഗങ്ങൾ കീടബാധ നിയന്ത്രണത്തിനുപയോഗിച്ചിരുന്നു.

കർഷകർ തന്റെ ജീവിതം മുഴുവൻ വയലേലകളിൽ എല്ലുമുറിയെ അധ്വാനിച്ച് നൂറുമേനി വിളയിച്ചിരുന്നെങ്കിലും ജന്മിമാരുടെ കരാളഹസ്തത്തിൽ നിന്നും മോചനമുണ്ടായിരുന്നില്ല. വിളകളിൽ ഭൂരിഭാഗവും അവർ കൈവശപ്പെടുത്തിയിരുന്നതിനാൽ കർഷകരുടെ ജീവിതം ദുരിതപൂർണ്ണമായിരുന്നു. അവർക്ക് അല്പമെങ്കിലും ആശ്വാസം ലഭിച്ചത് പാട്ടകോടതി, ലാന്റ് ട്രിബ്യൂണൽ എന്നിവയുടെ ആവിർഭാവത്തോടുകൂടിയാണ്.

പഞ്ചായത്തിന്റെ ആകെ ഭൂവിസ്ത്രൃതി 833.972 ഹെക്ടറാണ്. തെങ്ങ്, നെല്ല്, കശുമാവ്, കവുങ്ങ്, കുരുമുളക് തുടങ്ങിയവയാണ് പ്രധാന കൃഷി, പഴയകാലഘട്ടതംതെ അപേക്ഷിച്ച് പ്രധാനവിളകളുടെ കൃഷിഭൂമിയിലുണ്ടായ അന്തരം ശ്രദ്ധേയമാണ്. പട്ടിക പരിശോധിച്ചുകഴിഞ്ഞാൽ നെൽകൃഷിയുടെ വിസ്തൃതിയിൽ ഗണ്യമായ കുറവ് വന്നതായി കാണാം.

യോടുള്ള ആഭിമുഖ്യം കുറഞ്ഞു. കൂട്ടുകുടുംബവ്യവസ്ഥിതിയുടെ തകർച്ച, വർദ്ധനവ്, ഭൂമി തുണ്ടവൽക്കരിച്ചു. ഗൾഫ്പണത്തിന്റെ സ്വാധീനം ഉപകരണങ്ങളുടെ വില വർദ്ധനവ് ലാഭത്തിൽ കുറവ് വരുത്തി. ശാസ്ത്രീയ കൃഷിരീതിയിലുള്ള അജ്ഞത ഉൽപ്പാദനക്ഷമതയിൽ കുറവ് വരുത്തി. നാണ്യവിളയായ തെങ്ങ്, വയൽനികത്തി കൃഷി ചെയ്തതും നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവ് വരുത്തി. നാണ്യവിളകളായ തെങ്ങ്, വയൽനികത്തി കൃഷി ചെയ്തതും നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവുവരുത്തി. നാണ്യവിളകളായ തെങ്ങ്, കവുങ്ങ്, കശുമാവ് എന്നിവയുടെ വിസ്തൃതി വർദ്ധിച്ചിട്ടുണ്ടെങ്കിലും ഇവയിൽനിന്നുള്ള ഉത്പാദനം പ്രത്യേകിച്ചും തെങ്ങിൽ നിന്നുള്ള ഉത്പാദനം ലാഭകരമാണെന്ന് പറയാൻ കഴിയില്ല. വയൽനികത്തി തെങ്ങ് കൃഷിചെയ്തിട്ടുള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച് കൂവ്വപ്പാടി പ്രദേശത്ത് കൃഷി വളരെ പരിതാപകരമാണ്. കൃഷിയെക്കാൾ നഷ്ടത്തിലാണ് ഇവിടങ്ങളിൽ തെങ്ങ് കൃഷി. ശാസ്ത്രീയ കൃഷിരീതിയായ നടീൽ അകലം പാലിക്കാതെയും വെള്ളക്കെട്ട് നോക്കാതെയുമാണ് ഇവിടങ്ങളിൽ തെങ്ങ്കൃഷിചെയ്തിരിക്കുന്നത്.

പച്ചക്കറികൃഷിയെപ്പറ്റിപ്പറയുകയാണെങ്കിൽ പഴയകാലത്തുതന്നെ വലിയ പ്രാധാന്യം ഉണ്ടായിരുന്നു. ആവശ്യത്തിനുള്ള പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിരുന്നു. ഇന്ന് വീട്ടാവശ്യത്തിനുള്ള ചെറിയ ഭാഗംപോലും ഉൽപ്പാദിപ്പിക്കാതെ മാർക്കറ്റിനെ ആശ്രയിക്കുകയാണ്. പച്ചക്കറിക്കൃ

ചാർട്ട് I

| നമ്പർ | | 1933 | | | 1987–88 | |
|---|---|---|---|---|---|---|
| | | ഏക്കർ | ഹെക്ടർ | % | ഹെക്ടർ | % |
| 1 | പുരയിടം | 1715.72 | 686.288 | 82.3 | 769.763 | 92.3 |
| 2 | നിലം | 289.83 | 115.932 | 13.9 | 26 | 3.12 |
| 3 | പുറമ്പോക്ക് | 79.38 | 31.752 | 3.8 | 36.14 | 4.34 |
| 4 | തരിശ് | --- | --- | --- | 2 | 0.24 |
| 5 | ആകെ | 2084.93 | 833.972 | | 833.903 | |

നെൽകൃഷി കുറഞ്ഞതിന്കാരണം പലതായി ചൂണ്ടിക്കാണിക്കാം. കൃഷിയോടുള്ള ആഭിമുഖ്യക്കുറവ്, തൊഴിലാളികളുടെ ദൗർല്ലഭ്യം, ജനസംഖ്യാവർദ്ധനവ്, ഉൽപ്പാദനോപാധികളിലുണ്ടായ വിലവർദ്ധനവ്, ഗൾഫ്പണസ്വാധീനം തുടങ്ങിയവായാണ്. ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിച്ചതോടുകൂടി പുതിയ തലമുറക്ക് കൃഷിഷിക്ക് ഉപയോഗിക്കാവുന്ന ചെറിയ ഭൂമി മിക്കവാറുംകുടുംബങ്ങൾക്കുണ്ട്. ഇവ ഉപയോഗപ്പെടുത്തുന്നില്ല. കുറഞ്ഞസമയം മാത്രം ഉപയോഗിച്ച് ചെയ്യാവുന്ന ഈ കൃഷി പ്രത്യേകിച്ച് വീട്ടമ്മമാർ തുനിയുന്നില്ല.

വാണിജ്യാടിസ്ഥാനത്തിൽ രണ്ടാംവിളക്ക് ശേഷമുള്ള വയലുകളിൽ കൃഷിചെയ്തുവരുന്നുണ്ട്. വയൽ പ്രദേശം

പാട്ടത്തിനെടുത്തും സ്വന്തംസ്ഥലങ്ങളിലുമായി കുമ്പളം, ചീര, വെള്ളരി തുടങ്ങിയവ വ്യാപകമായി കൃഷിചെയ്തു വരുന്നു. ഇവയുടെവിപണി കൂത്തുപറമ്പ്മുനിസിപ്പാലിറ്റിയാണ്. പച്ചക്കറികൃഷിക്ക് കൃഷിഭവൻ മുഖാന്തിരം സാമ്പത്തികസഹായമോ, മേൽത്തരം വിത്തുകളോ യഥാസമയം കിട്ടുന്നില്ല. പച്ചക്കറിക്ക് കൂടുതലായി മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഈ രംഗത്ത് പഞ്ചായത്ത് സ്വയംപര്യാപ്തത നേടേണ്ടിയിരിക്കുന്നു. കൃഷി വ്യാപിക്കാൻ കാമ്പെയിൻ പ്രവർത്തനവും കൃഷിഭവനിൽന്നും പ്രോത്സാഹനവും ലഭിക്കണം. ഗ്രാമപഞ്ചായത്ത് ഈ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

കുറഞ്ഞചിലവിൽ കൂടുതൽ ഊർജ്ജം നൽകുന്ന ഭക്ഷ്യവസ്തുവായ കിഴങ്ങുവർഗ്ഗങ്ങൾ പഞ്ചായത്തിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നനകിഴങ്ങ്, കാച്ചിൽ എന്നിവ അപ്രത്യക്ഷമായി എന്നുതന്നെ പറയാം. ചേന, ചേമ്പ് മുതലായവ ചുരുങ്ങിയ സ്ഥലത്ത് കൃഷിചെയ്തുവരുന്നുണ്ട്. കുറച്ചുകൂടി പ്രാധാന്യത്തോടെ കൃഷിചെയ്യുന്നത് മരച്ചീനിയാണ്. പഞ്ചായത്തിന്റെ ആവശ്യത്തിനനുസരിച്ച് മരച്ചീനി ഉൽപ്പാദിപ്പിക്കുന്നില്ല. കൂത്തുപറമ്പ് മാർക്കറ്റിനെയാണ് ഉപഭോക്താക്കൾ മരച്ചീനിക്ക് ആശ്രയിക്കുന്നത്. രോഗബാധ, കീടബാധ എന്നിവ കിഴങ്ങ് വർഗ്ഗങ്ങളിൽ കുറവാണ്. പാവപ്പെട്ടവന്റെ ഭക്ഷണമായ കിഴങ്ങ് വർഗ്ഗങ്ങളിൽ ഇന്ന് അപ്രത്യക്ഷമായ ഇനങ്ങൾ പുനർജീവിപ്പിക്കാനും നിലവിലുള്ളതിന്റെ വിസ്തൃതി വ്യാപിപ്പിക്കാനും ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. ഉൽപ്പാദനച്ചിലവ് കുറഞ്ഞ ഉൽപ്പാദനക്ഷമത കൂടിയതുമായ കിഴങ്ങ് കൃഷിക്ക് പഞ്ചായത്തിൽ സാധ്യതയുണ്ട്. പഞ്ചായത്തിൽ കിഴങ്ങ് ഇടവിളയായി കൃഷിചെയ്യാൻ സാധിക്കും.

വയൽ നികത്തിയ പ്രദേശങ്ങളിൽ വാഴക്കൃഷി വ്യാപകമായി ചെയ്തുവരുന്നു. വാഴക്കൃഷി ഉപജീവനമാർഗ്ഗമാക്കിയ കുറച്ചുപേർ പഞ്ചായത്തിലുണ്ട്. ഉൽപ്പന്നങ്ങൾക്ക് സ്ഥിരമായി വിപണനസംവിധാനം ഇല്ലാത്തതിനാൽ സുസ്ഥിരമായ വിലകിട്ടുന്നില്ല. കൂത്തുപറമ്പുമുനിസിപ്പാലിറ്റിയും പഞ്ചായത്തിലെ കടകളുമാണ് വിപണി. കാലവർഷക്കെടുതിമൂലം വാഴകൾക്ക് നാശനഷ്ടം സംഭവിക്കാറുണ്ട്. വിള ഇൻഷൂറൻസ് നിലവിലുണ്ടെങ്കിലും വലിയതോതിൽ ഉപയോഗപ്പെടുത്തുന്നില്ല. നമ്മുടെ പഞ്ചായത്തിലെ പ്രധാനവിളകളുടെ വിസ്തൃതിയും ഉൽപ്പാദനക്ഷമതയും സംസ്ഥാനശരാശരിയുമായി താരതമ്യം ചെയ്യുന്ന ചാർട്ട് താഴെ കൊടുക്കുന്നു.

| വിള | വിസ്തീർണ്ണം | ഉൽപാദനം | ഉൽപാദനക്ഷമത | സംസ്ഥാന ശരാശരി |
|---|---|---|---|---|
| നെല്ല് ഒന്നാം വിള | 26 ഹെക്ടർ | 52000 k.g | 2000 | 2193 |
| രണ്ടാം വിള | 25 ഹെക്ടർ | 45000 k. g | 1800 | --- |
| തെങ്ങ് | 635 ഹെക്ടർ | 2940000 എണ്ണം | 35 എണ്ണം | 37 |
| കവുങ്ങ് | 21 ഹെക്ടർ | 18000000 | 40 | 155 എണ്ണം |
| കശുമാവ് | 16 ഹെക്ടർ | 6000 k. g | 750 k.g | 820 k.g |
| വാഴ | 32 ഹെക്ടർ | 64000 k. g | 18000 k.g | 7951 k.g |
| മരച്ചീനി | 35 ഹെക്ടർ | 630000 | 18000 k.g | 19866 |
| കുരുമുളക് | 25 ഹെക്ടർ | 6875 k.g | 275 k.g | 270 |

ചാർട്ട് 2

മെയിൻചാർട്ട് പരിശോധിച്ചാൽ സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞതാണ് പഞ്ചായത്തിലെ വിള ഉൽപാദനം.

## ഭൂപ്രകൃതി.

പൊതുവായി പറഞ്ഞാൽ കിഴക്ക് തെക്ക്ഭാഗവും കിഴക്ക് വടക്കുഭാഗവും താരതമ്യേന ഉയർന്നതും പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തേക്ക് ചെരിവോടുകൂടിയതുമാണ്. പഞ്ചായത്തിൽ ക്കൂടി ഒഴുകുന്ന എന്തവട്ടി തോടിലേക്ക് ചെരിവ് കേന്ദ്രീകരിച്ചിരിക്കുന്നു. കോട്ടയം പഞ്ചായത്ത് അതിർത്തിയായ് പാറക്കുനി വയലിനടുത്തുവരെ എരു

*ജനസാന്ദ്രത (ചതുരശ്രകിലോമീറ്ററിൽ)*

| | ശരാശരി |
|---|---|
| ഇന്ത്യ | 257 |
| കേരളം | 749 |
| കോട്ടയം പഞ്ചായത്ത് | 1960 |

വട്ടി തോടിന്റെ ഇരുഭാഗത്തും അരക്കിലോമീറ്റർ വിസ്തൃതിയിൽ സമതലമാണ്. പഞ്ചായത്തിന്റെ മധ്യഭാഗമായ കൂവ്വപ്പാടി ഓലായിക്കര ഉയർന്ന പ്രദേശമാണ്. ഉയർന്നപ്രദേശങ്ങൾ വെട്ടുകല്ല് മണ്ണും, എരുവട്ടിത്തോടിന്റെയും പോഷകതോടിന്റെയും ഇരുവശത്തുമുള്ള സമതലങ്ങളിൽ മണ്ണ് കൂടുതലുള്ള വെട്ടുകല്ല്മണ്ണാണ്. തള്ളോട്, കിണവക്കലിന്റെ ഒരു ഭാഗം തുടങ്ങി ചുരുക്കം ചില പ്രദേശങ്ങളിൽ ചളി കൂടുതലായി കാണുന്നുണ്ട്. ഇവിടങ്ങളിൽ മഴക്കാലത്ത് ചെറിയതോതിൽ നീർക്കെട്ട് അനുഭവപ്പെടുന്നു.

മണ്ണിന്റെ ഫലഭൂയിഷ്ടതയെപ്പറ്റിപ്പറയുകയാണെങ്കിൽ പ്രധാന മൂലകമായ ക്ഷാരം (പൊട്ടാസ്യം) പഞ്ചായത്തിന്റെ എല്ലാഭാഗത്തും വളരെ കുറഞ്ഞ അളവിലാണ് കാണപ്പെടുന്നത്. ക്ഷാരത്തിന്റെ ഉപയോഗം വളരെയധികം വർദ്ധിപ്പിക്കേണ്ടതുണ്ട്. തെങ്ങ് പ്രധാനവിളയായ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ പാട്ട്യജനകം(നൈട്രജൻ) ഭാവകം (ഫോസ്ഫറസ്) എന്നിവയും കുറഞ്ഞ അളവിലാണ് കാണപ്പെടുന്നത്. ശരാശരി അളവിൽ താഴ്വാര പ്രദേശങ്ങളിൽ പാട്ട്യജനകം കാണപ്പെടുന്നുണ്ട്. വയൽ പ്രദേശത്ത് പാട്ട്യജനകം കൂടിയ അളവിലാണെന്ന് രേഖകൾ സൂചിപ്പിക്കുന്നു. മറ്റ് പ്രദേശങ്ങളിൽ ചരൽകൂടിയ വെട്ടുകൽമണ്ണായതിനാൽ ഫലഫൂയിഷ്ടത കുറവാണ്. ഉയർന്നപ്രദേശത്തെ തെങ്ങുകൃഷിസംബന്ധിച്ച് പറയുകയാണെങ്കിൽ ശാസ്ത്രീയമായ വളപ്രയോഗം കൊണ്ട് ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

കോട്ടയം പഞ്ചായത്തിൽ ആളോഹരി ഭൂലഭ്യത 0.05 (12.5 സെന്റ്) ആണ്. സംസ്ഥാനശരാശരി 0.13 (31 സെന്റ്) ആണ്. ഇത് കാണിക്കുന്നത് സംസ്ഥാനത്തേക്കാൾ ഉയർന്ന ജനസാന്ദ്രതാനിരക്കും ഭൂമിയുടെ തുണ്ടവൽക്കരണവുമാണ്.

0.12 H (30 സെന്റ്) ൽ താഴെയാണ് ഭൂരിഭാഗം കുടുംബങ്ങളുടെയും ഭൂലഭ്യത. ഈ രീതിയിൽ കൃഷിഭൂമി തുണ്ടവൽക്കരിക്കപ്പെട്ടത് കാർഷികോത്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഭൂമയുടെ തുണ്ടവത്കരണം ആധുനിക കൃഷിരീതിയോ, യന്ത്രോപകരണങ്ങളോ ഉപയോഗിക്കാൻ തടസ്സമായിരിക്കുന്നു. കൂട്ടുകൃഷി സമ്പ്രദായത്തിന്റെ പ്രസക്തി ഇവിടെ വർദ്ധിക്കുന്നു.

## *ജലസേചനം*

കോട്ടയം പഞ്ചായത്തിൽ പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്തുവരുന്നത്. ജൂൺമുതൽ ആഗസ്റ്റ് വരെയുള്ള കാലവർഷവും സപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവുമാണ് ജലലഭ്യതയ്ക്കാധാരം.

ചാർട്ട് 4

| വർഷം | ജനു. | ഫിബ്ര. | മാർച്ച് | ഏപ്രി. | മെയ് | ജൂൺ | ജൂലാ. | ആഗ. | സെപ്. | ഒക്ടോ | നവം. | ഡിസം. | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 90 | 2.67 | -- | -- | -- | 458.6 | 635.46 | 688.51 | 409.51 | 94.5 | 233.74 | 70.2 | -- | 2593.19 |
| 91 | -- | -- | 0.09 | 11.19 | 127.95 | 720.9 | 1031.06 | 494.76 | 30.3 | 68.51 | 59.1 | -- | 2543.86 |
| 92 | -- | -- | -- | 12 | 108.53 | 964.2 | 794.84 | 630.85 | 29.1 | 148.49 | 289.8 | -- | 2977.81 |
| 93 | -- | -- | -- | -- | 64.28 | 480.6 | 856.22 | 255.82 | 192.3 | 334.5 | 20.6 | 163.1 | 2367.42 |
| 94 | -- | -- | 5.2 | 110.2 | 38.4 | 676.2 | 1057.72 | 484.22 | 171.9 | 286.4 | 25.8 | -- | 2856.04 |
| 95 | -- | -- | -- | 21.1 | 237 | 428.4 | 784.95 | 317.3 | 166.2 | 116.7 | 9.6 | -- | 2081.25 |

മുകളിൽ കാണിച്ചിരിക്കുന്ന പട്ടിക പരിശോധിച്ചാൽ മനസ്സിലാകുന്നത് മഴയുടെ അളവിൽ ഓരോവർഷവും ഏറ്റക്കുറച്ചിൽ അനുഭവപ്പെടുന്നു എന്നാണ്. വർഷകാലത്തിന്റെ അവസാനത്തോടുകൂടി വറ്റുന്ന കിണറുകളുടെയും തോടുകളുടെയും അവസ്ഥയുമായി ബന്ധപ്പെടുത്തി ലഭിക്കുന്ന മഴവെള്ളം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കണം.

പ്രധാനപ്പെട്ട ജലസ്രോതസ്സ് എരുവട്ടിത്തോടും

അതിന്റെ പോഷകതോടുകളുമാണ്. കാലവർഷത്തിന്റെ ആരംഭംമുതൽ ജനുവരി അവസാനം വരെയാണ് എരുവട്ടിത്തോടിലെ ജലലഭ്യത. പോഷകതോടുകളിൽ ഡിസംബർ അവസാനം വരെയാണ് ജലലഭ്യത. മൗവ്വേരി, കൂവ്വപ്പാടി, തള്ളോട്, കാനത്തുംചിറ പ്രദേശങ്ങളിലാണ് എരുവട്ടിത്തോടിന്റെ പോഷകതോടുകൾ കൂടുതലായുള്ളത്. പഞ്ചായത്തിലെ എല്ലാതോടുകളും എരുവട്ടിത്തോടിൽ വന്നുചേരുകയാണ്. എരുവട്ടിത്തോടിന്റെ ഇടത്തിൽപീടിക, എരുവട്ടിക്കാവിന്റെ താഴെ, എരുവട്ടിപ്പാലം, കാരായി കൃഷ്ണന്റെ വീട്ടിനുസമീപം എന്നിവിടങ്ങളിൽ നാല് VCB (ചീപ്പ്) ഉണ്ട്. ഇവ ഉപയോഗത്തിൽ ഉണ്ടെങ്കിലും എരുവട്ടിക്കാവിന്റെ താഴെ, എരുവട്ടിപ്പാലം എന്നീ ചീപ്പുകൾ ഒഴികെ ബാക്കി രണ്ടെണ്ണത്തിനും പലകയില്ല. എരുവട്ടിക്കാവിന്റെ താഴെയുള്ള ചീപ്പുമൂലം എരുവട്ടി വയൽ ഉൾക്കൊള്ളുന്ന 18 ഹെക്ടർസ്ഥലത്ത് കൃഷിക്ക് ജലസേചനം ചെയ്യാൻ സാധിക്കുന്നുണ്ട്. എരുവട്ടിപ്പാലത്തിന് അരികത്തുള്ള ചീപ്പുകൊണ്ട് കോട്ടയം പഞ്ചായത്തിനേക്കാൾ പിണറായി പഞ്ചായത്തിനാണ് കൂടുതൽ പ്രയോജനം.

പഴയകാലത്ത് സമൃദ്ധമായി വെള്ളം നിന്നിരുന്ന പല തോടുകളും ഇന്ന് നികന്ന് പോയിരിക്കുകയാണ്. എട്ടു തോടുകൾ ഉണ്ടെങ്കിലും ജലസംരക്ഷണ പ്രവർത്തനത്തിന്റെ അഭാവം മൂലം മഴവെള്ളം നഷ്ടപ്പെടുന്ന സ്ഥിതി വിശേഷമാണ് ഇന്ന് നിലവിലുള്ളത്. തോടുകളുടെ പാർശ്വഭിത്തികെട്ടുകയോ, ആഴം കൂട്ടുകയോ, ചെക്ക്ഡാമുകൾ കെട്ടുകയോ ചെയ്യുന്നില്ല. കോട്ടയം ഗ്രാമപഞ്ചായത്തിൽ പൊതുകുളങ്ങൾ ഇല്ല. സ്വകാര്യവ്യക്തികളുടെ കൈവശമായി സംരക്ഷിക്കപ്പെടാത്ത 35 ഓളം കുളങ്ങൾ ഉണ്ട് പ്രധാനമായും 4.3 ഹെക്ടർ വിസ്തൃതിയുള്ള കോട്ടയം ചിറ കണ്ണൂർജില്ലയിലെ പ്രധാനപ്പെട്ട ജലാശയമാണ്. 10 വർഷംമുമ്പുവരെ വെള്ളം വറ്റാത്ത സ്ഥിതി ഉണ്ടായിരുന്നെങ്കിലും ഇന്ന് പുറമെനിന്നുള്ള മണ്ണ് ഒലിച്ചുവന്നതുകൊണ്ട് ചിറനികന്നുപോവുകയും അതിനാൽ സംഭരണശേഷി കുറഞ്ഞ് വെള്ളം ഒഴുകി പാഴായി പോവുന്നു. അതുകൊണ്ട് ജനുവരിമുതലുള്ള നാല് മാസക്കാലം ഉണങ്ങിവരണ്ട അവസ്ഥയാണ്. വറ്റാത്ത കുളമായ കാനത്തുംചിറ മുമ്പ് മൂന്നാം വിളക്ക് ഉപയോഗിച്ചിരുന്നു. സംഭരണശേഷി കുറഞ്ഞതിനാലും ജലനിർഗ്ഗമനസൗകര്യം ഇല്ലാത്തതിനാലും കൃഷിക്ക് ഉപയോഗപ്പെടുത്താനാവാത്ത അവസ്ഥയിലാണ്. കോട്ടയം അങ്ങാടിയിലെ പള്ളികുളം, കുളത്തിന്റവിടുത്തെ കുളം (എരിച്ചോളം) കുണ്ടുകുളം, എരുവട്ടിക്കാവ് കുളം എരുവട്ടിയിലെ മഞ്ചേരിക്കുളം, അമ്മൽകുളം, കോലാവിൽ താഴക്കുളം എന്നിവയെല്ലാം വേണ്ടത്ര സംരക്ഷണമില്ലാത്തതിനാൽ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന പ്രധാനകുളങ്ങളാണ്. ഇവയെല്ലാം സംരക്ഷിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ ജലസേചനസൗകര്യവും ഭൂഗർഭജലവിതാനവും ഉയർത്താൻ കഴിയും. ഇവക്ക് പുറമെ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ചെറിയ കുളങ്ങളുണ്ടെങ്കിലും അവയിൽ ഭൂരിഭാഗവും സംരക്ഷിക്കപ്പെടാതെ ഉപയോഗശൂന്യമായിരിക്കുകയാണ്. ഇവയൊക്കെ സംരക്ഷിക്കുകയാണെങ്കിൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കാം.

കോട്ടയം പഞ്ചായത്തിന്റെ അതിർത്തിയായ തിരുവഞ്ചേരിക്കാവിന്റെ അടുത്ത്നിന്ന് ആരംഭിച്ച് കോട്ടയം പൊയിൽ 7 ാം മൈലിൽ അവസാനിക്കുന്ന പഴശ്ശി പ്രധാന കിനാൽ. പഞ്ചായത്തിൽക്കൂടി 3 കിലോമീറ്ററോളം കടന്നുപോകുന്നുണ്ട്. ഇതിന്റെ ഉപകെനാൽ തള്ളോട്നിന്ന് ആരംഭിച്ച് കൂവ്വപ്പാടി ഓലായിക്കര അവസാനിക്കുന്ന മൂന്ന് കിലോമീറ്ററോളം ദൂരത്തിലാണുള്ളത്. ഉപകെനാലിന്റെ കൈകെനാൽ ഓലായിക്കരയിൽനിന്ന് ആരംഭിച്ച് മംഗലോട്ടുംചാൽ തോട്ടിൽ അവസാനിക്കുന്നു. കൂടാതെ കൂവ്വപ്പാടി മംപുരയ്ക്ക് പിറകിൽനിന്നും ആരംഭിക്കുന്ന കൈകെനാൽ ഓലായിക്കരസൗത്ത് എൽ. പി. സ്കൂൾ പരിസരത്ത് അവസാനിക്കുകയാണ്. കൈകെനാലുകളിൽക്കൂടി ഇന്നുവരെ ശരിയായരീതിയിൽ വെള്ളമൊഴുക്കാൻ കഴിഞ്ഞിട്ടില്ല. ഡിസംബർമാസത്തിൽ മെയിൻകെനാലിൽ വെള്ളം തുറന്നുവിടുന്ന സമയത്ത് എരുവട്ടിത്തോടിന്റെയും ചുറ്റുപാടുമുള്ള കിണറുകളിലെയും ജലവിതാനം ഉയരാറുണ്ട്. ഈ കെനാലുകളുടെ ഉപയോഗം കോട്ടയം പഞ്ചായത്തിൽ ലഭിക്കുന്നില്ല. വെള്ളം ആവശ്യമായ ഫിബ്രവരി മുതൽ മെയ് മാസം വരെ വെള്ളംകിട്ടാനില്ല. പ്രധാനപച്ചക്കറിയായ വെള്ളരി കൃഷിചെയ്യുമ്പോൾ കനാൽജലം തുറന്നുവിട്ട് കൃഷിനാശത്തിനും ഇടയാകാറുണ്ട്.

ജലസേചനത്തിന് ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത് കിണറുകളെയാണ്. കിണറുകളിൽ പമ്പ്സെറ്റിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നതായി കാണാം. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശത്തും നല്ലൊരുശതമാനം കിണറുകൾ വറ്റുന്നു ഇത് ജലസേചനത്തെ പ്രതികൂലമായി ബാധിക്കുന്നു. മതിയായ മണ്ണ് ജലസംരക്ഷണ പ്രവർത്തനം ഇല്ലാത്തതുകൊണ്ടാണ് ഭൂഗർഭജലവിതാനം താഴ്ന്നത്.

## മണ്ണ് ജലസംരക്ഷണം

കിളകൾ മറിയിട്ട് കിളക്കുകയും പറമ്പുകളിൽ ഇടവരമ്പുകളിട്ടും ചരിവുകൾ തട്ടുകളാക്കിയും, പറമ്പുകൾ കർക്കിടക്കൊ ത്തുകൊണ്ട് വെള്ളം ഭൂമിയിലേക്ക് ഊർന്നിറക്കിയും തുലാക്കൊത്ത് കൊണ്ട് പൂലടക്കിയും വയലുകൾ ഉഴുതുമറിച്ചും, അതിരുകളിൽ മരംവെച്ചുപിടിപ്പിച്ചും, തോടുകളിൽ മുട്ടിയാർകെട്ടി ഒഴുക്കിന്റെ വേഗത നിയന്ത്രിച്ചും ആണ് പണ്ട് ജലസംരക്ഷണ പ്രവർത്തനം നടത്തിയത്. ഇന്ന് ഇതൊന്നുംതന്നെ കാര്യമായി നടക്കുന്നില്ല. കഴിഞ്ഞ നാലരവർഷക്കാലം ദേശീയ നീർമ്മറിവികസനപദ്ധതി നടന്നുവരുന്നുണ്ടെങ്കിലും ജനങ്ങളിലേക്ക് ഇതിന്റെ അവബോധം ഇറങ്ങിച്ചെന്നിട്ടില്ല. വൻ അട

ങൽതുക പദ്ധതിയിലുണ്ടെങ്കിലും സാങ്കേതിക പ്രശ്നങ്ങളും കർഷകർ ബോധവാൻമാരല്ലാത്തിനാലും പദ്ധതി വിജയപ്രദമായിട്ടില്ല. മണ്ണ് ജലസംരക്ഷണപ്രവർത്തനം അഭംഗുരം ഏറ്റെടുത്ത് നടത്തേണ്ടിയിരിക്കുന്നു. വർഷകാലത്ത് എരുവട്ടിത്തോടിന്റെ വരമ്പ് പൊട്ടുന്നത് മണ്ണൊലിപ്പിനും വയൽ നികന്നുപോകുന്നതിനും കാരണമാകുന്നു.

## *വളപ്രയോഗം*

രാസവളങ്ങളുടെ വിലവർദ്ധനവ്, കന്നുകാലിസമ്പത്തിന്റെ അപര്യാപ്തതയും പച്ചിലവളങ്ങളുടെ ഉൽപ്പാദനക്കുറവും കാരണം വളപ്രയോഗം കാര്യമായ രീതിയിൽ നടക്കുന്നില്ല. വളത്തിന്റെ പ്രയോഗം വർദ്ധിപ്പിക്കേണ്ടുതുണ്ടെങ്കിലും വിലവർദ്ധനവ് തടസ്സമാവുന്നു. പ്രധാനവിളയായ നാളീകേരത്തിന്റെ സുസ്ഥിരമല്ലാത്ത വിലകാരണം ശരിയായ അളവിലുള്ള വളപ്രയോഗം ചെയ്യുന്നില്ല. ശാസ്ത്രീയമായ വളപ്രയോഗത്തിൽ കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല. കൂടാതെ മണ്ണ് പരിശോധന സംവിധാനം ഇല്ലാത്തതും ഉള്ള സംവിധാനം ഉപയോഗപ്പെടുത്താത്തതും ഈ മേഖലയിലെ പ്രതിസന്ധിയാണ്. കോട്ടയം പഞ്ചായത്തിൽ കോട്ടയംപൊയിലിലാണ് വളം വിൽപ്പനകേന്ദ്രം ഉള്ളത്. കൂത്തുപറമ്പ്, കതിരൂർ പ്രദേശത്തെ വളംവിൽപ്പനക്കാരെയാണ് കർഷകർ ആശ്രയിക്കുന്നത്. കോട്ടയം സർവ്വീസ് സഹകരണബാങ്കിൽ വളം വിൽപ്പനകേന്ദ്രം ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നു.

## *കാർഷികരോഗങ്ങൾ*

പഴയകാലത്ത് കുമിൾരോഗം, കീടബാധ എന്നിവ വളരെ കുറവായിരുന്നു പ്രതിരോധശക്തിയുള്ള നാടൻ വിത്തുകളും തൈകളുമായിരുന്നു കൃഷിചെയ്തിരുന്നത്. ഇന്ന് അത്ത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം വിത്തുകളും തൈകളുമാണ് ഉപയോഗിക്കുന്നത്. ഇവയ്ക്ക് രോഗപ്രതിരോധശക്തി പ്രായേണ കുറവാണ്. പ്രധാനമായും മുഖ്യവിളയായ തെങ്ങിനെ ബാധിക്കുന്ന കൂമ്പ്ചീയൽ, കറവാരൽ ഇലചീയൽ എന്നീ രോഗങ്ങളും കൊമ്പൻചെല്ലി (കുന്നിൻപ്രദേശത്ത്) ചെമ്പൻചെല്ലി(വയൽപ്രദേശത്ത്) എന്നീ കീടങ്ങളുമാണ് തെങ്ങിനെ ബാധിക്കുന്നത്. കറവാരലിനെതിരെ ബോഡോമിശ്രിതം വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. കൂമ്പ്ചീയൽ ഇലചീയലിനെതിരെ ശരിയായ രീതിയിൽ കുമിൾനാശിനിയോ പ്രതിരോധനടപടിയോ സ്വീകരിക്കുന്നില്ല. പൊട്ടാസ്യം, സൂക്ഷ്മമൂലകങ്ങൾ ഇവയുടെ കുറവുമൂലം ഉണ്ടാകുന്ന മച്ചിങ്ങാകൊഴിച്ചിൽ, ഓലങ്കടിയൽ, തേങ്ങയുടെ ചകിരി വീണ്ടുകീറൽ തുടങ്ങിയവയും അനുബന്ധരോഗങ്ങൾ പ്രത്യേകിച്ച ഉയർന്ന ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, ചാഴി, ബ്ലാസ്റ്റ് (ഇലയിൽ പുള്ളി കുത്തൽ) തുടങ്ങിയ കീടങ്ങളെ ബാധ ഫലപ്രദമായി നിയന്ത്രിക്കപ്പെടുന്നില്ല. കവുങ്ങ്കൃഷി താരതമ്യേന കുറവായതിനാൽ മഹാളി പോലുള്ള രോഗങ്ങളും കുറവാണ്. കുരുമുളകിന് ധ്രുതവാട്ടം, തിരിമുട്ടൽ രോഗങ്ങൾ ബാധിക്കുന്നുണ്ട്. വാഴ പൊട്ടൻ (കൊക്കാൻ) ആയിപ്പോവുക, തിരിമുട്ടൽ (കുറുനാമ്പ്) തുടങ്ങിയ രോഗങ്ങൾ ബാധിക്കുന്നു. പച്ചക്കറികൾക്ക്.പുഴുക്കുത്തുകൾ ഉണ്ടാകാറുണ്ട്.

കൃഷിഭവനിലെ കണക്കുകൾ പരിശോധിക്കുകയാണെങ്കിൽ കീട, കുമിൾ നാശിനികളുടെ ഉപയോഗം കുറഞ്ഞുവരുന്നതായി കാണാം. വിളകൾക്ക് രോഗങ്ങൾ ബാധിക്കുന്നില്ല എന്നെല്ല ഇതുകൊണ്ട് മനസ്സിലാകുന്നത് കർഷകർ രോഗനിയന്ത്രണത്തെപ്പറ്റി ബോധവാൻമാരാണെങ്കിലും കീടനാശിനികളുടെ വിലവർദ്ധനവും കൃഷിയോടുള്ള ആഭിമുഖ്യക്കുറവും രോഗപ്രതിരോധ നടപടിക്ക് തടസ്സമായിരിക്കുന്നു.

കൃഷിഭവൻ:- കൃഷിഭവന്റെ പ്രവർത്തനത്തെ വിലയിരുത്തുകയാണെങ്കിൽ 1987-88 വർഷങ്ങളിലാണ് പഞ്ചായത്തുതലത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. പഞ്ചായത്തിന്റെ വടക്കെ അറ്റത്തായ കിണവക്കലിൽ സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളുമായി വളരെ ദൂരത്തിലാണ്. ശാസ്ത്രീയ കൃഷിരീതിയിൽ പ്രാവീണ്യം നേടിയ കൃഷി ആഫീസറുടെ പ്രവർത്തനം ആപ്പീസിനകത്ത് ഒതുങ്ങിയിരിക്കുന്നു. സർക്കാറിന്റെ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രവർത്തന ബാഹുല്യത്തിനനുസരിച്ച് ജീവനക്കാരില്ല. കർഷകരും കൃഷിഭവനും തമ്മിലുള്ള സമ്പർക്കം അടുത്തകാലത്തായി വർദ്ധിക്കുന്നുണ്ട്.

കൃഷിഭവനിൽ നിന്നും വിതരണം ചെയ്ത കർഷക ഉപകരണങ്ങൾ റോക്ക് സ്പെയർ, 12 എണ്ണം, നാപ്സ്റ്റാക്ക് സ്പെയർ 8 എണ്ണം, തെങ്ങുകയറ്റ യന്ത്രം 3 എണ്ണം വീതമാണ്.

കൃഷിഭവൻ മുഖാന്തിരമാണ് പഞ്ചായത്തിൽ പ്രധാനമായും നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നത്. പഞ്ചായത്തിൽ നഴ്സറികൾ ഒന്നുംതന്നെയില്ല. പ്രാദേശികമായി വാഴക്കന്നുകൾ, പച്ചക്കറിവിത്തുകൾ എന്നിവ വലിയതോതിൽ ശേഖരിക്കപ്പെടുന്നു. പുറമെയുള്ള നഴ്സറികളെയും കർഷകർ ആശ്രയിക്കുന്നുണ്ട്.

പഞ്ചായത്തിലെ കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് പുരുഷൻമാർക്ക് 110 രൂപയും സ്ത്രീകൾക്ക് 70 രൂപയുമാണ്. സ്ത്രീതൊഴിലാളികളുടെ ദൗർല്ലഭ്യം കൂടുതലായുണ്ട്.

## *വായ്പകൾ:*

കാർഷിക വായ്പകൾക്ക് കോട്ടയം സർവ്വീസ് സഹ

കരണബാങ്ക്, കാർഷിക വികസന ബാങ്ക്, വാണിജ്യ ബാങ്കുകളായ ഇന്ത്യൻ ബാങ്ക് തലശ്ശേരി, യൂണിയൻ ബാങ്ക് തലശ്ശേരി, ഇന്ത്യൻ ഓവർസീസ്ബാങ്ക് തുടങ്ങിയസ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. കോട്ടയം സർവ്വീസ് സഹകരണബാങ്കിൽ അംഗത്വം കിട്ടാൻ പ്രയാസമായതിനാൽ വായ്പ്പാ സൗകര്യത്തെ പ്രതികൂലമായി ബാധിക്കുന്നു. വാണിജ്യബാങ്കുകളിൽ നിന്ന് വായ്പകൾ ലഭിക്കാൻ കടമ്പകൾ ഏറെ ഉള്ളതിനാൽ കർഷകർ വളരെ പ്രയാസപ്പെടുന്നു. കാർഷികവായ്പകൾ വാങ്ങുന്നവർ ഭൂരിഭാഗവും കല്ല്യാണം, സൽക്കാരം, വീട്ടുപണി തുടങ്ങി കാർഷികേതരപ്രവർത്തനങ്ങൾക്കാണ് ചിലവഴിക്കുന്നത്. ഇത് കർശനമായും നിയന്ത്രിക്കേണ്ടതാണ്. സാങ്കേതിക കുറച്ചും, പലിശനിരക്ക് കുറച്ചും വായ്പ്പാസൗകര്യം വർദ്ധിപ്പിക്കണം. ദീർഘകാലകാർഷികവായ്പ്പകൾ ലഭ്യമാക്കണം.

കൃഷിഭവൻ കോട്ടയം (മലബാർ) മുഖേന നടപ്പിലാക്കുന്ന കാർഷികവികസനപദ്ധതികൾ 96-97 വർഷത്തിൽ - അവലോകനം

1. കൂട്ടുകൃഷിസമ്പ്രദായം:- നെല്ലിന് കൂട്ടുകൃഷിസമ്പ്രദായം പ്രചാരപ്പെടുത്തുന്നതിന് രണ്ട് പാടശേഖരസമിതിയുണ്ട്. ഈ പദ്ധതിയിൽ ആനുകൂല്യങ്ങൾ ഒന്നും ഇന്ന് നിലവിലില്ല.

2. രാസവളം സസ്യസംരക്ഷണമരുന്നുകൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്ന പദ്ധതിയുടെ ഭാഗമായി രാസവള ഡിപ്പോയിൽ നിന്ന് സാമ്പിളെടുത്ത് പരിശോധിച്ചുവരുന്നു.

3. തെങ്ങുകൃഷിഗ്രൂപ്പ്മാനേജ്മെന്റ്:-ഈ പദ്ധതിയിൽ രജിസ്റ്റർചെയ്ത കേരസമിതിയുണ്ട്. ഈ പദ്ധതിയിൽ കുറഞ്ഞത് 30 സെന്റ് കൃഷിസ്ഥലമുള്ള വ്യക്തികൾക്ക് കിണർ കുഴിക്കുനനതിന് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും പരമാവധി 2500 രൂപവരെ സബ്സിഡി നൽകുന്നു. 96-97 വർഷത്തിൽ 15 കിണറുകൾക്ക് 55 പമ്പുസെറ്റുകൾക്കും അനുമതിയുണ്ട്. കഴിഞ്ഞ 2 വർഷങ്ങളായി 45 കിണറുകളും 70 പമ്പുസെറ്റും സ്ഥാപിച്ചിട്ടുണ്ട്. പച്ചിലവളച്ചെടിക്ക് 5 രൂപ സബ്സിഡിനിരക്കിൽ തങ്ങ്കയറ്റയന്ത്രം 500 രൂപ സബ്സിഡിനരക്കിൽ 2 എണ്ണവും, 2 റോക്കർസ്പ്രെയർ 1000 രൂപ സബ്സിഡിനിരക്കിലും നൽകാവുന്നതാണ്. ഗ്രൂപ്പടിസ്ഥാനത്തിൽ ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്നതിന് 85% വരെ സബ്സിഡി കുറഞ്ഞത് 5 ഹെക്ടർ വിസ്തൃതിയുള്ള പ്രദേശങ്ങൾക്ക് നൽകുന്നു. തെങ്ങ്കൃഷിയിൽ ബോധവൽക്കരണത്തിനായി 2 ട്രയിനിംഗും നടത്താൻ വ്യവസ്ഥയുണ്ട്.

4. ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാനപദ്ധതി:- ഈ പദ്ധതിയിൽ പഞ്ചായത്തിൽ 104 യുവജനങ്ങൾ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. 53 പുരുഷൻമാരും, 54 വനിതകളുമാണുള്ളത്. അംഗങ്ങൾക്ക് 50% സബ്സിഡിനിരക്കിൽ കാർഷികവിള സംസ്കരണം, പച്ചക്കറികൃഷി, കുറ്റിമുല്ല കൃഷിയിൽ സാമ്പത്തിക സഹായം നല്കും.

5. പ്രത്യേകഘടകപദ്ധതി:- ഈ പദ്ധതിയിൽ SC/ ST വിഭാഗത്തിൽപെട്ട കൃഷിക്കാർക്ക് ഭൂമിവാങ്ങുന്നതിനും, ഫാംഹൗസ് പണിയുന്നതിനും 50 സെന്റിൽ കൂടുതലുള്ളവർക്ക് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനു സഹായം നൽകുന്നു.

6. പയറുവിളവികസനപദ്ധതി:- പദ്ധതിയിൽ പയറ് വിത്ത് 50% സബ്സിഡിയായി നൽകുന്നു. കൂടാതെ സസ്യസംരക്ഷണപ്രവർത്തനത്തിനും സബ്സിഡിനല്കുന്നു.

7. മണ്ണ് പരിശോധനാസൗകര്യം:- മണ്ണിന്റെ സാമ്പിളുകൾ സൗജന്യമായി പരിശോധിച്ച് നിലവാരം അറിയിക്കുന്നു.

8. പ്രകൃതിക്ഷോഭം:- പ്രകൃതിക്ഷോഭത്തിൽ കൃഷിനശിക്കുന്നവർക്ക് ധനസഹായം നൽകുന്നു.

9. കാർഷിക മേഖലയിൽ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം:- ഈ പദ്ധതിയനുസരിച്ച് എല്ലാ വിളകൾക്കും ഡ്രിപ്പ് ഇറിഗേഷൻ (കണികജലസേചനം) നടത്തുന്നതിന് 50% തുക ഉപരണങ്ങളുടെ വിലയിൽ സബ്സിഡിയായി നൽകുന്നു.

10. സുഗന്ധവിള വികസന പദ്ധതി:- പദ്ധതിയിൽ സുഗന്ധവിളകളുടെ നടീൽ വസ്തുക്കൾ സൗജന്യമായി നടത്തുന്നു.

11. ജൈവവള വികസനപദ്ധതി:- ഈ പദ്ധതിയിൽ കമ്പോസ്റ്റ് കുഴി നിർമ്മിക്കാൻ ധനസഹായം, സൗജന്യനിരക്കിൽ പച്ചിലവളവിത്ത് വിതരണം ചെയ്യുന്നു.

12. പൊതുജന പങ്കാളിത്ത പദ്ധതി:- വിവിധവിള മത്സരങ്ങൾ നടത്തുന്നതിനും കാർഷികസെമിനാർ (2 എണ്ണം) നടത്തുന്നതിനും ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്.

13. നടീൽ വസ്തുക്കളുടെ വിരരണം:- നടീൽവസ്തു വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ കശുമാവ് വികസനപദ്ധതി, വാട്ടർഷെഡ് പദ്ധതിയും നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നു.

14. ദേശീയ നീർമറി വികസന പദ്ധതി(വാട്ടർഷെഡ് പദ്ധതി):-സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള ഈ പദ്ധതിയിൽ 100% സബ്സിഡി നിരക്കിൽ ധാരാളം ആനുകൂല്യങ്ങൾ നൽകുന്നു. കാർഷിക മേഖലയിൽ തൊഴിൽസാധ്യതകൾ ഉറപ്പുവരുത്തുന്ന ആനുകാല്യങ്ങളാണ് ഏറെയും, കതിരൂർ, പിണറായി പഞ്ചായത്തിന്റെ 3 വാർഡു

കളും കോട്ടയം പഞ്ചായത്തിന്റെ 9 വാർഡുകളും ഉൾക്കൊള്ളുന്നതാണ് കോട്ടയം വാട്ടർഷെഡ്. 59.5 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടത്തുന്നത്. നാലരവർഷകാലമായി പദ്ധതി നടന്നുവരുന്നുണ്ടെങ്കിലും ജനങ്ങളിൽ ഭൂരിഭാഗത്തിനും പദ്ധതിയുടെ പ്രവർത്തനം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ആനുകൂല്യങ്ങൾ പലതും ജനങ്ങളിൽ എത്തിയെങ്കിലും പദ്ധതിയേതെന്ന് മനസ്സിലായിട്ടില്ല.

മേൽപറഞ്ഞ പദ്ധതികളൊക്കെയുണ്ടെങ്കിലും ജനപങ്കാളിത്തത്തിന്റെ കുറവ്കൊണ്ട് വേണ്ടത്ര വിജയകരമായി എന്ന് അവകാശപ്പെടാൻ കഴിയുകയില്ല. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി.

## പ്രശ്നങ്ങൾ

1. ഇടത്തിൽ പീടിക, കാരായികൃഷ്ണന്റെ വീടിന്സമീപമുള്ള V.C.B കൾക്ക് പലകയില്ല.
2. തെങ്ങ്, നെല്ല്, എന്നിവയ്ക്ക് രോഗബാധ കൂടുതലാണ്.
3. അത്യുൽപ്പാദനശേഷിയുള്ള ഇനം തെങ്ങുകൾ കുറവ്.
4. വയൽ പ്രദേശത്തെ തെങ്ങുകൃഷി നഷ്ടമാണ്.
5. പ്രധാന വിളയായ തെങ്ങിന്റെ ശരാശരി ഉൽപാദനം കുറവാണ്.
6. മൗവ്വേരി, കാനത്തും ചിറ, തള്ളോട്, എരുവട്ടി എന്നീ പ്രദേശങ്ങളിൽ നെൽകൃഷി കുറഞ്ഞുവരുന്നു.
7. കൂലിയും, വളത്തിന്റെ വിലയും അടിക്കടി വർദ്ധിച്ചുവരുന്നു.
8. നെൽകൃഷിക്ക് തൊഴിലാളികളെ ലഭിക്കുന്നില്ല.
9. പാടശേഖരസമിതികളുടെ പ്രവർത്തനം നലച്ചിരിക്കുന്നു.
10. കൃഷിഭവൻ മുഖാന്തിരമോ, മറ്റോ പച്ചക്കറി വിത്തുകൾ യഥാസമയം ലഭിക്കുന്നില്ല. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
11. കൃഷിഭവൻ പഞ്ചായത്തിന്റെ ഒരറ്റത്താണ്, പ്രവർത്തനം തൃപ്തികരമല്ല.
12. എരുവട്ടിത്തോടിലും പോഷകതോടുകളിലും ജലലഭ്യത കുറവ്.
13. കിണവക്കലിന്റെ ഒരു ഭാഗത്ത് നീർക്കെട്ടുണ്ട്.
14. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള വളപ്രയോഗമില്ല.
15. മണ്ണ് ഫലഫൂയിഷ്ടത കുറഞ്ഞതാണ്. മണ്ണു പരിശോധന കാര്യക്ഷമമല്ല, ഉള്ളവ തന്നെ കർഷകർ പ്രയോജനപ്പെടുത്തുന്നില്ല.
16. ഉയർന്ന പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.
17. മണ്ണ്, ജലസംരക്ഷണ പ്രവർത്തനം കുറവാണ്.
18. ചെറിയ തോടുകൾ കൂടുതലുള്ള മൗവ്വേരി, കൂവ്വപ്പടി, തള്ളോട് പൂക്കോട്, കാനന്നും ചിക, എരുവട്ടി പ്രദേശങ്ങളിൽ തോടുകൾ സംരക്ഷിക്കപ്പെടുന്നില്ല.
19. പ്രധാന തോടുകളെല്ലാം ജനുവരി അവസാനത്തോടെ വറ്റുന്നു.
20. കോട്ടയം ചിറ നികന്നത് ജലദൗർല്ലഭ്യതക്ക് കാരണമാവുന്നു.
21. കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.
22. പമ്പ്സെറ്റ് സഹായങ്ങൾക്കുള്ള സഹായപരിധി കൂടുതലാണ്.
23. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും മലിനജലം തോടുകളിലൂടെ ഒഴുകുന്നു.
24. ശ്സ്ത്രീയ കൃഷിരീതിയിലുള്ള അജ്ഞത.
25. ഉൽപ്പന്നങ്ങൾക്ക് സുസ്ഥിരമായ വിപണിയില്ല.
26. കാർഷിക വായ്പാ സൗകര്യം കുറവ്, പലിശ നിരക്ക് കൂടുതലാണ്, ദീർഘകാല വായ്പകൾ ലഭിക്കുന്നില്ല.
27. കൂടിയ ജനസാന്ദ്രത ഭൂമി തുണ്ടവൽക്കരിച്ചു.
28. കെട്ടിട നിർമ്മാണത്തിന് വയലുകൾ നികത്തപ്പെടുന്നു.
29. യന്ത്രോപകരണങ്ങൾ പഞ്ചായത്തിൽ പ്രചാരത്തിലില്ല.
30. കൃഷിക്കാർ തമ്മിൽ ആശയവിനിമയത്തിന് വേദി ഇല്ല.
31. നവീന കൃഷിരീതികളായ പൂകൃഷി, കൂൺകൃഷി, മത്സ്യകൃഷി, എന്നിവ പ്രചാരത്തിൽ വന്നിട്ടില്ല. നവീന കൃഷിരീതിക്ക് കാര്യക്ഷമമായ സ്കീമുകൾ നിലവിലില്ല.
32. വിള ഇൻഷൂറൻസിനെ പറ്റി കൃഷിക്കാർക്ക് വേണ്ടത്ര അറിവില്ല. കീടബാധ, രോഗം ഇവമൂലം നശിക്കുന്ന വിളകൾക്ക് ഇൻഷൂറൻസ് ആനുകൂല്യം ലഭിക്കുന്നില്ല.

## സാധ്യതകൾ

1. V C B കൾക്ക് പലകളിടണം
2. മണ്ണ് ജലസംരക്ഷണ പ്രവർത്തനം പ്രത്യേകിച്ച് ഉയർന്ന പ്രദേശങ്ങളിൽ കാര്യക്ഷമമാക്കണം. ഇത് കൊണ്ട് ഭൂഗർഭ ജലവിതാനം ഉയർത്താവുന്നതാണ്.
3. പലിശരഹിത വായ്പാ സൗകര്യങ്ങൾ ഉണ്ടാവണം.
4. കോട്ടയം ചിറയുടെ സംഭരണശേഷി വർദ്ധിപ്പിക്കണം.
5. കുളങ്ങൾ സംരക്ഷിക്കാനുള്ള പദ്ധതി ഉണ്ടാവണം.
6. പച്ചക്കറിവിത്തുകൾ യഥാസമയം ലഭ്യമാക്കുക.
7. കേരസമിതി, പാടശേഖര സമിതി കാര്യക്ഷമമായി പ്രവർത്തിക്കണം.
8. പ്രായമായതും ഉൽപാദനശേഷി ഇല്ലാത്തതും നടീൽ അകലം പാലിക്കാത്തതുമായ തെങ്ങുകൾ മുറിച്ചു മാറ്റാൻ സാമ്പത്തിക സഹായം വേണം.
9. കോട്ടയം എരുവട്ടി പാടശേഖരത്തിൽ പാറക്കുനി വയലിൽ തോട് നിർമ്മിക്കണം.
10. കൃഷിഭവൻ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് വേണം.

# 2

# മൃഗസംരക്ഷണം, മത്സ്യ ബന്ധനം, ക്ഷീരവികസനം

## മൃഗസംരക്ഷണം

കാർഷികമേഖലയോട് വളരെകാലമായി അഭേദ്യമായി ബന്ധപ്പെട്ടുകിടക്കുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. പണ്ടുകാലങ്ങളിൽ 4 ഉം 5 ഉം ഏക്കർസ്ഥലം കൃഷിചെയ്തിരുന്ന കർഷകർ കൂട്ടം കൂട്ടമായി കന്നുകാലികളെ വളർത്തിയിരുന്നു. തങ്ങളുടെ കൃഷിക്കാവശ്യമായ ജൈവവളം ലഭ്യമാക്കുക എന്നതായിരുന്നു പ്രധാന ഉദ്ദേശം. വളവെടുപ്പുകഴിഞ്ഞാൽ കാർഷികരംഗത്തെ യന്ത്രവൽക്കരണവും പിണ്ണാക്ക് തവിട് മുതലായവയിലുള്ള ലഭ്യതക്കുറവും കാലിവളർത്തുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. നാടൻ പശുക്കളുടെ എണ്ണം കുറഞ്ഞ് സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. ഉഴവു കാളകളും വണ്ടിക്കാളകളും നാട്ടിൽനിന്ന് അപ്രത്യക്ഷമായി ഇറച്ചി ആവശ്യത്തിന് കർണ്ണാടകയിൽനിന്നുള്ള കന്നുകാലികളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. പ്രതിവർഷം 780 ഓളം മാടുകളെ ഇത്തരത്തിൽ മാംസത്തിനായി ഉപയോഗപ്പെടുത്തുന്നു.

ആടുകളെ വളർത്തുന്ന ധാരാളം കർഷകർ ഈ പഞ്ചായത്തിലുണ്ട്. ആടുകളിൽ 'തലശ്ശേരി ഇനം' ആടുകളാണ് കൂടുതലായി കണ്ടുവരുന്നത്. ഏതാണ്ട് 600 ഓളം ആടുകളെ മാംസ്യാവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതായി അറിയുന്നു. മുൻകാലങ്ങളിൽ ആട്ടിൻപാൽ ഔഷധമായി ഉപയോഗിച്ചിരുന്നു. ഇന്ന് ഇത് കഴിക്കുന്നതിൽ വിമുഖത കണ്ടുവരുന്നു, മാത്രമല്ല ആട്ടിറച്ചിക്ക് നല്ല വില ലഭ്യമാകുന്നതിനാൽ ആട്ടിൻപാൽ മുഴുവൻ ആട്ടിൻകുട്ടികൾക്ക് നൽകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. പാലിനുവേണ്ടി ആട്ടിനെവളർത്തുന്നവർ ഇല്ലെന്നുതന്നെ പറയാം. പാവപ്പെട്ടവരുടെ തൊഴിൽആണ് ആടുവളർത്തൽ പ്രത്യേകിച്ച് വരുമാനം കുറഞ്ഞ മുസ്ലീംകുടുംബങ്ങളാണ് മുൻപന്തിയിൽ.

വീട്ടുവളപ്പിന് കോഴികളെ വളർത്തുന്ന സമ്പ്രദായം ധാരാളം ഉണ്ടായിരുന്നെങ്കിലും ഈ കാര്യത്തിൽ നാം പിന്നോക്കം പോയിക്കൊണ്ടിരിക്കുകയാണ്. കോഴിവളർത്തലിന് ധാരാളം സാദ്ധതകളുണ്ടെങ്കിലും പലകാരണത്താലും ആരും തന്നെ മുന്നോട്ടുവരുന്നില്ല. മുട്ടക്കോഴികളുടെയും ഇറച്ചിക്കോഴികളുടെയും കുറച്ച് യൂനിറ്റ് ആരംഭിച്ചാൽ ഈ പഞ്ചായത്തിന് ആവശ്യമായ മുട്ടയും കോഴിയിറച്ചിയും പ്രയാസമന്യേ ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ കഴിയും. ഇതര മൃഗസംരക്ഷണമേഖലകളായ പന്നി, മുയൽ കാടവളർത്തൽ എന്നിവയ്ക്ക് ഈ പഞ്ചായത്തിൽ തീരെ പ്രചാരണം ലഭിച്ചിട്ടില്ല. ഇവിടെ നാലിലൊന്ന് വീടുകളിൽ പട്ടിവളർത്തിവരുന്നുണ്ട്. ഇവ മിക്കവാറും നാടൻ ഇനങ്ങളാണ് അപൂർവ്വം ചിലർ നല്ലയിനം പട്ടികളെ വളർത്തിവരുന്നു. അലഞ്ഞുതിരിഞ്ഞുനടക്കുന്നപട്ടികളും ധാരാളമായുണ്ട്. പട്ടികളിൽ പേ വിഷബാധയ്ക്കെതിരെയുള്ള കുത്തിവെപ്പിന് പ്രചാരണം സിദ്ധിച്ചിട്ടില്ല. മറ്റു വളർത്തുമൃഗങ്ങളോ പക്ഷികളോ കാര്യമായി കണ്ടുവരുന്നില്ല. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി അനുവദിച്ചിരുന്നെങ്കിലും അതിന്റെ പ്രവർത്തനം പലകാരണങ്ങളാലും തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. കൂവ്വപ്പാടി പ്രവർത്തിച്ചുവരുന്ന ഊർജ്ജിത കന്നുകാലിവികസന കേന്ദ്രം ആളില്ലാത്തതിനാൽ പ്രവർത്തനം നിർത്തുകയാണുണ്ടായത്. ആകയാൽ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയിലെ മൃഗാശുപത്രിയെയാണ് കർഷകർ ആശ്രയിച്ചിരുന്നത്. ക്ഷീരവികസനമേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനം ഒന്നുംതന്നെ ഈ പഞ്ചായത്തിന് മാത്രമായിട്ടില്ല. തലശ്ശേരി ബ്ലോക്കിൽ പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂനിറ്റ് ആണ് ഇതിനുള്ള ഏക ആശ്രയം.

മൃഗാശുപത്രി നിലവിലില്ലാത്തതിനാൽ മൃഗസംരക്ഷണമേഖലയിൽ ഇന്നു നടപ്പിലാക്കിയിരുന്ന പദ്ധതികൾ കാര്യമായി ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. വളരെയധികം വികസനസാദ്ധ്യതയും തൊഴിൽസാധ്യതയും ഉള്ള മേഖലയാണിത്.

### പ്രശ്നങ്ങൾ

1. മൃഗാശുപത്തിയില്ലാത്തതിനാൽ കർഷകർ വളരെയധികം ബുദ്ധിമുട്ടുന്നു.

2. മൃഗചികിത്സ വളരെ ചിലവേറിയതും കർഷകർക്ക് താങ്ങാനാവാത്തതുമാണ്.

3. ഊർജ്ജിത കന്നുകാലി വികസനകേന്ദ്രം പ്രവർത്തിക്കാത്തതിനാൽ കൃത്യമബീജസംവിധാനത്തിനും പ്രാധമിക ചികിത്സയ്ക്കും വിഷമം നേരിടുന്നു.

4. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികൾ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പേപ്പട്ടി ശല്യം ഉണ്ട്.

5. ശാസ്ത്രീയമായി മൃഗപരിപാലനമുറകളിൽ കർഷകർ ശ്രദ്ധിക്കുന്നില്ല.

6. മൃഗങ്ങൾക്ക് രോഗപ്രതിരോധകുത്തിവെയ്പ് തീരെ ലഭ്യമല്ല.

7. കോഴിക്കുഞ്ഞുങ്ങളേയും ആട്ടൻകുഞ്ഞുങ്ങളേയും ലഭിക്കുന്നതിന് പ്രയാസം നേരിടുന്നു.

8. ഉദാരവ്യവസ്ഥയിൽ ബങ്ക് ലോൺ ലഭ്യമല്ല.

9. പശു, ആട്, കോഴി മുതലായവയ്ക്ക് സമഗ്ര ഇൻഷുറൻസ് പദ്ധതി ഇല്ല.

10. പഞ്ചായത്തിൽ അംഗീകൃത അറവുശാലകളില്ല.

11. കൃത്യമബീജദാനസൗകര്യമല്ലാത്തതിനാൽ നാടൻ വിത്തുകാളകളെ ആശ്രയിക്കുന്നതിനാൽ പശുക്കളുടെ ഉൽപാദനക്ഷമത കുറയുന്നു.

## സാധ്യതകൾ ! നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ അടിയന്തരമായി മൃഗാശുപത്രി സ്ഥാപിച്ച് മുഴുവൻ സമയം ഡോക്ടറെ നിയമിക്കേണ്ടതാണ്. ചികിത്സ തികച്ചും സൗജന്യമാക്കണം.

2. ഊർജിത കന്നുകാലി വികസന കേന്ദ്രത്തിൽ ജീവനക്കാരെ നിയമിച്ച് പ്രാഥമിക ചികിത്സാസൗകര്യം കൂടി ഏർപ്പെടുത്തേണ്ടതാണ്.

3. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാനും പഞ്ചായത്തിലെ മുഴുവൻ പട്ടികളെയും പേവിഷബാധക്കെതിരെ കുത്തിവയ്പിക്കുകയും പട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തേണ്ടതുമാണ്.

4. കാലാകാലങ്ങളിൽ മൃഗങ്ങളിൽ രോഗപ്രതിരോധ കുത്തിവയ്പ് സൗജന്യമായി നടത്തുവാൻ സംവിധാനം ഏർപ്പെടുത്തണം.

5. കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് ഒരു കോഴി ബ്രീഡിങ്ങ് ഫാം ആരംഭിക്കാവുന്നതാണ്.

6. ഉദാരവ്യവസ്ഥയിൽ ബാങ്ക്ലോൺ ലഭ്യമാക്കണം.

7. ഇറച്ചി, മുട്ട എന്നിവ ക്രയവിക്രയം ചെയ്യുന്നതിനുള്ള ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

8. മുയൽ വളർത്തലിനുള്ള സാദ്ധ്യതകൾ ആരാഞ്ഞ് ധനസഹായം നൽകേണ്ടതാണ്.

9. മുട്ടക്കോഴി ഇറച്ചിക്കോഴി എന്നിവയുടെ യൂനിറ്റുകൾ ആരംഭിക്കാൻ സാധ്യതയുണ്ട്.

10. പഞ്ചായത്തിൽ നിയമാനുസൃത അറവുശാല സ്ഥാപിക്കണം.

11. പശു, ആട്, കോഴി എന്നിവയിലുണ്ടാകുന്ന രോഗങ്ങളുൾപ്പെടുത്തി സമഗ്ര ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തേണ്ടതാണ്.

## ക്ഷീരവികസനം

കോട്ടയം പഞ്ചായത്തിന്റെ വികസനത്തിൽ ഗണ്യമായ പങ്കുവഹിക്കാൻ പറ്റുന്ന ഒരു മേഖലയാണ് ക്ഷീരവികസനമേഖല. കുറഞ്ഞ നിക്ഷേപം കൊണ്ട് ധാരാളം തൊഴിൽ കണ്ടെത്തുന്നതിനും കാർഷികമേഖലയുടെ തന്നെ മൊത്തം അഭിവൃദ്ധിക്കും സഹായകരമായ ഈ രംഗം, ആരോഗ്യപ്രദമായ ജനതയെ വാർത്തെടുക്കുന്നതിനും പ്രധാന പങ്കുവഹിക്കുന്നുണ്ട്. 1996-ൽ നടത്തിയ സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ മൊത്തം കന്നുകുട്ടികൾ അടക്കം 1039 പശുക്കൾ ഉണ്ട്. ആയതിൽ കറവയുള്ളത് 448 ആകുന്നു. ശരാശരി 1720 ലിറ്റർ പാൽ ദിനംപ്രതി ഉൽപാദിപ്പിച്ചുവരുന്നുണ്ട്. പശുക്കളുടെ 60% ത്തോളം സങ്കരയിനം പശുക്കളാണ്. പ്രധാനമായും ജർസി സങ്കരയിനങ്ങളാണ് കണ്ടുവരുന്നത്. അപൂർവ്വമായി ഹോൾസ്റ്റീൻഫ്രീഷ്യൻ, ബ്രൗൺസ്വിസ് സങ്കരയിനങ്ങളും കണ്ടുവരുന്നു. സങ്കരയിനം പശുക്കളുടെ ശരാശരി ഉൽപാദനം ദിനംപ്രതി 4.8 ലിറ്റർ ആണ്.

ഉൽപാദിപ്പിക്കുന്ന പാലിൽ 175 ലിറ്റർ പാൽ കോട്ടയം ക്ഷീരോൽപാദക സഹകരണസംഘവും 150 ഓളം ലിറ്റർ പാൽ പാട്യം, പിണറായി സംഘങ്ങളും സംഭരിച്ചുവരുന്നു. എന്നാൽ ഇതിൽ 250 ഓളം ലിറ്റർ പാൽ മാത്രമാണ് ഈ പഞ്ചായത്തുമേഖലയിൽ വിതരണം നടക്കുന്നത്. ബാക്കി തൊട്ടടുത്ത പഞ്ചായത്തുകളിലും കൂത്തുപറമ്പ് മുനിസിപ്പൽ പ്രദേശങ്ങളിലും വിതരണം നടത്തുന്നുണ്ട്. സംഘങ്ങളെ കൂടാതെ മിൽമ, ഈ പഞ്ചായത്തിൽ, 150 ഓളം ലിറ്റർ പാൽ വില്പന നടത്തിവരുന്നുണ്ട്. ഉല്പാദിപ്പിക്കുന്ന പാലിന്റെ 15% ത്തോളം സ്വന്തം ആവശ്യത്തിന് ഉപയോഗിച്ച് ബാക്കി വരുന്ന പാൽ സംഘത്തിനു നൽകുകയാണ്. എന്നാൽ ബഹുഭൂരിപക്ഷം കർഷകനും ഉപഭോക്താക്കൾക്ക് പാൽ നേരിട്ട് നൽകുകയാണ്. പണ്ട് കാല

| മൊത്തം കന്നുകാലികളുടെ എണ്ണം | കറവയുള്ളത് | പാലുൽപാദനം ദിനംപ്രതി | ഉൽപാദന ലഭിക്കുന്ന ശരാശരി പാൽ ലിറ്ററിൽ | വില്പന വില |
|---|---|---|---|---|
| 1039 | 448 | 1720 | 10 | 11 |

**പട്ടിക II**

*കോട്ടയം പഞ്ചായത്തിൽ പ്രതിദിനം കഴിക്കുന്ന പാൽ*

| 5 വയസ്സിന് താഴെ കുട്ടികൾ | 5–15 വയസ് കുട്ടികൾ | മുതിർന്നവർ (പുരുഷൻമാർ) | സ്ത്രീകൾ | ശരാശരി ഉപഭോഗം |
|---|---|---|---|---|
| 155 ഗ്രാം | 110 ഗ്രാം | 90 ഗ്രാം | 60 | 125 ഗ്രാം |

ങ്ങളിൽ വൻകിട കർഷകരും, ധനാഢ്യരും മാത്രം പാൽ കഴിച്ചിരുന്നെങ്കിൽ ഇന്ന് പാലിന്റെ ഉപഭോഗം സർവ്വസാധാരണമാണ്. എന്നാൽ ഇവിടുത്തെ ഉപഭോഗം കേരളത്തിന്റെ ശരാശരിയോടൊപ്പം എത്തുന്നില്ല (പട്ടിക II കാണുക).

മുൻകാലങ്ങളിൽമിച്ചംവരുന്നപാൽത്തൈരാക്കിതൈരിൽനിന്ന് മോര്, വെണ്ണ, നെയ്യ് എന്നിവ മിക്ക ക്ഷീരകർഷകരുടെ വീട്ടിലും ഉണ്ടാക്കിയിരുന്നെങ്കിൽ ഇന്ന് ചായയിലും കാപ്പിയിലും ഒഴിച്ച് മിച്ചം വരുന്ന പാൽ കുട്ടികൾക്ക് സ്വല്പം കുടിക്കാൻ കൊടുത്ത ശേഷം ചുരുക്കം ചില വീടുകളിൽ തൈരുണ്ടാക്കിവരുന്നു. മോര്, നെയ്യ്, വെണ്ണ എന്നിവ ഉണ്ടാക്കുന്നത് അപൂർവ്വമാണ്. എന്നാൽ ഈ അടുത്ത കാലത്ത് പാലിൽ നിന്നും, പാലിറച്ചി, ചോക്കലേറ്റ്, ബർഫി, പാൽഅലുവ, പാൽകിണ്ണത്തപ്പം മുതലായ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് ചെറിയതോതിൽ പ്രചോദനം ലഭിച്ചിട്ടുണ്ടെങ്കിലും പാലിന്റെ ലഭ്യതക്കുറവ് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിൽ നിന്ന് കർഷകരെ പിൻതിരിപ്പിക്കുന്നു. ഒൻപതാം പദ്ധതിയുടെ അവസാനത്തോടുകൂടി പാലുല്പാദനം വർദ്ധിപ്പിച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ച് നിർദ്ദേശിക്കുന്ന 248 ഗ്രാം പാൽ ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മുൻകാലങ്ങളിൽ പാലുവിറ്റ് അവശ്യവസ്തുക്കൾ വാങ്ങിയിരുന്നെങ്കിൽ ഇന്ന് സ്വന്തം ആവശ്യം കഴിച്ചുമാത്രമേ പാൽ വില്പന നടത്തുന്നുള്ളൂ. ഇത് പാലിന്റെ ഉപഭോഗത്തിലുണ്ടായ മാറ്റത്തെ സൂചിപ്പിക്കുന്നു.

കുറച്ചു വർഷങ്ങൾ മുന്നേ പശുക്കളെ തീറ്റിപ്പോറ്റുന്നതിന് നെൽകൃഷിയുടെ അവശിഷ്ടമായ വൈക്കോൽ ധാരാളമായി ഉപയോഗിച്ചിരുന്നു. എന്നാൽ നെൽകൃഷി നാട്ടിൽ വിരളമായ ഇന്ന് വൈക്കോൽ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. മാത്രമല്ല പുതിയ നെൽവിത്തിനങ്ങൾ പ്രചാരത്തിൽ വന്നതും വൈക്കോൽ ലഭ്യത കുറച്ചു. ജനവരി മാസം മുതൽ മെയ് മാസം വരെ കർഷകർ കർണാടക സ്റ്റേറ്റിൽ നിന്നും വരുന്ന വൈക്കോലിനെയാണ് ആശ്രയിച്ചുവരുന്നത്. പച്ചപ്പുൽ ലഭ്യത പഞ്ചായത്തിൽ കുറവാണ്. ചുരുക്കം ചില കർഷകർ തിറ്റ ആവശ്യത്തിനായ് ക്ഷീരവികസന വകുപ്പിന്റെയും ദേശീയ നിർമറിവികസന പദ്ധതിയുടെയും സഹായത്താൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെങ്ങിൻതോപ്പിൽ ഇടവിളയായി പുൽകൃഷി നടത്തുന്നതായി കാണാം. എന്നാൽ ഈ രംഗത്ത് കൂടുതൽ ബോധവൽക്കരണം നടത്തി ഇന്നു നിലവിലുള്ള 635 ഹെക്ടർ സ്ഥലത്തുള്ള തെങ്ങിൻ തോപ്പിന്റെ 25% സ്ഥലത്തെങ്കിലും ഇടവിളയായി കൃഷി ചെയ്യാൻ സാധിച്ചാൽ പശുക്കൾക്ക് ആവശ്യമായ പച്ചപ്പുല്ല് ഇവിടെ ഉല്പാദിപ്പിക്കാൻ സാധിക്കുന്നതാണ്. ചുരുങ്ങിയത് 30 കി.ഗ്രാം തീറ്റ ദിനംപ്രതി ഒരു പശുവിന് നൽകണമെങ്കിൽ 160 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തേണ്ടതുണ്ട്. ദീർഘകാല പുല്ലിനങ്ങൾ കൃഷി ചെയ്യുന്നതിൽ കർഷകർ വിമുഖത കാണിക്കിന്നതിനാൽ ഹ്രസ്വകാല വിളകൾ ധാരാളമായി പ്രചരിപ്പിക്കുന്നതാണ്. കീടാതെ വേലിയരികിൽ സുദാവുൾ, സീമക്കൊന്ന മുതലായ വൃക്ഷ വിളകളും പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

ഈപഞ്ചായത്തിലെ കന്നുകാലികൾക്ക് ഏതാണ്ട് 755 ടൺ പ്രതിമാസം കാലിത്തീറ്റ ആവശ്യമാണ്. കോട്ടയം ക്ഷീരോല്പാദകസഹകരണസംഘം 3 ടൺ പ്രതിമാസം തീറ്റവില്പനനടത്തിവരുന്നു. ബാക്കിത്തീറ്റ പഞ്ചായത്തിലെ സ്വകാര്യകച്ചവടസ്ഥാപനങ്ങളിൽ നിന്നും അടുത്തടൗണായ കൂത്തുപറമ്പിൽനിന്നുമാണ് ലഭ്യമാക്കിവരുന്നത്. കൂടുതൽ സ്ഥലത്ത് കപ്പകൃഷിചെയ്തും, വേനൽക്കാലങ്ങളിൽ വെറുതെ കളയുന്ന ചക്ക, കശുമാങ്ങ പോലുള്ള ഉല്പന്നങ്ങൾ തീറ്റയിലുൾപ്പെടുത്തിയും കാലിത്തീറ്റയെ ആശ്രയിക്കുന്നത് ഒരു പരിധിവരെ കുറക്കാവുന്നതാണ്. പശുക്കളിൽബീജാദാനത്തിനുള്ള ആശ്രയം നാടൻ കാളകളാണ്. കൃത്യമബീജാധാനത്തിനുള്ള സർക്കാർ ഏജൻസികളൊന്നുംതന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല. 1973 ൽ ആരംഭിച്ചു കേറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് പദ്ധതിസങ്കരയിനം പശുക്കളെ വർദ്ധിപ്പിക്കുന്നതിന് വലിയ ഒരു പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ എന്തോ ചിലകാരണംകൊണ്ട് ഈ പദ്ധതിനിലച്ചുപോയി. ഈ മാതൃകയിൽ കൃത്യമബീജദാനകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

പാൽവിപണനരംഗത്ത് പഞ്ചായത്തിന്റെ മൂന്നു വാർഡുകളിൽ പ്രവർത്തിക്കുന്ന കോട്ടയം ക്ഷീരോല്പാദകസഹകരണസംഘമാണിന്നുള്ളത്. പ്രതിദിനം ശരാശരി 275 ലിറ്റർ പാൽ കൈകാര്യം ചെയ്തുവരുന്നു. പ്രതി

വർഷം 10 ലക്ഷത്തോളം രൂപ സംഘംവഴി കർഷകരിൽ എത്തിച്ചേരുന്നു. മറ്റുവാർഡുകളിൽ സംഘം രൂപീകരിച്ചാൽ പാലുല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്.

പാലിൽനിന്നും വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വില്പനടത്തുന്ന ഒരു വനിതാക്ഷീരോല്പാദന നിർമ്മാമ യൂനിറ്റ് ക്ഷീരസംഘത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരവികസനവകുപ്പിന്റെ സഹായത്തോടെ പ്രവർത്തിച്ചുവരുന്നു. 4 വനിതകൾക്ക് തൊഴിൽ നല്കുന്ന ഈ യൂണിറ്റിൽനിന്നും ഗുണമേന്മഏറിയ പാൽപൊടി, ചോക്കലേറ്റ്, ബർഫി, ഗുലാബ്ജാം, സിപ്പ്അപ്പ്, പാൽകിണ്ണത്തപ്പം, പാൽഅലുവ മുതലായവ നിർമ്മിച്ച് വില്പനടത്തിവരുന്നുണ്ട്. ഈ യൂണിറ്റിനെ ശക്തമാക്കേണ്ടതും കൂടുതൽ യൂണിറ്റുകൾ ആരംഭിക്കേണ്ടതുമാണ്.

ഒൻപാതാംപദ്ധതിയുടെ അവസാനത്തോടെ ഈ പഞ്ചായത്തിന്റെ പാലാവശ്യത്തിൽ സ്വയംപര്യാപ്തത നേടുകയും കൂടുതൽ പേർക്ക് തൊഴിലവസരം സൃഷ്ടിക്കുകയും തദ്വര ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുയും, സ്ത്രീകൾക്കുള്ള പങ്കാളിത്തം ഉറപ്പുവരുത്തുകയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ക്ഷീരവികസനമേഖലയിൽ ക്ഷീരവികസനവകുപ്പ് താഴെ കാണിച്ചിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

I. വിജ്ഞാനവ്യാപനം:- ഗവേഷണമേഖലയിൽ ലഭ്യമാകുന്ന പുതിയ പുതിയ അറിവുകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളാണിത്.

a. കർഷക സമ്പർക്ക പരിപാടി:- മുപ്പതോ അതിൽ കൂടുതലോ കർഷകരെ പങ്കെടുപ്പിച്ചു നടത്തുന്ന പരിപാടി. 200 രൂപ ഒരു പരിപാടിക്കായി ധനസഹായം. രണ്ടു മൂന്നെണ്ണം മാത്രം വർഷത്തിൽ നടത്തിവരുന്നു. കൂടുതൽ എണ്ണം നടത്താവുന്നതാണ്.

b. ക്ഷീരോത്പ്പന്ന നിർമ്മാണ പ്രദർശനം:- പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക മുതലായവ ഉദ്ദേശിച്ചുള്ള പദ്ധതി 100/- രൂപ ധനസഹായം പദിക്കുന്നു.

c. ബ്ലോക്ക്തല കന്നുകാലി പ്രദർശനം:- കർഷകർക്ക് പുതിയ നല്ലയിനം പശുക്കളെ വളർത്തുന്നതിന് പ്രചോദനം നൽകുന്നതിന്നും കർഷകർ തമ്മിൽ ആശയവിനിമയം നടത്തുന്നതിനും കൂടിയുള്ള പദ്ധതി കഴിഞ്ഞ 5 വർഷത്തിനിടയിലായി ഒരെണ്ണം നടത്തിയിട്ടുണ്ട്. വർഷത്തിൽ ഓരോ പ്രദർശനം വിവിധ സ്ഥലങ്ങളിലായി നടത്താവുന്നതാണ്.

2. മാതൃകാഡയറി യൂനിറ്റ്:- മെച്ചപ്പെട്ട പശുവളർത്തൽ രീതികൾ അവലംബിച്ച് മാതൃകാപരമായ ഡയറി യൂനിറ്റ് നടത്തുന്നതിന് കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള യൂനിറ്റ് ഇത്തരത്തിലുള്ള ഒരു യൂനിറ്റും പഞ്ചായത്തിലില്ല. ഇത് വർഷത്തിൽ 4-5 എണ്ണം വീതം നടപ്പാക്കാവുന്നതാണ്. ധനസഹായം 7000/- രൂപ.

3. മാതൃകാ കന്നുകാലിതൊഴുത്ത് നിർമ്മാണം:- രണ്ട് പശുക്കളെ കെട്ടുന്നതിന് ആലനിർമ്മിക്കുന്നതിന് കർഷകർക്ക് നൽകുന്ന ധനസഹായം 1250/- രൂപ പഞ്ചായത്തിൽ 5 വർഷമായി എട്ടോളം പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇത് പ്രതിവർഷം 10-20 പേർക്കെങ്കിലുമായി വർദ്ധിപ്പിക്കേണ്ടതാണ്.

4. ശുദ്ധമായ പാലുല്പാദന കിറ്റ് :- പശുക്കളിൽ ഏറ്റവും ഭീഷണി ഉയർത്തുന്ന അകിടുവീക്കം മറ്റ് രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നൽകുന്ന ധനസഹായം. കഴിഞ്ഞവർഷം തുടങ്ങിയ പദ്ധതിയിൽ 25 ഓളം പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. ഇത് വ്യാപകമാക്കേണ്ടതും ആവശ്യമായ എല്ലാ ക്ഷീരകർഷകനും ലഭ്യമാക്കേണ്ടതുമാണ്. 60 രൂപയുടെ സാധനം 10 രൂപയ്ക്ക് നൽകുന്നു.

5. മിനറൽ മിക്സ്ചർ വൈറ്റമിൻ സപ്ലിമെന്റ് വിതരണം:- പശുക്കളിൽ പ്രത്യേകിച്ച് വേനൽകാലത്ത് കാണുന്ന പോഷകങ്ങളുടെ കുറവ് നികത്താനുള്ള പദ്ധതി ഇത് പകുതി വിലയ്ക്ക് പരിമിതമായ തോതിൽ വിതരണം നടത്തുന്നു. എല്ലാ കർഷകർക്കും ഈ ആനുകൂല്യം ലഭ്യമാക്കണം.

II. തീറ്റപുൽകൃഷി വ്യാപന പരിപാടി:- ആദായകരമായ പാലുല്പാദനത്തിന് പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പുൽവിത്ത് വിതരണം. വിവിധ ദീർഘകാല പുൽവിത്തുകൾ പകുതിവിലയ്ക്ക് വിതരണം ചെയ്യുന്നത് കൂടാതെ ഹെക്ടറിന് 500/- രൂപ ധനസഹായം നൽകുന്നു. ധനസഹായം കുറവായതിനാൽ വർദ്ധിപ്പിക്കാവുന്നതാണ്.

പ്രതിവർഷം 25 ഹെക്ടർ സ്ഥലത്തെങ്കിലും പൽകൃഷി വ്യാപിപ്പിക്കവാനുള്ള പദ്ധതികൾ വേണം.

a. ഹ്രസ്വകാല വിത്ത്വിതരണം:- ചോളം, മണിച്ചോളം വൻപയർ മുതലായവയുടെ വിത്ത് പകുതിവിലയ്ക്ക് നൽകുന്നു. വളം സബ്സിഡിയും ഉണ്ട്. വിത്ത് കൃത്യസമയത്ത് ലഭ്യമാക്കേണ്ടതുണ്ട്. ഹ്രസ്വകാല വിളകൾ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്.

b. പുൽക്കട വിതരണം:- സങ്കരനേപ്പിയർ, ഗിനി എന്നിവയുടെ കട വിതരണം ചെയ്യുന്നു. കടയുടെ പകുതി വിലയടക്കം ഹെക്ടറിന് 1000/- രൂപയാണ് ധനസഹായം നൽകുന്നത്. ഇത് വർദ്ധിപ്പിക്കേണ്ടതാണ്.

2. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി.:-1 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിന് 15000/- രൂപ ധന സഹായം ലഭിക്കുന്നുണ്ട്. ഈ ആനുകൂല്യം ആരുംതന്നെ പ്രയോജനപ്പെടുത്തിയിട്ടില്ല. 1 ഹെക്ടർ എന്നത് 1 ഏക്കറായി ചുരുക്കിയാൽ ഗുണഭോക്താക്കൾ മുന്നോട്ട് വരും. ഇത് കൂടാതെ 5 ഹെക്ടർ സ്ഥലത്ത് വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്നതിന് 75000/- രൂപ വരെ ധനസഹായം നൽകുന്നു ഒരു പദ്ധതിയും ഉണ്ട്.

3. തീറ്റപ്പുൽസംസ്കരണം.:- പുല്ല് ലഭിക്കാതെ വേനൽക്കാലങ്ങളിലേക്ക് സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള പദ്ധതി.

a. യൂറിയ ചേർത്ത് വൈക്കോലിൻ സമ്പുഷ്ടീകരണം:- പോഷകാംശകുറവുള്ള വൈയ്ക്കോലിൽ യൂറിയ നിശ്ചിത രീതിയിൽ തളിച്ച് സൂക്ഷിക്കുന്നതുവഴി കൂടുതൽ പോഷക സമൃദ്ധമായ വൈക്കോൽ നിർമ്മിക്കുന്ന പദ്ധതി 1 ടണ്ണിന് 500/- രൂപ ധനസഹായം നൽകുന്നു.

b. ഹെ. നിർമ്മാണം:- പുല്ല് ഉണക്കി സൂക്ഷിക്കുന്നതിന് 1 ടണ്ണിന് 200/- രൂപ ധനസഹായം ലഭിക്കുന്നു. കർഷകരുടെ പ്രതികരണം മോശമാണ്. കൂടുതൽ ബോധവൽക്കരണം ആവശ്യമാണ്.

സൈലേജ് നിർമ്മാണം:- 1 ടണ്ണിന് 125 രൂപ ധനസഹായം നൽകുന്നു. ഇതിനും ബോധവൽക്കരണം വേണ്ടതാണ്.

4. തീറ്റപ്പുൽ സംഭരണ വിപണനം:- കർഷകർക്ക് പുല്ല് ലഭ്യമാക്കുന്നതിനും കർഷകർക്ക് തൊഴിൽ നൽകുന്നതിനുമുള്ള പദ്ധതി 13500/- രൂപ ക്ഷീരസഹകരമസംഘങ്ങൾക്ക് നൽകുന്നു. നമ്മുടെ സംഘം ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയിട്ടില്ല.

## ക്ഷിരസംഘങ്ങൾക്കുള്ള പദ്ധതികൾ

ക്ഷീര സംഘങ്ങളെ ഈ രംഗത്ത് പുരോഗതിയിൽ പങ്കാളികളാക്കാൻ വിവിധ സഹായങ്ങൾ നൽകിവരുന്നു. പാൽ പരിശോധനാ ഉപകരണങ്ങൾ, ഫ്രിഡ്ജ്, ഫ്രീസർ, മിൽക്ക് കൂളർ, ജനറേറ്റർ, ക്രീം സപ്പറേറ്റർ, കാൻ മുതലായവയും മാനേജീരിയൽ സബ്സിഡി, വർക്കിങ്ങ്കാപ്പിറ്റൽഗ്രാന്റ് എന്നിവയും, കെട്ടിട നിർമ്മാണത്തിനും, ഹെസ്റ്റോർ നിർമ്മിക്കുന്നതിനും ധനസഹായം നൽകിവരുന്നു. കോട്ടയം ക്ഷിരെല്പാദക സഹകരണസംഘത്തിന് ഫ്രിഡ്ജ്, പാൽകാൻ എന്നിവ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ക്ഷിരോല്പന്ന നിർമ്മാണ യൂണിറ്റുകൾ:- ഈ മേഖലയിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടാക്കുക, പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക മുതലായ ഉദ്ദേശത്തോടുകൂടി ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. 22000/- രൂപയാണ് ഓരോയൂനിറ്റിനും ധനസഹായം. കഴിഞ്ഞവർഷം തുടങ്ങിയ യൂനിറ്റുകൾ ശൈശവാവസ്ഥയിലാണ്.

## പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലവർദ്ധന:- വിവിധ കമ്പനികളുടെ തീറ്റകൾ സംഘം മുഖേനയും സ്വകാര്യ കച്ചവടക്കാർ വഴിയും വിതരണം ചെയ്തു വരുന്നു. എന്നാൽ അടിക്കടിയുണ്ടാകുന്ന വിലവർദ്ധന കർഷകരുടെ നട്ടെല്ലൊടിക്കുകയാണ്. മാത്രമല്ല ഗുണനിലവാരം ഉറപ്പാക്കാനുള്ള പദ്ധതികൾ ഒന്നും തന്നെ നിലവിലില്ല.

2. പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവ്:- ഫെബ്രുവരി മുതൽ മെയ്മാസം വരെ കർഷകർ തീറ്റപ്പുല്ലിന്നായി വിഷമിക്കുകയാണ്. പച്ചപ്പുല്ലിന്റെ കൃഷി വ്യാപകമാക്കാനുള്ള പദ്ധതികൾ ശരിയായി വിജയിച്ചിട്ടില്ല. ഈ രംഗത്ത് കൂടുതൽ ഊന്നൽ നൽകേണ്ടതും ബോധവൽക്കരണം നടത്തേണ്ടതും ആവശ്യമാണ്.

3. വൈയ്ക്കോലിന്റെ പദ്യത വിലവർദ്ധന:- നാട്ടിൽ നെൽകൃഷി വ്യാപ്തി കുറഞ്ഞുവരുന്നത് ക്ഷിര കർഷകരെ സംബന്ധിച്ച് വലിയ പ്രശ്നമാണ് ഇന്ന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സ്വകാര്യ കച്ചവടക്കാർ അമിത വില ഈടാക്കിയാണ് വില്പന നടത്തിവരുന്നത്.

വിപണനം:- വിപണനരംഗത്ത് ക്ഷീരസഹകരണസംഘങ്ങൾ ഉണ്ടെങ്കിലും ചിലകാര്യങ്ങളിൽ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ ശേഖരിക്കൻ കഴിയാത്ത അവസ്ഥ ഉണ്ട്. മാത്രമല്ല ക്ഷീരസംഘത്തിന്റെ പ്രവർത്തനപരിധിക്ക് പുറത്ത് ഇതിന്റെ പ്രവർത്തനം ശക്തമല്ല. പുതിയ സംഘങ്ങൾ രൂപീകരിക്കാൻ വളരെയധികം വിഷമം ഉണ്ട്.

കൃത്രിമ ബീജദാനത്തിനുള്ള ബുദ്ധിമുട്ട്:- നിലവിൽ പഞ്ചായത്തിൽ ഒരു icdp സെൽ ഉണ്ടെങ്കിലും ആളില്ലാത്തതിനാൽ പലപ്പോഴും പ്രയോജനപ്രദമല്ല. പ്രഥമ ചികിത്സാ സൗകര്യം നിർത്തിയത് ബുദ്ധിമുട്ടുണ്ട്.

ചികിത്സാസൗകര്യം:- ഇവിടെ മൃഗാശുപത്രിഉണ്ടെങ്കിലും ചികിത്സാ സൗകര്യം അപര്യാപ്തവും പലപ്പോഴും മരുന്നിനായി തൊട്ടടുത്ത ടൗണിനെ ആശ്രയിക്കേണ്ടിവരുന്ന ഗതികേടാണ് ICDP സെന്ററിലെ പ്രഥമചികിത്സ നിർത്തലാക്കിയത് കർഷകരെ ബുദ്ധിമുട്ടിക്കുന്നു. നിസ്സാര കാര്യത്തിന്പോലും തിരക്കേറിയ കൂത്തുപറമ്പ് മൃഗാശുപത്രി ഡോക്ടറെ കാണേണ്ട ഗതികേടാണ്.

ബാങ്ക് സൗകര്യം:- ബാങ്കിൽ നിന്ന് ലോൺ ലഭിക്കുന്നതിന് പലകടമ്പകളും കടക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും ലോൺ ലഭിക്കുന്നില്ലെന്ന് തന്നെ പറയാം.

ക്ഷേമപദ്ധതികൾ:- മറ്റെല്ലാതുറകളിലും ക്ഷേമപദ്ധതികൾ ഉണ്ടെങ്കിലും ഈ മേഖലയിൽ സമഗ്രമായ ക്ഷേമ പദ്ധതികൾ ഇനിയും ആവിഷ്കരിച്ചിട്ടില്ല. കർഷകരെ ആകർഷിക്കാൻ ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

കറവക്കാർക്കുള്ള ക്ഷാമം:- ക്ഷീരമേഖലയിൽ പശുവിനെ കറക്കുന്നത് വലിയ പ്രശ്നമായി മാറിവരികയാണ്. ഈ രംഗത്ത് കൂടുതൽ പേർ വരികയോ സ്വയം ചെയ്യുന്നതിന് പരിശീലനമോ ആവശ്യമാണ്.

പൂർണ്ണമായും ഉപയോഗപ്പെടുത്താത്ത ഉല്പാദനക്ഷമത:- കർഷകരുടെ അജ്ഞത അല്ലെങ്കിൽ പുതിയ അറിവുകൾ പ്രായോഗികമാക്കാനുള്ള വിമുഖത എന്നിവ കാരണം പലപ്പോഴും പശുക്കളുടെ ഉത്പാദനം കുറവായിപ്പോകുന്നു.

## സാധ്യതകൾ

പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ നല്ലൊരു പങ്കും വഹിക്കുന്ന ക്ഷീരവികസന രംഗത്ത് വളരെയധികം സാദ്ധ്യതകളാണുള്ളത്. നമുക്ക് സ്വയംപര്യാപ്തത നേടാൻ സാധ്യതയുള്ള ഒരു രംഗം കൂടിയാണിത്. കുറഞ്ഞ മൂലധന നിരക്കിൽ കൂടുതൽ പേർക്കെങ്കിലും കൂടുതൽ വരുമാനവും സർവ്വോപരി കാർഷിക രംഗം പരിപുഷ്ടിപ്പെടുത്തുന്നതിനും ഈ രംഗത്തെ പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാകയാൽ താഴെ കാണിച്ച സാധ്യതകൾ പ്രശ്ന പരിഹാരങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതികൾ ആണ്. ഈ പഞ്ചായത്തിന് ആവശ്യമായിട്ടുള്ളത്. ഉൽപാദനക്ഷമത ഉത്പാദനവർദ്ധന തൊഴിലവസരങ്ങൽ വർദ്ധിപ്പിക്കുക സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കുക മുതലായവ ലക്ഷ്യമിട്ട പദ്ധതികൾ ആണ് ആവിഷ്കരിക്കേണ്ടത്.

1. കാലിത്തീറ്റ:- കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്ന പദ്ധതികൾ ക്ഷീരസംഘങ്ങൾ മുഖേന നടപ്പാക്കേണ്ടതാണ്. കാലിത്തീറ്റ സബ്സിഡി മുതലായവ ആലോചിക്കാവുന്നതാണ്.

2. തീറ്റപ്പുൽകൃഷി:- ആദായകരമായ പാലുല്പാദനത്തിന് തീറ്റപ്പുൽ വളർത്തേണ്ടത് അത്യാവശ്യമാണ്. ഇന്നത്തെ പദ്ധതികൾ കൂടുതൽ ബോധവൽക്കരണത്തോടുകൂടി ഊർജ്ജിതമായി നടപ്പാക്കേണ്ടതുണ്ട്. ധനസഹായം വർദ്ധിപ്പിച്ച് ലക്ഷ്യം നേടാവുന്നതാണ്.

3. ക്ഷീരഭവൻ:- പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനത്തിന്റെ നല്ലൊരു ശതമാനം ക്ഷീരമേഖലയിൽ നിന്നാണ്. എന്നാൽ ഈ രംഗത്തുള്ള സർക്കാർ ധനസഹായവും, നിക്ഷേപവും വളരെ നിസ്സാരമാണ്. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂനിറ്റ് ഈ പഞ്ചായത്തിന്റെ വികസനത്തിന് പ്രത്യേകശ്രദ്ധപതിപ്പിക്കാൻ പറ്റില്ല ആകയാൽ ഇവിടെ ഒരു ക്ഷീരഭവൻ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഇത് വികസനപ്രവർത്തനത്തിന് ആക്കം കൂട്ടും.

4. വിജ്ഞാപന വ്യാപനം:- ഈ മേഖലയിൽ ഉള്ള പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിനും പുതിയ പുതിയ അറിവ് കർഷകരിൽ എത്തിക്കുന്നതിനും വിജ്ഞാപനവ്യാപനപ്രവർത്തനങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ക്ഷീരഭവൻ നടപ്പിലായാൽ ഓരോവാർഡിലും വർഷത്തിൽ 2 തവണയെങ്കിലും കർഷകസമ്പർക്ക പരിപാടിയും മറ്റ് വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും നടത്താവുന്നതാണ്.

ഗുണനിയന്ത്രണം:- ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന പാലിന്റെ ഗുണത്തെ കുറിച്ച് പരാതി ഉണ്ട്. ഗുണനിയന്ത്രണത്തിന് കോഴിക്കോട് പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ഓഫീസാണ് ഏക ആശ്രയം ഇത്തരത്തിലുള്ള ഒരു യൂനിറ്റ് കണ്ണൂരിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കാലിത്തീറ്റ, പാലുല്പന്നങ്ങൾ എന്നിവയുടെ ഗുണങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനവും ഇവിടെ തുടങ്ങേണ്ടിയിരിക്കുന്നു.

വിപണനം:- പാൽ, പാലുല്പന്നങ്ങൾ, എന്നിവയുടെ വിപണനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കേണ്ടതാണ്. പരമ്പരാഗത സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യണം.

കൃത്രിമബീജദാനം:- 1973 ൽ ക്ഷീരവികസനവകുപ്പ് നടപ്പിലാക്കിയ സ്വയം തൊഴിൽ പദ്ധതിയായ കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് സ്കീം പുനരുദ്ജീവിപ്പിക്കേണ്ടതാണ്. കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് സ്കീം മോഡലിൽ സംഘത്തിലെ ഒരു ജീവനക്കാരനെ ഇൻഡിമേറ്റർ ആയി പരിശീലിപ്പിച്ച് നിയമിക്കണം കൂടാതെ സംഘം ഇല്ലാത്ത കിണവക്കൽ 5 ാം മൈൽ പ്രദേശത്ത് സ്വയം തൊഴിൽ എന്ന നിലയിൽ നിയമിക്കാവുന്നതാണ്.

ചികിത്സാസൗകര്യം:- കൂടുതൽ ഫലപ്രദവും, സൗകര്യപ്രദവും ആക്കണം ഒരു നിശ്ചിത തുക അടച്ചാൽ ഡോക്ടരുടെ സേവനം വീടുകളിൽ ലഭ്യമാക്കണം.

ക്ഷേമപദ്ധതികൾ:- ക്ഷീരവികസനമേഖലയിൽ ക്ഷേമപദ്ധതികൾ വ്യാപകമാക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ പുതിയ കർഷകരെ ആകർഷിക്കാൻ കഴിയൂ.

ലോൺ സൗകര്യം:- ലോൺ ലഭിക്കുന്നതിന് ഇന്ന് നിലവിലുള്ളബുദ്ധിമുട്ടുകൾ പരിഹരിക്കണം.

ഇൻഷൂറൻസ്:- കന്നുകാലികൾക്കുള്ള രോഗങ്ങൾ അടക്കം സഹായം ലഭിക്കത്തക്ക സമ്പൂർണ്ണ ഇൻഷൂറൻസ് പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്.

കർഷക പരിശീലനം:- പുതിയ അറിവുകൾ കർഷകരിൽ എത്തിക്കുന്നതിനും, പശു പരിപാലനത്തിനും മറ്റ്

പരിശീലനത്തിനും കണ്ണൂർ കേന്ദ്രമായി കർഷക പരിശീലനകേന്ദ്രം സ്ഥാപിക്കേണ്ടതാണ്.

വേനൽക്കാല പരിചരണം:-കാലിത്തീറ്റക്കും വയ്ക്കോലിനും ഡിമാന്റ് വർദ്ധിക്കുന്ന മാസങ്ങളിൽ വില കൂടുന്നത് കൊണ്ട് കർഷകർക്ക് ആശ്വാസമേകാൻ സംഘങ്ങൾ വഴി തീറ്റ സബ്സിഡി നൽകേണ്ടതാണ്.

കന്നുകുട്ടി പരിചരണം :- പഞ്ചായത്തിലെ മുഴുവൻ കന്നുകുട്ടികളേയും ഈ പദ്ധതിയിൽ പെടുത്തി തീറ്റ സഹായം നൽകേണ്ടതാണ്.

ഉൽപ്പന്ന നിർമ്മാണ യൂനിറ്റ് :- തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കൂടുതൽ ക്ഷീരോൽപ്പന്ന നിർമ്മാണ യൂനിറ്റുകൾ സ്ഥാപിക്കേണ്ടതാണ്.

## മത്സ്യബന്ധനം

കോട്ടയം പഞ്ചായത്തിൽ 35 ഓളം ചെറുകുളങ്ങളും 8 തോടുകളും 4.3 ഹെക്ടർ സ്ഥലവ്യാപ്തിയുള്ള കോട്ടയം ചിറയുമാണ് മത്സ്യം ലഭിക്കുന്ന പ്രധാന ജലാശയങ്ങൾ. ഒരൊറ്റ പുഴപോലും ഈ പഞ്ചായത്തിൽക്കൂടി ഒഴുകുന്നില്ല. കോട്ടയം ചിറയിൽ മൽസ്യബന്ധനം നടത്തുന്നതിന് തടസ്സംഉണ്ടെങ്കിലും അതിനോട് ബന്ധപ്പെട്ട തോടുകളിലും വയലുകളിലും പുതുമഴയോടെ മൽസ്യംലഭിക്കുന്നതിനുള്ള ശ്രോതസ്സാണ്. മുൻകാലങ്ങളിൽ കുളങ്ങളും നെൽവയലുകളും മൽസ്യംലഭിക്കുന്ന ഇടങ്ങളായിരുന്നു. നെൽകൃഷി വിളയെടുക്കുന്നതോടുകൂടി വയലിൽനിന്ന് മൽസ്യങ്ങൾ പിടിക്കുന്നത് സാധാരണയായിരുന്നു. എന്നാൽ നെൽകൃഷി നശിച്ചതോടെ ഇത് നിലച്ചുപോയി. കുളങ്ങൾ നല്ല മൽസ്യശ്രോതസ്സായിരുന്നു. ഡിസംബർ ജനുവരി മാസങ്ങളിൽ വെള്ളംവറ്റിച്ച് ഈ കുളങ്ങളിൽ നിന്ന് ലഭിക്കുന്ന കയിച്ചിൽ, മുഴു, കടു, മുതലായ മൽസ്യങ്ങൾ സമീപപ്രദേശങ്ങളിലെ വീട്ടുകാർ വീതിച്ചെടുക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. എന്നാൽ അടുത്തകാലത്തുണ്ടായ അനിയന്ത്രിതമായ മൽസ്യപിടുത്തം (നഞ്ചുകലക്കിയും വൈദ്യുതി ഉപയോഗിച്ചും) മൽസ്യബന്ധനത്തിനെ സാരമായി ബാധിച്ചിട്ടുണ്ട്. മാത്രമല്ല വയലുകളിലെ അമിതമായ കീടനാശിനി പ്രയോഗം മൽസ്യസമ്പത്തിനെ നശിപ്പിച്ചിട്ടുണ്ട്. രണ്ട് മൂന്ന് വർഷത്തിന് മുമ്പ് ജലമൽസ്യങ്ങളെ ബാധിച്ച രോഗം മൽസ്യലഭ്യത വളരെ കുറച്ചിട്ടുണ്ട്. പ്രധാനമായും കയിച്ചിൽ, മുഴു, കടു, പ്രാച്ചി, പൊട്ടൻ, ഇരുമീൻ, കടുങ്ങാലി, വാള, ഏട്ട, മലിഞ്ഞിൽ, കണ്ണിക്കറിയൻ, ചേറുമീൻ, വാലാത്താൻ, കുളപ്പരൾ, കണ്ണിക്കൽ, ചെമ്പല്ലി മുതലായവയാണ് ഇവിടങ്ങളിൽ കണ്ടുവരുന്ന ചില മൽസ്യങ്ങൾ. എന്നാൽ ഇവയിൽ പലതും നാമാവശേഷമായിക്കൊണ്ടിരിക്കയാണ്.

മൽസ്യത്തിന് ജനങ്ങൾ കാര്യമായി ആശ്രയിക്കുന്നത് കടൽ മൽസ്യങ്ങളെ ആണ്. തലശ്ശേരിയിൽനിന്ന ബസ്സ്, ഓട്ടോ, ലോറി മുതലായവ വഴി എത്തിക്കുന്ന മൽസ്യങ്ങൾ തലച്ചുമടായും പഞ്ചായത്തിന്റെ മുക്കിലും മൂലയിലും പതിനഞ്ചോളം വരുന്ന മൽസ്യത്തൊഴിലാളികൾ എത്തിച്ചുവരുന്നു. കോട്ടയം പൊയിൽ, അങ്ങാടി, മൗവ്വേരി, കിണവക്കൽ, ആറാംമൈൽ എന്നീ സ്ഥലങ്ങളിൽ വെച്ച് മൽസ്യം വിൽപ്പനനടത്തിവരുന്നുണ്ടെങ്കിലും പഞ്ചായത്തിൽ മൽസ്യമാർക്കറ്റ് ഒന്നുംതന്നെയില്ല. കടൽമൽസ്യത്തിന്റെ അമിതമായ വിലവർദ്ധന ശുദ്ധജലമൽസ്യകൃഷിക്കുള്ള വിപുലമായ സാധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

മൽസ്യമേഖലയിൽ യാതൊരുവിധ പദ്ധതിയും ഈ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നില്ല. മൽസ്യസഹകരണസംഘങ്ങളോ ഏജൻസികളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

### പ്രധാന പ്രശ്നങ്ങൾ

1. മൽസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഇല്ല.

2. അനധികൃതമായി നഞ്ചുകലക്കിയും, വൈദ്യുതി ഉപയോഗിച്ചും മത്സ്യബന്ധനം നടത്തുന്നത് മത്സ്യസമ്പത്തിനെ കാര്യമായി ബാധിക്കുന്നു.

3. നിലവിലുള്ള കുളങ്ങൾ നികത്തുന്നതും കുളങ്ങളിലെ അറ്റകുറ്റപ്പണികൾ നടക്കാതിരിക്കുന്നതും മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു.

4. പഞ്ചായത്തിൽ സൗകര്യമുള്ള മത്സ്യമാർക്കറ്റ് ഇല്ല.

5. മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാകാത്തതിനാൽ തല്പരരായ കർഷകർ പോലും മത്സ്യകൃഷിയിൽ ഏർപ്പെടുന്നില്ല.

6. പവർലൂമിൽനിന്നും, അനുബന്ധസ്ഥാപനങ്ങളിൽനിന്നും ഒഴുകിവരുന്ന രാസപദാർത്ഥം അടങ്ങിയ മലിനജലം മത്സ്യസമ്പത്തിനെ നശിപ്പിക്കുന്നു.

### സാധ്യതകൾ

1. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

2. നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ച് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.

3. പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്.

4. വൈദ്യുതി, നഞ്ചുകൾ മുതലായവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം കർശനമായി തടയുക.

5. ചെറുകിട വ്യവസായ യൂണിറ്റുകളുടെ രാസപദാർത്ഥങ്ങൾ ജലശ്രോതസ്സുകളിലേക്ക് ഒഴുക്കുന്നത് തടയുക.

# 3

# വ്യവസായം

കോട്ടയം പഞ്ചായത്തിന്റെ വ്യാവസായിക ചരിത്രം പരിശോധിച്ചാൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ആധുനികവ്യവസായങ്ങൾ ഒന്നും തന്നെ ഉയർന്നു വന്നിട്ടില്ല. കൈത്തറിനെയ്ത്ത്, ബീഡി, വട്ടി, മുറം കൂട്ട, തഴപായ, അവിൽഇടി, കക്ക ഉപയോഗിച്ചുകുമ്മായ നിർമ്മാണം തുടങ്ങിയ പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ ഒരപൂർവ്വകാല ചരിത്രമുണ്ട്. 1954ൽ പുറക്കുളത്ത് സ്ഥാപിച്ച നെയ്ത്ത് സഹകരണസംഘമാണ് ആദ്യത്തെ ചെറുകിട വ്യവസായ സംരംഭം. 1965-70 കാലഘട്ടങ്ങളിൽ കിന്നവക്കൽ, കൂവ്വപ്പാടി, മൗവ്വേരി, കാരക്കുന്ന്, തള്ളോട്, എന്നിവിടങ്ങളിൽ കൈത്തറിരംഗത്ത് ക്രെയിപ്പ് തുണിക്കുണ്ടായ അഭൂതപൂർവ്വമായ വിദേശ മാർക്കറ്റ് കൈത്തറിവ്യവസായരംഗത്ത് വൻ കുതിച്ചുചാട്ടം ഉണ്ടായി. ഇതിന്റെ ഭാഗമായി നാട്ടിൻ പുറങ്ങളിലെല്ലാം ചെറുതും വലുതുമായ അനേകം നെയ്ത്ത് ശാലകൾ ഉയർന്നുവന്നിരുന്നു. ഇതിൽ പ്രധാനമായും കിണവക്കൽ കേന്ദ്രീകരിച്ചു 50 ഓളം നെയ്ത്ത് തൊഴിലാളികളും നൂറോളം അനുബന്ധതൊഴിലാളികളും പ്രവർത്തിച്ചിരുന്ന ഒരു നെയ്ത്ത് കമ്പനി ഉണ്ടായിരുന്നു. എന്നാൽ 1980 കളിൽ കൈത്തറി വ്യവസായ രംഗത്തുണ്ടായ പ്രതിസന്ധി കാരണം നെയ്ത്ത്ശാലകൾ അടച്ച് പൂട്ടേണ്ടിവന്നു. ഈ പ്രതിസന്ധിയെ അതിജീവിച്ചു കൊണ്ട് പ്രവർത്തിക്കുന്ന നെയ്ത്ത്ശാലകൾ ഇന്ന് നിലവിലുണ്ട്.

അസംസ്കൃതവസ്തുക്കളുടെ വിലക്കയറ്റവും നെയ്ത്ത്തൊഴിൽ ചെയ്യാൻ പുതിയ തലമുറ കടന്നുവരാതിരിക്കുന്ന സ്ഥിതിയും ഈ വ്യവസായത്തെ ഒന്നുകൂടി തളർത്തുന്നു. പകരം പവർലൂം വ്യവസായം ഇന്ന് പഞ്ചായത്തിൽ ശക്തിപ്പെട്ട് കൊണ്ടിരിക്കുന്നു. കൈത്തറിയുടെ ആഭ്യന്തരവിപണനം ഇന്ന് പ്രതിസന്ധിയെ നേരിടുന്നു. കാരണം ഇവിടെ ഉല്പാദിപ്പിക്കുന്ന തുണിക്ക് മറ്റുസംസ്ഥാനങ്ങളിലെ കൈത്തറിമേഖലയിൽ അറിയപ്പെടുന്ന സ്ഥാപനമായ കൂത്ത്പറമ്പ് വീവേഴ്സ് സൊസൈറ്റിയും, കിണവക്കലിലെ സ്വകാര്യസ്ഥാപനമായ കൃഷ്ണ ടെക്സ്റ്റയിൽസും സ്ഥിതിചെയ്യുന്നത് നമ്മുടെ പഞ്ചായത്തിലാണ്.

പരമ്പരാഗത ബീഡി വ്യവസായമായ ഗണേഷ്, ഉമ്മർ, വാദ്ധ്യാർ, സാധു, മായൻ എന്നീ ചെറിയ ബീഡി കമ്പനികൾ പ്രവർത്തിച്ചിരുന്നു. 1970 കളുടെ തുടക്കത്തോടു കൂടി ഗണേഷ് ബീഡിയുടെ തിരിച്ച് പോക്കും, ദിനേശ് ബീഡി വ്യവസായത്തിന്റെ പുത്തനുണർവ്വും ഈ വ്യവസായത്തിൽ ആളുകളെ ആകർഷിച്ചിട്ടുണ്ട്. ഇന്ന് ബീഡി വ്യവസായം കടുത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. പുതിയ തലമുറ ബീഡിത്തുറുപ്പിലേക്ക് ആകർഷിക്കപ്പെടുന്നില്ല. കാരണം മറ്റ് തൊലിയെ ആപേക്ഷിച്ച് കൂലി കുറവാണ്. ഒരു കാലത്ത് ബീഡി കമ്പനികളുടെ അടുത്ത്കൂടി പോകാൻ തയ്യാറാകാത്ത സ്ത്രീകൾ ആണ് ഇന്ന് ഏറ്റവും കൂടുതൽ ഈ തൊഴിലിലേക്ക് കടന്നുവരുന്നത്.

ആറാംമൈൽസിൽ കേരളദിനേശ്ബീഡിയുടെ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നു. 103 തൊഴിലാളികൾ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. കിണവക്കിലിലെ ചന്ത, ടെലഫോൺ, കുന്നിനുമീത്തലിലെ ടെലഫോൺ എന്നിങ്ങനെയുള്ള ബീഡികമ്പനികൾ നിലവിലുണ്ട്.

പരമ്പരാഗതവ്യവസായമായ കള്ള്ചെത്ത് നമ്മുടെ പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്നവർ 6 പേർ മാത്രമാണ്. കുടിൽവ്യവസായമായ കക്ക ഉപയോഗിച്ച്കൊണ്ടുള്ള മൂന്ന് കുമ്മായ നിർമ്മാണ യൂണിറ്റ് ഉണ്ടായിരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി സെം ന്റെ കടന്നുവരവ് ഇത്തരത്തിലുള്ള യൂണിറ്റുകൾ പൂട്ടാൻ ഇടയായി. മൗവ്വേരിയിലുള്ള ഒരു യൂണിറ്റാണ്. ഇതി പേരിനു മാത്രം പ്രവർത്തിക്കുന്നു.

കോട്ടയം പഞ്ചായത്തിൽ വ്യവസായവികസനത്തിന്റെ പ്രധാനമേഖലകളായ ഊർജ്ജം, ഗതാഗതം എന്നിവയുടെ ലഭ്യത ഉണ്ടായിട്ടും സ്വകാര്യമേഖലയിൽ പോലും പുതിയ വ്യവസായ സ്ഥാപനങ്ങൾ കടന്നുവരുന്നത് വളരെ കുറവാണ്. പുറക്കളം മുതൽ കിണവക്കൽ വരെയുള്ള സ്ഥലങ്ങളിലാണ് വാഹനസംബന്ധമായ ജോലികൾ ചെയ്യുന്ന സ്ഥാപനവും ഗ്രിൽസ് എൻജിനിയറിങ്, ഫർണ്ണിച്ചർ എന്നിങ്ങനെയുള്ള കൂട്ടുസംരംഭങ്ങളാണ് പ്രധാനമായും ഉയർന്നു വരുന്നത്. ഇതിന് കാരണം കൂത്ത്പറമ്പ് പട്ടണം അടുത്ത് സ്ഥിതിചെയ്യുന്നത് കൊണ്ട്ണ്. ഇത്തരത്തിലുള്ള ചെറുകിട വ്യവസായ സംരംഭങ്ങളിൽ ജോലിചെയ്യുന്നവർ 80% പഞ്ചായത്തിന് പുറത്തുള്ളവരാണ്.

| ക്രമനമ്പർ | ഇനം | ഉൽപ്പന്നം | യൂനിറ്റ് | പുരുഷൻ | സ്ത്രീ | അപ്രന്റീസ് |
|---|---|---|---|---|---|---|
| 1 | ഓയിൽമിൽ | വെളിച്ചെണ്ണ പിണ്ണാക്ക് | 3 | 6 | | |
| 2 | ബോട്ടലിങ്ങ് യൂണിറ്റ് | വെളിച്ചെണ്ണ ബോട്ടിൽ | 1 | 2 | | |
| 3 | പവർലൂം | തുണികൾ | 13 | 55 | 7 | |
| 4 | കൈത്തറി നെയ്ത്ത് | ,, | 4 | 36 | 2 | |
| 5 | ഗ്രിൽസ്മെറ്റൽ എൻജിനീറിങ് | ജനൽ,റോളർ | 5 | 15 | -- | 5 |
| 6 | സ്പ്രെ പെയിന്റ് | പെയിന്റിഗ് | 4 | 10 | | 6 |
| 7 | ബോഡി വർക്ക്ഷോപ്പ് | ജീപ്പ്, ലോറി ഓട്ടോ | 2 | 4 | | 3 |
| 8 | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് | വാഹനം റിപ്പയർ | 4 | 8 | -- | 10 |
| 9 | ടയർവർക്സ് | | 1 | 1 | -- | 1 |
| 10 | ബാഗ് ആന്റ് അപ്പോളിസ്ററി വർക്സ് | ബാഗ് നിർമ്മാണം, സീറ്റ്കവറിഗ് | 3 | 7 | -- | 3 |
| 11 | ഗാർമെന്റ്സ് മെയ്ക്കിങ്ങ് | മാക്സി, പാവാട | 5 | 2 | -- | 7 |
| 12 | ബെസ്റ്റ് ഹോസിയറി | ബനിയൻ ജട്ടി | 1 | 3 | -- | 9 |
| 13 | കൽപ്പകാ സിറാമിക്സ് | ഗ്രാസ്പ്രിന്റ് | 1 | 2 | 3 | -- |
| 14 | ഇലക്ട്രോണിക് സെന്റർ | സ്റ്റെപ്പപ്പ് ചോക്ക് | 2 | 2 | 2 | -- |
| 15 | റൈസ് ഫ്ളവർ മിൽ | ധാന്യം പൊടിക്കൽ | 4 | 4 | -- | -- |
| 16 | ബെയ്ക്കറി | -- | 11 | 28 | -- | -- |
| 17 | പ്രസ്സ് | പ്രിന്റിങ് ബൈന്റിങ് | 1 | 1 | 3 | -- |
| 18 | ഫർണിച്ചർ | ഗൃഹോപ-കരണങ്ങൾ | 9 | 19 | -- | 7 |
| 19 | സ്റ്റീൽ ഫർണ്ണിച്ചർ | മേശ കസേര | 1 | 2 | | |

കോട്ടയം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂനിറ്റുകൾ

പട്ടിക. 1

## സഹകരണമേഖല

സഹകരണമേഖലയിലെ വ്യവസായസംരംഭങ്ങളുടെ പട്ടികയിൽ നമുക്ക് വളരെ കുറച്ച് സ്ഥാനം മാത്രമേ ഉള്ളൂ. കൂത്ത്പറമ്പ് നെയ്ത്ത്സഹകരണത്തിൽ 15 തൊഴിലാളികളും കേരളദിനേശ് ബീഡി ആറാംമൈൽ ബ്രാഞ്ചിൽ 100 തൊഴിലാളികളും ജോലിചെയ്യുന്നു. സ്വകാര്യമേഖലയെ അപേക്ഷിച്ച് രണ്ടു സഹകരണസ്ഥാപനത്തിലും തൊഴിൽ സുരക്ഷിതത്വവും മെച്ചപ്പെട്ട കൂലിയും ലഭിക്കുന്നു.

പരമ്പരാഗത വ്യവസായ മേഖല പട്ടിക II

കുടിൽവ്യവസായമായ വട്ടി, മുറം, തഴപായ, അവിൽ

## പരമ്പരാഗത വ്യവസായ മേഖല

| ക്രമനമ്പർ | ഇനം | പുരുഷൻ | സ്ത്രീകൾ |
|---|---|---|---|
| 1 | കൈത്തറി (സഹകരണം) | 88 | 66 |
| 2 | ഹാന്റ്ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ | 35 | 5 |
| 3 | കൈത്തറി(സ്വകാര്യം) | 40 | 2 |
| 4 | ബീഡി(സഹകരണം) | 71 | 29 |
| 5 | ബീഡി(സ്വകാര്യം) | 12 | 146 |
| 6 | കള്ള്ചെത്ത് | 6 | -- |

ഇടി തുടങ്ങിയവയെല്ലാം അടുത്തകാലം വരെ നിലനിന്നിരുന്നു. ഈ തൊഴിലുകളെല്ലാം ഒരു ചരിത്രമായി അവശേഷിക്കുകയാണ്. കാരണം പുതിയ തലമുറ ഈ തൊഴിൽ രംഗത്ത് കടന്നുവരുന്നില്ല.

### കുടിൽ വ്യവസായം

| ക്രമനമ്പർ | ഇനം | ആകെയൂനിറ്റ് | പുരുഷൻ | സ്ത്രീകൾ | മൊത്തം |
|---|---|---|---|---|---|
| 1 | അച്ചാർനിർമ്മാണയൂനിറ്റ് | 1 | 1 | | 1 |
| 2 | പപ്പടം നിർമ്മാണം | 2 | 4 | 2 | 6 |
| 3 | തീപ്പെട്ടിക്കമ്പനി | 1 | -- | 6 | 6 |
| 4 | ജല്ലി യൂനിറ്റ് | 1 | -- | 6 | 6 |

## വ്യവസായമേഖലയിലെ സ്ത്രീപങ്കാളിത്തം

കോട്ടയം പഞ്ചായത്തിൽ 51% സ്ത്രീകളാണ്. പഞ്ചായത്തിൽ മൊത്തം തൊഴിൽ സേനയിൽ സ്ത്രീകളുടെ പങ്ക് ഒട്ടും കുറവല്ല. ബീഡി, കൈത്തറി, തീപ്പെട്ടികമ്പനി, ഗർമെന്റ് മെയ്ക്കിങ്ങ്, ജല്ലിയൂണിറ്റ് എന്നീ മേഖലകളിൽ വനിതകൾ കൂടുതലായി ജോലിചെയ്യുന്നു. പുരുഷതൊഴിലാളിയെ അപേക്ഷിച്ച് നിർമ്മാണ മേഖലയിൽ സ്ത്രീകൾക്ക് കൂലികുറവാണ്. കാർഷികരംഗത്ത് തൊഴിലെടുക്കുന്ന സ്ത്രീകൾ കുറഞ്ഞ് വരുകയാണ്. കാരണം ഗൾഫ്പണത്തിന്റെ സ്വാധീനം നിമിത്തം കൃഷിഭൂമി നികത്തി പുതിയ കെട്ടിടസംസ്കാരം ഉയർന്നുവരുന്നതിന്റെ ഭാഗമായി സ്ത്രീകൾ നിർമ്മാണമേഖലയിലെ തൊഴിലിലേക്ക് കേന്ദ്രീകരിക്കുന്നു. ഈ മേഖലയിൽ കാർഷിക മേഖലയെ അപേക്ഷിച്ച് കൂലി കൂടുതലാണ്. പ്രധാനമായും വനിതകൾ തൊഴിലെടുക്കുന്ന ഒരു സ്ഥാപനമാണ് കൂത്ത്പറമ്പ് വീവേഴ്സ് സൊസൈറ്റി. വനിതകളെ തൊഴിലിലേക്ക് ആകർഷിക്കാൻ വേണ്ടി സ്റ്റൈപ്പന്റ് കൊടുത്ത് തൊഴിൽപഠിപ്പിക്കുകയും അവർക്ക് അവിടെത്തന്നെ ജോലിയും നൽകുന്നു. ഇത്തരത്തിലുള്ള പ്രവർത്തനം സ്ത്രീകൾക്ക് തൊഴിൽ ചെയ്യാനുള്ള സന്നദ്ധത വർദ്ധിപ്പിക്കുന്നു. നെയ്ത്ത് തൊഴിലുമായി ബന്ധപ്പെട്ട് നൂറ്കണക്കിന് സ്ത്രീതൊഴിലാളികൾക്ക് അനുബന്ധ ജോലി ലഭിക്കുന്നു. വരുമാനം വളരെ തുച്ഛമാണ്. കേരള ദിനേശ്ബീഡിയുടെ ബ്രാഞ്ചിൽ 100 തൊഴിലാളിയും സ്വകാര്യ ബീഡി കമ്പനികളിൽ നിന്ന് ബീഡി ഇലയും പുകയിലയും വാങ്ങി വീടുകളിൽ നിന്ന് തെറുപ്പ് ജോലി ചെയ്യുന്നവർ വളരെ കൂടുതലാണ്.

നാലുപേർ ജോലിചെയ്യുന്നതുമായി ഒരു വനിതാ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്.

## ടൂറിസം വ്യവസായം

കോട്ടയം പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ വളരെയേറെ പ്രാധാന്യമർഹിക്കുന്ന ഒരു തീർത്ഥാടന കേന്ദ്രമാണ് കോട്ടയം തൃക്കൈക്കുന്ന് ശവക്ഷേത്രവും കോട്ടയം ചിറയും. പതിനൊന്ന് ഏക്കറയോളം വിസ്തൃതിയുള്ളതും കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ ജലലഭ്യതയുള്ള രണ്ടു ചിറകളിൽ ഒന്നാണിത്. ക്ഷേത്രത്തോടനുബന്ധിച്ചുള്ള കൊത്തുപണികൾ ആരെയും ആകർഷിക്കുന്നതാണ്. ഇന്നുള്ള ചിറ പുറത്തുനിന്നുള്ള മണ്ണ് ഒലിച്ച്

വന്ന് നികത്തപ്പെടുകയാണ്. അതുപോലെ ചിറയോട് ചുറ്റപ്പെട്ട സ്ഥലങ്ങൾ ഇന്ന് അന്യാധീനപ്പെട്ടുസ്വകാര്യവ്യക്തികൾ കൈവശം വെയ്ക്കുന്നു. ചിറയെ പൂർണ്ണമായും കെട്ടി സംരക്ഷിച്ചാൽ കോട്ടയം പഞ്ചായത്തിലും സമീപ പഞ്ചായത്ത്കളിലും കുടിവെള്ളം എത്തിക്കാൻ കഴിയും. അതോടൊപ്പം തന്നെ കണ്ണൂർ ജില്ലയിലെ അറിയപ്പെടുന്ന ഒരു നീന്തൽ പരിശീലന കളരിയാക്കി മാറ്റുവാനും, ഉല്ലാസബോട്ടുകൾ ഇറക്കികൊണ്ട് ഒരു ടൂറിസ മേഖലയാക്കാൻ വളരെയേറെ സാധ്യതയുള്ളതാണ്.

## മാർക്കറ്റ്

രാജവംശത്തിന്റെ കാലത്ത്തന്നെ പഴയ മലബാർ ബിസ്ടിക്റ്റിന്റെ ഒരു പ്രധാന വാണിജ്യ കേന്ദ്രവും താലൂക്ക് ആസ്ഥാനവുമായിരുന്നു കോട്ടയം അങ്ങാടി. വയനാട്ടിൽ നിന്ന് കാപ്പി തുടങ്ങിയ സുഗന്ധ വിളകൾ കൊണ്ട് വന്ന് വാണിജ്യാടിസ്ഥാനത്തിൽ പാണ്ടിക ശാലകളിൽ സൂക്ഷിക്കുകയും ഇവിടെ നിന്നും കയറ്റിഅയക്കുകയും ചെയ്യാറുണ്ടായിരുന്നു. ഇന്നും ം അങ്ങാടിയിലെ ചുറ്റപ്പെട്ട ഇടവഴികളിലും മറ്റും വ്യാപാരസ്ഥാപനങ്ങളുടെയും, പാണ്ടിക ശാലകളുടെയും അവശിഷ്ടങ്ങൾ കാണാവുന്നതാണ്. നെല്ല്, നാളികേരം, കുരുമുളക്, തുടങ്ങിയവയായിരുന്നു പഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷിക ഉത്പന്നങ്ങൾ. വാണിജ്യാടിസ്ഥാനത്തിൽ തന്നെ ഇവയെല്ലാം ഇവിടെ നിന്നും കയറ്റുമതി ചെയ്യപ്പെട്ടിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം തലശ്ശേരിയുടെ സമഗ്രവികസനവും, കണ്ണൂർ റവന്യൂജില്ലയുടെ പിറവിയും താലൂക്ക് പുനർവിഭജനത്തിന്റെ ഭാഗമായി കോട്ടയം താലൂക്ക് ഇല്ലാതാവുകയും ക്രമേണ കോട്ടയം അങ്ങാടിയുടെ വാണിജ്യ-വ്യാപാര പ്രാധാന്യം പുതിയ താലൂക്ക് ജില്ലാ കേന്ദ്രങ്ങളിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ഫ്യൂഡലിസ്റ്റ് ജന്മിത്ത വ്യവസ്ഥിതിയുടെ തകർച്ചയും ഇതിന് ഒരു മുഖ്യ കാരണമായിരുന്നു.

നമ്മുടെ പഞ്ചായത്തിലെ മുഖ്യ കാർഷികോത്പന്നം നാളികേരമാണ്. കർഷകർക്ക് ന്യായമായ വിലകിട്ടത്തക്ക രീതിയിൽ സുസ്ഥിരമായ വിപണി പഞ്ചായത്തിനകത്തില്ല. കൂത്തുപറമ്പ്, തലശ്ശേരി പട്ടണങ്ങളെയാണ് പഞ്ചായത്തിലെ ബഹു ഭൂരിപക്ഷം കർഷകരും വില്പനക്കും മറ്റുമായി ആശ്രയിക്കാറുള്ളത്.

## പരമ്പരാഗതമേഖല പ്രശ്നങ്ങൾ

1. വിദഗ്ദതൊഴിലാളികളുടെ ദൗർലഭ്യം

2. അസംസ്കൃതവസ്തുക്കളുടെ (നൂൽ, ചായം) വില വർദ്ധനവ്.

3. കൈത്തറിസൈയിങ്ങ് യൂണിറ്റിൽ നിന്നുള്ള മലിനജലം സമീപത്തുള്ള കിണറുകളെയും കൃഷിനിലയിടങ്ങളെയും പ്രതികൂലമായി ബാധിക്കുന്നു.

4. കൈത്തറി - ബീഡി രംഗത്ത് പുതിയ തലമുറ കടന്ന് വരാത്തത്.

5. കൈത്തറി - രംഗത്ത് ഉൽപ്പാദിപ്പിക്കേണ്ട തുണികൾ പവർലൂം രംഗത്ത് ഉൽപ്പാദിപ്പിക്കുന്നത് കൈത്തറി പ്രതിസന്ധി സൃഷ്ടിക്കുന്നു.

6. കൈത്തറി (ചിലചായങ്ങൾ) വിദേശമാർക്കറ്റിലെ നിരോധനം

7. പരമ്പരാഗത വ്യവസായ മേഖലയിലെ വേതനകുറവ്.

## ചെറുകിട വ്യവസായ മേഖല പ്രശ്നങ്ങൾ

1. വൈദ്യുതിരംഗത്തെ പരിമിതികൾ - വൈദ്യുതികണക്ഷൻ ലഭിക്കാൻ താമസം. വോൾട്ടേജ് ക്ഷാമം.

2. മോട്ടോർ വ്യവസായരംഗത്ത് ലേബർ ഓഫീസർമാരുടെ അനുചിതമായ ഇടപെടൽ.

3. വ്യവസായസംരംഭങ്ങൾക്ക് വേണ്ടത്ര പരിശീലനമില്ല.

4. വ്യവസായങ്ങൾ ഗവൺമന്റിൽ നിന്നും പൊതുമേഖല ബാങ്കിൽനിന്നും ആവശ്യമായ ധനസഹായം ലഭിക്കാനുള്ള പ്രയാസം.

5. വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി ഇല്ലായ്മ.

6. സ്വദേശി വസ്തുക്കളോട് അപ്രിയം.

7. കാർഷികവിളകളുടെ സംസ്കരണയൂണിറ്റിന്റെ അഭാവം.

8. വനിതകൾക്ക് തൊഴിലവസരം കുറവ്.

9. വ്യവസായവൽക്കരണവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായ ബോധവൽക്കരണക്കുറവ്.

10. വ്യവസായികവികസനത്തിന്റെ പ്രാദേശികതലത്തിലെ ആസൂത്രണ കുറവ്.

### സാധ്യതകൾ

1. വ്യാവസായിക അടിസ്ഥാനത്തിൽ പവർലൂം യൂണിററ് സ്ഥാപിക്കുക.

2. കൂത്ത്പറമ്പ് വീവേഴ്സ് സൊസൈറ്റിയുടെ ഒരു ശാഖ കൂവ്വപ്പാടി സ്ഥാപിക്കുക.

3. കോട്ടയം കിണവക്കൽ പ്രദേശത്തെ നീരുന്നിപ്പ റമ്പ് പഞ്ചായത്ത് ഏറ്റെടുത്ത് മിനിവ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

4. റെഡിമെയ്ഡ് യൂണിറ്റ്.

5. ആധുനിക സാങ്കേതികവിദ്യയോടുകൂടി ഒരു കളർ യൂണിറ്റ് (കൈത്തറി)

6. ഇലക്ട്രോണിക്ക് ഉൽപ്പന്ന നിർമ്മാണ യൂണിറ്റ്.

7. മരത്തടികൊണ്ടുള്ള ഫർണ്ണിച്ചറുകളും മറ്റും നിർമ്മിക്കുന്നത്.

8. കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക. (അച്ചാർ, പപ്പടം, etc.)

9. പച്ചക്കറികൃഷി വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുക.

10. കോഴിഫാം ആരംഭിക്കുക.

11. കൈത്തറി പരിശീലനകേന്ദ്രം.

12. നാളീകേര സംസ്കരണ യൂണിറ്റ്.

13. സാങ്കേതിക പരിജ്ഞാനംലഭിച്ചവരെ ക്കണ്ടെത്തി വ്യവസായ യൂനിറ്റ് തുടങ്ങാൻ പ്രചോദനം നൽകുക.

നമ്മുടെ നാടിന്റെ പാഴായിപോകുന്ന യുവാക്കളുടെ കർമ്മശേഷിയെ ശരിയായദിശയിലേക്ക് നയിച്ച് കൊണ്ട് പുതിയസംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ പ്രചോദനം നൽകുകയും, നമ്മുടെ പ്രദേശത്ത് ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങളോട് നമുക്ക് നീതിപുലർത്താനും, ജനങ്ങളിൽ സ്വാശ്രയബോധം വളർത്തിയെടുത്തുകൊണ്ട് ഒരു പുതിയ വികസന രീതി നടപ്പാക്കാനും അതുവഴി ജനങ്ങളുടെ സാമൂഹ്യ - സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും ചെയ്യും.

# 4

## ഊർജ്ജം

ആധുനിക പുരോഗതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ ഒരു ഘടകമാണ് ഊർജ്ജം. കേരളത്തെ സംബന്ധിച്ചിടത്തോളം ഊർജ്ജഉൽപ്പാദനം വർദ്ധിക്കുകയും ഉപഭോഗം കൂടി വരികയും ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിൽ ഊർജ്ജ ഉപഭോഗം ഗാർഹിക ആവശ്യത്തിനാണ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത്. വ്യാവസായിക ആവശ്യത്തിനും കാർഷികാവശ്യത്തിനും 25% ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വൈദ്യുതി കടന്നെത്തിയിട്ടുണ്ട്.

കോട്ടയം പഞ്ചായത്ത് പ്രദേശത്ത് 1952ൽ ആണ് ആദ്യമായി വൈദ്യുതി കടന്നുവന്നത്. പഞ്ചായത്തിൽ വൈദ്യുതി കടന്നുവരുന്നത് 110 k.v തലശ്ശേരി സബ് സ്റ്റേഷനിൽ നിന്നും 110 k.v കൂത്ത്പറമ്പ് സബ്സ്റ്റേഷനിൽ നിന്നുമാണ്. കോട്ടയം പഞ്ചായത്തിൽ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫിസ് പ്രവർത്തിക്കുന്നില്ല. കതിരൂർ, കൂത്ത്പറമ്പ്, എന്നിവിടങ്ങളിലാണ് ഉപഭോക്താക്കൾ ബന്ധപ്പെടുന്ന ഓഫീസ്.

പഞ്ചായത്തിൽ 2350 വീടുകളാണ് ഉള്ളതെങ്കിലും വൈദ്യുതി ഉപയോഗം സ്വീകരിച്ച വീടുകളുടെ എണ്ണം 1433 ആണ്. പഞ്ചായത്തിൽ 6 സോഡിയം വേപ്പർലാമ്പും 138 സ്ട്രീറ്റ് ലൈറ്റും ഒരു റ്റ്യൂബും നിലവിലുണ്ട്. നമ്മുടെ വരുമാനത്തിന്റെ രണ്ടുശതമാനം (20526) രൂപ ഒരു കൊല്ലം വൈദ്യുതചാർജ്ജിനത്തിൽ അടയ്ക്കുന്നുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റ് മിക്കതും പ്രവർത്തനക്ഷമമല്ല.

ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ട് തന്നെ മിക്ക ഗ്രാമസഭകളിലും ട്രാൻസ്ഫോമർ വേണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. നിലവിലുള്ള മീറ്റർ 50 ശതമാനം കേടായതാണെന്ന് അധികൃതർ തന്നെ പറയുന്നു. ഇതിന്റെ ഫലമായി വർദ്ധിച്ച വൈദ്യുതിചാർജ്ജ് ഉപഭോക്താക്കൾ നൽകേണ്ടി വരുന്നു.

(പട്ടിക I, പട്ടിക II)

.പഞ്ചായത്തിൽ 2350 വീടുകളിൽ പ്രധാനമായും ഉപയോഗിക്കുന്നത് പഴഞ്ചൻ രീതിയിലുള്ള വിറക് അടുപ്പുകളാണ്. 205 ഗ്യാസ് അടുപ്പുകൾ ഉപയോഗിക്കുന്നവരും ഉണ്ട്. 25 ശതമാനത്തോളം വീടുകളിൽ വളരെ ചെറിയ ആവ്ശ്യത്തിന് മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നു. പഴഞ്ചൻ രീതിയിലുള്ള അടുപ്പുകളിൽ പ്രധാനമായും - ഓലം, മടൽ, ചിരട്ട, മരമില്ലുകളിൽ നിന്നുള്ള കഷണങ്ങൾ - ഈർച്ചപ്പൊടി എന്നിവ ഉപയോഗിക്കുന്നു. വളരെ ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കാൻ വാങ്ങുന്ന വിറകുകൾക്ക് വസ്തുവില പൊതുവെ കൂടുതലാണ്. ഇന്ധനക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പകൾ ഉപയോഗിക്കുന്നവർ പഞ്ചായത്തിൽ 25 ഓളം പേർ ഉണ്ടാകും. ഇത് വളരെയധികം പ്രചാരത്തിൽ വരുത്തിയാൽ ഊർജ്ജ പ്രസരണ നഷ്ടം ഒഴിവാക്കാൻ സാധിക്കും. പഞ്ചായത്തിൽ ഒരു വീട്ടിൽ മാത്രമേ ബയോഗ്യാസ് പദ്ധതികൊണ്ട് ഊർജ്ജം ഉപയോഗിക്കുന്നത്. ധാരാളം സാധ്യതകളും ഗവൺമന്റിൽ നിന്ന് സഹായം ഉണ്ടായിട്ടും അത് വേണ്ടത്ര ഉപയോഗിക്കുന്നില്ല.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ചിലവാഡുകളിലെ പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

2. പ്രധാന ബസ്സ് കവലയായ പോസ്റ്റാപ്പീസ്റോഡരികിലുള്ള ട്രാൻസ്ഫോമർ അപകടഭീഷണി ഉയർത്തുന്നു.

3. പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

4. പ്രേക്ഷണവിതരണരംഗത്ത് ബോർഡിന്റെ ശ്രദ്ധക്കുറവ് (പ്രത്യേകിച്ചും മരച്ചില്ലകൾ മുറിച്ചുമാറ്റുക)

5. ബോർഡ് ജീവനക്കാരുടെ കുറവ് യഥാസമയം വൈദ്യുതിലൈനിൽ അനുഭവപ്പെടുന്നു.

6. സ്റ്റെപ്പപ്പ് ഉപയോഗം കൂടിവരുന്നത് ദോഷം ചെയ്യുന്നു.

7. സ്ട്രീറ്റ്ലൈറ്റ് പ്രവർത്തനക്ഷമമല്ല.

8. മീറ്റർ കാര്യക്ഷമമായി പ്രവർത്തിക്കാത്തത്. കാരണം അഡീഷനൽ ബിൽ നൽകേണ്ടി വരുന്നു.

9. ഗാർഹികാവശ്യത്തിന് പഴഞ്ചൻ രീതിയിലുള്ള അടുപ്പ്.

### സാധ്യതകൾ

1. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കാനാവശ്യമായ പ്രവർത്തനം പഞ്ചായത്തും ബോർഡും ഏറ്റെടുത്ത് നടത്തുക.

2. വൈദ്യുതോർജ്ജം ലാഭിക്കാൻ അനെർട്ടിന്റെയും വൈദ്യുതിബോർഡിന്റെയും സഹായത്തോടുകൂടി സോളാർ വിളക്കുകൾ പ്രചരിപ്പിക്കുക.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു.

| ക്രമനമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 160 K V A | കോട്ടയംപൊയിൽ |
| 2 | 100 K V A | കുന്നിനുമീത്തൽ |
| 3 | 100 K V A | ആറാംമൈൽ |
| 4 | 100 K V A | ആച്ചിപ്പൊയിൽ |
| 5 | 100 K V A | വേറ്റുമ്മൽ |
| 6 | 160 K V A | പാനുണ്ട |
| 7 | 250 K V A | പുറക്കളം |
| 8 | 150 K V A | കോട്ടയം |
| 9 | 100 K V A | കോട്ടയംചിറ |
| 10 | 160 K V A | മൗവ്വേരി |
| 11 | 100 K V A | വെള്ളപ്പന്തൽ |

പഞ്ചായത്തിൽ വിവിധ വൈദ്യുതി ഉപഭോക്താക്കളുടെ വിവരവും അവ
സാനമായി വൈദ്യുതി കണക്ഷൻ നൽകിയ വർഷവും.

| നിലവിലുള്ള ഉപഭോക്താക്കൾ | | കണക്ഷൻലഭിക്കാൻ ബാക്കിയുള്ളവരുടെ വിവരം |
|---|---|---|
| ഗാർഹികം | 1433 | ഓർഡിനറി 99 |
| വ്യാപാരം | 174 | O. T. P 8 |
| വ്യവസായം | 26 | O.Y E. C19 |
| കാർഷികം | 22 | |

അവസാനം നൽകിയ വൈദ്യുതി കണക്ഷൻ അപേക്ഷ തീയ്യതി (6-9-91).

അവലംബം - ദ്വിതീയവിവരം ഇലക്ട്രസിറ്റി ഓഫീസ്, കൂത്ത്പറമ്പ് - കതിരൂർ

3. വീടുകളിലെ അനാവശ്യ ഡക്കറേഷൻ ലൈറ്റുകൾ ഒഴിവാക്കാൻ ബോധവൽക്കരണം നടത്തുക.

4. പുകയില്ലാത്ത അടുപ്പുകളെപ്പറ്റി പ്രചരണം നടത്തുക.

## ഗതാഗതം.

വർത്തമാനകാലമനുഷ്യപുരോഗതിക്ക് വഴിതെളിയിച്ച ഒരു പ്രധാനഘടകമാണ് ഗതാഗതശൃംഘല. വികസനം എന്നാൽ റോഡ് നിർമ്മാണം മാത്രമാണെന്ന വികലധാരണയിൽ റോഡ് നിർമ്മാണത്തിനുവേണ്ടി പൊതുഫണ്ടിന്റെ

ഭൂരിഭാഗവും ചെലവഴിക്കുന്ന പ്രവണതയും റോഡ്ശൃംഘലയുടെ വ്യാപനത്തിന് ആക്കംകൂട്ടി. പഴയകാലങ്ങളിലെ ഇടവഴികളും നീർച്ചാലുകളും ഇന്ന് റോഡുകളായി മാറിയിരിക്കുന്നു. ഇതു കാരണം നമ്മുടെ നാട്ടിൽ ചെറുതരം വ്യവസായങ്ങളും പുതിയ പുതിയ കെട്ടിടങ്ങളും ഉയരുവാൻ ഇടയായി. അമ്പതുകൊല്ലം മുമ്പ് ഒരു ചെറു ഇടവഴിയായിരുന്ന ഇന്നത്തെ കോട്ടയം പാറാൽ റോഡ് അന്നത്തെ ദേശസ്നേഹികളായ നാട്ടുകാരുടെയും മറ്റ് സംഘടനകളുടെ അത്യുൽസാഹമായ ശ്രമദാനം കൊണ്ട് ഉണ്ടായ് തീർന്നതാണ്. കോട്ടയം പാറാൽ റോഡിന്റെ ശ്രമദാനപരിപാടിയെ അനുകരിച്ചുകൊണ്ട്. മറ്റു പ്രദേശങ്ങളിൽ ചെറുറോഡുകൾ രൂപം കൊണ്ട് തുടങ്ങി. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ഇന്ന് കാണുന്ന മിക്കറോഡുകളും ശ്രമദാന പ്രവർത്തനത്തിലൂടെയാണ്. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച തലശ്ശേരി ഗൂർഖ് റോഡിൽ കൂടിയാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യം ബസ്സ് സർവ്വീസ് ഉണ്ടായത്.

ഇപ്പോൾ കോട്ടയം പഞ്ചായത്തിൽ ചെറുതും വലുതുമായി 60 റോഡുകൾ ഉണ്ട്. മൊത്തം 4941.5 കിലോമീറ്റർ നീളം ഉണ്ട്. പഞ്ചായത്തിന്റെ അതിർത്തിയിൽക്കൂടി രണ്ട് പ്രധാനറോഡുകൾ കടന്നുപോകുന്നുണ്ട്. ഒന്ന് തെക്ക് പൂക്കോട്നിന്ന വേറ്റുമ്മൽ വരെ(TC റോഡ്) ഉം രണ്ട് പുറക്കുളം സ്മാരകം മുതൽ പാച്ചപൊയ്കവരെ കോട്ടയം പഞ്ചായത്തിന്റെ അതിർത്തിയിൽക്കൂടെ കടന്നുപോകുന്നു. കൂത്തുപറമ്പ് കണ്ണൂർ റോഡ് മമ്പ്രം പാലം നിർമ്മിച്ചതോടുകൂടി ഈ റോഡിൽ വാഹനഗതാഗതം വർദ്ധിച്ചുതുടങ്ങി. നമ്മുടെ പഞ്ചായത്തിൽ 15 ഓട്ടോറിക്ഷാ പാർക്ക്ചെയ്യുന്ന ഒരു സ്ഥലമാണ് 6 ാം മൈൽ.

## *നിലവിലുള്ള റോഡുകൾ*

പഞ്ചായത്തിൽ ആകെയുള്ള റോഡുകളുടെ മൊത്തം നീളം ടാർചെയ്തവ, ഉടമസ്ഥത എന്നിവ താഴെ പട്ടികയിൽ വിവരിക്കുന്നു.

## പ്രശ്നങ്ങൾ

റോഡുകളുടെ പൊതുസ്ഥിതി മൊശമാണ്. കാരണം യഥാസമയത്ത് റിപ്പയർ ചെയ്യാത്തതുകൊണ്ട് അപകടങ്ങൾ ദിനം പ്രതി വർദ്ധിക്കുന്നതിന് പ്രധാനകാരണമാണ്. അതുപോലെ കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാത്ത അശാസ്ത്രീയമായ റോഡുവികസനമാണ് മറ്റൊരു കാരണം. റൊഡരികിൽ ഓട നിർമ്മിക്കാത്തതുകൊണ്ട് തന്നെ മഴക്കാലം മണ്ണും വെള്ളവും ഒലിച്ചുവന്ന് റോഡ് താറുമാറാകുന്നു. ഇന്നത്തെറോഡിന്റെ വീതികുറവും ആവശ്യമായ കലുങ്കുകൾ ഇല്ലാത്തതുകാരണം അപകടങ്ങൾ വർദ്ധിക്കുന്നു. റോഡരികിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ ഇറക്കുന്നത് കാരണം കാൽനടയാത്രതന്നെ ദുഷ്കരമാകുന്നു. അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാത്തത് ഫണ്ടിന്റെ അപര്യാപ്തതയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. റോഡുനിർമ്മാണത്തിൽ പ്രാദേശിക ഇടപെടൽ ഇല്ലായ്മയും ഫണ്ടിന്റെ ചോർച്ചയുമാണ് റോഡിന്റെ ശോച്യാവസ്ഥയ്ക്ക് കാരണം.

## നിർദ്ദേശങ്ങൾ

# റോഡ്ഗതാഗതം.

റോഡ്ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ഗ്രാമസഭകളിൽനിന്ന് ഒട്ടനവധി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ശ്രമദാനത്തിലൂടെ നമ്മുടെ കർമ്മശേഷി ഉപയോഗിച്ചുകൊണ്ട് പ്രവർത്തനം നടത്താൻ സന്നദ്ധമായിട്ടുണ്ട്. അതിന്റെ ഒരു പ്രതിഫലനം നവമ്പർ ഒന്നിന് നടന്ന പുനഃസമർപ്പണദനത്തിൽ പുതിയ റോഡുകൾക്ക് ആരംഭം കുറിച്ചു.

1. വാഹനഗതാഗതം കൂടുതലുള്ള റോഡുകൾ ടാർചെയ്യണം.

2. തലശ്ശേരി ഗൂർഖ്റോഡിൽ കോട്ടയം പൊയിൽ, ഏഴാം മൈൽ, കുന്നിനുമീത്തൽ എന്നിവിടങ്ങളിൽ ഡിവൈഡർ സ്ഥാപിക്കുക.

| ക്രമനമ്പർ | ഇനം | ആകെയൂനിറ്റ് | പുരുഷൻ | സ്ത്രീകൾ | മൊത്തം |
|---|---|---|---|---|---|
| 1 | അച്ചാർനിർമ്മാണയൂനിറ്റ് | 1 | 1 | | 1 |
| 2 | പപ്പടം നിർമ്മാണം | 2 | 4 | 2 | 6 |
| 3 | തീപ്പെട്ടിക്കമ്പനി | 1 | -- | 6 | 6 |
| 4 | ജല്ലി യൂനിറ്റ് | 1 | -- | 6 | 6 |

# കോട്ടയം ഗ്രാമപഞ്ചായത്ത്



| ക്രമനമ്പർ | പേര് | നീളം | വീതി | Earth | ഗ്രാവൽ |
|---|---|---|---|---|---|
| 1 | കോട്ടയംപാറാൽ റോഡ് | 1.300 | 3.250 | | |
| 2 | പാറാൽ പുറക്കളം റോഡ് | 0.550 | " | | |
| 3 | കോട്ടയം അങ്ങാടി തല്ലോട് ശ്രീനാരായണ സ്മാരകമന്ദിരം കോട്ടയം പാറാൽ റോഡിലേക്ക് | 0.600 | | | |
| 4 | പൂക്കോട് ചെട്ടിമുക്ക്കൊളന്തരക്കണ്ടി താഴെ വയൽ | 0.415 | 4.50 | | |
| 5 | കൊളങ്ങരക്കണ്ടി പുറക്കുളം പാറാൽ റോഡ് | 0.885 | 4.50 | | |
| 6 | പൂക്കോട് വയൽ ചെട്ടിമുക്ക് | .90 | | | |
| 7 | മമ്പറം മെയിൻ റോഡ് പാറാൽ പുറക്കളം | .375 | | | |
| 8 | ടി. സി. റോഡ് ആറാം മൈൽ ഒളമ്പവയൽ | .571 | | | |
| 9 | മെറ്റേണിറ്റി സെന്റർ പൊയലത്ത് റോഡ് | .600 | | താർ | |
| 10 | കോട്ടയം ബസാർ മഞ്ചേരിക്കണ്ടിതാഴ റോഡ് | 1.500 | | | |
| 11 | കോട്ടയം ബസാർ റോഡ് കുവ്വപ്പാടി ഓലായിക്കര | 1.000 | | താർ | |
| 12 | കോട്ടയം അങ്ങാടി വണ്ണാത്തിക്കടവ് | 1.490 | | താർ | |
| 13 | കിണവക്കൽ വേങ്ങാടി ബൗണ്ടറി റോഡ് | .350 | | താർ | |
| 14 | കോട്ടയം ബസാർ അങ്ങാടി റോഡ് | 0.27 | | | |
| 15 | അഞ്ചാംമൈൽ ആറാംമൈൽ റോഡ് | 3.100 | 3.200 | | |
| 16 | കുന്നിനുമീത്തൽ കോലാക്കാവ് റോഡ് | 0.470 | | | |
| 17 | കുന്നിനുമീത്തൽ മെറ്റേണിറ്റി റോഡ് | 0.535 | | | |
| 18 | ആറാംമൈൽ ഓട്ടച്ചിമാക്കൂൽ | .200 | | താർ | |
| 19 | അഞ്ചാംമൈൽ ആറാംമൈൽ കല്ലറക്കൽ ലക്ഷം വീട് | 0.330 | | | |
| 20 | അഞ്ചാംമൈൽ ആറാംമൈൽ തെരുവന്നത്തെരു കാരക്കുന്ന്. | .490 | 4.50 | | |
| 21 | കിണവക്കൽ കയനാടൻ റോഡ് | .800 | 3.50 | താർ | |
| 22 | പുതിയവീട്ടിൽ താഴെ കോലാക്കാവ് | .225 | | | |
| 23 | മൂലക്കണ്ടിപറമ്പ കോലാക്കാവിൽ വയൽ | 25 | | | |
| 24 | ടി. സി. മെയിൻ റോഡ് കോട്ടായീന്റവിട താഴെ റോഡ് | 0.471 | 4.50 | | |
| 25 | ടി. സി. മെയിൻ റോഡ് ഏഴാംമൈൽ കുനിയിൽ താഴെ | .509 | | | |
| 26 | അടിയാപ്രത്തച്ചാൽ പാതിരിയാട് | .440 | 4.50 | | |
| 27 | അടിയാപ്രത്തച്ചാൽ മൗവ്വേരി പാതിരിയാട് | .830 | | | |
| 28 | തല്ലോട് ഈച്ചൽ വയൽ മണ്ഡപം തുളിയാക്കൂൽ | .402 | | | |
| 29 | ആർ അസ്സുവീട് കോട്ടയം ചിററോഡ് | .325 | | | |
| 30 | മമ്പറം പപ്പാരിവയൽ | .325 | 3.50 | | |

| ക്രമനമ്പർ | പേര് | നീളം | വീതി | Earth | ഗ്രാവൽ |
|---|---|---|---|---|---|
| | കോട്ടയം സാസിനു അമ്പലത്തറമ്മൽ കൂവ്വപ്പാടി | .310 | 3.50 | | |
| | ഓ. സി. പക്കർ ഹാജി കോസന് ഈച്ചൽകുളം | .243 | | | |
| | ടി. കെ. കുഞ്ഞിരാമൻമാസ്റ്റർറോഡ് | 1.770 | 5 | | |
| | വെള്ളപന്തൽ കിണവക്കൽ സ്കൂൾ | | 1.100 | | |
| | കയനാടം കോട്ടയം എൽ. പി. സ്കൂൾ | .800 | 5 | 100ടിൻ | |
| | ആക്കുംപൊയിൽ കിണവക്കൽ | .600 | | | |
| | പൊയാലത്ത്താഴെ കുളങ്ങര റോഡ് | .540 | | | |
| | ഓലായിക്കര കൂവ്വപ്പാടി റോഡ് | .850 | 4.50 | | |
| | ഓലായിക്കര കുറുവയൽ റോഡ് | .250 | | | |
| | പാച്ചപ്പൊയ്ക പൊട്ടൻപാറ അഞ്ചാം മൈൽ | 2.00 | | | |
| | കൂവ്വപ്പാടി സ്മാരകമന്ദിരം ഓലായിക്കര ഹരിജൻ കോളനി | 7.61 | 4.50 | | |
| | കാനത്തുംചിറ കൂവ്വപ്പാടി ഓലായിക്കര റോഡ് | 1.860 | | | താർ |
| | ഹരിജൻ കോളനി റോഡ് - കോട്ടയം ബസാർ | 0.126 | 3.50 | | |
| | എം. ആർ. സി. റോഡ് കോട്ടയാസിടതാഴ | .729 | | | |
| | വേറ്റുമ്മൽ അഞ്ചാംമൈൽ ആറാംമൈൽ | 750 | 450 | | |
| | അഞ്ചാംമൈൽ ആറാംമൈൽ നിലയിലാട്ടപ്പള്ളിറോഡ് | .300 | | | |
| | എരുവട്ടി നവോദയ | .200 | | | |
| | സിയറ്റ്റോഡ് പച്ചകണ്ടി സ്കൂൾ | 1.075 | | | |
| | ടി. സി. റോഡ് പള്ളിക്കണ്ടി ഹൗസ് | .150 | | | |
| | കുഞ്ഞിരാമൻഗുമസ്തന്റവിട - ഒ .സി ചന്തു | .455 | | | |
| | തള്ളോട് കണ്ണോത്ത് ഫുട്പാത്ത് | .500 | | | |
| | കനാൽറോഡിൽനിന്ന് കൂട്ടയം ക്ഷേത്രം | .200 | 3.50 | | |
| | കോട്ടയം ചിറ പടിഞ്ഞാറെ പടിക്കൽ വീട് | 200 | | | |
| | പൈക്കാട്റോഡ് | .450 | | | |
| | പുറക്കളം മമ്പറം ഏഴാംമൈൽ വരെ കനാൽറോഡ് | 3 | | | |
| | പുറക്കളംമുതൽ പാച്ചപ്പൊയിൽ വരെ | 2.800 | | | താർ |
| | കിണവക്കൽ മമ്പറം പാറ | 1.100 | | | താർ |
| | പോസ്റ്റാപ്പീസ് കോട്ടയം പൊയിൽ | 3 | | | |
| | പൂക്കോട് മുതൽ വേറ്റുമ്മൽ | 3 | | | |
| | ആറാംമൈൽമുതൽ ഇടത്തിൽപീടിക | 1.250 | | | |

3. പുറക്കളം, കോട്ടയം അങ്ങാടി, കോട്ടയം പൊയിൽ റോഡിൽക്കൂടി K S R T C ബസ്സ് സർവ്വീസ് നടത്തുക.

4. കാനത്തുംചിറ തോടിന്റെ വരമ്പ് ശക്തിപ്പെടുത്തുക.

5. ആറാംമൈലിൽ നിന്ന് മണ്ടേക്കാവ് ലക്ഷം വീട് കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

6. ആറാം മൈലിൽനിന്ന് അഞ്ചാംമൈൽറോഡ് ടാർചെയ്യുക.

7. ഗുരുനാഥൻമുക്കിൽനിന്ന് കൂവ്വപ്പാടി റോഡ് ടാർ ചെയ്യുക.

8. കാനത്തും ചിറ കുന്നിനുമീത്തൽ റോഡ് ടാർ ചെയ്യുക.

9. പുറക്കളം പാറാൽ റോഡ് ടാർ ചെയ്യുക.

# 5

# കുടിവെള്ളവും പൊതുജനാരോഗ്യവും

സുലഭമായിരുന്ന പല പ്രകൃതി വിഭവങ്ങളും നമ്മളിൽ നിന്നും അന്യമാവുകയാണ്. ജലസമ്പത്തിന്റെ ക്ഷാമം ഇതിനൊരുത്തമ ഉദാഹരണമാണ്. നമ്മുടെ സംസ്ഥാനത്തിനകത്ത് നടത്തിയ പല പഠനങ്ങളും കിണറുകളിലെയും കുളങ്ങളിലെയും മറ്റും ജലവിതാനം താഴുന്നതായി വെളിപ്പെടുത്തുന്നു. ഈ ഗുരുതരീവസ്ഥ മുന്നിൽ കണ്ടുകൊണ്ട് നാം അയിയന്തിരമായി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്. വർഷകാലത്ത് ലഭിക്കുന്ന മഴവെള്ളം പാഴായി പോകാതെ ഭൂമിയിൽ തന്നെ കനിഞ്ഞിറങ്ങുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള പ്രവർത്തനവും മറ്റും സംഘടിപ്പിച്ച് ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കേണ്ടത് ജീവിക്കാനാഗ്രഹിക്കുന്ന മുഴുവനാളുകളുടെയും കടമയാണ്.

നമ്മുടെ പഞ്ചായത്തിൽ ഏതാണ്ട് 15 വർഷം മുമ്പ് വരെ കുടിവെള്ളത്തിന് കാര്യമായ ദൗർലഭ്യമൊന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഇക്കഴിഞ്ഞ വർഷങ്ങളിലെല്ലാം പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും മറ്റും കടുത്ത ജലക്ഷാമം അനുഭവിച്ചു തുടങ്ങിയിട്ടുണ്ട്. 1996 മാർച്ച് മാസം മുതൽ മെയ് മാസം അവസാനിക്കുന്നതുവരെ ഉയർന്ന പ്രദേശങ്ങളിൽ മാത്രമല്ല പൊതുവെ എല്ലാ കാലത്തും ജലം ലഭ്യമായിരുന്ന സമതലങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെട്ടിരുന്നു. നമ്മുടെ ജില്ലയിലെ രണ്ട് പ്രധാനപ്പെട്ട ചിറകളിലൊന്നായ കോട്ടയം ചിറ പോലും ഇക്കഴിഞ്ഞ വരൾച്ചാ കാലത്ത് വറ്റി വരണ്ടിരുന്നു. പ്രകൃതി ദത്തമായ വയലേലകൾ,തോടുകൾ, കുളങ്ങൾ എന്നിവ നികന്നതും നികത്തിയതുമാണ് ഇതിന് പ്രധാന കാരണം.

നമ്മുടെ പഞ്ചായത്തിലെ 90% കുടുംബങ്ങളും കുടിനീരിനും മറ്റുമായി സ്വന്തം കിണറുകളെയാണ് ആശ്രയിക്കുന്നത്. അയൽ വീടുകളിലെ കിണറുകൾ ആശ്രയിക്കുന്നവർ 7% വും മറ്റ് പൊതു സ്രോതസ്സുകളെ ആശ്രയിക്കുന്നവർ 3%വുമാണ്. സ്വന്തമായി കിണറുകളില്ലാത്തവരിൽ ഭൂരിഭാഗവും സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്നവരാണ്.

**കുടിനീർ സ്രോതസ്സ്**



പൊതുശ്രോതസ്സുകൾ
സ്വന്തം കിണറുകൾ
അയൽ കിണറുകൾ

നമ്മുടെ പഞ്ചായത്തിൽ 10 പൊതുകിണറുകൾ, 4 കുഴൽ കിണറുകൾ, 72 വാട്ടർ ടാപ്പുകൾ എന്നിവയാണ് പൊതുജല വിതരണ സ്രോതസ്സുകളായി നിലവിലുള്ളത്. കിണവക്കൽ, കപ്പാറ, എന്നീ പ്രദേശങ്ങളിലുള്ള രണ്ട് കുഴൽ കിണറുകളിലെയും വെള്ളം ഉപയോഗശൂന്യമായതുകൊണ്ട് അടച്ചിട്ടിരിക്കുകയാണ്. കൂവ്വപ്പാടി മരപ്പുരക്ക് സമീപമുള്ള കുഴൽകിണർ വർഷങ്ങളായി റിപ്പേർ ചെയ്യപ്പെടാതെതന്നെ കിടക്കുന്നു. 6ാം മൈൽസിൽ തീ പ്പെട്ടി കമ്പനിക്കു സമീപമുള്ള കുഴൽ കിണർ മാത്രമാണ് ഇന്ന് പ്രവർത്തനയോഗ്യവും ഉപയോഗപ്രദവുമായിട്ടുള്ളത്. പഞ്ചായത്തിൽ ആകെ മുപ്പത്തഞ്ചോളം കുളങ്ങളും ഒരു പ്രധാനപ്പെട്ട ചിറയുമാണുള്ളത്. ഇവയെല്ലാം തന്നെ സ്വകാര്യ ഉടമസ്ഥതയിലുള്ളവയാണ്. കുളങ്ങളും ചിറയും സംരക്ഷിക്കപ്പെടാതെ കാലം കഴിയുന്തോറും നശിച്ചുവരികയാണ്. ഇവയൊക്കെ സംരക്ഷിക്കുന്നതിന് പ്രോത്സാഹനവും നിയമനിർമ്മാണവും നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. (പട്ടിക 1)

1982ൽ ലോകബാങ്കിന്റെ സഹായത്തോടെ കേരള ജലസേചന വകുപ്പ് നമ്മുടെ പഞ്ചായത്തിനകത്ത് പ്രവർത്തന നടപടികളാരംഭിച്ച ശുദ്ധജലവിതരണ പദ്ധതി ഇന്നും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ബഹുഭൂരിഭാഗം ടാപ്പുകളും സ്ഥാപിച്ചിട്ടുള്ളത് ജനങ്ങളുടെ ആവശ്യങ്ങൾക്കുതകുന്ന സ്ഥലങ്ങളിലല്ല. പതിനഞ്ചോളം ടാപ്പുകൾ സാമൂഹ്യവിരുദ്ധർ നശിപ്പിച്ചിട്ടുണ്ട്. ആസൂത്രണത്തിന്റെ വൈകല്യം എടുത്തു കാട്ടുന്നതാണ് നിർദ്ദിഷ്ട ജലവിതരണ പദ്ധതി. കോട്ടയം ചിറയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിച്ചാൽ മാത്രമേ ഈ പദ്ധതി വിജയപ്രദമാവുകയുള്ളൂ.

*നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള പൊതു ജലസ്രോതസ്സുകൾ താഴെ പറയുന്നവയാണ്*

| പൊതു കിണറുകൾ | കുഴൽ കിണറുകൾ | പൊതു ടാപ്പുകൾ |
|---|---|---|
| കപ്പാറ കോളനി<br>വെട്ടിലോർ മൊട്ട<br>മംഗലോട്ട് ചാൽ<br>കയ്യാല മൊട്ട<br>കുന്നിനുമീത്തൽ<br>6 ാം മൈൽ<br>6 ാം മൈൽ സബ്സെന്റർ<br>കല്ലറക്കൽ ലക്ഷംവീട്<br>കോട്ടയം പൊയിൽ | കമ്പിത്തൂൺ<br>കിണവക്കൽ<br>6 ാം മൈൽ തീപ്പെട്ടികമ്പനി<br>കൂവ്വപ്പാടി മാപ്പുര | ആകെ - 72 |

നമ്മുടെ പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ചുവടെ പറയുന്നവയാണ്.

വാർഡ്1. കിണവക്കൽ, കമ്പിത്തൂൺ, കോട്ടക്കുന്ന്, നീരൂന്നി, വെട്ടിപോർ മൊട്ട.

2. മംഗലോട്ട് ചാൽ, മൗവ്വേരി ലക്ഷംവീട്,

3. കൂവ്വപ്പാടി കിളച്ച പറമ്പ്

4. പുറക്കളം പഴയ വില്ലേജ് ഓഫീസ് പരിസരം

5. ബത്തേരികുന്ന്, പൈക്കാട് കുന്ന്

6. മണ്ടേൽകാവ് ലക്ഷംവീട്, പാറമുക്ക്, 7ാം മൈൽ, ഘകള മുക്ക്

7. കോലാക്കാവ് ലക്ഷംവീട്, ഗണപതിക്കുന്ന്

8. കാരക്കുന്ന്

9. പൂളബസാർ പഞ്ചായത്ത് മിനി സ്റ്റേഡിയത്തിന്റെ പരിസരം

## സാദ്ധ്യതകൾ

1. കിണവക്കൽ, കമ്പിത്തൂൺ, കൂവ്വപ്പാടി കിളച്ചപറമ്പ്, കോലാക്കാവ് ലക്ഷംവീട് എന്നീ പ്രദേശങ്ങളിൽ പൊതുകിണറുകൾ നിർമ്മിച്ചുകൊണ്ട് കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.

2. കോട്ടക്കുന്ന്, നീരൂന്നി, ബത്തേരിക്കുന്ന്, പൈക്കാട് കുന്ന്, പാറമുക്ക് , 7ാം മൈൽ, ഘകള മുക്ക്, ഗണപതിക്കുന്ന് എന്നീ പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പ് ലൈൻ വികസിപ്പിച്ച് പരിഹാരം കാണാവുന്നതാണ്.

3. മൗവ്വേരി ലക്ഷം വീട് കോളനിയിലെ കുടിവെള്ള ദൗർലഭ്യത്തിന് പരിഹാരം കാണാൻ വിദഗ്ദ്ധമായി ചർച്ച നടത്താവുന്നതാണ്.

4. കൂവ്വപ്പാടി മാപ്പുരക്കുസമീപമുള്ള കുഴൽ കിണർ റിപ്പേർ ചെയ്ത് പരിഹാരം കാണാവുന്നതാണ്.

5. മംഗലോട്ടുചാൽ, വെട്ടലോർ മൊട്ട എന്നീ പ്രദേശങ്ങളിലെ പൊതുകിണറുകൾ ആഴം കൂട്ടി വൃത്തിയാക്കിയാൽ ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിനുള്ള പരിഹാരം കാണാൻ കഴിയും.

6. ലക്ഷം വീട് കോളനി (മണ്ടേൻ കാവ്) യിലെ തകർന്ന പൊതുകിണർ റിപ്പേർചെയ്ത് ഉപയോഗപ്രദമാക്കിയാൽ ഇവിടെ നിലവിലുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

7. പുറക്കുളം പഴയ വില്ലേജ് ആഫീസ് പരിസരം പഴശ്ശി കനാലിൽനിന്നും വളരെ ഉയർന്നു കിടക്കുന്ന പ്രദേശമായതിനാൽ കുഴൽകിണർ നിർമ്മിച്ചോ, നിലവിലുള്ള പൈപ്പ്ലൈൻ വികസിപ്പിച്ചോ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

8. കാരക്കുന്ന് പ്രദേശത്തെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കാൻകളള്ഷാപ്പിനുസമീപം കിണർനിർമ്മിച്ച് കുന്നിൽ ടാങ്ക് സ്ഥാപിച്ചുകൊണ്ട് ഒരു ചെറുകിട ജലവിതരണപദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇതിനുള്ള സ്ഥലം സൗജന്യമായി നൽകാൻ തയ്യാറായവരുണ്ട്

9. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ശുദ്ധീകരിക്കുന്നതിനായി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ക്ലോറിനേറ്റ് ചെയ്യുന്നതിനുള്ള ബോധവത്കരണവും സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.

10. പഴശ്ശികനാൽ വഴി മാർച്ച് മാസം മുതൽ വെള്ളം തുറന്നുവിട്ടാൽ നമ്മുടെ പഞ്ചായത്തിലെ മിക്ക ഭാഗങ്ങളി

ലെയും കിണറുകളിൽ ജലവിതാനം ഉയർന്നുവരാറുണ്ട്. ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് ഇതിന് ഒരു പരിഹാരം കാണാവുന്നതാണ്.

11. നിലവിൽ അശാസ്ത്രീയമായി സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാപ്പുകൾ മാറ്റിസ്ഥാപിക്കുകയും, നശിപ്പിക്കപ്പെട്ട ടാപ്പുകൾ പുനഃസ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

12. കണ്ണൂർ ജില്ലയിലെ രണ്ട് പ്രധാനപ്പെട്ട ചിറകളിലൊന്നായ 11 ഏക്കറോളം വരുന്ന കോട്ടയം ചിറ നവീകരിച്ച് ജലസംഭരണം വർദ്ധിപ്പിക്കുവാനുള്ള ബൃഹത്തായ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

13. വനവത്കരണം, ട്രഞ്ചിങ്ങ്, ബണ്ടുകൾ തുടങ്ങിയവ മണ്ണ് ജല സംരക്ഷണ ബോധവത്കരണപ്രവർത്തനവും ഇവക്ക് പ്രോത്സാഹനവും നൽകി ഭൂഗർഭ ജലവിതാനം ഉയർത്താവുന്നതാണ്.

14. കാർഷികാവശ്യത്തിനെന്നപോലെ ഗാർഹികാവശ്യത്തിനും കിണർകുഴിക്കുന്നതിനുള്ള ധനസഹായം സ്ഥലത്തിന്റെ വിസ്തീർണ്ണപരിധിയില്ലാതെ നൽകുവാൻ കഴിയണം.

## ആരോഗ്യം

ഏതാണ്ട് അരനൂറ്റാണ്ട് മുമ്പവരെ നമ്മുടെ പഞ്ചായത്തിൽ ആരോഗ്യ കേന്ദ്രങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. പാരമ്പര്യ വൈദ്യൻമാരെയും മറ്റുമായിരുന്നു അന്ന് രോഗചികിത്സയ്ക്കായി ആശ്രയിച്ചിരുന്നത്. ഇതിനുപുറമെ ചരട്, തകിട്, എന്നിവ ജപിച്ചുകെട്ടുക വെള്ളത്തിൽ മന്ത്രം ചെയ്ത് ഊതുക, മഖ്ബറകളിലും ക്ഷേത്രങ്ങളിലും വഴിപാടുകൾ നേരുക തുടങ്ങി അന്ധവിശ്വാസത്തിൽ അധിഷ്ഠിതമായ ചികിത്സാ സമ്പ്രദായങ്ങൾക്കായിരുന്നു പ്രാമുഖ്യം. ശാസ്ത്രം ഇത്രയേറെ പുരോഗമിച്ച ഇക്കാലത്ത് ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃത ചികിത്സ തേടിപോകാറുണ്ട്. പഴയ കാലങ്ങളിൽ അപൂർവ്വം ചില സമ്പന്ന കുടുംബങ്ങളിൽപെട്ട ആളുകൾ മാത്രമാണ് പട്ടണപ്രദേശങ്ങളിൽ രോഗചികിത്സയ്ക്കും മറ്റുമായി ആശുപത്രികളിൽ പോയിരുന്നത്.

80% വരുന്ന ഗ്രാമീണജനതയ്ക്ക് ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ പ്രയോജനകരമാക്കുന്നതിനു വേണ്ടി സർക്കാർ എല്ലാ ഗ്രാമങ്ങളിലും ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി. ബ്ലോക്ക് തലത്തിലുള്ള മാതൃ പി. എച്ച്. സിയുടെ കീഴിൽ ഇവ സബ്സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. 1956 ൽ 6ാം മൈൽസിൽ സ്ഥാപിച്ച കോട്ടയം എരുവട്ടിയിലെ ഇന്നത്തെ കുടുംബക്ഷേമ കേന്ദ്രമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ പൊതുജന ആരോഗ്യകേന്ദ്രം.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രാഥമിക ആരോഗ്യകേന്ദ്രം 1
2. കുടുംബക്ഷേമ കേന്ദ്രങ്ങൾ 2
3. ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി 1
4. കുടുംബക്ഷേമ വിദ്യാഭ്യാസ കേന്ദ്രം (SCOVA)
5. ബാലവാടി 1

പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തിച്ചുവരുന്നത് എരുവട്ടിയിലെ പൂളബസാറിലാണ് 1994 ൽ ആണ് ഈ മിനി പി. എച്ച്. സി യുടെ പ്രവർത്തനം ആരംഭിച്ചത്. നമ്മുടെ പഞ്ചായത്തിലെ 7,8, 9 വാർഡുകളിലുള്ളവർക്കാണ് ഈ സ്ഥാപനം കൂടുതൽ പ്രയോജനകരമാകുന്നത്. നിലവിൽ വളരെ ശോചനീയമായ അന്തരീക്ഷത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. പി. എച്ച്. സിക്ക് സ്വന്തമായി കെട്ടിടമില്ല. കെട്ടിടം പണിയുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഭാവനകൾ സ്വരൂപിച്ച് 50 സെന്റ് സ്ഥലം ഈ അടുത്തകാലത്ത് പൂളബസാറിൽ തന്നെ വിലയ്ക്ക് വാങ്ങിയിട്ടുണ്ട്.

ഒന്ന്, രണ്ട്, മൂന്ന് വാർഡുകൾ കേന്ദ്രീകരിച്ചുള്ള തള്ളോട് കുടുംബക്ഷേമകേന്ദ്രം (ളംീ) കോട്ടയം അങ്ങാടിയിലെ കയനാടം എന്ന സ്ഥലത്ത് പ്രവർത്തിച്ചുവരുന്നു. സ്വന്തമായി കെട്ടിടമുണ്ടെങ്കിലും വൈദ്യുതീകരിക്കാത്തതുകാരണം ഹെൽത്ത്‌വർക്കർ രാത്രികളിൽ ഇവിടെ താമസിക്കുന്നില്ല.

നാല്, അഞ്ച്, ആറ്, വാർഡുകൾ കേന്ദ്രീകരിച്ചുള്ള പൂക്കോട് കുടുംബക്ഷേമ കേന്ദ്രം (എണഇ) തള്ളോട് സേലംജയിൽ രക്തസാക്ഷി സ്മാരകവായനശാലയുടെ ഒരു ചെറിയ മുറിയിൽ പ്രവർത്തിച്ചുവരുന്നു. 1990ൽ അനുവദിച്ച ഈ സ്ഥാപനത്തിന് സ്വന്തമായി ഒരു കെട്ടിടമോ മറ്റുസൗകര്യമൊ ഇല്ല.

ഏഴ്, എട്ട്, ഒമ്പത് വാർഡുകൾ കേന്ദ്രീകരിച്ചുള്ള കോട്ടയം എരുവട്ടി കുടുംബക്ഷേമകേന്ദ്രം ആറാംമൈൽസിൽ സ്വന്തമായുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ കേന്ദ്രത്തിൽ മാത്രമാണ് രാത്രികാലത്ത് ഹെൽത്ത്‌വർക്കർ ക്യാമ്പ് ചെയ്യുന്നത്.

കോട്ടയം പഞ്ചായത്ത് ഓഫീസ് കോംപൗണ്ടിലെ പഞ്ചായത്തിന്റെ കൈവശമുള്ള വളരെ പഴയ കെട്ടിടത്തിലാണ് ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി പ്രവർത്തിച്ചുവരുന്നത്. പൊതുവെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒന്നു തന്നെ ഇല്ല. ഈ അടുത്ത കാലത്തായി ഡോക്ടറുടെ സേവനം നല്ലനിലയിൽ ലഭിച്ചുതുടങ്ങിയതുമുതൽ നമ്മുടെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും മറ്റു പഞ്ചായത്തുകളിൽ നിന്നും വളരെയധികം രോഗികൾ ചികിത്സയ്ക്കായി എത്താറുണ്ട്. മരുന്നിന്റെ ദൗർലഭ്യം ഈ സ്ഥാപനത്തിന് നൽകി പ്രോത്സാ

ഹിപ്പിക്കേണ്ടതുണ്ട്.

പൊതു ആരോഗ്യസ്ഥാപനങ്ങൾക്കുപുറമെ നമ്മുടെ പഞ്ചായത്തിനകത്ത് കിണവക്കൽ, കോട്ടയം പൊയിൽ എന്നീ പ്രദേശങ്ങളിൽ ഒന്നു വീതം ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ 90% ജനങ്ങളും രോഗചികിത്സയ്ക്കും മറ്റുമായി കൂത്തുപറമ്പ്, തലശ്ശേരി പട്ടണങ്ങളിലെ സർക്കാർ, സ്വകാര്യ യാണ് ആശ്രയിക്കാറ്. 5% ൽ താഴെ വരുന്നവർ മാത്രമാണ് പൂളബസാറിലുള്ള മിനി പി. എച്ച്. സി. രോഗചികിത്സയ്ക്കും മറ്റുമാശ്രയിക്കാറുള്ളത്. പഞ്ചായത്തിന്റെ ഒരറ്റത്ത് സ്ഥിതിചെയ്യുന്നതാണ് ഇതിനൊരു കാരണം.

വയറിളക്കം, പനി എന്നിവയാണ് പൊതുവിൽ കണ്ടുവരുന്ന രോഗങ്ങൾ. പകർച്ചവ്യാധികൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിനകത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും ഈ വർഷം അന്യസംസ്ഥാനങ്ങളിൽ നിന്ന് മലേറിയ പിടിപെട്ട് ആറോളം പേർ നമ്മുടെ പഞ്ചായത്തിൽ എത്തിയിരുന്നു. ചില പ്രത്യേക സീസണിൽ ചിക്കൻപോക്സ്, ചെങ്കണ്ണ് തുടങ്ങിയ രോഗങ്ങൾ പടർന്ന്പിടിക്കുന്നത് സ്ഥിരമായിരിക്കയാണ്. പഞ്ചായത്തിലെ 95% കുട്ടികൾക്കും പ്രതിരോധകുത്തിവെപ്പുകൾ നടത്താറുണ്ട്. ക്ഷയരോഗം, ക്യാൻസർ തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ കൂടി ഇവ രണ്ടും ബാധിച്ചവർ നമ്മുടെ പഞ്ചായത്തിനകത്തുണ്ട് പുകവലിയിൽ പുതിയ തലമുറയ്ക്ക് ആഭിമുഖ്യമില്ലെങ്കിലും പാൻപരാഗ്, ഹാൻസ് തുടങ്ങിയ പുതിയ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചുവരുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ക്യാൻസർ പോലുള്ള മാരകമായ രോഗം എത്രയും പെട്ടെന്ന് പിടിപെടാൻ സാദ്ധ്യതയുള്ള ലഹരിപദാർത്ഥങ്ങൾക്കെതിരെ ബോധവൽക്കരണവും നിയമനിർമ്മാണവും വരേണ്ടതുണ്ട്

ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും മറ്റും ശേഖരിച്ച കണക്കുകൾ പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനനനിരക്ക് 14.6 ഉം മരണനിരക്ക് 2.7 ഉം വൈകല്യനിരക്ക് 6 ഉം ശിശുമരണനിരക്ക് 13ഉം എന്നുമാണുള്ളത്. സംസ്ഥാന ശരാശരിയെക്കാൾ ഉയർന്ന ആരോഗ്യനിലവാരം നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്കുണ്ടെങ്കിലും രോഗപ്രതിരോധത്തെപ്പറ്റിയും ബോധംവേണ്ടരീതിയിൽ ഇനിയും വന്നുകഴിഞ്ഞിട്ടില്ല. ആരോഗ്യരംഗത്ത് മരുന്നുകളെക്കാളേറെ പ്രയോജനം ചെയ്യുന്നത്. രോഗപ്രതിരോധത്തിനുള്ള ബോധവൽക്കണത്തിലൂടെയാണ് എന്നാൽ ഫീൽഡ് വർക്കർമാർ ഇക്കാര്യത്തിൽ വേണ്ടത്ര പ്രവർത്തിക്കുന്നില്ല എന്നാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ചർച്ചകൾ സൂചിപ്പിക്കുന്നത്.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത എടുത്തു പറയേണ്ടതാണ്. ആരോഗ്യരംഗത്തെ പ്രവർത്തകരും പൊതുജനങ്ങളും ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാക്കിയെ തീരൂ.

ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ പഞ്ചായത്തിനകത്തുള്ള സന്നദ്ധ സംഘടനകളുടെയും ക്ലബുകളുടെയും സഹകരണത്തോടെ സംഘടിപ്പിക്കാൻ കഴിഞ്ഞാൽ ഒരു പടിയെങ്കിലും ആരോഗ്യരംഗത്തെ ബോധവൽക്കരണത്തിൽ വിജയം വരിക്കാൻ കഴിയും.

## കക്കൂസ്

സമൂഹത്തിൽ കണ്ടു വരുന്ന പകർച്ചവ്യാധികളിൽ വിസർജ്ജ്യ നിർമ്മാർജ്ജനത്തിലെ അപര്യാപ്തതകൾ കൊണ്ട് പ്രചരിക്കുന്ന രോഗങ്ങൾ വളരെ പ്രാധാന്യം വഹിക്കുന്നു. നമ്മുടെ പഞ്ചായത്തിനകത്തുള്ള 20% വീടുകളിൽ കക്കൂസുകൾ നിലവിലില്ല. ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ പൊതുവെ കണ്ടുവരുന്നു. ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നുമുള്ള കണക്കനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ 2595 വീടുകളിൽ 448 വീടുകളിൽ കക്കൂസുകൾ നിലവിലില്ല. നമ്മുടെ പഞ്ചായത്തിലെ കക്കൂസുകളെ കുറിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

പട്ടിക 2(ആരോഗ്യം)

സാമ്പത്തിക പരാധീനത, സ്ഥലപരിമിതി, വേണ്ടത്ര ബോധമില്ലായ്മ എന്നിവയാണ് മിക്ക വീടുകളിലും

| ഇനം | എണ്ണം | എണ്ണം |
|---|---|---|
| ആകെ വീടുകളുടെ എണ്ണം | 2595 | |
| സെപ്റ്റിക് ടേങ്ക് | | 1104 |
| ഇ. എസ്. പി | | 612 |
| മറ്റുള്ളവ | | 431 |
| കക്കൂസ് ഇല്ലാത്ത വീടുകൾ | | 448 |

കക്കൂസ് നിലവിലില്ലാതാകുവാനുള്ള കാരണങ്ങൾ. സർക്കാർ, അർദ്ധസർക്കാർ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹായത്തോടെ ധനസമാഹരണം നടത്തിയും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ഇതിന് പരിഹാരം കാണേണ്ടതായിട്ടുണ്ട്.

പട്ടിക 1 (ആരോഗ്യം)

## പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | ഇനം | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | സ്വന്തം കെട്ടിടം/ വാടക |
|---|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ (പൂളബസാർ) | ചികിത്സാ വിഭാഗം | IX | 1994 | 7 | വാടക |
| 2 | ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറി(കോട്ടയംപൊയിൽ) | ,, | VII | | 4 | പഞ്ചായത്ത് വക |
| 3 | കുടുംബക്ഷേമകേന്ദ്രം തള്ളോട് | കുടുംബ ക്ഷേമം | I | 1992 | 1 | സ്വന്തം |
| 4 | കുടുംബക്ഷേമകേന്ദ്രം പൂക്കോട് | ,, | V | 1990 | 1 | വായന ശാലമുറി |
| 5 | കുടുംബക്ഷേമകേന്ദ്രം കോട്ടയം എരുവട്ടി | ,, | VIII | 1956 | 1 | സ്വന്തം |
| 6 | ബാലവാടി (പൈക്കാട്) | മാതൃശിശു സംരക്ഷണം | V | | 2 | സ്വന്തം |
| 7 | കുടുംബക്ഷേമവിദ്യാഭ്യാസകേന്ദ്രം (കൂവ്വപ്പാടി) | കുടുംബക്ഷേമ വിദ്യാഭ്യാസം | III | 1996 | 3 | സ്വന്തം |

## ശുചിത്വം

വ്യവസായ വൽക്കരണം വളരെ കുറഞ്ഞ ഒരു പഞ്ചായത്താണ് നമ്മുടേത് എന്നതുകൊണ്ട് പരിസരമലിനീകരണം ഗുരുതരമല്ല. പവർലൂമുകളിലെ ചായം മുക്കിയ അഴുക്കുവെള്ളം തോടുകളിലേക്കും മറ്റും ഒഴുക്കി വിടുന്നതിനാൽ പരിസരത്തുള്ള കിണറുകളിലെ ജലം മലിനമായി വരുന്നു. ഹോട്ടലുകൾ, വീടുകൾ എന്നിവയിൽ നിന്ന് അഴുക്കുവെള്ളം റോഡരുകിലേക്കും മറ്റും വിടുന്നത് മലിനീകരണത്തിന് കാരണമാവുന്നുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ എല്ലാ പ്രധാന കവലകളിലും മത്സ്യം, മാംസം എന്നിവ വിൽപന നടന്നു വരുന്നുണ്ട്. ഈ പ്രദേശങ്ങളിലെല്ലാം തന്നെ അഴുക്കു വെള്ളവും ഇവയുടെ അവശിഷ്ടങ്ങളും കെട്ടിനിൽക്കുന്നത് പരിസരമലിനീകരണത്തിന് പ്രധാന കാരണമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, പലചരക്കുകടകൾ, മറ്റു ഭക്ഷണപദാർഥങ്ങൾ വിൽക്കുന്ന കടകൾ എന്നിവ നിലവിൽ പരിശോധിക്കുന്ന സമ്പ്രദായം വളരെ കുറവാണ്. വീട്ടുമുറ്റത്തും കച്ചവടസ്ഥാപനങ്ങളിലെ മുൻവശങ്ങളിലും മാലിന്യങ്ങൾ വലിച്ചെറിയുന്ന പതിവാണ് ഇന്ന് പൊതുവെ കണ്ടുവരുന്നത്. ഈച്ച, കൊതുക്, തെരുവുനായകൾ എന്നിവയുടെ ശല്യം പഞ്ചായത്തിനകത്ത് വർദ്ധിച്ചു വരികയാണ്. പഞ്ചായത്തിലെ ഒരു പ്രദേശത്ത് പൊതു വിസർജ്ജനസൗകര്യങ്ങൾ ഒന്നും തന്നെ ഇല്ല. റോഡരുകിലും മറ്റും മൂത്രവിസർജ്ജനം ചെയ്യുന്നത് പൊതുജനങ്ങളുടെ ആരോഗ്യത്തിന് വളരെയധികം ദോഷകരമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലെയും മൂത്രപ്പുരകൾ വേണ്ട രീതിയിൽ വൃത്തിയാക്കാറില്ല എന്നതും എടുത്തു പറയേണ്ട ഒരു കാര്യമാണ്.

ആരോഗ്യവകുപ്പ് വഴി നടപ്പിലാക്കുന്ന പ്രധാനപ്പെട്ട സ്കീമുകൾ താഴെ പറയുന്നവയാണ്.

1.ദേശീയ കുടംബക്ഷേമ പരിപാടി

2.ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി

3.ദേശീയ മലമ്പനിനിർമ്മാർജ്ജന പരിപാടി.

4. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി.

5. ദേശീയ അന്ധതാ നിവാരണ പരിപാടി.

6. വയറിളക്കരോഗനിയന്ത്രണ പരിപാടി.

7. ദേശീയ ശിശു അതിജീവന, സുരക്ഷിത മാതൃത്വ പരിപാടി.

ആരോഗ്യ കേന്ദ്രങ്ങൾ വഴി ഇത്തരം നിരവധി രോഗപ്രതിരോധ പരിപാടികളും ബോധവത്കരണ പ്രവർത്തനങ്ങളും സർക്കാർ നടത്താൻ ശ്രമിക്കുന്നുണ്ടെങ്കിൽകൂടി പൊതുജനആരോഗ്യ കേന്ദ്രങ്ങളിൽ പോകാൻ പൊതുവെ ഇവർ വൈമുഖ്യം കാണിക്കുന്നതാണ് നമ്മുടെ പഞ്ചായത്തിലെയും പൊതുസ്ഥിതി. ഗൾഫ് പണത്തിന്റെ സ്വാധീനം കാരണം നക്ഷത്ര ആശുപത്രികളെ

ആശ്രയിക്കുന്ന രീതിയിലാണ് സാധാരണക്കാരും സ്വകാര്യ ആശുപത്രികളിലേക്ക് നീങ്ങുന്നത്. ഈ സ്ഥിതി മാറ്റിയെടുക്കാൻ ബോധപൂർവ്വമായ ഇടപെടൽ സ്കൂളുകൾ, സന്നദ്ധസംഘടനകൾ എന്നിവ വഴി നടത്തേണ്ടതായിട്ടുണ്ട്

## പ്രശ്നങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ ഒരു പ്രദേശത്തും അംഗനവാടികൾ നിലവിലില്ല.

2. പഞ്ചായത്തിൽ ഒരു പൊതുശ്മശാനമില്ല.

3. പഞ്ചായത്തിലെ ഒരു പ്രദേശത്തും പൊതു വിസർജ്ജനസൗകര്യമില്ല.

4. കിണറുകളിലെ ജലം ക്ലോറിനേറ്റ്ചെയ്യുന്ന പതിവില്ല.

5. പഞ്ചായത്തിലെ പ്രധാനകവലകൾ ശുചിയാക്കുന്ന പതിവ് നിലവിലില്ല.

6. ഹോട്ടലുകൾ, ഭക്ഷണപദാർത്ഥങ്ങൾ വിൽപന നടത്തുന്ന കടകൾ എന്നിവയിൽ ഭക്ഷണപദാർത്ഥങ്ങൾ അപൂർവ്വമായേ പരിശോധിക്കാറുള്ളൂ.

7. പൂളബസാറിലുള്ള മിനി പി. എച്ച്. സി. ക്ക് സ്വന്തമായി കെട്ടിടമോ മറ്റു സൗകര്യങ്ങളോ ഒന്നുംതന്നെ ഇല്ല.

8. പി. എച്ച്. സി. പഞ്ചായത്തിന്റെ ഒരറ്റത്താണ് സ്ഥിതിചെയ്യുന്നത്.

9. 4, 5, 6, വാർഡുകൾ കേന്ദ്രീകരിച്ചുള്ള കുടുംബക്ഷേമകേന്ദ്രത്തിന് സ്വന്തമായി കെട്ടിടമില്ല.

10. കയനാടത്ത് പ്രവൃത്തിക്കുന്ന കുടുംബക്ഷേമകേന്ദ്രം വൈദ്യുതീകരിച്ചിട്ടില്ല.

11. കയനായം, തള്ളോട്, എന്നീ പ്രദേശങ്ങളിൽ പ്രവൃത്തിക്കുന്ന കുടുംബക്ഷേമകേന്ദ്രങ്ങളിൽ രാത്രികാലങ്ങളിൽ ആരോഗ്യപ്രവർത്തകർ താമസിക്കാറില്ല.

12. പൂളബസാറിലുള്ള പി. എച്ച. സിയിൽ രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 12 മണിവരെ മാത്രമേ ഡോക്ടറുടെ സേവനം ലഭിക്കാറുള്ളൂ.

13. പി. എച്ച്. സിയിൽ നിന്നും ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല.

14. ആരോഗ്യകേന്ദ്രങ്ങളിൽ വരാറുള്ള മരുന്നുകൾ സമയപരിധി അടുത്തുവയാവുന്നത് കൊണ്ട് വിതരണം ചെയ്യാൻ കഴിയാതെ പാഴായി പോകുന്നു.

15. ഹെൽത്ത് വർക്കർമാർ മുഴുവൻ വീടുകളും കയറി പ്രവർത്തനം നടത്താറില്ല.

16. പി. എച്ച്. സിയിൽ ഒരു ഡോക്ടറുടെ സേവനം മാത്രമേ ലഭിക്കാറുള്ളൂ.

17. കോട്ടയം പൊയിൽ പ്രവൃത്തിക്കുന്ന ഗവ:ആയൂർവ്വേദ ഡിസ്പൻസറിക്ക് സ്വന്തം കെട്ടിടമില്ല.

18. ആയുർവ്വേദ ഡിസ്പൻസറിയിൽ ആവശ്യമായ മരുന്നിന്റെ പകുതിമാത്രമേ ലഭിക്കുന്നുള്ളൂ.

19. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും രക്തഗ്രൂപ്പ് നിർണ്ണയം നടത്തിയിട്ടില്ല.

20. തെരുവുനായകൾ, കൊതുക്, ഈച്ച എന്നിവയെ നശിപ്പിക്കാനുള്ള പ്രവർത്തനം വേണ്ട രീതിയിൽ നടക്കാറില്ല.

21. പൂളബസാറിലുള്ള പഞ്ചായത്ത് മിനിസ്റ്റേഡിയം ഒരറ്റത്തായതിനാൽ കായികപരിശീലനവും മറ്റും നടത്താൻ ഭൂരിപക്ഷം ആളുകൾക്കും കഴിയാറില്ല.

22. സ്കൂൾവിദ്യാർത്ഥികൾ, സ്ത്രീകൾ എന്നിവരുടെ ആരോഗ്യബോധവത്കരണ ക്ലാസുകൾ വേണ്ടരീതിയിൽ നടക്കാറില്ല.

23. പാൻപരാഗ്, ഹാൻസ് എന്നിവയുടെ ഉപയോഗം സ്കൂൾവിദ്യാർത്ഥികളിൽ പോലും വ്യാപിച്ചുകിടക്കുന്നു.

## സാധ്യതകൾ

1. ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ കുറിച്ചും മറ്റും വ്യാപകമായ ബോധവത്കരണം നടത്താവുന്നതാണ്.

2. പഞ്ചായത്തിലെ എല്ലാവാർഡുകളിലും അംഗൻവാടികൾ തുടങ്ങാവുന്നതാണ്.

3. കക്കൂസ് നിലവിലില്ലാത്ത വീട്ടുകാർക്ക് ധനസഹായവും മറ്റും നൽകാവുന്നതാണ്.

4. പഞ്ചായത്തിലെ പ്രധാനപ്പെട്ട കവലകൾ ശുചിയാക്കാൻ ഒരു ജീവനക്കാരനെ നിയമിക്കാവുന്നതാണ്.

5. കമ്പോസ്റ്റ് കുഴി വ്യാപിപ്പിക്കാൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

6. തെരുവ്നായകളെ പിടിച്ച് നശിപ്പിക്കാൻ പഞ്ചായത്തുതലത്തിൽ ക്ലബ് പ്രവർത്തകർക്ക് പരിശീലനം നൽകാവുന്നതാണ്

7. പഞ്ചായത്തിൽ ഒരു പൊതുസ്മശാനം സ്ഥാപിക്കേണ്ടതാണ്

8. പഞ്ചായത്തിന്റെ രണ്ട് പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ, മാംസ മാർക്കറ്റുകൾ സ്ഥാപിക്കാവുന്നതാണ്

9. പഞ്ചായത്തിന്റെ രണ്ട് പ്രധാനകേന്ദ്രങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കാവുന്നതാണ്.

10. ഭക്ഷണപദാർത്ഥങ്ങൾ വില്പന നടത്തുന്ന കടകളിൽ മാസത്തിൽ ഒരിക്കലെങ്കിലും പരിശോധന നടത്താവുന്നതാണ്.

11. മൂന്ന്മാസത്തിലൊരിക്കലെങ്കിലും കിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യാൻ പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്.

12. കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് സ്വന്തമായി കെട്ടിടവും വൈദ്യുതീകരണവും നടത്തേണ്ടതുണ്ട്.

13. പി. എച്ച്. സി., ഗവ: ആയുർവ്വേദ ആശുപത്രി എന്നിവയ്ക്ക് കിടത്തി ചികിത്സിക്കാനാവശ്യമായ കെട്ടിടവും സൗകര്യങ്ങളും നല്കാവുന്നതാണ്.

14. ഔഷധച്ചെടികളും, പച്ചക്കറികളും വ്യാപകമായി കൃഷിചെയ്യിക്കാൻ പരിപാടികൾ നടത്താവുന്നതാണ്.

15. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും രക്ത ഗ്രൂപ്പ് നിർണ്ണയവും മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കാവുന്നതാണ്.

16. പഞ്ചായത്തിൽ നിലവിലുള്ള ക്ലബുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് എല്ലാവാർഡുകളിലും ഹെൽത്ത് ക്ലബുകൾ രൂപീകരിക്കുകയും ആരോഗ്യപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താവുന്നതുമാണ്.

# 6

# വിദ്യാഭ്യാസം

കോട്ടയം പഞ്ചായത്തിൽ ഒമ്പതു വാർഡുകളിലായി 14 സ്കൂളുകളാണുളളത്. 12 എൽ. പി. സ്കൂളുകളും ഒരു യു. പി. സ്കൂളുകളും, ഒരു ഹൈസ്കൂളും മാത്രമാണ് ഒരേയൊരു സർക്കാർ സ്കൂൾ. ബാക്കിയുള്ളവയെല്ലാം എയ്ഡഡ് സ്കൂളുകളാണ്. അൺ എയിഡഡ് സ്കൂൾ ഒന്നുപോലും ഈ പഞ്ചായത്തിൽ നിലവിലില്ല. എങ്കിലും കൂത്തുപറമ്പ്, തലശ്ശേരി, പാനൂർ തുടങ്ങിയ പട്ടണങ്ങളിലെ അൺഎയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കോട്ടയം പഞ്ചായത്തിലെ ഇടത്തരം സമ്പന്ന കുടുംബങ്ങളിലെ കുട്ടികളെ ധാരാളമായി ആകർഷിക്കുന്നു. ഇത്തരം സ്കൂളുകൾ തേടുപോകുന്നവരുടെ എണ്ണം വർഷംതോറും കൂടിവരുന്ന പ്രവണതയാണ് കാണുന്നത്.

പഞ്ചായത്തിൽ ഒരു എൽ. പി. സ്കൂളെങ്കിലും ഇല്ലാത്ത ഒരു വാർഡുമില്ല. 2,3,8 എന്നീ വാർഡുകളിൽ രണ്ടുവീതം എൽ. പി. സ്കൂളുകളും ആറാം വാർഡിൽ രണ്ട് എൽ. പി. സ്കൂളുകളും ആറാം വാർഡിൽ രണ്ട് എൽ. പി. സ്കൂളുകളും ആറാം വാർഡിൽ രണ്ട് എൽ. പി. സ്കൂളുകളും ഒരു യു. പി. സ്കൂളും പ്രവർത്തിക്കുന്നുണ്ട്. നാലാം വാർഡിൽ എൽ. പി, യു. പി. വിഭാഗങ്ങളുള്ള ഒരു സർക്കാർ ഹൈസ്കൂളാണുള്ളത്. ഇതിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിന് കോട്ടയം പഞ്ചായത്തിലെ കുട്ടികൾക്ക് നിലവിൽ വലിയ പ്രയാസങ്ങൾ നേരിടുന്നില്ലെന്ന് കാണാം.

പഞ്ചായത്തിലെ 14 സ്കൂളുകളിൽ ആകെ 2353 കുട്ടികളാണുള്ളത്. ഇതിൽ 1174 ആൺകുട്ടികളും 1179 പെൺകുട്ടികളുമാണ്. പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ആൺ, പെൺ അനുപാതം തുല്ല്യമാണെന്നുതന്നെ പറയാം. വർഷംതോറും കുട്ടികളുടെ എണ്ണം സ്കൂളുകളിൽ കുറഞ്ഞുവരുന്നുഎന്നത് പ്രകടമായ ഒരു പ്രവണതയാണ്. നിലവിലുള്ള പന്ത്രണ്ട് എൽ. പി. സ്കൂളുകൾ ഒമ്പതെണ്ണവും അൺ ഇക്കണോമിക്ക് ഭീഷണിയെ അഭിമുഖീകരിക്കുന്നവയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 13 ആൺകുട്ടികളും 7 പെൺകുട്ടികളും ഈ പഞ്ചായത്തിൽ അധ്യയനം നടത്തുന്നു.

കോട്ടയം പഞ്ചായത്തിലെ 14 സ്കൂളുകളിലുമായി ഒന്നാം തരം മുതൽ പത്താം തരം വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള കണക്ക് സൂചിപ്പിക്കുന്നത് വർഷംതോറും സ്കൂളുകളിൽ പ്രവേശനം തേടുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുന്നുണ്ടെന്നാണ്. ഈ അധ്യയന വർഷത്തിൽ നാലാം തരത്തിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം 360 ആണെങ്കിൽ ഒന്നാം തരത്തിൽ ഈ വർഷം പ്രവേശനം നേടിയിട്ടുള്ള കുട്ടികളുടെ എണ്ണം 294 മാത്രമാണ്. ഇതിൽ നാലാം തരത്തിൽ 169 ആൺകുട്ടികളും 191 പെൺകുട്ടികളും ആണെങ്കിൽ ഒന്നാം തരത്തിൽ ആൺകുട്ടികളുടെ എണ്ണം 53ഉം പെൺകുട്ടികളുടെ എണ്ണം 143 ഉം ആണ്. ഈ കണക്കിൽനിന്നും കഴിഞ്ഞ നാല് വർഷത്തിനിടയിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വന്നിട്ടുള്ള വ്യത്യാസം വ്യക്തമാക്കുന്നു. മാത്രമല്ല നാല് വർഷം മുൻപ് വിദ്യാർത്ഥികളുടെ ആൺപെൺ അനുപാത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെക്കാൾ 22 കൂടുതലായിരുന്നുവെങ്കിൽ 1996 97 അധ്യയന വർഷത്തിൽ ആൺ പെൺ അനുപാതത്തിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളേക്കാൾ 12 കുറവാണെന്ന് കാണാം. ഇത് ഗൗരവമായി കണക്കിലെടുത്ത് വിശകലനവിധേയമാക്കേണ്ടതാണ്. പട്ടിക 2 കാണുക

രണ്ടുവർഷം മുമ്പ് 199293 അദ്ധ്യയനവർഷത്തിൽ നാലാം വാർഡിൽ കോട്ടയം എൽ. പി. സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണക്കുറവുകാരണം സർക്കാർ അൺ ഇക്കണോമിക്കായി പ്രഖ്യാപിക്കുകയും അംഗീകാരം പിൻവലിക്കുകയും ചെയ്തു. ജനനനിരക്കിൽ വന്ന കുറവ് സ്കൂളുകളിൽ കുട്ടികളുടെ കുറവിനുള്ള പ്രധാന കാരണമാണ്. അതുപോലെ ധാരാളം കുട്ടികൾ പട്ടണങ്ങളിലെ ഇംഗ്ലീഷ് മീഡിയം അൺ എയിഡഡ് സ്കൂളുകൾ തേടിപോകുന്നുണ്ട്. കൂടാതെ മറ്റു പഞ്ചായത്തുകളിലെ സ്കൂളുകളിലേക്കും കുട്ടികൾ പോകുന്നു. ഇതെല്ലാം പഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികൾ കുറയുവാൻ കാരണമായിട്ടുണ്ട്.

പഞ്ചായത്തിലെ സ്കൂളുകളിൽ ആകെ 120 അദ്ധ്യാപികാ അദ്ധ്യാപകരാണുള്ളത്. അതിൽ 60 അദ്ധ്യാപകൻമാരും 60 അദ്ധ്യാപികമാരും ആണ്. വിദ്യാർത്ഥികളെപോലെ അദ്ധ്യാപിക അദ്ധ്യാപകരുടെ സ്ത്രീപുരുഷാനുപാതം തികച്ചും തുല്യമാണെന്ന് കാണാം. (പട്ടിക 3)

പഞ്ചായത്തിന്റെ കീഴിൽ കൂവ്വപ്പാടിയിലുള്ള ഒരു ശിശു മന്ദിരവും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തള്ളോട് ഒരു ബാലവാടി പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സ്വകാര്യ വ്യക്തിയുടെ കീഴിലുള്ള ഒരു നഴ്സറിയും കുന്നിനുമീത്തൽ എൽ. പി. സ്കൂളിനോട് ചേർന്നു പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഒന്നിനും തന്നെ ആവശ്യമായ കളിക്കോപ്പുകളോ മറ്റു ഉപകരണങ്ങളോ ഇല്ല.

# കുട്ടികളുടെ എണ്ണം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | വാർഡ് നമ്പർ | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | എസ്. സി. / എസ്. ടി കുട്ടികൾ | | | തോറ്റ് പഠിക്കുന്നവർ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | മൗവ്വേരി മാപ്പിള എൽ. പി. സ്കൂൾ | I | എയിഡഡ് | 52 | 65 | 117 | | | | 2 | 3 | 5 | | | |
| 2 | കിണവക്കൽ എൽ. പി | II | എയിഡഡ് | 67 | 44 | 111 | | | | 4 | | 4 | | | |
| 3 | ഓലായിക്കര നോർത്ത എൽ. പി. | II | എയിഡഡ് | 70 | 83 | 153 | 2 | 1 | 3 | 6 | 3 | 9 | | | |
| 4 | കുവ്വപ്പാടി മാപ്പിള എൽ. പി | III | എയിഡഡ് | 64 | 54 | 118 | | | | 3 | 5 | 8 | | | |
| 5 | ഓലായിക്കരസൗത്ത് എൽ. പി | III | എയിഡഡ് | 61 | 69 | 130 | | | | 5 | 6 | 11 | | | |
| 6 | തള്ളോട് എൽ. പി | V | എയിഡഡ് | 34 | 30 | 64 | | | | | | | | | |
| 7 | എരുവട്ടി ഈസ്റ്റ് എൽ. പി | VI | എയിഡഡ് | 31 | 37 | 68 | | | | 1 | 1 | 2 | | | |
| 8 | കാനത്തും ചിറ എൽ. പി | VI | എയിഡഡ് | 25 | 31 | 56 | 1 | | 1 | 2 | 1 | 3 | | | |
| 9 | കുന്നിനുമീത്തൽ എൽ. പി | VII | എയിഡഡ് | 59 | 61 | 120 | | | | 2 | 1 | 3 | | 1 | 1 |
| 10 | എരുവട്ടി സൗത്ത് എൽ. പി | VIII | എയിഡഡ് | 38 | 65 | 103 | | 1 | 1 | 1 | 4 | 5 | | | |
| 11 | എരുവട്ടി എൽ. പി | VIII | എയിഡഡ് | 52 | | 52 | | | | 2 | | 2 | | | |
| 12 | എരുവട്ടി വെസ്റ്റ് എൽ. പി | IX | എയിഡഡ് | 53 | 48 | 101 | | | | 4 | 2 | 6 | | | |
| 13 | എരുവട്ടി യു. പി. | VI | എയിഡഡ് | 135 | 134 | 269 | | 2 | 2 | 12 | 8 | 20 | 6 | 5 | 11 |
| 14 | ജി. എച്ച് എസ് കോട്ടയം മലബാർ | IV | സർക്കാർ | 433 | 458 | 891 | 10 | 3 | 13 | 42 | 31 | 73 | 4 | 1 | 5 |
| ആകെ | | | | 1174 | 1179 | 2353 | 13 | 7 | 20 | 89 | 68 | 157 | 10 | 7 | 17 |

# ക്ലാസ്തിരിച്ചുള്ള കുട്ടികളുടെ കണക്ക്

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ഒന്നാംതരം | | രണ്ടാംതരം | | മൂന്നാം തരം | | നാലാം തരം | |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | മൗവ്വേരി മാപ്പിള എൽ. പി. സ്കൂൾ | 11 | 11 | 9 | 11 | 9 | 12 | 23 | 31 |
| 2 | കിണവക്കൽ എൽ. പി | 15 | 11 | 13 | 6 | 13 | 10 | 7 | 11 |
| 3 | ഓലായിക്കര നോർത്ത എൽ. പി. | 16 | 9 | 10 | 14 | 9 | 14 | 22 | 30 |
| 4 | കൂവ്വപ്പാടി മാപ്പിള എൽ. പി | 15 | 15 | 20 | 13 | 15 | 15 | 14 | 11 |
| 5 | ഓലായിക്കരസൗത്ത് എൽ. പി | 9 | 16 | 8 | 14 | 10 | 13 | 17 | 12 |
| 6 | തള്ളോട് എൽ. പി | 11 | 6 | 8 | 5 | 8 | 10 | 7 | 9 |
| 7 | എരുവട്ടി ഈസ്റ്റ് എൽ. പി | 7 | 11 | 7 | 8 | 9 | 9 | 8 | 9 |
| 8 | കാനത്തും ചിറ എൽ. പി | 5 | 5 | 8 | 10 | 5 | 9 | 7 | 7 |
| 9 | കുന്നിനുമീത്തൽ എൽ. പി | 11 | 8 | 15 | 13 | 11 | 14 | 9 | 13 |
| 10 | എരുവട്ടി സൗത്ത് എൽ. പി | 5 | 15 | 5 | 15 | 8 | 13 | 3 | 6 |
| 11 | എരുവട്ടി എൽ. പി | 14 | | 14 | | 14 | | 10 | |
| 12 | എരുവട്ടി വെസ്റ്റ് എൽ. പി | 12 | 8 | 16 | 8 | 17 | 14 | 8 | 18 |
| 13 | എരുവട്ടി യു. പി. | 6 | 6 | 5 | 9 | 6 | 10 | 6 | 9 |
| 14 | ജി. എച്ച് എസ് കോട്ടയം മലബാർ | 16 | 20 | 14 | 17 | 19 | 16 | 28 | 25 |
| | ആകെ ആൺ/ പെൺ | 153 | 141 | 152 | 143 | 153 | 159 | 169 | 191 |
| ഓരോ ക്ലാസിലെയും ആകെ കുട്ടികൾ | | 294 | | 295 | | 312 | | 360 | |

| ക്രമനമ്പർ | സ്കൂളിന്റെ പേര് | അഞ്ചാംതരം | | ആറാംതരം | | ഏഴാംതരം | | എട്ടാംതരം | | ഒമ്പതാംതരം | | പത്താംതരം | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | |
| 1 | മൗവ്വേരി മാപ്പിള എൽ. പി. സ്കൂൾ | | | | | | | | | | | | | 117 |
| 2 | കിണവക്കൽ എൽ. പി | 19 | 6 | | | | | | | | | | | 111 |
| 3 | ഓലായിക്കര നോർത്ത എൽ. പി. | 13 | 16 | | | | | | | | | | | 153 |
| 4 | കൂവ്വപ്പാടി മാപ്പിള എൽ. പി | | | | | | | | | | | | | 118 |
| 5 | ഓലായിക്കരസൗത്ത് എൽ. പി | 17 | 14 | | | | | | | | | | | 130 |
| 6 | തള്ളോട് എൽ. പി | | | | | | | | | | | | | 64 |
| 7 | എരുവട്ടി ഈസ്റ്റ് എൽ. പി | | | | | | | | | | | | | 68 |
| 8 | കാനത്തും ചിറ എൽ. പി | | | | | | | | | | | | | 56 |
| 9 | കുന്നിനുമീത്തൽ എൽ. പി | 13 | 13 | | | | | | | | | | | 120 |
| 10 | എരുവട്ടി സൗത്ത് എൽ. പി | 17 | 16 | | | | | | | | | | | 103 |
| 11 | എരുവട്ടി എൽ. പി | | | | | | | | | | | | | 52 |
| 12 | എരുവട്ടി വെസ്റ്റ് എൽ. പി | | | | | | | | | | | | | 101 |
| 13 | എരുവട്ടി യു. പി. | 27 | 30 | 42 | 39 | 43 | 31 | | | | | | | 269 |
| 14 | ജി. എച്ച് എസ് കോട്ടയം മലബാർ | 37 | 42 | 49 | 55 | 67 | 78 | 67 | 79 | 77 | 70 | 59 | 56 | 891 |
| | ആകെ ആൺ/ പെൺ | 143 | 137 | 91 | 94 | 110 | 109 | 67 | 79 | 77 | 70 | 59 | 56 | 2353 |
| ഓരോ ക്ലാസിലെയും ആകെ കുട്ടികൾ | | 280 | | 185 | | 219 | | 146 | | 147 | | 115 | | 2353 |

# അദ്ധ്യാപകരുടെ എണ്ണം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| 1 | മൗവ്വേരി മാപ്പിള എൽ. പി. സ്കൂൾ | 2 | 5 | 7 |
| 2 | കിണവക്കൽ എൽ. പി | 5 | 2 | 7 |
| 3 | ഓലായിക്കര നോർത്ത എൽ. പി. | 5 | 2 | 7 |
| 4 | കൂവ്വപ്പാടി മാപ്പിള എൽ. പി | 3 | 2 | 5 |
| 5 | ഓലായിക്കരസൗത്ത് എൽ. പി | 1 | 5 | 6 |
| 6 | തള്ളോട് എൽ. പി | 1 | 3 | 4 |
| 7 | എരുവട്ടി ഈസ്റ്റ് എൽ. പി | 3 | 2 | 5 |
| 8 | കാനത്തും ചിറ എൽ. പി | 3 | 2 | 5 |
| 9 | കുന്നിനുമീത്തൽ എൽ. പി | 3 | 4 | 7 |
| 10 | എരുവട്ടി സൗത്ത് എൽ. പി | 2 | 4 | 6 |
| 11 | എരുവട്ടി എൽ. പി | 1 | 3 | 4 |
| 12 | എരുവട്ടി വെസ്റ്റ് എൽ. പി | 3 | 2 | 5 |
| 13 | എരുവട്ടി യു. പി. | 6 | 8 | 14 |
| 14 | ജി. എച്ച് എസ് കോട്ടയം മലബാർ | 22 | 16 | 38 |
| | ആകെ | 60 | 60 | 120 |

സാംസ്കാരിക സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് തുടർസാക്ഷരതയുടെ ഭാഗമായുള്ള ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അവയുടെ പ്രവർത്തനം കേവലം ബോർഡുകളിൽ ഒതുങ്ങിയിരിക്കുകയാണ്.

## ഭൗതികസാഹചര്യങ്ങൾ

പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളിൽ ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം രണ്ടര സെന്റും ഏറ്റവും കൂടിയ വിസ്തീർണ്ണം ഇരുപത്തിയഞ്ച് സെന്റും ആണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആയ കോട്ടയം ഗവൺമന്റ് ഹൈസ്കൂളിന് നൂറ്റിനാല്പത്തിഏഴ് സെന്റ് സ്ഥലവും ഉണ്ട്. ഒറ്റ സ്കൂളിനും ആവശ്യമായ കളിസ്ഥലം ഇല്ല എന്നത് ദുഃഖകരമായ ഒര് വസ്തുതയാണ്. പഞ്ചായത്തിലെ അഞ്ച് സ്കൂളുകൾക്ക് പേരിനുപോലും കളിസ്ഥലമില്ല. പഞ്ചായത്തിൽ ഒൻപത് സ്കൂളുകളിൽ കുട്ടികൾക്ക് നിലവിൽ കുടിവെള്ള സൗകര്യമില്ല. ആറ് സ്കൂളുകൾക്ക് പാചകമുറിയില്ല. പാചകമുറി ഉള്ളവതന്നെ താത്കാലികം മാത്രമാണ്. (പട്ടിക 4)

മിക്കസ്കൂളുകൾക്കും ഓഫീസ് മുറിയും സ്റ്റാഫ് മുറിയും ഇല്ല. എല്ലാ സ്കൂളുകളിലും ലൈബ്രറി പുസ്തകങ്ങൾ ഉണ്ട്. ലബോറട്ടറി സൗകര്യം കോട്ടയം പഞ്ചായത്തിലെ സ്കൂളുകളിലൊന്നിലും ലഭ്യമല്ല. കോട്ടയം ഗവൺമന്റ് ഹൈസ്കൂൾ ഒഴികെ മറ്റ് സ്കൂളുകളൊന്നും വൈദ്യുതീകരിച്ചിട്ടില്ല. അഞ്ച് സ്കൂളുകൾക്ക് മൂത്രപ്പുരയില്ല. ഉള്ള സ്കൂളുകൾക്കുതന്നെ പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ. എരുവട്ടി യു. പി. യിലും കോട്ടയം ഗ്രാമപഞ്ചായത്തിലെ എല്ലാസ്കൂളുകളിലും, കോട്ടയം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും റേഡിയോവും ടേപ്പ് റിക്കോർഡറും ഉണ്ടെങ്കിലും മേപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ തുടങ്ങിയ പഠനോപകരണങ്ങൾ വേണ്ടത്ര ഒരിടത്തും ഇല്ല. ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ തികഞ്ഞ അപര്യാപ്തത നിലനിൽക്കുന്നുവെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത നേടിയ പഞ്ചായത്താണ് നമ്മുടെതെന്ന് പറയാം.

## പഠനനിലവാരം

199697 അദ്ധ്യയന വർഷത്തിലെ പാദവാർഷിക പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ പഠനനിലവാരം പരിശോധിച്ചതിൽ വിദ്യാർത്ഥികളുടെ പഠനനിലവാരം ഒട്ടും തൃപ്തികരമല്ലെന്നാണ് കാണുന്നത്. (പട്ടിക 5 കാണുക) മൂന്നാം തരം മുതൽ പത്താം തരം വരെയുള്ള വിദ്യാർത്ഥികളുടെ ആകെ എണ്ണം 1764 ആണ്. അതിൽ 511 വിദ്യാർത്ഥികൾ 30 ശതമാനത്തിൽ താഴെ മാത്രം മാർക്ക് നേടിയിട്ടുള്ളവരാണ്. 30 മുതൽ 40 ശതമാനംവരെ മാർക്ക് നേടിയവരുടെ എണ്ണം 315 ഉം 50 മുതൽ 60 ശതമാനം വരെ മാർക്ക്നേടിയവർ 273 ഉം ആണ്. 329പേർ മാത്രമാണ് 60 ശതമാനത്തിനുമുകളിൽ മാർക്ക് നേടിയിട്ടുള്ളത്. (പട്ടിക.5)

ഇത്തരത്തിൽ കുട്ടികളുടെ പൊതുനിലവാരം പരിശോധിച്ചാൽ 30 ശതമാനത്തിനുതാഴെ മാർക്ക് വാങ്ങിയ കുട്ടികൾ 28 ശതമാനവും 30 നും 40 നും ഇടയിൽ 19 ശതമാനവും 50 നും 60 നും ഇടയിൽ 15 ശതമാനവും 60 ശതമാനത്തിനുമുകളിൽ 19 ശതമാനവുമാണെന്നാണ് വ്യക്തമാകുന്നത്. നാലാംതരത്തിൽ 360 കുട്ടികളിൽ 117 പേരാണ് 60 ശതമാനത്തിന് മുകളിൽ മാർക്ക് നേടിയിട്ടുള്ളത്. അതായത് 33 ശതമാനം എന്നാൽ പത്താംതരത്തിലെ 115 കുട്ടികളിൽ 60 ശതമാനത്തിനുമുകളിൽ മാർക്ക് നേടിയവരുടെ എണ്ണം കേവലം ആറ് മാത്രമാണ്. അതായത് വെറും അഞ്ച് ശതമാനം മാത്രം. ഈ പ്രവണത സൂചിപ്പിക്കുന്നത് ഉയർന്ന ക്ലാസുകളിലേക്ക് പോകുന്തോറും കുട്ടികളുടെ പഠനനിലവാരം കീഴ്പ്പോട്ടുവരുന്നു എന്നാണ്. എന്തുകൊണ്ട് ഈ പ്രവണത നിലനിൽക്കുന്നു എന്ന് പരിശോധിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കോട്ടയം ഗവൺമന്റ് ഹൈസ്കൂളായ കോട്ടയം ഗവൺമന്റ് ഹൈസ്കൂളിന്റെ ൦. ൦. ഹ. ര പൊതുപരീക്ഷയുടെ വിജയനിലവാരവും ഒട്ടും തൃപ്തികരമല്ല. കഴിഞ്ഞ അഞ്ചുവർഷത്തെ കോട്ടയം ഗവൺമന്റ് ഹൈസ്കൂളിന്റെ SSLC വിജയശതമാനം പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.

സ്കൂളുകളിൽനിന്നു ലഭിച്ച ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് 199596 അധ്യയന വർഷത്തിൽ പഞ്ചായത്തിലെ സ്കൂളുകളിൽ മെറിറ്റ് സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ ആകെ എണ്ണം കേവലം ആറ് മാത്രമാണ്. മെറിറ്റ് സ്കോളർഷിപ്പിന് പുറമെ ലംസം ഗ്രാന്റ്, മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്, വികലാംഗസ്കോളർഷിപ്പ്, ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ബീഡിതൊഴിലാളി സ്കോളർഷിപ്പ്, മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് Sc/ST മെറിറ്റ് സ്കോളർഷിപ്പ് തുടങ്ങിയവയാണ് നിലവിൽ സ്കൂൾ തലത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പ്രധാന സ്കോളർഷിപ്പുകൾ. ഇതിൽ മുസ്ലീം ഗേൾസ് സ്കോളർഷിപ്പാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ലഭിച്ചിട്ടുള്ളത്. എന്നാൽ SC/ST വിഭാഗത്തിലുള്ള മെറിറ്റ് സ്കോളർഷിപ്പ് ലഭിക്കുന്ന ഒരേഒരു വിദ്യാർത്ഥി മാത്രമേ പഞ്ചായത്തിലുള്ളൂ. (പട്ടിക. 7)

# അക്കാദമിക ഭൗതിക സൗകര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം (സെന്റ്) | കളിസ്ഥലം (സെന്റ്) | കിണർ | പാചകപ്പുര | ഓഫീസ് റൂം | സ്റ്റാഫ് റൂം | ലൈബ്രറി | ലബോറട്ടറി | വൈദ്യുതി | മൂത്രപ്പുര | ഒരേസമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം | കക്കൂസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | മൗവ്വേരി മാപ്പിള എൽ. പി. സ്കൂൾ | 4 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | -- | ഇല്ല |
| 2 | കിണവക്കൽ എൽ. പി | 30 | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 3 | ഓലായിക്കര നോർത്ത എൽ. പി. | 18 | 9 | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, |
| 4 | കുവ്വപ്പാടി മാപ്പിള എൽ. പി | 5 | ഇല്ല | ഉണ്ട് | ഇല്ല | ,, | ,, | ,, | ,, | ,, | 1 | 5 | ,, |
| 5 | ഓലായിക്കരസൗത്ത് എൽ. പി | 2,5 | ,, | ,, | ,, | ഇല്ല | ,, | ,, | ,, | ,, | ഇല്ല | -- | ,, |
| 6 | തള്ളോട് എൽ. പി | -- | -- | ഇല്ല | ,, | ഉണ്ട് | ,, | ,, | ,, | ,, | 1 | 1 | ,, |
| 7 | എരുവട്ടി ഈസ്റ്റ് എൽ. പി | 15 | 4 | ഉണ്ട് | ,, | ഇല്ല | ,, | ,, | ,, | ,, | 1 | 5 | ,, |
| 8 | കാനത്തും ചിറ എൽ. പി | 23 | 20 | ,, | ,, | ,, | ,, | ,, | ,, | ,, | 2 | 20 | ,, |
| 9 | കുന്നിനുമീത്തൽ എൽ. പി | 25 | 15 | ഇല്ല | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | 2 | 6 | ,, |
| 10 | എരുവട്ടി സൗത്ത് എൽ. പി | 16 | 6 | ഉണ്ട് | ,, | ഇല്ല | ,, | ,, | ,, | ,, | 1 | 1 | ,, |
| 11 | എരുവട്ടി എൽ. പി | 15 | 5 | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | 1 | 1 | ,, |
| 12 | എരുവട്ടി വെസ്റ്റ് എൽ. പി | 2,5 | ഇല്ല | ഇല്ല | ഇല്ല | ,, | ,, | ,, | ,, | ,, | ഇല്ല | -- | ,, |
| 13 | എരുവട്ടി യു. പി. | 25 | 10 | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, | 1 | 8 | ഉണ്ട് |
| 14 | ജി. എച്ച് എസ് കോട്ടയം മലബാർ | 147 | 20 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ഉണ്ട് | ഉണ്ട് | 2 | 10 | ഉണ്ട് |

## കുട്ടികളുടെ പഠനനിലവാരം

| ക്ലാസ് | ആകെ കുട്ടികളുടെ എണ്ണം | 30 ശതമാനം വരെ മാർക്ക് നേടിയവർ. | 30 മുതൽ 40 ശതമാനം വരെ മാർക്ക് നേടിയവർ | 40 മുതൽ 50 ശതമാനം വരെ മാർക്ക് നേടിയവർ | 50 മുതൽ 60 ശതമാനം വരെ മാർക്ക് നേടിയവർ | 60 ശതമാനത്തിന് മുകളിൽ |
|---|---|---|---|---|---|---|
| മൂന്നാംതരം | 312 | 40 | 51 | 54 | 75 | 92 |
| നാലാംതരം | 360 | 37 | 48 | 73 | 85 | 117 |
| അഞ്ചാംതരം | 280 | 46 | 63 | 68 | 46 | 57 |
| ആറാംതരം | 185 | 71 | 35 | 47 | 14 | 18 |
| ഏഴാംതരം | 219 | 82 | 39 | 35 | 34 | 29 |
| എട്ടാംതരം | 146 | 83 | 38 | 16 | 3 | 6 |
| ഒമ്പതാംതരം | 147 | 82 | 38 | 12 | 11 | 4 |
| പത്താംതരം | 115 | 70 | 24 | 10 | 5 | 6 |
| ആകെ | 1764 | 511 | 336 | 315 | 273 | 329 |

## കോട്ടയം ജി. എച്ച്. എസ്സ്. ലെ എസ്. എസ്. എൽ. സി. വിജയശതമാനം

| വർഷം | പരീക്ഷഎഴുതിയവിദ്യാർത്ഥികളുടെ എണ്ണം | വിജയശതമാനം |
|---|---|---|
| 1991 – 92 | 119 | 29 |
| 1992 –93 | 124 | 24 |
| 1993 –94 | 126 | 30 |
| 1994 –95 | 107 | 23 |
| 1995 –96 | 113 | 26.5 |

# സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | മൽസ്യ തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | ബീഡി തൊഴിലാളികളുടെ കുട്ടികൾക്കുള്ള യൂനിഫോ | മെറിറ്റോറിയസ് സ്കോളർഷിപ്പ് ഫോർ എസ്.സി. എസ്.ടി. | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | മൗവ്വേരി മാപ്പിള എൽ. പി. സ്കൂൾ | | | | | | 2 | 1 | | | |
| 2 | കിണവക്കൽ എൽ. പി | | | 3 | | | 1 | | | | |
| 3 | ഓലായിക്കര നോർത്ത എൽ. പി. | | 3 | 5 | 3 | | 6 | | | | |
| 4 | കുവ്വപ്പാടി മാപ്പിള എൽ. പി | | | | 1 | | 2 | | | | |
| 5 | ഓലായിക്കരസൗത്ത് എൽ. പി | | | | 1 | | | | | | |
| 6 | തള്ളോട് എൽ. പി | | | | | | | | | | |
| 7 | ഏരുവട്ടി ഈസ്റ്റ് എൽ. പി | | | | | | | | | | |
| 8 | കാനത്തും ചിറ എൽ. പി | | 1 | | 2 | | | | | | |
| 9 | കുന്നിനുമീത്തൽ എൽ. പി | | | 2 | 2 | | | 1 | | | |
| 10 | ഏരുവട്ടി സൗത്ത് എൽ. പി | 1 | 2 | 3 | | | 4 | 2 | 4 | | |
| 11 | ഏരുവട്ടി എൽ. പി | | | | 2 | | 2 | | 8 | | |
| 12 | ഏരുവട്ടി വെസ്റ്റ് എൽ. പി | | | | 1 | | 7 | | | | |
| 13 | ഏരുവട്ടി യു. പി. | 3 | 2 | 17 | 4 | 2 | 6 | | 1 | 1 | |
| 14 | ജി. എച്ച് എസ് കോട്ടയം മലബാർ | 2 | 14 | 134 | 9 | | 1 | | | | |
| | ആകെ | 6 | 22 | 164 | 25 | 2 | 31 | 4 | 13 | 1 | |

## പാഠ്യേതര പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ മിക്ക സ്കൂളുകളുടെയും പാഠ്യേതര പ്രവർത്തനരംഗത്തെ പങ്കാളിത്തം കാര്യക്ഷമമല്ല. സബ്ജില്ലാതല കലാകായിക മത്സരങ്ങളിലും പ്രവർത്തി പരിചയ മേളകളിലും പഞ്ചായത്തിലെ സ്കൂളുകളുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്തിലെ ഏതാനും സ്കൂളുകൾ മാത്രമേ സബ്ജില്ലാതല മത്സരങ്ങളിൽ പോലും കുട്ടികളെ പങ്കെടുപ്പിക്കാറുള്ളൂ. പങ്കെടുക്കുന്നവരുടെ പ്രവർത്തനങ്ങൾതന്നെ സബ്ജില്ലാതലത്തിൽ ഒതുങ്ങുന്നു. 199596 അധ്യയന വർഷത്തിൽ പഞ്ചായത്തിലെ സ്കൂളുകൾക്ക് ലഭിച്ച അവാർഡ് വിവരമനുസരിച്ച് പ്രവൃത്തിപരിചയ മേളയിൽ 'സീഷെൽ വർക്ക' ഇനത്തിൽ ജില്ലാതലത്തിൽ 'ചിത്രരചനയിൽ' സംസ്ഥാന തലത്തിലും എരുവാറ്റി യു. പി. സ്കൂളിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. അതുപോലെ കോട്ടയം ഗവൺമന്റ് ഹൈസ്കൂളിന് 'സ്കൗട്ടആന്റ് ഗയിഡ്സിന്' സംസ്ഥാനതലത്തിൽ ഒരു 'രാഷ്ട്രപതി പുരസ്കാർ സേവാമെഡലും' ലഭിച്ചിട്ടുണ്ട്.

സ്കൂളുകളിലെ അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ പ്രവർത്തനം അവലോകനം ചെയ്തതിൽ നിന്ന് മിക്ക വിദ്യാലയങ്ങളിലെയും പി.ടി.എ.ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നാണ് മനസ്സിലാകുന്നത്. ഒരു ചടങ്ങെന്നമട്ടിൽ പേരിന് മാത്രമാണ് മിക്കസ്കൂളുകളിലും ഇങ്ങനെയൊരു സമിതി അപൂർവ്വമായെങ്കിലും വിളിച്ചു ചേർക്കുന്നത്. കുട്ടികളുടെ പഠനനിലവാരത്തെക്കുറിച്ച് അമ്മമാരെ അറിയിക്കുന്നതിനും പഠനകാര്യത്തിൽ ശ്രദ്ധിക്കേണ്ട ആവശ്യകത അവരെ ബോധ്യപ്പെടുത്തുന്നതിനും കുട്ടികളുടെ ഗാർഹിക സാഹചര്യം പഠനത്തിന് അനുകൂലമാണെന്ന് ഉറപ്പ് വരുത്തുന്നതിനും അമ്മമാരുടെ സംഗമങ്ങൾ നിരന്തരം നടക്കേണ്ടത് ആവശ്യമാണെങ്കിലും മിക്ക സ്കൂളുകളിലും അതിന്റേതായ അർത്ഥത്തിലും വ്യാപ്തിയിലും നടക്കുന്നില്ല എന്നുള്ളതാണ് വസ്തുത. ക്ളാസ്ടീച്ചറും കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള ബന്ധത്തിന്റെ ചരട് ബലപ്പെടുത്താനും അതുവഴി കൂടുതൽ ഫലപ്രദമായ അധ്യാപനവും അഭ്യേയനവും ഉറപ്പ് വരുത്തുന്നതിനും വേണ്ടി ഉദ്ദേശിച്ചിട്ടുള്ള ക്ലാസ് റൂം, പി.ടി.എ. യു.പി.,ഹൈസ്കൂളുകളിൽ ഭാഗികമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും അവശ്യം ആവശ്യമായിട്ടുള്ള പ്രൈമറി സ്കൂളിൽ പ്രവർത്തിക്കുന്നില്ല.

സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനും സഹായകരമായ ആരോഗ്യപരമായസാമൂഹ്യ ഇടപെടലുകളുടെ അഭാവം പല സ്കൂളുകളുടെയും പ്രവർത്തനങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനാരോഗ്യ പ്രവണതകൾ പരിഹൃതമാകാതെ നിലനിൽക്കാനുള്ള ഒരു കാരണമാണ്. അധ്യാപകരോടൊപ്പം രക്ഷിതാക്കളും മറ്റ് സാമൂഹ്യ പ്രവർത്തകരും ഒത്തു ചേർന്നാൽ എത്രയും വേഗത്തിൽ വിദ്യാഭ്യാസരംഗം ശുദ്ധീകരിക്കാവുന്നതേയുള്ളൂ.

### പ്രശ്നങ്ങൾ

#### ഭൗതിക സൗകര്യങ്ങൾ

1. കോട്ടയം പഞ്ചായത്തിലെ 14 സ്കൂളുകളിലും ഭൗതികസൗകര്യങ്ങൾ വേണ്ടത്രയില്ല.

2. ഹൈസ്കൂളിലെ പുതിയ കെട്ടിടങ്ങൾ ഒഴികെ പഞ്ചായത്തിലെ എല്ലാ സ്കൂളുകളും ജൂല ഗ.ഋ.ഞ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇത് കൊണ്ട് കുട്ടികൾക്ക് വേണ്ടത്ര ശുദ്ധവായുവും വെളിച്ചവും ലഭിക്കുന്നില്ല.

3. അഞ്ച് സ്കൂളുകളിൽ മൂത്രപ്പുരയില്ല. ഉള്ളവയുടെ തന്നെ സൗകര്യം പരിമിതമാണ്.

4. പ്രൈമറി സ്കൂളുകളിലൊന്നിലും കക്കൂസ് സൗകര്യമില്ല.

5. അഞ്ച് സ്കൂളുകളിൽ കുടി വെള്ളത്തിന് പൈപ്പോ കിണറോ ഇല്ല.

6. ആറ് സ്കൂളുകൾക്ക് ഉച്ചക്കഞ്ഞിക്ക് പാചകമുറിയില്ല.

ഉള്ളവയെല്ലാം താൽക്കാലികമാണ്.

7. അഞ്ച് സ്കൂളിന് പേരിന് പോലും കളി സ്ഥലമില്ല.

8. ഹൈസ്കൂളുകൾ ഒഴിച്ച് മറ്റ് സ്കൂളുകളൊന്നും വൈദ്യുതീകരിച്ചിട്ടില്ല.

9. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും ക്ലാസ് റൂമുകൾ വിഭജിക്കപ്പെട്ടിട്ടില്ല.

10. റോഡോ നടപ്പാതയോ ഇല്ലാത്ത ചില സ്കൂളുകൾ പഞ്ചായത്തിലുണ്ട്.

11. ഉച്ചക്കഞ്ഞി വിതരണം സ്കൂളുകളിൽ വർഷം മുഴുവൻ കാര്യക്ഷമമായി നടക്കുന്നില്ല.

12. ഉച്ചക്കഞ്ഞി പാചകവുമായി ബന്ധപ്പെട്ട് എല്ലാ സ്കൂളുകളിലും സാമ്പത്തിക പ്രശ്നങ്ങൾ നിലനിൽക്കുന്നു.

13. സ്കൂളുകളിലൊന്നും ആവശ്യമായ ഫർണീച്ചർ സൗകര്യം ഇല്ല.

14. മിക്ക സ്കൂളുകളിലും കുണ്ടും കുഴികളും ഉള്ള തറയാണ് നിലവിലുള്ളത്. ഇത് കാരണം ബെഞ്ചും ഡസ്ക്കും വീണ് കുട്ടികൾക്ക് പലപ്പോഴും അപകടം ഉണ്ടാകുന്നു.

### പഠനനിലവാരം

1. പൊതുവിൽ സ്കൂളുകളുടെ പഠനനിലവാരം തൃപ്തികരമല്ല.

2. ഹൈസ്കൂളിലെ എസ്. എസ്. എൽ. സി വിജയശതമാനം കുറവാണ്.

3. എൽ. എസ്. എസ്സ്, യു.എസ്. എസ്സ് പരീക്ഷകളിൽ പഞ്ചായത്തിലെ സ്കൂളുകളിൽ നിന്നുള്ള കുട്ടികളുടെ പങ്കാളിത്തം വളറെ പരിമിതമാണ്.

4. പാഠ്യപദ്ധതി കുട്ടികളുടെ സർവ്വതോൽമുഖമായ വികാസത്തിന് അനുയോജ്യമല്ല.

5. ജീവിത ഗന്ധിയല്ലാത്ത പാഠ്യപദ്ധതി കുട്ടികളിൽ പഠന താൽപര്യം ഉണർത്തുന്നില്ല.

6.സ്കൂളുകളിൽ ആവശ്യമായത്ര പഠനോപകരണങ്ങൾ ഇല്ല.

7.ഗുരുകുലം പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

8. വീടുകളിലെ പഠനസാഹചര്യങ്ങളുടെ പരിമിതികൾ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിപ്പിക്കുന്നു.

9. പാഠ്യേതര വിഷയങ്ങളിൽ പഞ്ചായത്തിലെ സ്കൂളുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

10. മിക്ക സ്കൂളുകളിലും അദ്ധ്യാപകരും വിദ്യാർത്ഥികളും സമയ നിഷ്ഠ പാലിക്കുന്നില്ല.

### സാമൂഹ്യം

1. എല്ലാ വിദ്യാലയങ്ങളിലും വർഷം തോറും ഒന്നാം ക്ലാസ്സിൽ പ്രവേശനം തേടുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.

2. വർദ്ധിച്ചു വരുന്ന ഇംഗ്ലീഷ് ഭ്രമവും അൺ എയിഡഡ് വിദ്യാലയങ്ങളുടെ വർധനവും സർക്കാർ എയിഡഡ് വിദ്യാലയങ്ങളെ സാരമായി ബാധിക്കുന്നു.

3. പി.ടി. എ, മദർ പി.ടി.എ, ക്ലാസ്റൂം പി.ടി.എ, തുടങ്ങിയവയുടെ പ്രവർത്തനം പൊതുവിൽ കാര്യക്ഷമമല്ല.

4. മാനേജ്മെന്റ് സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് പൊതുജനങ്ങൾ താത്പര്യം കാട്ടുന്നില്ല.

5. മാനേജ്മെന്റ് തർക്കം പല എയിഡഡ് സ്കൂളുകളുടെയും സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നു.

### ശിശുവിദ്യാഭ്യാസം

1. പഞ്ചായത്തിൽ ശിശു വിദ്യാലയങ്ങൾ വളരെ കുറവാണ്.

2. നിലവിലുള്ള ശിശു വിദ്യാലയങ്ങൾ പഞ്ചായത്തിലെ രണ്ട് വാർഡുകളിൽ മാത്രമായി ഒതുങ്ങുന്നു.

3. നിലവിലുള്ള ശിശു വിദ്യാലയങ്ങളിൽ കളിക്കോപ്പുകൾ തുടങ്ങിയവ വേണ്ടത്രയില്ല.

4. അഞ്ചാം വാർഡിൽ പ്രവർത്തിക്കുന്ന ബാലവാടി കെട്ടിടം ഒചട്ടും സുരക്ഷിതമല്ല.

ഋ. സാങ്കേതിക വിദ്യാഭ്യാസം

1. കോട്ടയം പൊയിലിലുള്ള ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒഴികെ പഞ്ചായത്തിൽ മറ്റ് സാങ്കേതിക സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല.

2. ട.ട.ഘ.ഇ വിജയിക്കുന്ന വിദ്യാർത്ഥികളിൽ വളരെ ചെറിയൊരു ശതമാനം മാത്രമേ ഏതെങ്കിലും സാങ്കേതിക വിദ്യാലയങ്ങളിൽ പ്രവേശനം തേടുന്നുള്ളൂ.

3. ഉന്നമത വിദ്യാഭ്യാസമെന്നാൽ കേവലം യൂനിവേഴ്സിറ്റി ഡിഗ്രി സംബാദനമാണെന്ന് ഭൂരിപക്ഷം ആളുകളും കരുതുന്നു.

4. ഔപചാരിക വിദ്യാഭ്യാസം പൂർത്തിയാക്കി കലാലയം വിടുന്ന വിദ്യാർത്ഥികൾ ഏതെങ്കിലും ഒരു തൊഴിൽ ചെയ്യാനുള്ള കഴിവ് ആർജ്ജിക്കുന്നില്ല.

എ. അനൗപചാരിക വിദ്യാഭ്യാസം

1. പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

2. തുടർ സാക്ഷരതാ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട ജനവിദ്യാകേന്ദ്രങ്ങൾ കേവലം ബോർഡുകളിൽ ഒതുങ്ങുന്നു.

3. തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവം നവസാക്ഷരരെ വീണ്ടും നിരക്ഷരരാക്കിത്തീർത്തിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

### ഭൗതിക സൗകര്യങ്ങൾ

1. കോട്ടയം ഗവൺമെന്റ് ഹൈസ്കൂളിന് സൗകര്യങ്ങളോട് കൂടിയ ഇരുനില കോൺക്രീറ്റ് കെട്ടിടം പണിയണം

2. എല്ലാ സ്കൂളുകൾക്കും മൂത്രപ്പുരയും കക്കൂസും വേണം

3. എല്ലാ സ്കൂളുകൾക്കും കുടിവെള്ള സൗകര്യം

ലഭ്യമാക്കണം.

4. സ്കൂളുകളിൽ ആവശ്യമായ ഫർണിച്ചറുകൾ ലഭ്യമാക്കണം

5. എല്ലാ സ്കൂളുകളിലും ക്ലാസ് സപ്പറേഷൻ നിർബന്ധമാക്കണം.

6. സ്കൂളുകളിൽ പാചകതൊഴിലാളികളെ ഏർപ്പെടുത്തുകയും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുകയും വേണം.

7. ഹൈസ്കൂളിൽ കംപ്യൂട്ടർ പഠന് സൗകര്യം ഏർപ്പെടുത്തണം.

8. കോട്ടയം ഗവൺമെന്റ് ഹൈസ്കൂളിനെ ഹയർ സെക്കന്ററിയായി ഉയർത്തണം.

9. എല്ലാ സ്കൂളുകളിലും ആവശ്യമായ ഫർണിച്ചർ സൗകര്യം ഏർപ്പെടുത്തണം

10. നിലവിൽ സിമന്റ് ചെയ്യാത്ത സ്കൂളുകളുടെ തറ സിമന്റ് ചെയ്യണം

11. കോട്ടയം ഗവൺമെന്റ് ഹൈസ്കൂളിന്റെ പ്രധാന കെട്ടിടത്തിനും പുതിയ ഷെഡ്ഡിനും ഇടയിൽ കിടക്കുന്ന തരിശ് ഭൂമി അക്വയർ ചെയ്ത് സ്കൂൾ കളിസ്ഥലമായി മാറ്റണം

## പഠനനിലവാരം

1. പ്രൈമറി തലത്തിൽ പഠനം മാതൃഭാഷയിലാക്കണം.

2. സർക്കാർ, എയിഡഡ്, അൺഎയിഡഡ്, വിദ്യാലയങ്ങളിലെ സിലബസ് ഏകീകരിക്കുകയും സിലബസിന്റെ അമിതഭാരം കുറച്ച് പാഠ്യപദ്ധതി ലഘൂകരിക്കുകയും വേണം.

3. സ്കൂളുകളിൽ പ്രാദേശികമായ ഭൂമിശാസ്ത്രസവിശേഷതകളും പ്രാദേശിക ചരിത്ര വസ്തുതകളും പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ച് പഠിപ്പിക്കണം.

4. കുട്ടികളിൽ നിരീക്ഷണപാഠവം വളർത്താൻ ഉതകുന്ന രീതിയിൽ പ്രകൃതി പഠനം, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കണം.

5. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് ശാസ്ത്രമാസികകൾ വായിക്കുന്ന ശീലം പ്രോത്സാഹിപ്പിക്കണം

6. ഗുരുകുലം പദ്ധതി അതിന്റേതായ അർത്ഥത്തിലും വ്യാപ്തിയിലും നടപ്പിലാക്കണം.

7. അധ്യാപക പരിശീലനത്തിന്റെ നിലവാരം ഉയർത്തുകയും അദ്ധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സ് നൽകുകയും വേണം.

8. പഞ്ചായത്ത് തലത്തിൽ അധ്യാപകർക്ക് മൊഡ്യൂൾ നിർമ്മാണ ശിൽപശാലയും പഠനോപകരണ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കണം.

9. അധ്യാപക വിദ്ധ്യാർത്ഥി അനുപാതം കുറക്കണം.

10. സ്കൂളുകളിൽ ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കണം.

11. നിർധനവിദ്ധ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

12. എൽ.S.S, യു.S.S പോലുള്ള സ്കോളർഷിപ്പ് പരീക്ഷകളിലും യുറീക്കാ വിജ്ഞാനോത്സവ പരീക്ഷകളിലും മറ്റ് പ്രവേശന പരീക്ഷകളിലും ജിജയം വരിക്കുന്നതിന് കുട്ടികളെ സജ്ജമാക്കുന്നതിനുള്ള സംവിധാനങ്ങൾ സ്കൂളുകളിൽ വേണം.

13. ഇംഗ്ലീഷ് ഭാഷയിലുള്ള കുട്ടികളുടെ ആശയ വിനിമയശേഷി വർദ്ധിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഭാഷേ പഠനത്തോടൊപ്പം വിവിധ ക്ലാസ്സുകളുടെ നിലവാരമനുസരിച്ച് സ്പോക്കൺ ഇംഗ്ലീഷ് കോച്ചിങ്ങ് നൽകണം.

14. എല്ലാ ക്ലാസിലും എല്ലാ വിഷയങ്ങളിലും കുട്ടികൾക്ക് അടിസ്ഥാന ധാരണകൾ ഉണ്ടായി എന്ന് ഉറപ്പ് വരുത്തണം.

15. ശാസ്ത്രീയമായ രീതിയിലുള്ള അനുപൂരക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടപ്പിലാക്കണം.

## സാമൂഹ്യം

1. വിദ്യാലയങ്ങളിൽ പി.ടി.എ, മദർ പി.ടി.എ, ക്ലാസ്റും പി.ടി.എ. എന്നിവയുടെ പ്രവർത്തനം സജീവപ്പെടുത്തുകയും കുട്ടികളുടെ പഠനനിലവാരവും അവരുടെ പ്രശ്നങ്ങളും മറ്റ് സാഹചര്യങ്ങളും രക്ഷിതാക്കളെ അറിയിക്കുകയും വേണം.

2. വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള സംവിധാനം സ്കൂളുകളിൽ ഉണ്ടാക്കണം.

3. പഞ്ചായത്ത് തലത്തിൽ പ്രവർത്തി പരിചയ മേളകളും കലാ കായിക മത്സരങ്ങളും സംഘടിപ്പിക്കണം.

4. രണ്ടോ മൂന്നോ സ്കുളുകൾക്ക് പൊതുവായി കലാ പരിശീലനത്തിനും കായിക പരിശീലനത്തിനുമുള്ള അധ്യാപകരെ നിയമിക്കണം.

5. എൽ. പി, യു. പി, എച്ച്. എസ് തലങ്ങളിൽ എല്ലാ

സ്കൂളുകളിലും കലാ കായിക മത്സരങ്ങൾ വർഷം തോറും നടത്തുന്നു എന്ന് ഉറപ്പ് വരുത്തണം.

6. തുടർ സാക്ഷരതയുടെ ലക്ഷ്യം വിപുലപ്പെടുത്തുകയും ഇതിനായുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

7. പഞ്ചായത്ത് തലത്തിൽ ഒരു റഫറൻസ് ലൈബ്രറി സ്ഥാപിക്കണം.

8. സാമ്പത്തികശേഷി ഇല്ലാത്തത് കൊണ്ട് മാത്രം ജൻമസിദ്ധമായ കലാ കായിക വാസന വളർത്താനാകാതെ രംഗം വിടേണ്ടിവരുന്ന പ്രതിഭകളുടെ സംരക്ഷണം പഞ്ചായത്ത് ഏറ്റെടുക്കുകയോ സ്പോൺസർമാരെ കണ്ടെത്തി കൊടുക്കുകയോ വേണം.

8അ. വിദ്യാർത്ഥികളിൽ കാർഷിക അഭിരുചി വളർത്തുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

9.സമഗ്രമായ ഒരു വിദ്യാഭ്യാസ സർവ്വെ നടത്തി പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കണം.

വിദ്യാഭ്യാസം ഒന്നോ രണ്ടോ കൊല്ലത്തെ പരിപാടിയല്ല. അത് ശാശ്വതമാണ്. അത് ഒരു സാമൂഹ്യപ്രക്രിയായി മാറ്റി സമൂഹത്തിന്റെ സർവ്വതോൻമുഖമായ വളർച്ചടെ ലക്ഷ്യമിട്ടതായിരിക്കണം. സൃഷ്ടിൻ മുഖതയുടെ ഒരു പ്രഭാതം പൊട്ടിവിരിയാൻ സഹായകമായിത്തീരമം വിദ്യാഭ്യാസം. അത് വ്യക്തികളുടെ വികാസത്തിന് ഊന്നൽ നൽകിയായിരിക്കുകയും വേണം. ഗുണപരമായി വിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള പുരോഗതി ഗുണപരമായി നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നതും ഒരു വസ്തുതയാണ്. പ്രൈമറി സ്കൂളുകളിൽ ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ 10% ഓളം കുട്ടികൾ അക്ഷരമുറക്കാത്തവരും ചതുഷ്ക്രിയ്യകൾ അറിയാത്തവരുമാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് തന്നെ ശ്സ്ത്രീയമായ ബോധനരീതികൾ ഉപയോഗിക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുകയും അത് പ്രാവർത്തികമാക്കാൻ ആവശ്യമായ നടപടിക്രമങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനായി അദ്ധ്യാപകരുടെ അർപണ മനോഭാവവും ആത്മാർത്ഥതയും കൂടിയേ തീരൂ. വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഊന്നൽ നൽകേണ്ടതായിട്ടുണ്ട്.

നിലവിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പഠന നിലവാരവും ഭൗതിക സാഹചര്യങ്ങളും പാഠ്യേതരവിഷയങ്ങളോടുള്ള സമീപനവും ന്നത്തെ രീതിയിൽ തുടർന്ന് പോവുകയാണെങ്കിൽ ദൂരവ്യാപകമായ ദോഷ ഫലങ്ങൾ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയം വേണ്ട. വീടിന് അടുത്തുതന്നെ സ്കൂളുകൾ ഉണ്ടായിട്ടും ഇംഗ്ലീഷ് ഭ്രമത്താൽ കുട്ടികളെ അകലെയുള്ള സ്കൂളുകളിലേക്ക് പ്രയാസപ്പെട്ട് പറഞ്ഞയക്കുന്ന നിലവിലുള്ള സ്ഥിതി പ്രോത്സാഹജനകമല്ല. ഈ പ്രശ്നത്തിൽ ബന്ധപ്പെട്ട അദ്ധ്യാപകരും രക്ഷിതാക്കളും സാമൂഹ്യപ്രവർത്തകരും ബോധവാന്മാരാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

# 7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

കോട്ടയം പഞ്ചായത്തിൽ പരമ്പരാഗത വാസ്തു ശിൽപ മാതൃകയിലുള്ള വീടുകൾ വിരലിലെണ്ണാവുന്നത് മാത്രമെയുള്ളൂ. കോട്ടയം തൃക്കൈക്കുന്ന് ക്ഷേത്രത്തിനോടനുബന്ധിച്ചുള്ള സമൂഹമഠം ഒഴികെ പഞ്ചായത്തിൽ നാലുകെട്ടുകളോ, എട്ടുകെട്ടുകളോയില്ല. കോട്ടയം കോവിലകത്തിന്റെ ഭാഗമായുണ്ടായിരുന്ന ഒരു നാലുകെട്ട് അടുത്തകാലത്ത് പൊളിച്ചുമാറ്റപ്പെടുകയുണ്ടായി. കോട്ടയം രാജഭരണകാലത്തെ നഷ്ടപ്രതാപ ഐശ്വര്യങ്ങളുടെ പ്രതീകമായി കോട്ടയം അങ്ങാടിയിൽ പഴയ മാതൃകയിലുള്ള പതിനഞ്ചോളം വലിയ വീടുകൾ ഇന്നും തലയുയർത്തി നിൽക്കുന്നു. നിലവിലുള്ളവതന്നെ അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ നശിച്ചുവരികയാണ്. വീടുകൾക്ക് പുറമെ പ്രാചീന ശില്പമാതൃകയിലുള്ളതും ദാരുശില്പ വൈദഗ്ധ്യം തുളുമ്പുന്നതും കൊത്തുപണികൾ നിറഞ്ഞതുമായ കോട്ടയം തൃക്കൈക്കുന്നു ക്ഷേത്രവും, എരുവട്ടി ശ്രീ വേട്ടയ്ക്കൊരുമകൻ ക്ഷേത്രവും ഈ പഞ്ചായത്തിലുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും ഇന്നും പ്രാചീന ശില്പകലയുടെ മകുടോദാഹരണമായി ഈ രണ്ടു ക്ഷേത്രങ്ങളും കാലത്തെ അതിജിവിച്ച് നിൽക്കുന്നു.

നാലുകെട്ടും പ്രതാപവും അസ്തമിച്ച ഈ നൂറ്റാണ്ടിൽ കെട്ടിട നിർമ്മാണരംഗത്തും പാർപ്പിട സംസ്കാരത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയോടെ, കൊച്ചുകൊച്ചുകുടുംബങ്ങൾക്ക് പ്രത്യേകം പ്രത്യേകം വീട് എന്ന നില വന്നപ്പോൾ, വീടുകളുടെ എണ്ണം ധാരാളമായി വർദ്ധിച്ചു. ഒരു വലിയ പറമ്പിൽ ഒരു വീടും ചുറ്റുപാടും കൃഷിയിടവും വിളവുകളും എന്ന നിലമാറി. ഒരുപറമ്പിൽ തന്നെ തൊട്ടുതൊട്ടു ധാരാളം വീടുകൾ എന്ന പ്രവണത വളർന്നുവരുന്നു. ഗൾഫ് സമ്പാദ്യത്തിന്റെയും ഇടത്തരക്കാരുടെ ജീവിതസമ്പാദ്ധ്യത്തിന്റെയു വളരെവലിയ ഒരു ഭാഗമാണ് ഇന്ന് ഒരു വീട് നിർമ്മിക്കുന്നതിനുവേണ്ടി ചെലവഴിക്കപ്പെടുന്നത്.

വീടുകളുടെ നിർമ്മാണരീതിയിലും പ്രകടമായ പല മാറ്റങ്ങളും ക്രമാനുഗതമായി വന്നിട്ടുണ്ട്. ഓലമേഞ്ഞവീടുകൾ വളരെവേഗത്തിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും തൽസ്ഥാനത്ത് ഓടിട്ടവീടുകളോ കോൺക്രീറ്റ് വീടുകളോ ഉയർന്നുവരികയോ ചെയ്തിട്ടുണ്ട്. ഓലമേഞ്ഞവീടുകൾ വർഷംതോറും കെട്ടുകയും വേണം. വലിയ ചെലവ് വേണ്ടിവരുന്നു എന്നതും മരത്തിന്റെ ദൗർലഭ്യതയും അപ്രാപ്യമായ വിലയും കോൺക്രീറ്റ് വീടുകളെ കൂടുതൽ ആകർഷകമാക്കുന്ന ഒരു ഘടകമാണ്. അതുകൊണ്ടുതന്നെ പുതിയതായി നിർമ്മിക്കുന്ന വീടുകളിൽ വലിയൊരളവ് കോൺക്രീറ്റ് വീടുകളാണ്.

ഭവനനിർമ്മാണത്തിനാവശ്യമായ അസംസ്കൃതസാധനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിർമ്മിക്കപ്പെടുന്നില്ല. എല്ലാസാമഗ്രികളും പഞ്ചായത്തിന് പുറത്തുനിന്നാണ് കൊണ്ടുവരുന്നുത്. വീടുകളുടെ തറയും ചുമരുമെല്ലാം സാധാരണയായി ചെങ്കല്ല് ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. കരിങ്കല്ലും വ്യാപകമായി വീടുകളുടെ തറനിർമ്മാണത്തിന് ഇപ്പോൾ ഉപയോഗിച്ചുവരുന്നു. എന്നാൽ ആവശ്യമായ ചെങ്കല്ല് പഞ്ചായത്തിനകത്ത് ലഭ്യമല്ലാത്തതുകൊണ്ട് കിഴക്കൻമലയോരമേഖലകളിൽനിന്ന് ലോറികളിൽ ഇറക്കുകയാണ് ചെയ്യുന്നത്. ചെങ്കല്ലിന്റെ വില അമിതമായി വർദ്ധിച്ചുവരികയാണ്. എന്നാൽ അതിന്റെ വലിപ്പവും ഗുണനിലവാരവും അടുത്തകാലത്തായി വളരെ കുറഞ്ഞിട്ടുണ്ട്. ചുമർനിർമ്മാണത്തിന് മൺകട്ടകളോ ഇഷ്ടികകളോ മറ്റ് സാമഗ്രികളോ വ്യാപകമായി ഉപയോഗിക്കപ്പെടുന്നില്ല. കെട്ടിട നിർമ്മാണസാമഗ്രികൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന സഹകരണസംരംഭങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

കെട്ടിടനിർമ്മാണരംഗത്ത് ജോലിചെയ്യുന്ന ധാരാളം സ്ത്രീ തൊഴിലാളികളും പുരുഷതൊഴിലാളികളും പഞ്ചായത്തിൽ ഉണ്ട്. അടുത്തകാലത്തായി നിർമ്മാണത്തൊഴിലാളികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ രംഗത്ത് മറ്റ് മേഖലകളെ അപേക്ഷിച്ച ഉയർന്ന കൂലി ലഭിക്കുന്നു എന്നത് കൂലിത്തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിക്കുന്ന മുഖ്യഘടകമാണ്. ഇതുകൊണ്ട് കൃഷിപ്പണിക്കും മറ്റും പുരുഷതൊഴിലാളികളെയും സ്ത്രീതൊഴിലാളികളെയും വേണ്ടത്ര ലഭിക്കുന്നില്ല എന്ന ഒരു സ്ഥിതി വിശേഷം വളർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിൽ നിർമ്മിക്കപ്പെടുന്ന വീടുകളിൽ ഭൂരിപക്ഷവും നിർമ്മാതാവിന്റെ സാമ്പത്തികപരിമിതികൾക്ക് അപ്പുറമുള്ളവയാണ്. ഇത് കാരണം ദീർഘകാല കടബാദ്ധ്യതയും പണിതീരാത്തവീട്ടിൽ താമസിക്കേണ്ട ഗതികേടും വ്യാപകമായി നിലനിൽക്കുന്നു. കെട്ടിട നിർമ്മാണത്തിൽ അത്യധികമായ ധൂർത്തും പാഴ്ചെലവും ആഡംബരത്തിന്റെയും പൊങ്ങച്ചത്തിന്റെയും ഭാഗമായി വർദ്ധിച്ചുവരുന്നു. പരമ്പരാഗതമായ ചാണകമെഴുകിയ തറയാണ് നിലനിന്നിരുന്നത്. പിന്നീട് അത് സിമന്റ് ചെയ്ത തറയായി മാറി. എന്നാൽ ഇന്ന് കടപ്പയും മാർബിളും ടൈൽസും ധനാഢ്യരും ഇടത്തരക്കാരും ഉപയോഗിച്ചു തുടങ്ങിയിരിക്കുന്നു. ഗൾഫുകാരും മറ്റ് ധനികവിഭാഗവും

വിലകൂടിയ മാർബിളുകളും ഗ്രൈനൈറ്റ് തുടങ്ങിയവും ചുമരുകളിൽപ്പോലും പതിക്കാൻ തുടങ്ങിയിട്ടുണ്ട്.

വീടുനിർമ്മാണത്തിന് സാമ്പത്തികവായ്പ നൽകുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നില്ല. സംസ്ഥാന ഭവനനിർമ്മാണബോർഡ്, സഹകരണബാങ്കുകൾ, തലശ്ശേരി കാർഷികവികസനബേങ്ക് തുങ്ങിയസ്ഥാപനങ്ങളിൽനിന്നും പഞ്ചായത്തിലെ നിരവധിപേർ ഭവനനിർമ്മാണ വായ്പകൾ എടുത്തിട്ടുണ്ട്. ഇതിനുപുറമെ കോട്ടയം പഞ്ചായത്തുകാർക്ക് ഭവനനിർമ്മാണവായ്പ അനുവദിക്കുന്ന ഒരു ഹൗസിഗ് സൊസൈറ്റി പ്രവർത്തിക്കുന്നത് കതിരൂർ പഞ്ചായത്തിലാണ്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ഭവനവായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കരീതിയിൽ ഭവനവായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. ഭവനനിർമ്മാണ ബോർഡുവഴി നടപ്പാക്കുന്ന വായ്പ ദുർബലവിഭാഗത്തിൽപ്പെട്ട വിരലിലെണ്ണാവുന്നവർക്കാ മാത്രമേ ലഭിക്കുന്നുള്ളൂ.

കോട്ടയം പഞ്ചായത്തിൽ മൂന്ന് ലക്ഷംവീട് കോളനിയും ഒരു ഭൂരഹിത ദുർബലജനവിഭാഗങ്ങളുടെ കോളനിയുമാണ് നിലവിലുള്ളത്. എരുവെട്ട് കല്ലറക്കൽ ലക്ഷം വീട് കോളനി, കോലാക്കാവ് ലക്ഷംവീട് കോളനി, മൗവ്വേരി ലക്ഷംവീട് കോളനി, ആറാംമൈൽ മണ്ടേംകാവ് കോളനി എന്നിവയാണത്. ഇവയിൽ ഏറ്റവും കൂടുതൽ വീടുകൾ കല്ലറക്കൽ ലക്ഷം വീട് കോളനിയിലാണുള്ളത്. കോളനികളിലെ ഭൗതികസൗകര്യം പൊതുവിൽ വളരെ ശോചനീയമാണ്. കോളനികളിലെ ഭൂരിപക്ഷം വീടുകളും മൺകട്ട കൊണ്ട് നിർമ്മിക്കപ്പെട്ടതും ഓലമേഞ്ഞവയുമാണ്. അവയിൽ ചിലവ വളരെ പരിമിതമായസൗകര്യങ്ങൾ ഉള്ള കുടിലുകളാണ്. പലവീടുകളിലും കക്കൂസുകൾ ഇല്ല. ഉള്ള കക്കൂസുകളാണെങ്കിൽ പലതും ഉപയോഗപ്രദമല്ല. അർഹതപ്പെട്ട ഭൂരഹിതർ നിലനിൽക്കുമ്പോഴും കോളനികളിൽ ഉപയോഗശൂന്യമായി ഭൂമി ധാരാളമായി പാഴായിക്കിടക്കുന്നു. മണ്ടേംകാവ് കോളനിയിലും മൗവ്വേരിലക്ഷം വീട് കോളനിയിലും കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. കോളനിനിവാസികൾക്ക്സൗകര്യപ്രദമായ വഴി ഇല്ല എന്നത് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിലെ കോളനികൾ ഒന്നും വൈദ്യുതീകരിച്ചിട്ടില്ല.

## പ്രശ്നങ്ങൾ

1. പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തതയുള്ള ഒട്ടേറെ വീടുകൾ പഞ്ചായത്തിലുണ്ട്.

2. പലവീടുകളിലും കുടിവെള്ളക്ഷാമം അനുഭപ്പെടുന്നുണ്ട്.

3. കക്കൂസില്ലാത്തഏതാനും വീടുകൾ പഞ്ചായത്തിലുണ്ട്.

4. പഞ്ചായത്തിനകത്തെ ലക്ഷംവീട്കോളനികളിൽ ആവശ്യമായ സൗകര്യങ്ങളില്ല.

5. ലക്ഷംവീടുകോളനികളിൽ വർഷങ്ങളായി ഉപയോഗിക്കപ്പെടാത്ത സ്ഥലം അർഹരായ ഭൂരഹിതർക്ക് നൽകപ്പെടുന്നില്ല.

6. ഭവനനിർമ്മാണ സാമഗ്രികളുടെ വില ഭീമമായി കുതിച്ചുയരുന്നു.

7. ഭവനനിർമ്മാണരംഗത്ത് ചെലവ്കുറഞ്ഞതും ആധുനികസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതുമായ നിർമ്മാണരീതി പ്രചാരത്തിലില്ല.

8. ഭൂമിയുടെ ദൗർലഭ്യതയും അഭൂതപൂർവ്വമായ വിലക്കയറ്റവും വീട്നിർമ്മാണത്തിന് സാധാരണക്കാർക്കും ഇടത്തരം വരുമാനക്കാർക്കും വലിയഭീഷണിയായി വളർന്നിരിക്കുന്നു.

9. ഭവനനിർമ്മാണവായ്പാപദ്ധതികൾ പലതും സാധാരണക്കാർക്ക് അജ്ഞാതവും അറിയുന്നവർക്കാകട്ടെ സാങ്കേതികനൂലാമാലകൾ കാരണം ലഭിക്കാൻ പ്രയാസകരവുമാകുന്നു.

10. ഭവനനിർമ്മാണവായ്പക്ക് ഉയർന്ന പലിശനിരക്കാണ് നിലവിലുള്ളത്.

11. പഞ്ചായത്തിൽ നിലവിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി ഇല്ല.

12. വയലുകൾ നികത്തി വീടുകൾ നിർമ്മിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു.

13. ആശാരിമാർ കൽപ്പണിക്കാർ തുടങ്ങിയ വിദഗ്ദ തൊഴിലാളികൾ നിർമ്മാണരംഗത്തെ ആധുനിക സാങ്കേതി വൈദഗ്ദ്യം ഉൾക്കൊള്ളാതെ പരമ്പരാഗത രീതികൾ തന്നെ ഉപയോഗിക്കുന്നു.

14. പഞ്ചായത്തിലെ എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല.

## നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണത്തിന് പ്രാദേശികമായി ലഭ്യമായ സാമഗ്രികൾ ഉപയോഗിക്കുവാനുള്ള ബോധവൽക്കരണം നടത്തണം.

2. കിണറ് കക്കൂസ് എന്നിവയില്ലാത്ത വീടുകൾക്ക് അവനിർമ്മിക്കാനാവശ്യമായ സഹായങ്ങൾ ലഭ്യമാക്കണം.

3. ലക്ഷംവീട് കോളനികളിലെ കുടിവെള്ളം, കക്കൂസ്, റോഡ്, വൈദ്യുതി എന്നീ പ്രശ്നങ്ങൾ പരിഹരിക്കണം.

4. പഞ്ചായത്തിൽഒരു ഭവനനിർമ്മാണ സഹകരണ സംഘം സ്ഥാപിക്കണം. പാവപ്പെട്ടവർക്ക് ഭവനം നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം നൽകലാകണം ഇതിന്റെ ലക്ഷ്യം.

5. ഭവനനിർമ്മാണവായ്പകളുടെ വ്യവസ്ഥകൾ ലഘൂകരിക്കുകയും പലിശനിരക്ക് കുറക്കുകയും വേണം.

6. സഹകരണാടിസ്ഥാനത്തിൽ ഗൃഹനിർമ്മാണസാമഗ്രികളുടെ നിർമ്മാണവും വിതരണവും ചെയ്യുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കണം. 7. വിദഗ്ദനിർമ്മാണ തൊഴിലാളികൾക്ക് നൂതനവും ചെലവ് കുറഞ്ഞതുമായ നിർമ്മാണ രീതികൾ പരിശീലിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ വേണം.

8. വയലുകൾ നികത്തി വീടുകൾ നിർമ്മിക്കുന്ന പ്രവണത കർശനമായി നിയന്ത്രിക്കണം.

9. വൈദ്യുതീകരിക്കപ്പെടാത്തവ വൈദ്യുതീകരിക്കുകയും വൈദ്യുതി കണക്ഷൻ അപേക്ഷിച്ച വീടുകൾക്ക് മിനിമം കാലയളവിനുള്ളിൽ കണക്ഷൻ നൽകാനാവശ്യമായ സംവിധാനം ഉണ്ടാക്കുകയും വേണം.

10. ധനം അമിതമായി ദുർവ്യയം ചെയ്ത് നിർമ്മിക്കുന്ന മണി മാളികകൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയും അമിതാഡംബരപ്രവണത തടയുന്നതിന് സാമൂഹ്യ ബോധവൽക്കരണം നടത്തുകയും വേണം.

11. ലക്ഷംവീട് കോളനികളിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലം അർഹരായ ഭൂരഹിതഭവനരഹിതർക്ക് പതിച്ചുനൽകണം.

12. കൈവശസ്ഥലത്തിന്റെ വിസ്തീർണ്ണം പരിഗണിക്കാതെതന്നെ എല്ലാ കുടുംബങ്ങൾക്കും ആവശ്യമെങ്കിൽ കിണർ കുഴിക്കുന്നതിന് ദീർഘകാല വായ്പകൾ അനുവദിക്കണം.

13. ഭവനനിർമ്മാണബോർഡുവഴി ദുർബലവിഭാഗത്തിന് നൽകുന്ന വായ്പകളും സഹായങ്ങളും വർദ്ധിപ്പിക്കേണ്ടതുണ്ട്.

14. ചെലവുകുറഞ്ഞവീടുകൾ നിർമ്മിച്ചുകൊടുക്കുന്ന 'നിർമ്മിതി കേന്ദ്രങ്ങൾ' പോലുള്ള ഏജൻസികളുടെ പ്രവർത്തനം വ്യാപിപ്പിക്കണം.

15. ഇന്ധനക്ഷാമം കുറക്കുന്ന ദക്ഷത കൂടിയ അടുപ്പുകൾ പഞ്ചായത്തിൽ കൂടുതൽ പ്രചരിപ്പിക്കണം. അതിനായി 'അനർട്ട്' അടുപ്പുകൾ ലഭ്യമാക്കണം.

16. കോളനികളിൽ പാഴായിക്കിടക്കുന്ന ഭൂമി അർഹതപ്പെട്ട ഭൂരഹിതർക്ക് പതിച്ചു നൽകണം.

## സാമൂഹ്യക്ഷേമം

സംസ്ഥാനത്ത് മറ്റ് ഭാഗങ്ങളിലുള്ളതുപോലെ കോട്ടയം ഗ്രമപഞ്ചായത്തിലും ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതുവരെ ഭൂരിപക്ഷം ജനവിഭാഗങ്ങളും സ്വന്തമായി കൃഷിഭൂമി ഇല്ലാത്തവരായിരുന്നു. പഞ്ചായത്തിലെ ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും 1947 കാലഘട്ടങ്ങളിൽ വളരെയേറെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരായിരുന്നു. ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ സമൂഹത്തിന്റെ താഴെക്കിടയിലുണ്ടായിരുന്ന താഴ്ന്ന ജാതിക്കാർ വളരെയേറെ കഷ്ടതകൾ അനുഭവിച്ചിരുന്നു. ഭൂപരിഷ്കരണ നിയമത്തോടെ കർഷകതൊഴിലാളികളെ ഉദ്ദരിക്കുവാൻ സാധിച്ചു. കുടികിടപ്പ് നിയമം പ്രാബല്യത്തിൽ വന്നതോടെ പത്ത് സെന്റ് ഭൂമി മിക്ക കുടിയാൻമാർക്കും ലഭിച്ചു. അവർ സമൂഹത്തിന്റെ ഭാഗമാണെന്നും സമഗ്രമായ ഉയർച്ച രാജ്യത്തിന്റെ ഉയർച്ചയ്ക്ക് ആവശ്യമാണെന്നും അംഗീകരിക്കപ്പെട്ടു. സൗജന്യവും സാരവത്രികവുമായ വിദ്യാഭ്യാസ സാമൂഹ്യ ഉച്ചനീചത്വങ്ങളെ ഇല്ലായ്മ ചെയ്യാൻ വളരെയേറെ സഹായിച്ചു. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ദരിക്കുന്നതിനായി വികസന ബ്ലോക്കുകൾ രൂപീകരിച്ചു പ്രവർത്തിച്ചു തുടങ്ങി. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികളിലൂടെ ഘട്ടം ഘട്ടമായി ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉയർത്തികൊണ്ടുവരാൻ തീവ്രശ്രമം ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ക്ഷേമപദ്ധതികളും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമപദ്ധതികളുമാണ് ഇപ്പോൾ നിലവിലുള്ളത്. കേന്ദ്രസംസ്ഥാന ഗവൺമന്റുകൾ നടത്തുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും, പട്ടികജാതി വികസന കോർപ്പറേഷൻ, വനിതവികസന കോർപ്പറേഷൻ തുടങ്ങിയവയുമാണ് ഇവയിൽ മുഖ്യമായവ. ജനങ്ങൾക്ക് വേണ്ടി നടപ്പിൽ വരുത്തുന്ന ഇത്തരം പദ്ധതികൾ പലതും ജനങ്ങളുടെ ഇടയിൽ അറിയപ്പെടാതെ പോകുന്ന ഒരു അവസ്ഥ ഇന്ന് നിലവിലുണ്ട്. അവയുടെ പ്രവർത്തനങ്ങളുടെ അറിവില്ലായ്മയും, അർഹതപ്പെട്ടവർക്ക് കിട്ടായ്മ, യഥാസമയത്തും കിട്ടായ്മ, ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥ, വിവിധ വകുപ്പുകളുടെ നൂലാമാലകളിൽ പെട്ട് മനംമടുപ്പിക്കുന്ന അവസ്ഥയും ജനങ്ങളെ വലയ്ക്കുന്നു. പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുവാൻ പോലും ഇത്തരം പദ്ധതികളെക്കുറിച്ച് അറിയുന്നില്ല എന്നതാണ് യാഥാർഥ്യം.

IRDP കുടുബസർവ്വേ പ്രകാരം 988 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. എന്നാൽ ഇതിൽ 106 കുടുംബങ്ങൾ മാത്രമാണ് വിവിധ ക്ഷേമപദ്ധതികളി

ലൂടെയുയർത്തിക്കൊണ്ടുവരുവാൻകഴിഞ്ഞത്അർഹതയുള്ളവരിൽതന്നെ വളരെകുറച്ചുകുടുംബങ്ങൾക്ക് മാത്രമേ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് കാണാം. കോട്ടയം പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ നിലവിലുള്ള സ്ഥിതിവിവരക്കണക്കുകളുടെപട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പ്രവർത്തനം സാമാന്യം നല്ലനിലയിലാണ്. എന്നാൽ ആറ് അംഗങ്ങൾ മാത്രമേ ഇപ്പോൾ പ്രവർത്തന രംഗത്തുള്ളൂ. 199091ൽ ആറാംവാർഡിൽ പ്രവർത്തിച്ചിരുന്ന പത്ത് അംഗങ്ങളുടെ പങ്കാളിത്തത്തോടെ ആരംഭിച്ച ചെരുപ്പ് നിർമ്മാണശാല 1995 വരെ സാമാന്യം നല്ലനിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും 95 നവംബറിൽ കത്തിനശിച്ചു. അതോടെ അതിന്റെ പ്രവർത്തനം നിലച്ചു.

**I R D P സർവ്വെപ്രകാരം ദാരിദ്ര്യരേഖക്ക് തഴെയുള്ളവരുടെ വിവരം**

| വാർഡ്നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിന് എസ്. എസി/എസ്. ടി കുടുംബങ്ങൾ | ഇതിന് സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്. സി./എസ്. ടി. | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖകൾക്കുതാഴെയുള്ള ആകെ കുടുംബങ്ങൾ (ധനസഹായം ലഭിച്ചവരുൾപ്പടെ |
|---|---|---|---|---|---|---|
| I | 99 | 1 എസ്. സി | 16 | 3 എസ്. സി | 3 | 99 |
| II | 162 | ഇല് | 34 | 4 എസ്. സി | 14 | 162 |
| III | 121 | 1 എസ്. സി | 25 | 2 എസ്. സി | 7 | 121 |
| IV | 92 | ഇല് | 10 | 5 എസ്. സി | 3 | 92 |
| V | 110 | ഇല്ല | 15 | ഇല്ല | 15 | 110 |
| VI | 93 | 2 എസ്. സി | 15 | 6 എസ്. സി | 15 | 93 |
| VII | 102 | 1 എസ്. സി | 13 | 2 എസ്. സി | 13 | 102 |
| VIII | 122 | ഇല്ല | 11 | ഇല്ല | 11 | 122 |
| IX | 87 | 2 എസ്. സി | 25 | 7 | 25 | 87 |
| I to IX | 988 | 7 എസ്. സി | 164 | 29 | 106 | 988 |

**പെൻഷനുകൾ ധനസഹായം സംബന്ധിച്ചവിവരങ്ങൾ**

| വില്ലേജ് | വർഷം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | കർഷകതൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മാ വേതനം |
|---|---|---|---|---|---|---|
| കോട്ടയം | 1991–92 | 3 | 9 | 6 | 249 | -- |
| | 1992–93 | -- | 1 | 2 | 249 | -- |
| | 1993–94 | 1 | 1 | 1 | 260 | -- |
| | 1994–95 | 6 | 4 | -- | 260 | -- |
| | 1995–96 | 4 | 3 | 3 | 260 | 63 |
| ആകെ | | 14 | 18 | 12 | 1278 | 63 |

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായുള്ള ഉ ണ ഇ ഞ അ പദ്ധതി പ്രകാരം പഞ്ചായത്തിൽ മൂന്ന് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. രണ്ടാം വാർഡിൽ 199394ൽ പ്രവർത്തിച്ചിരുന്ന പത്ത് അംഗങ്ങളുള്ള ജല്ലിയൂണിറ്റാണ് ഒന്ന്. അതിന്റെ

ഒൻപതാം വാർഡിൽ പത്ത് അംഗങ്ങളുടെ പങ്കാളിത്തത്തോടെ 1994 95 ൽ ആരംഭിച്ച മധുരപലഹാരയൂണിറ്റാണ് മറ്റൊന്ന്. തുടക്കത്തിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും പിന്നീട് അതിന്റെ പ്രവർത്തനം നിലച്ചു.

പഞ്ചായത്തിൽ 29 ആളുകൾക്ക് ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിച്ചിട്ടുണ്ട്. എന്നാൽ കേവലം ഒരേ ഒരു വ്യക്തിക്ക് മാത്രമേ സ്വയം തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. 26 പേർ മറ്റ് ഇതര തൊഴിലുകളിൽ ഏർപ്പെടുകയാണ് ഉണ്ടായത്. രണ്ട് പേർ തൊഴിൽ ലഭിക്കാതെ അവശേഷിക്കുന്നു. ഈ കണക്ക് സൂചിപ്പിക്കുന്നത് ട്രൈസം പരിശീലനപദ്ധതി അതിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു എന്നാണ്. ഈ പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭ്യമാക്കാൻ ഫലപ്രദമായ പദ്ധതികളൊന്നും നിലവിലില്ല, ട്രൈസം പദ്ധതിയിൽ പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും അവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്താനും സാമൂഹ്യക്ഷേമവകുപ്പിന് കഴിയേണ്ടിയിരിക്കന്നു. ഗ്രാമീണ കൈതൊഴിലുകൾക്ക് പ്രോത്സാഹനം നൽകുകയും അവർക്ക് ആവശ്യമായ നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂവകുപ്പ് വിവിധ പെൻഷനുകളും വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായവുമാണ് പഞ്ചായത്തിൽ പ്രധാനമായും ലഭ്യമായിട്ടുള്ളത്. അർഹരായ എല്ലാവർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നും അനർഹർ ആനുകൂല്യം കൈപ്പറ്റുന്നുവെന്നും ഈ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് പരാതി നിലനിൽക്കുന്നു. അർഹരായ അഗതികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെന്ന കാരണത്താൽ പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതി പൊതുവിൽ ഉയർന്നു വന്നിട്ടുണ്ട്. വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കാൻ നിലവിൽ വളരെയധികം വിഷമതകൾ നേരിടുന്നു. സർട്ടിഫിക്കറ്റിനു വേണ്ടി പലവട്ടം കോഴിക്കോട് മെഡിക്കൽ കോളേജുവരെ വികലാംഗർക്ക് പോകേണ്ടിവരുന്ന ദുഃസ്ഥിതി നിലവിലുണ്ട്

കഴിഞ്ഞ അഞ്ചു വർഷത്തിൽ സാമൂഹ്യക്ഷേമവകുപ്പിന്റെയും മറ്റ് വകുപ്പുകൾ വഴിയും വിതരണം ചെയ്ത ധനസഹായങ്ങൾ പരിശോധിച്ചാൽ അവയിൽ ഏറ്റവും കൂടുതൽ ലഭിച്ചത് കർഷകതൊഴിലാളി പെൻഷനാണെന്ന് കാണാം. 199596 സാമ്പത്തിക വർഷത്തിൽ 260 പേർക്കാണ് കർഷകത്തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുള്ളത്. എന്നാൽ ഏറ്റവും ഒടുവിൽ അയച്ച മണിയോർഡർ ലീസ്റ്റ് പ്രകാരം 108 പേർ മാത്രമേ പെൻഷൻ വാങ്ങുന്നവരായി ഇപ്പോൾ ഉള്ളൂ. 1986 മുതൽ 97 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ വിധവാപെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ആകെ ഇരുപത്തിയേഴും വികലാംഗപെൻഷൻ ലഭിക്കുന്നവർ മുപ്പതും, വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ 17 ഉം തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരുടെ എണ്ണം 63ഉം ആണ്. വിവിധ വകുപ്പുകൾ വഴി വിതരണം ചെയ്ത ധനസഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പട്ടിക രണ്ടിൽ കൊടുത്തിട്ടുണ്ട്.

കോട്ടയം പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി 15 അങ്കനവാടികളുടെ ആവശ്യമുണ്ടെങ്കിലും ഇന്ന് പഞ്ചായത്തിൽ ആകെ നിലവിലുള്ളത് ഒന്നുമാത്രമാണ്. നിലവിലുള്ളതാകട്ടെ പ്രവർത്തിക്കുന്നത് ഒട്ടും സുരക്ഷിതമായെ കെട്ടിടത്തിലല്ല എന്ന് മാത്രമല്ല കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ, മറ്റ് ഉപകരണങ്ങൾ, പോഷകാഹാരങ്ങൾ എന്നിവ ആവശ്യാനുസരണം ലഭിക്കുന്നുമില്ല.

കോട്ടയം പഞ്ചായത്തിൽ ആകെ ഏഴ് പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയിലെല്ലാം കൂടി 2237 കാർഡുകളാണ് ഉള്ളത്. അവയിൽ മേജർമാർ 12144 ഉം 2659 മൈനർ മാരുമാണ്. ഇന്ന് കാർഡ് ഒന്നിന് നാല് കിലോ അരി സബ്സിഡി നിരക്കിൽ നൽകുന്നത് കേരളത്തിന്റെ മാത്രമായ ഒരു പ്രത്യേകതയാണ്. പൊതുവിതരണ കേന്ദ്രങ്ങൾ വിലവർദ്ധനവിനെ പിടിച്ചുനിർത്താൻ വളരെയേറെ സഹായിച്ചിട്ടുണ്ട്. പലപ്പോഴും പൊതു വിതരണകേന്ദ്രങ്ങളുടെ പ്രവർത്തനം അരി, ഗോഗമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വിതരണങ്ങളിൽ മാത്രമായി കേന്ദ്രീകരിക്കപ്പെട്ടതായി കാണുന്നു. പൊതുവിതരണ കേന്ദ്രം കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. എന്നാൽ മാവേലി സ്റ്റോറുകൾ ഒന്നും തന്നെ പഞ്ചായത്തിലില്ല. അതിനായി സമീപപ്രദേശമായ കൂത്തുപറമ്പ്, കതിരൂർ തുടങ്ങിയ സ്ഥലങ്ങളിലുള്ള മാവേലി സ്റ്റോറുകളെയാണ് ആശ്രയിക്കുന്നത്. 1995 96 വർഷത്തിൽ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തവയുടെ കണക്ക് പട്ടിക 3 കാണുക.

## പ്രശ്നങ്ങൾ

1. അങ്കനവാടികളോ, ശിശുമന്ദിരങ്ങളോ, പ്രീപ്രൈമറി സ്ഥാപനങ്ങളോ ഇല്ലാത്ത വാർഡുകൾ ഉണ്ട്.

2. ദേശസാൽകൃതബാങ്കുകൾ വായ്പലഭ്യമാക്കുന്നതിൽ ഗുരുതരമായി ഉദാസീനതയും വീഴ്ചയും വരുത്തുന്നു.

3. തൊഴിലധിഷ്ഠിതകോഴ്സുകൾക്ക് മുൻഗണന നൽകുന്നില്ല.

4. തൊഴിൽപരിശീലനം ലഭിച്ചവർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നില്ല. അവർക്ക് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല.

5. പരമ്പരാഗതമായി വിവിധ തൊഴിലുകൾ പരിശീലിപ്പിക്കാൻ സംവിധാനം ഇല്ല.

6. ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭിക്കുന്നില്ല.

7. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവശർക്ക് നൽകുന്ന പദ്ധതികൾ കൃത്യമായി കിട്ടുന്നില്ല.

| | ഗുണഭോക്താക്കളുടെ എണ്ണം | | പ്രതിവർഷം വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ) | | | | | മണ്ണെണ്ണ | |
|---|---|---|---|---|---|---|---|---|---|
| റേഷൻഷാപ്പിന്റെ നമ്പർ എ.ആർ.ഡി നമ്പർ | മേജർ (12 വയസ്സിനു മേൽ) | മൈനർ (3–12 വയസ്സ്) | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പെർമിറ്റ് വഴി വിതരണം ചെയ്തത് (ലിറ്റർ) | കാർഡ് വഴി വിതരണം ചെയ്തത് (ലിറ്റർ) |
| 338 | 1501 | 322 | 1276 | 80 | 18 | 35 | 87 | 2849 | 10400 |
| 84 | 2293 | 554 | 1943 | 143 | 13 | 55 | 149 | 3103 | 17211 |
| 81 | 2680 | 592 | 1730 | 114 | 41 | 58 | 150 | 3264 | 16952 |
| 82 | 2036 | 418 | 1478 | 101 | 13 | 55 | 130 | 4585 | 15346 |
| 83 | 1092 | 202 | 1318 | 128 | 54 | 25 | 93 | 3680 | 10350 |
| 396 | 1422 | 305 | 1362 | 94 | 6 | 24 | 86 | 3860 | 9720 |
| 80 | 1120 | 266 | 980 | 108 | 54 | 50 | 75 | 6172 | 9195 |
| ആകെ | 12144 | 2659 | 10087 | 768 | 199 | 302 | 770 | 27513 | 89224 |

8. അർഹതയുള്ള എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല.

9. വികലാഗ്വത്ത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ നേടുന്നതിന് വളരെയധികം പ്രയാസങ്ങൾ നേരിടുന്നു.

10. പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല. റവ, മൈദ തുടങ്ങിയവ എല്ലാകാലത്തും ലഭിക്കുന്നില്ല.

11. പഞ്ചായത്തിൽ മാവേലിസ്റ്റോറുകൾ ഒന്നും തന്നെ ഇല്ല.

## നിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമപ്രവർത്തനങ്ങളുടെ കേന്ദ്രമായി അംഗനവാടികളും മഹിളാസമാജങ്ങളും വളർത്തിയെടുക്കണം.

2. അംഗനവാടികൾ ആവശ്യമായ എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കണം. നിലവിലുള്ള അംഗനവാടികളുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

3. പഞ്ചായത്തിന്റെ കീഴിലുള്ളതോ റവന്യൂസ്ഥലമോ, മിച്ചഭൂമിയോ ഉപയോഗപ്പെടുത്തി അംഗനവാടികൾക്ക് കെട്ടിടം പണിയാൻ നൽകാം.

4. സ്ത്രീകൾക്ക് സമൂഹത്തിൽ അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാനുള്ള വേദിയായി മഹിളാസമാജങ്ങളും അംഗനവാടികളും ഉയർത്തിക്കൊണ്ടുവരണം.

5. വ്യക്തികൾക്ക് വരുമാനജനകമായ സ്വയംതൊഴിൽ പദ്ധതികൾ കണ്ടെത്തി നടപ്പാക്കണം. അതുപോലെ ഗ്രൂപ്പടിസ്ഥാനത്തിലും നടപ്പാക്കണം.

6. വിവിധ തൊഴിൽമേഖലകൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ, സാമ്പത്തികസഹായം, വൈദ്യുതി, വിദഗ്ദ്ധ പരിശീലനം ഇവയുടെ ലഭ്യത ഉറപ്പുവരുത്താം.

7. കൂടുതൽ തൊ ഴിലവസരങ്ങൾ നൽകുന്ന നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

8. പരമ്പരാഗതമായ കൈത്തൊഴിലുകൾ പുനരുദ്ധരിക്കുകയും അവയുടെ ക്രയശേഷി വർദ്ധിപ്പിക്കുകയും വേണം.

9. പരമ്പരാഗത കൈത്തൊഴിൽ ചെയ്യുന്നവരെയും സ്വയംതൊഴിൽ ചെയ്യുന്നവരെയും ഇടനിലക്കാരിൽനിന്ന് മോചിപ്പിച്ച് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണനമേളകൾ സംഘടിപ്പിക്കുക.

10. ദേശസാൽകൃതബേങ്കുകളോടൊപ്പം സഹകരണ ബാങ്കുകൾ വഴിയും ഗുണഭോക്താക്കൾക്ക് വായ്പകൾ ലഭ്യമാക്കണം.

11. ചെരിപ്പ് നിർമ്മാണയൂനിറ്റും, മധുരപലഹാര നിർമ്മാണ യൂണിറ്റും, പുനരുദ്ധരിക്കണം.

12. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷനുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം.

13. അഗതിപെൻഷൻ അനുവദിക്കുന്നതിന് വ്യക്തിവരുമാനം അടിസ്ഥാനമാക്കണം.

14. അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ അനുവദിക്കണം.

15. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വേ നടത്തണം. (കഞളജ)

16. വികലാഗ്വത്ത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാനമെഡിക്കൽ ഓഫീസർക്ക് നൽകണം.

17. വൃദ്ധമന്ദിരങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം.

18. പൊതുവിതരണകേന്ദ്രങ്ങളിൽ റവ, മൈദ, തുടങ്ങിയ വസ്തുക്കൾ എല്ലാ ആഴ്ചയും വിതരണം ചെയ്യണം.

19. പഞ്ചായത്തിനാവശ്യമായ സ്ഥലങ്ങളിൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കണം.

# 8

# പട്ടികജാതി പട്ടികവർഗ്ഗ വികസനം

കോട്ടയം പഞ്ചായത്തിൽ അംഗീകരിച്ച പട്ടികജാതി പട്ടിക വർഗ്ഗ കോളനി ഇന്ന് നിലവിലില്ല. എന്നാൽ പഞ്ചായത്തിൽ അഞ്ചും അതിൽ കൂടുതലും പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ച് താമസിക്കുന്ന മറ്റ് കോളനികൾ ഉണ്ട്. അത് പഞ്ചായത്തിൽ 1,2,6,9 വാർഡുകളിൽ സ്ഥിതി ചെയ്യുന്നു. കൂടാതെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലുമായി തനിച്ചും കൂട്ടുകുടുംബമായും താമസിച്ചു വരുന്നുണ്ട്.

വിദ്യാഭ്യാസരംഗത്ത് പ്രതീക്ഷയ്ക്കൊത്ത് ഉയർന്നിട്ടില്ല. കഷ്ടിച്ച് പ്രീഡിഗ്രി വരെ ചുരുക്കം ചിലർ എത്തിയിട്ടുണ്ടെങ്കിലും ഡിഗ്രിയും ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരും ഇല്ലാതില്ല. എന്നാൽ ഇത് വെറും വിരലിലെണ്ണാവുന്നവർ മാത്രമേയുള്ളു. ഇതിനുള്ള കാരണം ഇന്ന് നിലവിൽ കിട്ടി വരുന്ന പരിമിതമായ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ അപര്യാപ്തത കൊണ്ട് മാത്രമാണെന്ന് പറഞ്ഞുകൂടാ. കുടുംബപരമായ ചുറ്റുപാടുകളും ഇതിന് ഒരു കാരണമാണ്.

ഈ പഞ്ചായത്തിൽ ചുരുക്കം ചിലർക്ക് മാത്രമാണ് സർക്കാർ ജോലിയുള്ളത്. ബഹുഭൂരിപക്ഷം അംഗങ്ങളും പ്രത്യേകിച്ച് സ്ത്രീകൾ യാതൊരു ജോലിയുമില്ലാതെയും ജോലി ചെയ്യുന്നവർ തന്നെ സ്ഥിരമായ ജോലി അല്ലാത്ത കൂലി പ്രവൃത്തിയിൽ ഏർപ്പെട്ടാണ് ജീവിതം നയിക്കുന്നത്. കുലതൊഴിലിൽ മാത്രം ഏർപ്പെട്ട് ജീവിതം നയിക്കുന്നവർ ഈ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം. മിക്കവാറും ഓരോ കുടുംബത്തിനും അവരവർ താമസിക്കുന്ന ഭവനവും അത് നിൽക്കുന്ന നാലോ അഞ്ചോ സെന്റ് ഭൂമിയും മാത്രമാണ് അധികം കുടുംബങ്ങൾക്കും ഉള്ളത് എന്നത് കൊണ്ട് തന്നെ കാർഷിക വരുമാനം കൊണ്ട് ഉപജീവനം കഴിക്കുന്നവരായി ആരും തന്നെയില്ല. സർക്കാർ സർവ്വീസിലുള്ളവർ അവരുടെ പരിമിതിയിൽ മാത്രം ഒതുങ്ങി കഴിയുന്നവരാകയാലും അല്ലാത്തവർ സാമ്പത്തിക വിഷമം കാരണം മറ്റ് സാമൂഹ്യ പ്രവർത്തനങ്ങളിൽ ബന്ധപ്പെടാതെ മാറി നിൽക്കുന്നതാണ് ഇന്ന് കാണാൻ കഴിയുന്നത്. വീടുകളിലും മറ്റും വെച്ച് നടന്നു വരുന്നതായ പൊതു ചടങ്ങുകളിൽ അന്യോന്യം സഹകരിച്ച് പങ്കെടുക്കുന്നുണ്ട്. മിശ്രവിവാഹം നടത്തിയ ചുരുക്കം ചിലരും ഈ വിഭാഗത്തിൽ ഉണ്ട്. അത് കൊണ്ട് ഈ വിഭാഗത്തെ സാമ്പത്തികമായും സാമൂഹികമായും ഉയർത്തി കൊണ്ടുവരേണ്ട കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഇന്ന് നിലവിൽ ഈ പഞ്ചായത്തിൽ സർക്കാർ അനുശാസിക്കുന്ന തരത്തിൽ വേണ്ടത്ര കുടുംബാംഗങ്ങൾ കോളനിയായി ഒന്നിച്ച് താമസിക്കുന്നില്ല എന്ന ഒറ്റ കാരണത്താൽ കോളനിയായി അംഗീകരിക്കാത്തത് കൊണ്ട് തന്നെ തൊഴിൽ സംരംഭം മുതലായവയ്ക്ക് അനുവദിക്കുന്ന പല പദ്ധതികളും ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല എന്നതാണ് സത്യം. ഈ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെട്ടവർ യാതൊരു വിധ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക സംഘടനകളിൽ ഒന്നും തന്നെ നേതൃത്വം വഹിച്ചു വരുന്നില്ല. എന്നാൽ നാം ഇന്ന് കോളനി എന്ന് പറഞ്ഞുവരുന്ന പ്രദേശത്ത് പോലും യാതൊരു വിധ പ്രാഥമിക കസൗകര്യങ്ങളും ഇല്ലെന്നത് പരമാർത്ഥമാണ്. കോളനിയിലേക്ക് റോഡ്, വൈദ്യുതി, കുടിവെള്ളം, ആരോഗ്യസംരക്ഷണം എന്നിവയുടെ കാര്യത്തിൽ വളരെ പിന്നോക്കം തന്നെയാണ്. ഈ വിഭാഗത്തിന് ഇന്ന് ൽകി വരുന്ന ഏത് വിധം സാമ്പത്തിക സഹായങ്ങളായാലും അതത് കാര്യത്തിന് ീരെ അപര്യാപ്തമായതിനാൽ കിട്ടിക്കൊണ്ടിരിക്കുന്നതായ സാമ്പത്തിക സഹായം കൊണ്ട് ഉദ്ദേശിക്കുന്ന രീതിയിൽ അവ ഒന്നും തന്നെ പൂർണ്ണമായ അർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ കഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. അതിനാൽ പൂർണ്ണമായി പ്രയോജനപ്പെടുത്താൻ പറ്റിയ രീതിയിൽ പദ്ധതികൾക്ക് ഒരു മാറ്റം അനിവാര്യമാണ്.

**പ്രശ്നങ്ങൾ** :

1. തൊഴിലില്ലായ്മ
2. വിദ്യാഭ്യാസരംഗത്തെ പുരോഗതി ഇല്ലായ്മ
3. സാമൂഹ്യരംഗത്തുള്ള വളർച്ച ഇല്ലായ്മ.
4. പാർപ്പിടപ്രശ്നം
5. ഇന്ന് നിലവിലുള്ള കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത
6. പരമ്പരാഗത തൊഴിൽ, കല എന്നിവയുടെ അധഃപതനം
7. ആനുകൂല്യങ്ങൾ ലഭ്യമാകാൻ ഇന്നുള്ള സാങ്കേതിക തടസ്സങ്ങൾ

## സാധ്യതകൾ

1. കുടിൽ വ്യവസായങ്ങൾ ആരംഭിക്കാൻ സഹായം നൽകാവുന്നതാണ്.

2. അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ ആരംഭിക്കുവാനുള്ള സഹായം നൽകേണ്ടതുണ്ട്.

3. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും രക്ഷിതാക്കളെ ബോധവൽക്കരിക്കുകയും ചെയ്യാവുന്നതാണ്.

4. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കാവുന്നതാണ്.

5. ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പഞ്ചായത്ത് മുഖേന നൽകേണ്ടതാണ്.

6. പഞ്ചായത്തിൽ ഒരു പൊതു സ്മശാനം സ്ഥാപിക്കാവുന്നതാണ്.

7. 5 കുടുംബങ്ങൾ താമസിക്കുന്ന കോളനികളെ പട്ടികജാതി കോളനിയായി അംഗീകരിക്കാവുന്നതാണ്.

8. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

9. മാസത്തിൽ ഒരു തവണയെങ്കിലും കോളനികളിൽ ആരോഗ്യ ബോധവൽക്കരണ ക്ലാസും മെഡിക്കൽ കേമ്പും സംഘടിപ്പിക്കാവുന്നതാണ്.

10. കോളനികളിൽ 'വായനാ കോർണർ' സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

# 9

# വനിതാക്ഷേമം

ഏതൊരു നാട്ടിലേയും പുരോഗതി വിലയിരുത്തേണ്ടത് ആ നാട്ടിലുള്ള സ്ത്രീകളുടെ സാമൂഹ്യസാംസ്ക്കാരിക സാമ്പത്തിക പുരോഗതിയെ അടിസ്ഥാനമാക്കിയാണ്. നമ്മുടെ നാട്ടിലെ സ്ത്രീകളുടെ നിലവിലുള്ള സ്ഥിതി പരിശോധിച്ചാൽ അതൊരിക്കലും തെളിവുള്ള ഒരു ചിത്രമല്ല നമുക്ക് കാട്ടിത്തരുന്നത്. വനിതാവിമോചന പ്രസ്ഥാനങ്ങൾ സജീവമായി പ്രവർത്തിക്കുന്ന ഇക്കാലത്ത് പോലും ഇതൊന്നും അറിയാതെ ഭൂരിഭാഗം സ്ത്രീകളും വീട്ടിൽ ഒതുങ്ങി കഴിയുകയാണ് ചെയ്യുന്നത്. സാമൂഹ്യപരമായി എല്ലാ രംഗങ്ങളിലും അണിയറകളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന സ്ത്രീ എവിടെയും ചൂഷണത്തിന് വിധേയമാവുകയും അതിനെതിരെ പ്രതികരിക്കാൻ വൈമുഖ്യം കാണിക്കുകയും ചെയ്യുന്ന സമൂഹത്തിലാണ് നാമിന്നു ജീവിക്കുന്നത്. ഈയൊരു പശ്ചാത്തലത്തിൽ നിന്നു വേണം സ്ത്രീയുടെ അവസ്ഥ വിലയിരുത്തേണ്ടതും പരിഹാരം കാണേണ്ടതും. സ്ത്രീയേയും സ്ത്രീത്വത്തേയും മാനിക്കാനും സാമൂഹ്യപുരോഗതിയിൽ സ്ത്രീക്കുള്ള പങ്ക് പുരുഷനേക്കാൾ വലുതാണെന്നും അംഗീകരിക്കുന്ന ഒരു സമൂഹത്തിൽ മാത്രമേ സാമൂഹ്യപുരോഗതി ഉണ്ടാവുകയുള്ളൂ.

കോട്ടയം പഞ്ചായത്തിലെ ജനസംഖ്യയിൽ 51% സ്ത്രീകളാണ്. 1000 പുരുഷൻമാർക്ക് 1054 സ്ത്രീകളാണുള്ളത്. വിദ്യാഭ്യാസനിലവാരം പരിശോധിച്ചാൽ പത്തിരുപത്തഞ്ച് വർഷം മുൻപ് സ്ത്രീകളുടെ സ്ഥിതി വളരെ പിറകിലായിരുന്നു. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസമേഖലയിൽ സ്ത്രീ പുരുഷ അന്തരം ഇല്ലെന്നു തന്നെ പറയാം. സാങ്കേതിക വിദ്യയിൽ സ്ത്രീകൾ പിന്നിൽ തന്നെയാണ്. കഴിഞ്ഞ 5 വർഷമായി പ്രൈമറി ക്ലാസ്സുകളിൽ പെൺകുട്ടികളുടെ എണ്ണത്തിൽ കുറവു കണ്ടുവരുന്നു. പെൺകുട്ടികളുടെ ജനനനിരക്കിന്റെ കുറവാണ് ഇത് കാണിക്കുന്നത്. അഭ്യസ്ഥവിദ്യരായ നിരവധി യുവതികൾ തൊഴിൽ രഹിതരായി പരാശ്രയരായി ജീവിക്കേണ്ടിവരുന്ന ഒരവസ്ഥ പഞ്ചായത്തിൽ നിലവിലുണ്ട്. സ്ത്രീകളിൽ വായനാശീലം വളരെ കുറവാണ്. അവനവന്റെ വീടുകളിൽ വരുത്തുന്ന പത്രങ്ങൾ പോലും വായിക്കാൻ മിക്ക സ്ത്രീകളും തയ്യാറാകുന്നില്ല. പൈങ്കിളി മാസികകളുടെ പ്രചരണവും അവയിൽ നിന്നും ലഭ്യമാകുന്ന തെറ്റായ ജീവിത വീക്ഷണവും ദൃശ്യശ്രവ്യ മാദ്ധ്യമങ്ങളുടെ തെറ്റായ ദിശയിലേക്കുള്ള ചുവടുവെപ്പും സ്ത്രീകളെ മാനസികമായി അപക്വതയിലേക്ക് നയിക്കുന്നതിന് കാരണമാകുന്നു. പഞ്ചായത്തിലെ കലാ സാംസ്ക്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തംനാമമാത്രമാണെന്ന് പറയാം. അഭ്യസ്തവിദ്യരായ യുവതികൾ പോലും വീട്ടിൽ മാത്രം ഒതുങ്ങിക്കഴിയുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

പഞ്ചായത്തിലെ സ്ത്രീകളുടെ ആരോഗ്യരംഗം പരിശോധിച്ചാൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ നില പിന്നോക്കം തന്നെയാണ്. കുടംബഭാരം വഹിക്കേണ്ടിവരുന്ന സ്ത്രീകൾ അവരുടെ ആരോഗ്യകാര്യങ്ങളിൽ നിസ്സംഗത പുലർത്തുന്നതാണ് ഇതിനൊരു കാരണം. പോഷകാഹാരത്തിന്റെ കുറവും വിശ്രമമില്ലാത്ത അധ്വാനവും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന തൊഴിൽ മേഖലയുമൊക്കെ സ്ത്രീയുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന ഘടകങ്ങൾ തന്നെയാണ്. ദാരിദ്ര്യജന്യരോഗവും സ്ത്രീകളിലാണ് കൂടുതൽ കണ്ടുവരുന്നത്.

തൊഴിൽ രംഗം പരിശോധിച്ചാൽ ആദ്യകാലത്ത് കർഷകതൊഴിലാളികളായിരുന്നു കൂടുതൽ സ്ത്രീകളും എന്ന് കാണാം. എന്നാൽ കാർഷിക രംഗത്ത് മുരടിപ്പും ജോലി സ്ഥിരതയില്ലായ്മയും കൂലി നിരക്കിലുള്ള അന്തരവും നിമിത്തം നിർമ്മാണ മേഖല പോലുള്ള മറ്റു തൊഴിൽ മേഖലയിലേക്ക് ചുവടു മാറാൻ സ്ത്രീകളെ പ്രേരിപ്പിച്ചു. അടുത്ത കാലത്തായി സ്ത്രീകൾ ആധിപത്യം പുലർത്തുന്ന ഒരു തൊഴിൽ മേഖലയാണ് ബീഡിതെറുപ്പ്. വീട്ടമ്മമാരായിട്ടുള്ള സ്ത്രീകളിൽ ഏകദേശം 10% സ്ത്രീകൾ വീട്ടുജോലികൾക്കു പുറമെ ആട് കോഴി പശു എന്നിവയെ വളർത്തി കുടുംബവരുമാനം വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിലെ പകുതിയിലധികം വീടുകളിലും ഗൃഹഭരണം നടത്തുന്നത് സ്ത്രീകളാണ്. റേഷൻ കട, മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ പോയിസാധനങ്ങൾ വാങ്ങുന്നതും സ്ത്രീകൾ തന്നെയാണ്. പൊതുവെ അദ്ധ്യാപന രംഗത്ത് സ്ത്രീകളാണ് കൂടുതലെങ്കിലും കോട്ടയം പഞ്ചായത്തിൽ അവർ ഒപ്പത്തിനൊപ്പമാണ്. 120 അദ്ധ്യാപകരിൽ 60 പുരുഷന്മാരും 60 സ്ത്രീകളുമാണുള്ളത്. പൊതുരംഗത്തുള്ള സ്ത്രീ പങ്കാളിത്തത്തിന്റെ കുറവ് ഇന്നും നിലനിൽക്കുന്നു. മഹിളാ സംഘടനകൾ പലതും ഉണ്ടെങ്കിലും ജനാധിപത്യ മഹിളാ അസോസിയേഷനാണ് സ്ത്രീകൾക്കിടയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്.

സാമൂഹ്യക്ഷേമവകുപ്പ് സ്ത്രീകളുടെ അഭിവൃദ്ധിക്കായി നിരവധി സ്കീമുകൾ നടപ്പിൽ വരുത്തുന്നുണ്ടെങ്കിലും അതിന്റെ ഗുണഫലം അനുഭവപ്പെടുന്നത് നാമമാത്രമായ സ്ത്രീകൾക്കുമാത്രമാണ്. നിലവിലുള്ള സ്കീമു

കളെപ്പറ്റി സ്ത്രീകൾക്കുള്ള അജ്ഞതയാണ് ഇതിന്റെ മുഖ്യ കാരണം. പഞ്ചായത്തിൽ ഇപ്പോൾ 27 സ്ത്രീകൾക്കുമാത്രമാണ് വിധവാ പെൻഷൻ ലഭിക്കുന്നത്. അർഹരായ നിരവധി സ്ത്രീകൾക്ക് അഗതി പെൻഷൻ, വിധവാ പെൻഷൻ, തുടങ്ങിയ പെൻഷനുകൾ ലഭിക്കേണ്ടതായിട്ടുണ്ട്. 15 അംഗൻവാടികളുടെ ആവശ്യമുണ്ടെങ്കിലും ഇന്ന് നിലവിലുള്ളത് ഒരെണ്ണം മാത്രമാണ്. 3 ഉണഇഞഅ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ കേവലം ഒന്നു മാത്രമാണ് ഒരു വിധത്തിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. അടുത്ത കാലത്തായി പഞ്ചായത്തിൽ പ്രവർത്തിച്ചു തുടങ്ങിയ 2 വനിതാ വ്യവസായ യൂണിറ്റുകൾ പുരോഗതി പ്രാപിച്ചുവരുന്നു. ഒരു വനിതാ സഹകരണ സംഘം മാത്രമാണ് ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

സ്ത്രീകൾക്ക് അവരർഹിക്കുന്ന സാമൂഹ്യ പദവി ഇനിയും കൈവന്നിട്ടില്ല. വിവിധ സംഘടനകളിലുള്ള വനിതാ നേതൃത്വത്തിന്റെ കണക്ക് അംഗുലീപരിമിതമാണെന്ന സത്യം ഈ വസ്തുതയാണ് വിളിച്ചോതുന്നത്. ഇതിന്റെ പ്രധാന കാരണം പുരുഷ മേധാവിത്വമാണ്. സ്ത്രീകളെ അവരുടെ അഭിരുചിയും ആഗ്രഹവുമനുസരിച്ച് പൊതുരംഗങ്ങളിൽ പ്രവർത്തിക്കാൻ പ്രോത്സാഹിപ്പിക്കേണ്ടത് പുരുഷന്മാർ തന്നെയാണ്. 2 മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ അവ പ്രവർത്തിക്കുന്നില്ല. സ്ത്രീ പീഡനം കുറേയൊക്കെ വീടുകളിലും വലിയ തോതിൽ സമൂഹത്തിലും അനുഭവപ്പെടുന്നു. സ്ത്രീകളെ വിൽപ്പനച്ചരക്കായി കാണുന്ന മാധ്യമങ്ങളുടെ ആധിക്യം, സാംസ്കാരിക ജീർണ്ണതയുളവാക്കുന്ന അശ്ലീലപോസ്റ്ററുകളുടെ പ്രചാരം, ലഹരി പദാർത്ഥങ്ങളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ലഭ്യത ഇവയെല്ലാം സ്ത്രീകളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്നു.

ഇന്ന് യുവജനങ്ങളുടെ (സ്ത്രീപുരുഷനും) ഹരമായിട്ടുള്ള പൈങ്കിളിവാരികകൾ, ടി. വി. എന്നിവ സമൂഹത്തെ വലിയതോതിൽ ദുഷിപ്പിക്കുന്നു. മയക്കുമരുന്നുപോലെ സ്ത്രീകളെ ആകർഷിപ്പിക്കുന്ന ഇവ നിമിത്തം സാമൂഹ്യപുരോഗതിക്കുള്ള പ്രവർത്തനങ്ങളിൽ സ്ത്രീകളെ ലഭിക്കാത്ത ഒരു ദുരവസ്ഥ ഇന്ന് നിലവിലുണ്ട്. ഈ സ്ഥിതി മാറിയേ തീരൂ.

## പ്രശ്നങ്ങൾ

1. സ്ത്രീകൾക്കുള്ള അന്ധവിശ്വാസം, അനാചാര പ്രവണത ഇവ അഭ്യസ്ഥവിദ്യരിലടക്കം ഉണ്ട്.

2. സ്ത്രീകളുടെ തൊഴിലില്ലായ്മ നിമിത്തമുള്ള ദാരിദ്ര്യം

3. സ്ത്രീകൾക്കുമാത്രമായുള്ള തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ അഭാവം.

4. അംഗൻവാടികൾ, മഹിളാസമാജങ്ങൾ എന്നിവയുടെ അഭാവം.

5. പൊതു പ്രവർത്തനരംഗങ്ങളിൽ വരാൻ സ്ത്രീകൾക്കുള്ള അപകർഷതാബോധം, ആത്മവിശ്വാസമില്ലായ്മ.

6. വനിതാസഹകരണസംഘങ്ങളുടെ അഭാവം.

7. കുടിൽവ്യവസായം ചെയ്യാൻ ആഗ്രഹമുള്ളരുണ്ടെങ്കിലും അവർക്കുള്ള സാമ്പത്തികപരാധീനത.

8. സാംസ്കാരികസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് പങ്കാളിത്തമില്ലായ്മ.

9. ലഹരിപദാർത്ഥങ്ങളുടെ സുലഭ്യത നിമിത്തം അതുപയോഗിക്കുന്ന പുരുഷന്മാരിൽനിന്ന് അനുഭവപ്പെടുന്ന പീഡനം.

10. വർദ്ധിച്ച ആഭരണഭ്രമം, വേഷവിധാനത്തിലുള്ള ആസക്തി ഇവ കുറക്കാനുള്ള ബോധവൽക്കരണത്തിന്റെ അഭാവം.

11. മുസ്ലീം സമുദായത്തിൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ സ്ത്രീധനത്തിന്റെ പേരിൽ പഞ്ചായത്തിൽ നടന്നിട്ടുണ്ട്.

12. സ്ത്രീധനത്തിന്റെ പേരിൽ വിവാഹപ്രായമായിട്ടും പെൺകുട്ടികളെ കെട്ടിച്ചയച്ചുകൊടുക്കാൻ സാധിക്കാതെ പ്രയാസമനുഭവിക്കുന്ന നിരവധി കുടുംബങ്ങൾ (പ്രത്യേകിച്ചും മുസ്ലീം കുടുംബങ്ങൾ) ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

13. ഹെൽത്ത്സെന്ററുകളിലെ പ്രവർത്തനത്തിന്റെ കാര്യക്ഷമതയില്ലായ്മ.

14. അർഹരായവർക്ക് പെൻഷൻ കിട്ടാത്ത അവസ്ഥ വിധവ, അഗതി പെൻഷൻ തുടങ്ങിയവ.

15. അടുക്കളയിലെ പുകശല്യം നിമിത്തമുള്ള ആരോഗ്യപ്രശ്നം.

16. വിവിധ ഗവൺമന്റ് സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങളെപ്പറ്റി സ്ത്രീകൾക്കുള്ള അജ്ഞത.

17. സ്ത്രീകളുടെ കലാകായിക കഴിവുകൾ പോഷിപ്പിക്കുവാൻ അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും മറ്റുമുള്ള ഒരു പൊതുവേദിയുടെ അഭാവം.

18. പൊതുരംഗത്ത് വരാനുള്ള സ്ത്രീകളുടെ അപകർഷതാബോധം, പൊതു പ്രവർത്തനം വിലകുറഞ്ഞതായി കാണുന്ന സമൂഹ വീക്ഷണം, പൊതുപ്രവർത്തന

ത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സ്ത്രീകൾ കാണി ക്കുന്ന വിമുഖത, ഉത്തരവാദിത്വം സ്ത്രീകളെ ഏൽപി ക്കാൻ വൈമുഖ്യംകാണിക്കുന്ന പുരുഷൻമാരുടെ മാന സികനില.

## സാധ്യതകൾ

1. സ്ത്രീകൾക്ക്മാത്രമായുള്ള തൊഴിൽപരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2. അംഗൻവാടികൾ മഹിളാസമാജങ്ങൾ എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

3. വനിതാസഹകരണ വ്യവസായസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.

4. ആട്, പശു, കോഴി എന്നിവ വളർത്തൽ, പച്ചക്കറി തോട്ടം, ഉദ്യാനകൃഷി, ഔഷധച്ചെടിവളർത്തൽ, പപ്പട നിർമ്മാണം തുടങ്ങിയ കുടിൽ വ്യവസായം പ്രോത്സാഹി പ്പിക്കുകയും, ആവശ്യമായ വിപണികണ്ടെത്താൻ സഹാ യിക്കുകയും ചെയ്യൽ.

5. പഴസംസ്കരണം, കറിപൗഡർ നിർമ്മാണം, ചന്ദ നത്തിരിനർമ്മാണം, മെഴുകുതിരിനിർമ്മാണം, ജല്ലിയൂനിറ്റ്, ടെയിലറിംഗ്സെന്റർ എന്നിവ സ്ത്രീകൾക്ക് വേണ്ടി ആരം ഭിക്കാൻ ധനസഹായവും പ്രോത്സാഹനവും നൽകേണ്ട താണ്.

6. ലഹരിപദാർത്ഥങ്ങൾ, അശ്ലീലപോസ്റ്ററുകൾ, അശ്ലീല പ്രസിദ്ധീകരണങ്ങൾ എന്നിവ നിർത്തൽ ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കൽ.

7. ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമ മാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

8. അർഹതപ്പെട്ടവർക്ക് പെൻഷനും മറ്റ് ആനുകൂല്യ ങ്ങളും ലഭിക്കാനുള്ള സാങ്കേതിക തടസ്സങ്ങൾ നീക്കം ചെയ്യാവുന്നതാണ്.

9. പുകയില്ലാത്ത അടുപ്പുകൾ പ്രചാരത്തിൽ വരു ത്താനുള്ള നടപടികൾ.

10. വേഷഭൂഷാദികളുടെ ഭ്രമം കുറക്കാനുള്ള ബോധ വൽക്കരണം.

11. പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്ക് ഒരു പൊതു വേദി സ്ഥാപിച്ച് സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യു കയും സർക്കാർപദ്ധതികളെപ്പറ്റി ബോധവൽക്കരിക്കു കയും ചെയ്യാവുന്നതാണ്.

12. സ്ത്രീകളെ സാമൂഹികപരമായി സാംസ്കാരിക പരമായും ഉയർത്തിക്കൊണ്ടുവരാൻ സെമിനാറുകളും മറ്റും സംഘടിപ്പിക്കേണ്ടതാണ്.

13. സ്കൂളുകളിൽ പാഠ്യേതരമേഖലകളിൽ പെൺകു ട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാനാവശ്യമായ ഇടപെ ടലുകൾ ഉണ്ടാകേണ്ടതുണ്ട്.

# 10

## സംസ്കാരം

ഉന്നതമായ സാംസ്കാരിക പാരമ്പര്യമുള്ള ഒരു പഞ്ചായത്താണ് കോട്ടയം. ഇന്നലകളുടെ ഏടുകൾ പിന്നോട്ടു മറിച്ചുനോക്കിയാൽ കേരളത്തിന്റെ വിശ്വപ്രസിദ്ധ നൃത്താഭിനയ കലാരൂപമായ കഥകളിയുടെ ആദ്യരൂപമായ രാമനാട്ടം പിച്ചവച്ചുവളർന്നത് കോട്ടയം രാജാങ്കണത്തിൽ രാജാവിന്റെ കരലാളനമേറ്റാണെന്ന് കാണാം. കോട്ടയം തൃക്കൈക്കുന്ന് മഹാദേവക്ഷേത്രത്തിലെ ദാരുശില്പകലകൾ രാജഭരണകാലത്തെ ശില്പകാലൈവൈഭവത്തെ വിളിച്ചോതുകയും നമ്മെ അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ പഴമയുടെ പ്രൗഢിയുടെ പ്രതീകമാണ് വാസ്തുശില്പകലാ വൈദഗ്ദ്യം തുളുമ്പുന്ന എരുവട്ടി ശ്രീവേട്ടയ്ക്കൊരു മകൻ ക്ഷേത്രം ഇത്തരം ക്ഷേത്രങ്ങളും അമ്പലങ്ങളും വിവിധ കലകളുടെ ഈറ്റില്ലമായിരുന്നുവെങ്കിലും ഇന്ന് അവയ്ക്ക് ചൈതന്യം നഷ്ടപ്പെട്ടിരിക്കുന്നു.

കോട്ടയം പഞ്ചായത്തിൽ രണ്ടു മതവിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളാണ് താമസിക്കുന്നത്. ഹിന്ദുക്കളും, മുസ്ലീംഗളും മതസാഹോദര്യം ഇന്നുവരെയും പഞ്ചായത്തിൽ ഊനം തട്ടാതെ നിലനിന്നിട്ടുണ്ട്. കോട്ടയം അങ്ങാടിയിൽ പാണ്ടികശാലകൾ കെട്ടി കച്ചവടം നടത്തിയിരുന്ന മുസ്ലീങ്ങൾക്ക് ആരാധിക്കുന്നതിനുവേണ്ടി കോട്ടയം തമ്പുരാൻ ഒരു പള്ളി നിർമ്മിച്ചുകൊടുത്തിരുന്നു എന്ന് പറയപ്പെടുന്നു. മതമൈത്രി കോട്ടയം പഞ്ചായത്തിന്റെ പൈതൃകസമ്പത്താണെന്ന് പറയാം.

ആരാധനാലയങ്ങൾ:- കോട്ടയം പഞ്ചായത്തിലെ ഹൈന്ദവാരാധനാലയങ്ങളിൽ കോട്ടയം തൃക്കൈക്കുന്ന് മഹാദേവക്ഷേത്രവും, എരുവട്ടി ശ്രീ. വേട്ടയ്ക്കൊരുമകൻ ക്ഷേത്രവും അവരുടെ ശില്പഭംഗിയിലും പഴമയുടെ പ്രൗഢിയിലും വലുപ്പത്തിലും പ്രമുഖ സ്ഥാനമുള്ളവയാണ്. ഈ രണ്ടു ക്ഷേത്രങ്ങളും മുന്നോക്കജാതിക്കാരുടെയും പിന്നോക്കജാതിക്കാർക്ക് വളരെ കാലം പ്രവേശനം നിഷേധിക്കപ്പെട്ടവയുമായിരുന്നു. കോട്ടയം തൃക്കൈക്കുന്ന് ക്ഷേത്രത്തോടനുബന്ധിച്ച് ഇന്ന് കാണുന്ന ചിറയ്ക്ക് പന്ത്രണ്ട് ഏക്കർ വിസ്തൃതിയുണ്ടായിരുന്നത്രെ. ഈ ചിറകുഴിച്ച് മണ്ണിട്ട് ഉയർത്തിയ കുന്നിലാണ് ക്ഷേത്രം പണിതതെന്ന് പറയപ്പെടുന്നു. ശിവരാത്രിയോടനുബന്ധിച്ച് ഏഴുദിവസം നീണ്ടുനിൽക്കുന്ന ഉത്സവമാണ് ഇവിടെ നടക്കാറുള്ളത്. കൂത്ത്, ഓട്ടൻതുള്ളൽ, പാഠകം, കഥകളി, തുടങ്ങിയ കലാരൂപങ്ങൾ എല്ലാദിവസവും അരങ്ങേറിയിരുന്നു. ഏഴുദിവസവും കളമെഴുതിയിരുന്നു. ആനകളുടെ അകമ്പടിയോടുകൂടിയ പള്ളിവേട്ടയും ഉത്സവത്തിന്റെ ഭാഗമായിരുന്നു. ആറേഴ് ആനകൾ കോട്ടയം കോവിലിനകത്ത് ഉണ്ടായിരുന്നു. ആറേഴ് ആനകൾ കോട്ടയം കോവിലിനകത്ത് ഉണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് ഉത്സവം മുടങ്ങിയെന്ന് മാത്രമല്ല നിത്യപൂജപോലും മുടങ്ങിപ്പോയിരുന്നു. നത്യപൂജ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്.

എരുവട്ടി ശ്രീവേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിലും മുൻ കാലങ്ങളിൽ മണ്ഢലോത്സവങ്ങളും കഥകളി, ഓട്ടം തുള്ളൽ എന്നീ കലാരൂപങ്ങളും അരങ്ങേറിയിരുന്നു. ഒരു കാലത്ത് എരുവട്ടിയിലെ കൃഷിഭൂമികളെല്ലാം എരുവട്ടിക്കാവ് ദേവസ്വം വകയായിരുന്നു. ഭൂപരിഷ്കരണത്തോടെ എരുവട്ടി ശ്രീവേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിന്റെ പ്രതാപവും ഐശ്വര്യവും അസ്തമിച്ചു തുടങ്ങി.

മേൽ ജാതിക്കാരുടെ ഈ രണ്ടു ക്ഷേത്രങ്ങൾക്ക് പുറമെ വർഷംതോറും തെയ്യം തിറകൾ കെട്ടിയാടിക്കുന്ന കീഴ്ജാതിക്കാരുടെ അനേകം കാവുകൾ പഞ്ചായത്തിനകത്ത് ഉണ്ട്. തറവാട്ടുകളുടെ ശൈധില്യവും തകർച്ചയും കാരണം പലകാവുകളും നാമാവശേഷമാവുകയോ തിറയാട്ടം മുടങ്ങിപ്പോവുകയോ ചെയ്തിട്ടുണ്ട്. പത്തും ഇരുപതും വർഷങ്ങൾക്കുശേഷം അവയിൽ ചിലത് പുനരുദ്ധരിക്കപ്പെട്ടിട്ടുണ്ട്. പ്രാദേശികമായി നാട്ടുകാരുടെ ജനകീയ സമിതികളാണ് അത്തരം കാവുകളുടെ നടത്തിപ്പും തിറയുത്സവും മറ്റും നിയന്ത്രിക്കുന്നത്. തിറയുത്സവങ്ങൾ ഓരോ പ്രദേശത്തിന്റെയും ഉത്സവങ്ങളാണ്. മിക്ക കാവുകളിലും രാത്രി കലാപരിപാടികൾ അരങ്ങേറാറുണ്ട്. മുൻ കാലങ്ങളിലെ പതിവുകളിൽ നിന്ന് വ്യത്യസ്തമായി പ്രൊഫഷണൽ സംഘങ്ങളുടെ നാടകങ്ങളോ മറ്റു പരിപാടികളോ മറ്റോ ആണ് ഇപ്പോൾ അവതരിപ്പിക്കപ്പെടുന്നത്. പഞ്ചായത്തിൽ ഇപ്പോൾ തിറയാട്ടം നടക്കുന്ന ഒമ്പത് കാവുകളാണുള്ളത്. അവയിൽ മൂന്നെണ്ണം മുത്തപ്പൻ കെട്ടിയാടുന്ന മഠപ്പുരകളാണ്. മറ്റുള്ളവയിൽ പല തെയ്യക്കോലങ്ങളാണ് കെട്ടിയാടുന്നത്. അഞ്ചാം വാർഡിൽ പുറക്കളത്തുള്ള ഗണപതിക്ഷേത്രം മട്ടുകാവുകളിൽ നിന്ന് വ്യത്യസ്ഥമായ ഒന്നാണ്.

കോട്ടയം പഞ്ചായത്തിലാകെ 14 മുസ്ലീം ദേവാലയങ്ങളുണ്ട്. അഞ്ചാം വാർഡ് ഒഴികെയുള്ള വാർഡിൽ ഓരോ പള്ളികളും നാലാം വാർഡിൽ മാത്രം ഏഴുപള്ളികളുമാണുള്ളത്. പഞ്ചായത്തിനകത്ത് മുസ്ലീം സമുദായാഗംങ്ങൾ കൂടുതൽ താമസിക്കുന്നത് കോട്ടയം അങ്ങാടിപ്രദേശം

ഉൾക്കൊള്ളുന്ന നലാം വാർഡിലാണ്. മതപ്രഭാഷണങ്ങൾ, നബിദിനാഘോഷങ്ങൾ, ആണ്ടുനേർച്ചകൾ തുടങ്ങിയവ പള്ളികളോടനുബന്ധിച്ചു നടത്താറുണ്ട്. പെരുന്നാളുകൾ തുടങ്ങിയ മതപരമായ ആഘോഷങ്ങൾ ഇസ്ലാം മതസ്ഥർ ആഘോഷാക്കാറുണ്ട്. പുണ്യമാസമായ റംസാനിൽ മുസ്ലിംങ്ങൾ വ്രതമനുഷ്ഠാക്കറുണ്ട്.

കോട്ടയം പൊയിലിൽ ഒരു ശ്രീനാരായണ ഗുരുമഠവും പുറക്കളത്ത് കോട്ടയം കോവിലകത്തോട് ചേർന്ന പഴയ ഊട്ടുപുരയിൽ മാതാ അമൃതാനന്ദമയിദേവിയുടെ ഒരു മഠവും ഉണ്ട്. ശ്രീനാരായണ ഗുരുമഠത്തിന്റെ നേതൃത്വത്തിൽ ഗുരുജയന്തി, സമാധി, നവരാത്രി പൂജ, വിദ്യാരംഭം തുടങ്ങിയവ ആചരിക്കാറുണ്ട്. മാതാഅമൃതാനന്ദമയി ദേവീ മഠത്തിൽ ഭജനകളും പ്രഭാഷണങ്ങളും നടത്താറുണ്ട്.

## *ഗ്രന്ഥാലയങ്ങളും വായനശാലകളും :-*

കോട്ടയം പഞ്ചായത്തിൽ ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്ന എടുത്തുപറയത്തക്ക ലൈബ്രറികൾ ഒന്നും തന്നെയില്ലെന്ന് പറയാം. നാലു ലൈബ്രറികളാണിന്നുള്ളത്. സേലം ജയിൽ രക്തസാക്ഷി സ്മാരക ലൈബ്രറി കൂവ്വപ്പാടി, ദേശാഭിമാനി ലൈബ്രറി ആറാംമൈൽ, എ.കെ.ജി സ്മാരക ലൈബ്രറി എരുവട്ടി, ഇസ്ലാമിക് ലൈബ്രറി കോട്ടയം പോയിൽ - കേരള ഗ്രന്ഥശാലാ സംഘം അഫിലിയേഷൻ ലഭിക്കാനുള്ള നിലവാരം മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ഒന്നും തന്നെ കൈവരിച്ചിട്ടില്ല. വിജ്ഞാനത്തിന്റെയും സാഹിത്യത്തിന്റെയും ചക്രവാളം അനുദിനം വളർന്ന് അനന്തമായി വികസിക്കുമ്പോൾ അതിനനുസൃതമായ ഒരു വളർച്ച പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്ക് ഉണ്ടാവുന്നില്ല,

വർഷം തോറും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനും ഉള്ളവ സംരക്ഷിക്കുന്നതിനും കാര്യക്ഷമമായ പുസ്തകവിതരണ സംവിധാനം നിലനിർത്തുവാനും ഇന്ന് പ്രവർത്തിച്ചുവരുന്ന ലൈബ്രറികൾക്ക് കഴിയുന്നില്ല. സാഹിത്യത്തിന്റെ എല്ലാ മേഖലകൾക്കും ഗ്രന്ഥശേഖരങ്ങളിൽ അർഹമായ പ്രാധാന്യം നൽകപ്പെടുന്നില്ല. പുസ്തകങ്ങളുടെ എണ്ണം പരിമിതമാണെന്നതുകൊണ്ടും ലൈബ്രേറിയൻമാരുടെ അഭാവം കാരണവും പഞ്ചായത്തിലെ ലൈബ്രേറികൾ ആഴ്ചയിലെ ചില ദിവസങ്ങളിൽ നിശ്ചിത സമയം മാത്രമാണ് പ്രവർത്തിക്കുന്നത്. പരിമിതമാണെങ്കിൽ പോലും നിലവിൽ ലഭ്യമായ ലൈബ്രറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന വായനക്കാരുടെ എണ്ണം വളരെ കുറവാണെന്നത് എടുത്തുപറയേണ്ട ഒരു വസ്തുതയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് ചെറുപ്പക്കാരുടെ വായനാശീലത്തിൽ കുറവുവന്നിട്ടുണ്ട്. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സ്വാധീനം വർദ്ധിച്ചു വരുന്നതനുസരിച്ച് ജനങ്ങളുടെ വിശേഷിച്ച് യുവതീയുവാക്കളുടെ വായനാശീലവും താൽപര്യവും കുറഞ്ഞുവരികയാണ്. മിനിസ്ക്രീനിൽ മിന്നിമറിയുന്ന ദൃശ്യങ്ങൾക്കു മുന്നിൽ കണ്ണുമിഴിച്ചിരിക്കുന്ന ജനത സമൂഹത്തിന്റെ സാമൂഹിക- സാംസ്കാരിക-രാഷ്ട്രീയ പ്രശ്നങ്ങൾക്കുനേരെ കണ്ണുതുറക്കാൻ മറക്കുന്നു. ഇത് സാംസ്കാരിക ജീർണ്ണതയ്ക്ക് വളമാകുന്നു.

കോട്ടയം പഞ്ചായത്തിൽ 12 വായന ശാലകളാണുള്ളത്. ഇവയിൽ ഭൂരിപക്ഷത്തിനും സ്വന്തമായി കെട്ടിടങ്ങളുണ്ട്. രണ്ടു സ്ഥാപനങ്ങളിൽ ടെലിവിഷൻ സെറ്റുണ്ട്. അഞ്ചാം വാർഡിൽ പഞ്ചായത്തുവക നിർമ്മിക്കപ്പെട്ട ഒരു സാംസ്കാരിക നിലയവും ഉണ്ട്. ഒന്നിൽ കൂടുതൽ വർത്തമാനദിനപത്രവും,വാരികകളും,മാസികകളും,കുട്ടികളുടെ പ്രസിദ്ധീകരണങ്ങളും വായനശാലകളിൽ ലഭിക്കുന്നുണ്ട്. ദേശാഭിമാനി,മാതൃഭൂമി,മലയാളമനോരമ,കേരളകൗമുതി,മാധ്യമം,ചന്ദ്രിക തുടങ്ങിയ പത്രങ്ങളാണ് പഞ്ചായത്തിൽ വായിക്കപ്പെടുന്ന പത്രങ്ങൾ. നാലുദിനപത്രങ്ങളും സായാഹ്നപത്രവും മറ്റു പ്രസീദ്ധികരണങ്ങൾ ലഭിക്കുന്ന എരുവട്ടി എ.കെ.ജി വായനശാല പോലുള്ള സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. ദേശാഭിമാനി വാരിക,കേരള ശബ്ദം ,കലാകൗമുദി,മാതൃഭൂമി,ചിന്ത,സിനിമാവാരികകൾ എന്നിവയാണ് പൊതുവിൽ വായിക്കപ്പെടുന്ന വാരികകൾ. ലൈബ്രറികൾക്കും വായനശാലകൾക്കും വേണ്ടി 1995-96 വർഷത്തിൽ കോട്ടയം പഞ്ചായത്ത് 8433 രൂപ 50 പൈസ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ ചെലവിന്റെ 0.9 ശതമാനം വരും. ഗ്രന്ഥാലയങ്ങളും വായനശാലകളും ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം പഞ്ചായത്തിൽ മൊത്ത ജനസംഖ്യയുടെ വളരെ ചെറിയൊരംശം മാത്രമേ വരികയുള്ളൂ. ഒരു ദിനപ്പത്രമെങ്കിലും എന്നും വായിക്കുന്നത് ഒരു പതിവാക്കിയിട്ടുള്ളവർ വളരെ കുറവാണ്. പത്രവായനയുടെ കാര്യത്തിൽ സ്ത്രീകളാണ് വളരെ പിന്നിൽ. പത്രവരിക്കാരായ കുടുംബങ്ങളുടെ എണ്ണം വളരെ കുറവാണെന്നു തന്നെയാണിതിന് പ്രധാന കാരണം. എന്നാൽ സ്ത്രീകൾക്കിടയിൽ പൈങ്കിളി സാഹിത്യങ്ങൾ വായിക്കുന്നവരുടെ എണ്ണം മറ്റുപ്രസിദ്ധീകരണങ്ങളുടെ വായനക്കാരെ അപേക്ഷിച്ചു വളരെ കൂടുതലാണ്. ഇത്തരം മലിന സാഹിത്യങ്ങൾ സ്ത്രീമനസുകളെയും,അതുവഴി സമൂഹസംസ്കാരത്തെയും ദുഷിപ്പിക്കുന്നു.

## *കലാ-കായിക-സാഹിത്യരംഗം:-*

മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പല നാടൻ കലാരൂപങ്ങളും ആയോധനകലകളും കാലയവനികയ്ക്കു പിന്നിൽ മറഞ്ഞു പോവുകയോ അപ്രത്യക്ഷമായി കൊണ്ടിരിക്കുകയോ ചെയ്യുന്നു. ആട്ടം കൂത്ത്,പാഠകം എന്നിവയോടൊപ്പം കോൽക്കളി പൂരക്കളി തുടങ്ങയവയും പുതിയ

തലമുറയോട് വിടപറയുകയാണ്. തള്ളോട്പ്രദേശത്ത് മുമ്പ് കോൽക്കളിയുടെയും പൂരക്കളിയുടെയും നല്ല സംഘങ്ങൾ ഉണ്ടായിരുന്നു. തള്ളോട് എൽ.പി.സ്കൂളിൽ മുതിർന്ന വിദ്യാർത്ഥികൾ തന്നെ ചെറിയ ക്ലാസിലെ കുട്ടികളെ കോൽക്കളി പഠിപ്പിച്ചിരുന്നു. കർക്കിടകത്തിന്റെ വറുതിയുടെ നാളുകളിലും ചിങ്ങകൊയ്ത്തു സമയങ്ങളിലും വീടുകൾ തേടിയെത്തിയിരുന്ന വേടൻ, കാലൻ, കേളീപാത്രം, കോദാമൂരി, എന്നിവയും അവരുടെ പാട്ടുകളും പ്രായമായവരുടെ ഓർമ്മകളിൽ മാത്രം അവശേഷിക്കുന്നു.

ആയോധന കലയായ കളരിപ്പയറ്റും പഞ്ചായത്തിലില്ലാതാവുകയാണ്. കളരികൾ പഞ്ചായത്തിന്റെ പലഭാഗത്തും ഉണ്ടായിരുന്നെങ്കിലും ഇന്ന് ഒന്ന്പോലും നിലവിലില്ല. ന്യൂഡൽഹിയിൽ ദേശീയദിനാഘോഷപരിപാടിയിൽ പങ്കെടുത്ത് അംഗീകാരം നേടിയ ഒരു കളരിസംഘം അടുത്തകാലം വരെ കാനത്തും ചിറയിൽ പ്രവർത്തിച്ചിരുന്നു. കളരിയെക്കാൾ ചെറുപ്പക്കാർ കരാട്ടെപോലുള്ള ആധുനിക ആയോധന മുറകളാണ് ഇഷ്ടപ്പെടുന്നത്. പഞ്ചായത്തിലെ ചിലപ്രദേശങ്ങളിൽ കരാട്ടെ പരിശീലന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ വിവിധകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും നാടൻ കലകളെ സംരക്ഷിക്കുന്നതിനുമുള്ള കലാസമിതികൾ ഒന്നുംതന്നെഇല്ലെന്ന് പറയാം. കുറച്ചു വർഷങ്ങൾ മുമ്പുവരെ ആറാംമൈൽ ടി. വിജയൻ സ്മാരക കലാസമിതി എരുവട്ടി, എ. കെ. ജി. സ്മാരകവായനശാല, പുറക്കളം റോഡ്, സ്റ്റാർ ആട്സ് ആന്റ് സ്പോർട്സ് ക്ലബ്, കൂവ്വപ്പാടി,സേലം, ജയിൽ രക്തസാക്ഷിസ്മാരക ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങൾ വർഷം തോറും എല്ലാ പ്രായത്തിൽപെട്ടവർക്കുമുള്ള കലാകായിക മൽസരങ്ങൾ സംഘടിപ്പിച്ചിരുന്നു. യുവതീയുവാക്കൾ പ്രാദേശികമായി പരിശീലനം നടത്തി വിവിധ കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്നു. ഡാൻസ്ക്ലാസുകൾ നടത്തുകയും അവർക്ക് അവതരണത്തിന് വേദിയൊരുക്കുകയും ചെയ്തിരുന്നു. ഇവയെല്ലാം കുറച്ചുവർഷങ്ങളായി നിലച്ചുപോയിരുന്നു. പഞ്ചായത്ത്തലത്തിൽ നടക്കുന്ന കേരളോത്സവം മാത്രമാണ് ഇപ്പോൾ കലാകാരൻമാർക്കും കലാകാരികൾക്കും കഴിവ് പ്രകടിപ്പിക്കാനുള്ള അവസരം.

കായികതാരങ്ങൾക്ക് കേരളോത്സവം മാത്രമാണ് ഇന്ന് ലഭ്യമായ അവസരം. സ്പോർട്ട് ക്ലബ് എന്ന പേരിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളോ മറ്റ് ലൈബ്രറി വായനശാലകളോ മുൻകാലങ്ങളിലെപോലെ കായികതാരങ്ങളെ വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കായികമേളകൾ നടത്തുന്നില്ല. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കഴിവ് തെളിയിച്ച കായികതാരങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. മൗവ്വേരി, കോട്ടയം അങ്ങാടി പ്രദേശങ്ങളിൽ ഫുട്ബോൾ കളിയിൽ കഴിവ് തെളിയിച്ച കായികതാരങ്ങളുണ്ട്. കോട്ടയം പൊയിലിലുണ്ടായിരുന്ന ഫീനിക്സ് ക്ലബ് തുടർച്ചയായി നാല് വർഷം ഷട്ടിൽ ടൂർണ്ണമന്റ് നടത്തിയിരുന്നു. തുടർന്ന് കുന്നിനുമീത്തൽ ഷട്ടിൽ ഫ്രൻസ് 96 വർഷം വരെ ജില്ലാതല ടൂർണ്ണമെന്റുകൾ നടത്തിയിട്ടുണ്ട്. ആറാംമൈൽ ടി. വിജയൻ സ്മാരക കലാസമിതി കുറെ വർഷങ്ങളോളം വോളീബോൾ കബഡി. കമ്പവലി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നുവെങ്കിലും ഇപ്പോൾ നടത്താറില്ല. സാർവ്വദേശീയ തലത്തിൽ തന്നെ കായികരംഗത്തിന് കൂടുതൽ പ്രോത്സാഹനവും പ്രാധാന്യവും കൈവരുമ്പോൾ പഞ്ചായത്തിൽ അതിനനുകൂലമായ പ്രോത്സാഹനങ്ങൾ ലഭിക്കുന്നില്ല എന്നതാണ് വസ്തുത.

കോട്ടയം പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ സർഗ്ഗസാഹിത്യവാസനകൾ കണ്ടെത്തുന്നതിനും വളർത്തുന്നതിനും ചില മാസികാ പ്രകാശനശ്രമങ്ങൾ നടന്നിരുന്നു. കൂവ്വപ്പാടി കേന്ദ്രീകരിച്ച് പഞ്ചായത്ത് തലത്തിൽ 'ജ്വാല' എന്നപേരിൽ ഒരു മാസിക അച്ചടിച്ചു പുറത്തിറക്കി. എന്നാൽ അത് ആദ്യത്തേതും അവസാനത്തേതുമായിരുന്നു. പിന്നീട് എരുവട്ടിയിൽ സർഗ്ഗചേതന സാംസ്കാരികവേദിയുടെ നേതൃത്വത്തിൽ 'ഹരിശ്രീ' എന്നപേരിൽ ഒരു കയ്യെഴുത്തു മാസിക പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ ഇതും നാലോ അഞ്ചോ ലക്കം മാത്രമേ പുറത്തിറങ്ങിയിട്ടുള്ളൂ. അതുപോലെ പുറക്കളം കേന്ദ്രീകരിച്ച് നടന്ന ശ്രമവും ഒറ്റലക്കത്തിൽ അവസാനിക്കുകയാണുണ്ടായത്. കലാസാഹിത്യരംഗങ്ങളിൽ ദേശീയ സംസ്ഥാന തലങ്ങളിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തികൾ പഞ്ചായത്തിൽ എടുത്ത് പറയാൻ ഇല്ല.

കാലത്തിന്റെ കുത്തൊഴുക്കിൽ പഴയവ പലതും മുങ്ങിത്താഴുകയും പുതിയവ ഉയർന്നുവരികയും ഉണ്ടായിട്ടുണ്ട്. കുടുംബ സാമൂഹിക ബന്ധങ്ങളിലും ജീവിത ശൈലിയിലും ഉടുപ്പിലും നടപ്പിലുമെല്ലാം അവ പ്രകടമാണ്. ഏതാണ്ട് അമ്പതുകൾ വരെ തീർത്തും കാർഷിക ഗ്രാമമായ കോട്ടയം പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതത്തിന്റെ എല്ലാ തുറകളും കൃഷിയോടനുബന്ധിച്ചതായിരുന്നു. മണ്ണോടൊട്ടിച്ചേർന്ന ഒരു കാർഷിക സംസ്കാരമാണ് നിലവിലുണ്ടായിരുന്നത്. എങ്കിലും കൃഷിഭൂമി കൃഷിക്കാരന്റെതായിരുന്നില്ല. വൈദേശിക ബ്രിട്ടീഷ് മേധാവിത്വത്തിന്നെതിരെ ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടത്തേക്കാൾ പഞ്ചായത്തിലെ കൃഷിവലരായ ജനതയെ ആവേശം കൊള്ളിച്ചത് ഒരു പക്ഷേ ജന്മിത്തത്തിനെതിരായ കർഷക സമരങ്ങളായിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ നേതാക്കളായിരുന്നു എ.കെ.ഗോപാലൻ, കോഴിപ്പുറത്ത് മാധവമേനോൻ, കുട്ടിമാളുഅമ്മ എന്നിവരെല്ലാം പഞ്ചായത്തിന്റെ

വിവിധ ഭാഗങ്ങളിൽ ജനങ്ങളെ അഭിസംബോധന ചെയ്തിരുന്നു.

ദേശീയ പ്രസ്ഥാനത്തോടൊപ്പം ജന്മിത്വത്തിന്നെതിരായ കർഷക പ്രസ്ഥാനവും ദ്രുതഗതിയിൽ ശക്തി പ്രാപിച്ചു. രണ്ടാം ലോക മഹായുദ്ധത്തെ തുടർന്നു വന്ന രൂക്ഷമായ ഭക്ഷ്യക്ഷാമവും, പൂഴ്ത്തിവെപ്പും വ്യാപകമായ കർഷകപ്രക്ഷോഭങ്ങൾക്ക് കാരണമായി. ജന്മിമാരുടെ നെല്ലറകളിൽ നിന്ന് പൂഴ്ത്തിവെക്കപ്പെട്ട ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തിക്കൊണ്ടു പോവുമ്പോൾ പുറക്കളത്ത് വെച്ച് കർഷകർ തടയുകയും ജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് അറസ്റ്റ് ചെയ്യപ്പെട്ട കർഷക നേതാക്കളെ കണ്ണൂർ സെൻട്രൽ ജയിലേക്കും അവിടുന്ന് സേലം ജയിലിലേക്കും കൊണ്ടുപോകപ്പെട്ടു. 1950 ഫെബ്രവരി 11ന് സേലം ജയിലിനകത്ത് വെച്ച് നടന്ന വെടിവെപ്പിൽ 22 പേർ മരിച്ചു. അവരിൽ 3 പേർ കോട്ടയം പഞ്ചായത്തിലെ കർഷക നേതാക്കളായിരുന്നു. മുൻ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന എൻ. കുമാരൻ മാസ്റ്ററിടെ ജ്യേഷ്ടൻ എന്. ബാലൻ, യു. വി. നാരായണ മാരാർ, നീലഞ്ചേരി എന്നിവരായിരുന്നു അവർ. ഭൂപരിഷ്കരണ നിയമത്തോടെ ജന്മിത്തവ്യവസ്ഥ ഇല്ലാതാവുകയും കുടിയാൻമാർ തുണ്ടു ഭൂമികളുടെ ഉടമകളാവുകയും ചെയ്തു. ഇത് സാംസ്കാരികമായ ഒരു കുതിച്ചു ചാട്ടം തന്നെ സാമൂഹ്യ ജീവിത രംഗത്തുണ്ടാക്കി.

സാമൂഹ്യരംഗത്തുണ്ടായ മാറ്റങ്ങൾ തൊഴിൽ സംസ്കാരത്തിന് മാറ്റങ്ങൾ ഉണ്ടാക്കി. മുഖ്യ തൊഴിൽ മേഖലയായിരുന്ന കൃഷിയിൽ നിന്ന് ധാരാളം ആളുകൾ വിവിധ മേഖലകളിലേക്ക് ചേക്കേറി. മഴയും വെയിലും ഏൽക്കാത്തതും ചളി പുരളാത്തതുമായ മാന്യമായ ജോലി എന്ന ഒരു സംസ്കാരം ക്രമേണ വളർന്നുവന്നിരിക്കുന്നു. തൊഴിൽ രംഗത്ത് മുൻ കാലങ്ങളെ അപേക്ഷിച്ച് എല്ലാരംഗത്തും എണ്ണം കുറവാണെങ്കിലും പുരുഷൻമാരോടൊപ്പം സ്ത്രീകളുടെയും സജീവ പങ്കാളിത്തം ഉണ്ട്. എങ്കിലും കാർഷിക നിർമ്മാണമേഖലകളിൽ വേതനത്തിൽ സ്ത്രീ പുരുഷ വ്യത്യാസം നിലനിൽക്കുന്നു.

ഭക്ഷണക്രമത്തിലും കാലം ധാരാളം മാറ്റം വരുത്തിയിട്ടുണ്ട്. മരച്ചീനി പോലുള്ള കിഴങ്ങ് വർഗ്ഗങ്ങൾ സാധാരണക്കാരന്റെ മുഖ്യഭക്ഷണമായിരുന്നുവെങ്കിലും ഇന്ന് മരച്ചീനി, ചേമ്പ്, വാഴക്കൂമ്പ്, കാമ്പ്, കണ്ട എന്നിവയ്ക്ക് തീൻമേശയിലും കൃഷിയിടത്തിലും സ്ഥാനമില്ലാതായിരിക്കുന്നു. പണ്ട് കാലങ്ങളിൽ എല്ലാ വീടുകളിലും നിർമ്മിച്ചിരുന്ന പലഹാരങ്ങളിൽ പലതും ഉണ്ടാക്കുന്നത് എങ്ങനെ എന്ന് ഇന്നത്തെ സ്ത്രീകൾക്ക് അറിയില്ല. സ്ത്രീകൾ പരമ്പരാഗതമായി ചെയ്തിരുന്ന നെല്ല് കുത്ത് പോലുള്ള അടുക്കള ജോലികളും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഫ്ളവർ മില്ലുകളും പാക്കറ്റ് പൗഡറുകളും വീട്ടമ്മമാരുടെ ജോലി ലഘൂകരിച്ചിട്ടുണ്ട്. പാക്കറ്റ് – ഫാസ്റ്റ് ഫുഡ് ഭക്ഷണ സംസ്കാരം പല ആരോഗ്യ പ്രശ്നങ്ങളും ഉയർത്തുന്നുണ്ട്. ഭക്ഷണത്തിൽ വന്ന പോലെ വസ്ത്രങ്ങളിലും പല മാറ്റങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ തനതു വസ്ത്രരീതികൾ അപ്രത്യക്ഷമാവുകയാണ്.

പട്ടണങ്ങളിൽ നിന്നും ഒരു സാംക്രമിക രോഗം പോലെ എല്ലാ മേഖലകളിലും ഉള്ള ധൂർത്ത് ഒരു പുതിയ സംസ്കാരമായി പഞ്ചായത്തിലേക്കും വ്യാപിച്ചിരിക്കുന്നു. ഉയർന്നു വരുന്ന മണിമാളികകൾ അതിനു തെളിവാണ്. വിവാഹാഘോഷചടങ്ങുകൾ, ഗൃഹപ്രവേശന ചടങ്ങുകൾ ഇവയെല്ലാം ഭീമമായ തുക ധൂർത്ത് ചെയ്യപ്പെടുന്ന ചടങ്ങുകളാണ്. സ്ത്രീധന സമ്പ്രദായം പഞ്ചായത്തിൽ ഇസ്ലാം മതസ്ഥരുടെ ഇടയിൽ മാത്രമാണ് ഉള്ളതെങ്കിലും പൊതുവെ ഒരു വിവാഹത്തിന് വേണ്ടി ചെലവഴിക്കപ്പെടുന്ന ഭീമമായ തുക ഒരു കുടുംബത്തിന്റെ സാമ്പത്തിക നട്ടെല്ല് തകർക്കുന്നതാണ്. പലപ്പോഴും അത്തരക്കാർ വ്യാപകമായി വരുന്ന സ്വകാര്യ പണമിടപാടുകാരുടെ ബ്ലേഡ് പലിശയിൽ കുരുങ്ങി പിടയുകയാണ്.

പരസ്യങ്ങളുടെ സ്വാധീനവും സംസ്കാരത്തെ വികലമാക്കുന്ന ഒരു പ്രധാന ഘടകമാണ്. റേഡിയോ എന്ന പോലെ വ്യാപകമായിട്ടില്ലെങ്കിലും ടി.വി. യുടെ പ്രചാരം വളരെ വേഗം വർദ്ദിച്ചുവരുന്നു. പുതിയ ശീലങ്ങളും ദുശ്ശീലങ്ങളും ടി.വി. പരിപാടികളും പരസ്യങ്ങളും അടിച്ചേൽപിക്കുന്നു. പുകവലി എന്ന ദുശ്ശീലം യുവാക്കളുടെ ഇടയിൽ കുറഞ്ഞു വരുന്നുണ്ടെങ്കിലും അതിനേക്കാൾ അപകടകരമായ ലഹരി പദാർത്ഥങ്ങളുടെ ഉപഭോഗം വളർന്നു വരികയാണ് ചെയ്യുന്നത്. കാൻസർ ഉണ്ടാക്കുന്ന വിവിധതരം പാക്കുകളുടെ ഉപയോഗവും കുട്ടികൾ തുടങ്ങി എല്ലാ പ്രായത്തിൽപെട്ടവരിലും വർദ്ധിച്ചു വരികയാണ്.

## പഞ്ചായത്തിലെ ലൈബ്രറികൾ

| വാർഡ് | പേര് |
|---|---|
| 1. III | സേലം ജയിൽ രക്തസാക്ഷി സ്മാരക ലൈബ്രറി – കൂവ്വപ്പാടി |
| 2. VII. | ഇസ്ലാമിക് ലൈബ്രറി – കോട്ടയം പൊയിൽ |
| 3. VIII. | ദേശാഭിമാനി ലൈബ്രറി – ആറാം മൈൽ |
| 4. IX. | എ.കെ.ജി. സ്മാരക ലൈബ്രറി – എരുവട്ടി |

**വായനശാലകൾ**

1\. I. പാട്യം ഗോപാലൻ സ്മാരക വായനശാല –കിണവക്കൽ

2. II. പാട്യം ഗോപാലൻ സ്മാരക വായനശാല – മംഗലോട്ടുംചാൽ
3. II. പൊതുജന വയാനശാല – ,,
4. III. ശ്രീനാരായണ വായനശാല – കൂവ്വപ്പാടി
5. Iv. പാട്യം ഗോപാലൻ വായനശാല – കോട്ടയം അങ്ങാടി
6. V.എൻ. കുമാരൻ മാസ്റ്റർ സ്മാരക വായനശാല – പൈക്കാട്
7. V.സേലം ജയിൽ രക്തസാക്ഷി സ്മാരക വായനശാല – തള്ളോട്
8. VI. സമത പൊതുജന വായനശാല – കോട്ടയം പൊയിൽ
9. VIII. ദേശാഭിമാനി വായനശാല – ആറാം മൈൽ
10. VIII.പി. കൃഷ്ണപിള്ള സ്മാരക വായനശാല – എരുവട്ടി
11. VIII. അഴിക്കോടൻ സ്മാരക വായനശാല – കാരക്കുന്ന്
12. IX. എ.കെ.ജി സ്മാരക വായനശാല – എരുവട്ടി
13. IX. എം. എൻ സ്മാരക വായനശാല – കാരക്കുന്ന്
14. IX. കൃഷ്ണപ്പിള്ള സ്മാരക വായനശാല – കാരക്കുന്ന്

**ക്ലബ്ബുകൾ**

1. I.റെഡ് സ്റ്റാർ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് –കിണവക്കൽ
2. II.മൗവ്വേരി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – മൗവ്വേരി
3. II. പാട്യം ഗോപാലൻ സ്മാരക സ്പോർട്സ് ക്ലബ്ബ് – മംഗലോട്ടുംചാൽ
4. III.ശ്രീനാരായണ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – കൂവ്വപ്പാടി
5. IV. കുഞ്ഞാലി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – കോട്ടയം അങ്ങാടി
6. V.റെഡ് സ്റ്റാർ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – പുറക്കളം
7. VI.പ്രോഗ്രസ്സീവ് യംഗ്സ്റ്റേർസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – കോട്ടയം പൊയിൽ
8. VII. നവതരംഗ് കലാവേദി – കോട്ടയം പൊയിൽ
9. VII. നവോദയ ആർട്സ് ആന്റ് സ്പോർട്സ്ക്ലബ്ബ് – കുന്നിനു മീത്തൽ
10. VII.യംഗ് ചാലഞ്ചേർസ് – ആറാം മൈൽ
11. VI. ടി. വിജയൻ സ്മാരക കലാസമിതി – ആറാം മൈൽ
12. VII.ദേശാഭിമാനി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – ആറാം മൈൽ
13. VIII.കൃഷ്ണപ്പിള്ള ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – എരുവട്ടി
14. IX.എ.കെ.ജി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് – എരുവട്ടി

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിൽ നാല് ഗ്രന്ഥാലയങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

2.ഗ്രന്ഥശാലകളിലൊന്നും തന്നെ വേണ്ടത്ര പുസ്തകങ്ങളൊ ഫർണീച്ചറുകളോ ഇല്ല.

3. ഇവയിൽ ആറാം മൈൽ ദേശാഭിമാനി ലൈബ്രറിക്കും കോട്ടയം പൊയിൽ ഇസ്ലാമിക് ലൈബ്രറിക്കും സ്വന്തമായി കെട്ടിടങ്ങളില്ല.

4. ഗ്രന്ഥാലയങ്ങളിൽ അംഗങ്ങളുടെ എണ്ണം കുറഞ്ഞു വരുന്നു.

5.. ഗ്രന്ഥലയങ്ങളിൽ ലൈബ്രേറിയൻമാർ ഇല്ല.

6. മിക്ക വായനശാലകളിലും വേണ്ടത്ര പ്രസിദ്ധീകരണങ്ങളില്ല.

7. വിശേഷിച്ച് യുവതലമുറയിൽ പെട്ട ആളുകളുടെ വായനാശീലം കുറഞ്ഞു വരുന്നതായി കാണുന്നു.

8. ദൃശ്യശ്രാവ മാധ്യമങ്ങളുടെ അതിപ്രസരം വായനാശീലത്തെ പ്രതികൂലമായ ബാധിക്കുന്നു.

9. പത്രപാരായണശീലം സ്ത്രീകളിൽ പൊതുവെ കുറവാണെങ്കിലും പൈങ്കിളി സാഹിത്യങ്ങളോടുള്ള താൽപര്യം കൂടുതലായി കാണുന്നു.

10. ഇസ്ലാം മതസ്ഥരുടെ ഇടയിൽ സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു.

11. സമൂഹത്തിൽ വിവാഹം, ഗൃഹപ്രവേശം മുതലായ ചടങ്ങുകൾക്ക് അമിതമായ ആർഭാട പ്രവണതവളർന്നു വരുന്നു.

12. കലാ കായിക വിനോദങ്ങളെ പരിപോഷിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിനകത്ത് നടക്കുന്നില്ല.

13. പഞ്ചായത്തിൽ നിലവിലുള്ള മിനി സ്റ്റേഡിയം പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

14. കലാസമിതികളൊന്നും കലകളെ പ്രോത്സാഹിപ്പി

ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നില്ല.

15. പല നാടൻ കലാരൂപങ്ങളും സംരക്ഷിക്കപ്പെടാത്തതുകൊണ്ട് നാമാവശേഷമായി പോകുന്നു.

16. ഗ്രന്ഥശാലകളും വായനശാലകളും അടങ്ങുന്ന സാംസ്കാരിക സ്ഥപനങ്ങൾ സാമൂഹിക ചാലകശക്തിയായി വളരുന്നില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ വാർഡുകൾ തോറും ഗ്രന്ഥശാലകൾ സ്ഥാപിക്കണം.

2. പഞ്ചായത്ത് തലത്തിൽ ഒരു റഫറൻസ് ലൈബ്രറി ആവശ്യമാണ്.

3. എല്ലാ ലൈബ്രറികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് സഹായങ്ങൾ ലഭ്യമാക്കണം.

4. വർഷം തോറും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിന് ലൈബ്രറികൾക്ക് ഗ്രാന്റ് അനുവദിക്കണം.

5. ഗ്രന്ഥശാലകളിലെല്ലാം പാർട്ടൈം ലൈബ്രേറിയൻമാരെ നിയമിക്കണം

6. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സ്ത്രീകൾക്ക് മാത്രമായുള്ള വായനശാലകളും ഗ്രന്ഥാലയങ്ങളും വേണം.

7. കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കാൻ കുട്ടികൾക്കായുള്ള ലൈബ്രറികൾ സ്ഥാപിക്കണം.

8. പഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരിക നിലയത്തെ പഞ്ചായത്തിലാകമാനമുള്ള കലാ – കായിക –സാഹിത്യ – സാംസ്കാരിക പ്രനർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഒരു സ്ഥാപനമാക്കി ഉയർത്തണം.

9. സാംസ്കാരിക നിലയത്തോട് അനുബന്ധിച്ച് സ്ത്രീകൾക്കായുള്ള ഒരു പ്രത്യേക വേദി ഉണ്ടായിരിക്കണം.

10. കേരളോത്സവത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കാത്ത 35 വയസ്സിൽ കൂടുതലുള്ളവർക്ക് അവരുടെ കലാ – കായിക കഴിവുകൾ പ്രകടിപ്പിക്കാൻ പഞ്ചായത്ത് തലത്തിൽ അവസരം ഉണ്ടാക്കണം.

11. വർദ്ദിച്ചുവരുന്ന സ്ത്രീധന സമ്പ്രദായം , ആർഭാടകരമായ ആഘോഷങ്ങൾ തുടങ്ങിയ ആശാസ്യമല്ലാത്ത പ്രവണതകൾക്കെതിരെ സാംസ്കാരിക സ്ഥാപനങ്ങൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ പഞ്ചായത്ത് നേതൃത്വം കൊടുക്കണം.

12. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം.

13. പഞ്ചായത്തിൽ ആവശ്യമായ സൗകര്യങ്ങളോട് കൂടിയ ഒരു സ്റ്റേഡിയം സ്ഥാപിക്കണം.

14. പഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനു വേണ്ടി ദശാബ്ദങ്ങളായി തരിശായി കിടക്കുന്ന മൗവ്വേരിയിലെ ആയിരം തെങ്ങ്പറമ്പ് അക്വയർ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വാർഡ് ക്ഷേത്രങ്ങൾ – കാവുകൾ – കെട്ടിയാടുന്ന തെയ്യങ്ങൾ

1. IV. കോട്ടയം തൃക്കൈക്കുന്ന് മഹാദേവക്ഷേത്രം
2. VII. എരുവട്ടി ശ്രീ വേട്ടക്കൊരു മകൻക്ഷേത്രം
3. V. ഗണപതിക്ഷേത്രം പുറക്കളം

**കാവുകൾ**

1. II.കല്ലുംതറകാവ്, മൗവ്വേരി –തമ്പുരാട്ടി,ചാമുണ്ടി, വിഷ്ണുമൂർത്തി,ഭൈരവൻ, കാരണവർ തുടങ്ങിയവ
2. III. കൂവ്വപ്പാടി മറപ്പുര ,കൂവ്വപ്പാടി – മുത്തപ്പൻ, പോതി, കുട്ടിച്ചാത്തൻ, ചാമുണ്ടി, ഗുളികൻ, കാരണവർ തുടങ്ങിയവ
3. V. അമ്പുക്കാവ്, തള്ളോട് – കൈതചാമുണ്ടി, പൊട്ടൻ തിറ തുടങ്ങിയവ
4. VI.മാതുകാവ് –പൊട്ടൻതിറ
5. VI. മണ്ടേങ്കാവ്, ആറാംമൈൽ – താലപ്പൊലി ഉത്സവം –തമ്പുരാട്ടി, കണ്ടകർമ്മൻ, ഗുളികൻ തുടങ്ങിയവ
6. VII.ചടയത്ത് മറപ്പുര കാനത്തും ചിറ – മുത്തപ്പൻ, കുട്ടിച്ചാത്തൻ, ഗുളികൻ, പോതി തുടങ്ങിയവ
7. VII.കോലാക്കാവ് കുന്നിനു മീത്തൽ – മുച്ചിലോട്ട് ഭഗവതി, കണ്ണങ്കോട്ട് ഭഗവതി, പുല്ലൂരാളി, വേട്ടക്കൊരു മകൻ
8. IX.പുലൂക്കിൽ കല്ലക്കണ്ടി മറപ്പുര – മുത്തപ്പൻ, പോതി. മടയൻ
9. IX.ശാസ്തപ്പൻ കാവ് – കുട്ടിച്ചാത്തൻ, ഗുളികൻ, രക്തേശ്വരി,പാളി കുട്ടിച്ചാത്തൻ, കാരണവർ, ചാമുണ്ടി

**മുസ്ളീം ദേവാലയങ്ങൾ**

1. കോട്ടയം ജുമ്അ മസ്ജിദ് – കോട്ടയം അങ്ങാടി

2.മൗവ്വേരി '' മൗവ്വേരി

3.കിണവക്കൽ '' കിണവക്കൽ

4. കോട്ടയം പൊയിൽ '' കോട്ടയം പൊയിൽ

5. കുന്നിനു മീത്തൽ '' കുന്നിനു മീത്തൽ

6. ആറാംമൈൽ '' ആറാം മൈൽ

7. വേറ്റുമ്മൽ '' വേറ്റുമ്മൽ

8. നിലയിലാട്ട് '' പൂളബസാർ

9. ശൈഖ് മസ്ജിദ് കോട്ടയം അങ്ങാടി

10. സ്രാം പള്ളി ''

11. ഈച്ചരപ്പള്ളി ''

12. പുതിയ പള്ളി ''

13. പുറക്കളം പള്ളി പുറക്കളം

14. ഞണ്ടാടി പള്ളി കോട്ടയം അങ്ങാടി

15. കൂവ്വപ്പാടി പള്ളി കൂവ്വപ്പാടി

# 11

## സഹകരണമേഖല

സഹകരണപ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ 1950ത്കളോടുകൂടിയാണ് ആരംഭിക്കുന്നത്. ജന്മിത്വം കൊടി കുത്തി വാണിരുന്ന കാലത്ത് ജന്മിമാരിൽ നിന്ന് ഗുണ്ടിക ക്കാരിൽ നിന്ന് ഭൂരിഭാഗം വരുന്ന കർഷകരെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആദ്യത്തെ സഹകരണ സംഘം 1949ൽ കാനത്തും ചിറ കേന്ദ്രമാക്കി ഒരു ഐക്യനാണ്യ സഹകരണ സംഘം ആരംഭിക്കപ്പെട്ടു. ഇതിനു പുറമെ 3 സഹകരണ സംഘങ്ങളാണ് ഇന്ന് പഞ്ചായത്ത് അതിർത്തി യിൽ പ്രവർത്തിച്ചുവരുന്നത്. ഇതിൽ ഏറ്റവും പ്രധാന പ്പെട്ട മറ്റൊരു സ്ഥാപനമാണ് 1954ൽ സ്ഥാപിക്കപ്പെട്ട കൂത്ത്പറമ്പ് നെയ്ത്തുതൊഴിലാളി സഹകരണ സംഘം.

സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച മുരടിച്ച് നിൽക്കുന്ന ഒരു പഞ്ചായത്താണ് എന്ന് പറയുന്നതിൽ തെറ്റില്ല. സഹകരണ പ്രസ്ഥാനം എത്തി നോക്കാത്ത മേഖലകളായി ഒന്നും തന്നെ ഇല്ലാ എന്നാണല്ലോ നമുക്ക് കാണാൻ കഴിയുക. ഈ അനുകൂലസാഹചര്യങ്ങൾ സമർത്ഥമായി ഉപയോഗപ്പെടുത്തിയാൽ വ്യത്യസ്ഥമേഖ ലകളിൽ ധാരാളം സഹകരണ പ്രസ്ഥാനങ്ങൾ പഞ്ചാ യത്ത് അതിർത്തിക്കുള്ളിലായി രൂപീകരിക്കുവാൻ കഴിയും.

കോട്ടയം പൊയിൽ കേന്ദ്രമായി ക്ഷീരോൽപ്പാദക സഹകരണ സംഘം 1984 ൽ രൂപീകരിച്ചു. കോട്ടയം പൊയിൽ കേന്ദ്രമായിത്തന്നെ 1994ലാണ് വനിതാ സഹക രണസംഘം പ്രവർത്തനം ആരംഭിക്കുന്നത്. കൂടാതെ കൂത്തുപറമ്പ് കോ.ഓപ്പ.റൂറൽ ബാങ്ക്, കൂത്തുപറമ്പ് അർബൻ ബാങ്ക്, തലശ്ശേരി സഹകരണ കാർഷിക വിക സന ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളുടെ ഏരിയ കൂടി ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത് പ്രദേശം.

പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളിൽ മൂന്നെ ണ്ണത്തിന്റെ ആസ്ഥാനം കോട്ടയം പൊയിൽ ആണ്. ഇതിൽ വനിതാ സഹകരണ സംഘത്തിന്റെയും ക്ഷീരോൽപ്പാ ദക സഹകരണ സംഘത്തിന്റെയും പ്രവർത്തനം കോട്ടയം പൊയിലിലും പരിസരപ്രദേശങ്ങളിലുമായി മാത്രം ഒതുങ്ങി നിൽക്കുന്നു.

### *കോട്ടയം സർവ്വീസ് സഹകരണ ബാങ്ക്*

1949ൽ മദിരാശി സംസ്ഥാന സഹകരണ നിയമപ്രകാ രമാണ് സംഘം രജിസ്റ്റർ ചെയ്തിരുന്നത്. സംഘത്തിന്റെ ഒന്നാമത്തെ മെമ്പറും ആദ്യ പ്രസിഡണ്ടും ആയിരുന്നത് പൊതുകാര്യ പ്രസക്തൻ എരുവട്ടി യു. പി. സ്കൂളിന്റെ മാനേജറും അദ്ധ്യാപകനുമായ അന്തോളി കൃഷ്ണൻ മാസ്റ്റർ ആയിരുന്നു. ഭീമമായ പലിശ ഈടാക്കി കടം കൊടുത്ത് കർഷകരെ കടക്കെണിയിൽ പെടുത്തുന്ന ഹുണ്ടികക്കാരിൽ നിന്നും ജന്മിമാരിൽ നിന്നും കൃഷി ക്കാരെ രക്ഷിച്ച് എടുക്കുക എന്ന ലക്ഷ്യമായിരുന്നു സംഘ രൂപീകരണത്തിന് ആധാരം. ഐക്യനാണ്യ സഹകരണ സംഘം 1980ൽ ബാങ്ക് ആയി ഉയർത്തപ്പെട്ടു. 1989 ജനു വരു മുതൽ ഹെഡ് ആപ്പീസ്സിനു പുറമെ കിണവക്കൽ ഒരു ശാഖ കൂടി പ്രവർത്തനം ആരംഭിച്ചു. കാർഷിക വായ്പയ്ക്ക് പുറമെ ദുർബ്ബല വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ സ്വയം തൊഴിൽ കണ്ടെത്താനുള്ള വായ്പ, കക്കൂസ്സുകൾ നിർമ്മിക്കുവാനുള്ള വായ്പ, വിദ്യാ ഭ്യാസത്തിനുള്ള വായ്പ, വ്യക്തിഗത വായ്പ, സ്വർണ്ണപ്പ ണയത്തിന്മേലുള്ള വായ്പ തുടങ്ങിയവയും ബാങ്ക് നൽകി വരുന്നുണ്ട്. നിക്ഷേപ സമഹരണത്തിലൂടെയും അല്ലാ തെയും നിക്ഷേപങ്ങൾ സ്വീകരിക്കാറുണ്ടെങ്കിലും ഫണ്ടി ല്ലായ്മ ബാങ്കിന്റെ പ്രവർത്തനത്തെ സാരമായി ബാധി ക്കുന്നു. പഞ്ചായത്ത് പ്രദേശമാകെ വ്യാപിച്ചുകിടക്കുന്ന താണ് ബാങ്കിന്റെ പ്രവർത്തനമേഖല എങ്കിലും എല്ലാവ രെയും തൃപ്തിപ്പെടുത്തുവാൻ ബാങ്കിന് സാധിക്കുന്നില്ല. ഇത് പരിഹരിക്കപ്പെടേണ്ടതാണ്. ഇതിനായി അംഗത്വം വിപുലീകരിക്കേണ്ടതും ആവശ്യക്കാർക്ക് എല്ലാ വായ്പയും ലഭിക്കുമെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ദേശസാൽകൃതബാങ്കുകളും മറ്റും പുറത്തേക്ക് കൊണ്ടു പോകുന്ന നിക്ഷേപങ്ങൾ വലിയ രീതിയിൽ സമാഹരി ക്കാൻ സാധിച്ചാൽ ഒട്ടേറെ പുതിയ വായ്പാ പദ്ധതികൾ ആരംഭിക്കാൻ സാധിക്കും. ഇതുവഴി ഒട്ടേറെ തൊഴിൽ സാധ്യതകളും കാർഷിക മേഖലയുടെ അഭിവൃദ്ധിയും ഗ്രാമീണ ജനതയുടെ ജീവിത നിലവാരവും ഉയർത്താൻ കഴിയും. കൂത്ത്പറമ്പ് നെയ്ത്ത് തൊഴിലാളി സഹകരണ സംഘം

1954ൽ കൂത്തുപറമ്പിന് അടുത്ത് പുറക്കളത്താണ് ഈ സംഘത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. പിന്നീട് ഇതിന്റെ പ്രവർത്തനകേന്ദ്രം കോട്ടയം പഞ്ചായത്തിലേക്ക് മാറ്റുകയായിരുന്നു. ഇതിന്റെ പ്രവർത്തന പരിധി കൂത്ത് പറമ്പ് , കോട്ടയം , പാട്യം മൊകേരി പഞ്ചായത്തുകളി ലാണ്.

നെയ്ത്തുപണി പണ്ടുകാലത്ത് ഒരു പ്രത്യേക സമു ദായത്തിന്റെ കുലത്തൊഴിലായിരുന്നു. അവർ സ്വന്തം വീട്ടിലും സ്വകാര്യ മുതലാളിമാരുടെ തൊഴിൽ ശാലക ളിലും തൊഴിൽ ചെയ്ത് വരികയായിരുന്നു. സ്വകാര്യ മുത ലാളിമാരുടെ ചൂഷണത്തിൽ നിന്ന് ഒരു പരിധി വരെ വിമു

ക്തമാക്കുന്നതിന്റെ ഭാഗമായിട്ടാണ് സംഘം അതിന്റെ രൂപീകരണവും ഉണ്ടാകുന്നത്. എഴുപതുകളോടു കൂടി ആരംഭിച്ച കൈത്തറി മേഖലയുടെ അഭൂതപൂർവ്വമായ വളർച്ച മറ്റ് പാരമ്പര്യേതര തൊളിലാളികളും കൂടി നെയ്ത്ത് ജോലിയോട് താൽപര്യം കാണിക്കുവാൻ തുടങ്ങി. എന്നാൽ ഈ പുരോഗതി അധികകാലം നീണ്ടുനിന്നില്ല. എൺപതുകൾക്ക് ശേഷം കൈത്തറി വ്യവസായം വമ്പിച്ച പ്രതിസന്ധി നേരിടേണ്ടി വന്നു. പലരും ഈ ജോലി ഉപേക്ഷിച്ച് മറ്റ് ജോലിയിലേക്ക് തിരിഞ്ഞു. ഈ പ്രതിസന്ധി കൂത്ത്പറമ്പ് വീവേഴ്സ് സൊസൈറ്റിയേയും സാരമായി ബാധിച്ചു. ൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞു. എന്നാലും നിലനിൽക്കാനും സജീവപ്പെടാനും ഇന്ന് ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.' കയറ്റുമതി തുണിത്തരങ്ങളാണ് പ്രധാനമായും നിർമ്മിക്കുന്നത്. വൈവിധ്യമാർന്ന തുണിത്തരങ്ങൾ ഉൾപ്പെടെ നിർമ്മിക്കുന്ന ഒരു തൊഴിൽ ശാലയും ഉണ്ട്. തൊഴിൽ ശാലയിൽ നിരവധി തൊഴിലാളികൾ ജോലി ചെയ്തു വരുന്നു.

ഇതിന്റെ പ്രവർത്തനമേഖല കോട്ടയം ഗ്രാമ പഞ്ചായത്തിലെ 6,7,8 വാർഡുകളിലാണ്. ദിനം പ്രതി 275 ലിറ്റർ പാൽ ശേഖരിക്കുന്നതിൽ 100 ലിറ്ററോളം മാത്രമേ പഞ്ചായത്തിനകത്ത് വിതരണം ചെയ്യുന്നത്. ബാക്കി പഞ്ചായത്തിന് പുറത്താണ് വിതരണം ചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിലെ പാൽ ഉപയോഗം ഇതിലും എത്രയോ കൂടുതലാണ്. ഉൽപ്പാദനവും കൂടുതലായിട്ടുണ്ട്. ഇത് ശേഖരിക്കുവാനും വിതരണം ചെയ്യുവാനും ഉള്ള സംരഭങ്ങൾക്കുള്ള സാധ്യതകൾ ഏറെയാണ്. കുന്നിനു മീത്തൽ കേന്ദ്രമായുള്ള സ്ഥാപനത്തിന്റെ കീഴിലായി ഒരു പാൽ ഉൽപ്പന്ന നിർമ്മാണ യൂനിറ്റ് പ്രവർത്തിക്കുന്നു.

കോട്ടയം പൊയിൽ കേന്ദ്രമായാണ് സംഘം പ്രവർത്തനം നടത്തുന്നത്. 1994ൽ ആരംഭിച്ച ഈ സ്ഥാപനം വനിത സഹകരണ സംഘം എന്ന നിലയിൽ പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളെയും ഉൾക്കൊള്ളാനും അവരുടെ ക്ഷേമകാര്യങ്ങളും വായ്പാ സൗകര്യങ്ങളും ഉറപ്പ് വരുത്താനും ഉയർന്നു വരുവാനും ഈ സ്ഥാപനത്തിന് സാധിച്ചിട്ടില്ല. പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും വനിതകൾക്കായി കാർഷിക ആവശ്യത്തിനും വീട് റിപ്പയർ കന്നുകാലി വളർത്തൽ എന്നിവ നൽകി വരുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കോട്ടയം ഗവൺമെന്റ് ഹൈസ്കൂളിലും എരുവട്ടി യു.പിയ സ്കൂളിലുമായി രണ്ട് സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. പുസ്തക വിതരണത്തിൽ മാത്രമാണ് സ്കൂൾ സഹകരണ സംഘങ്ങൾ ശ്രദ്ധിക്കുന്നത്.

പ്രശ്നങ്ങൾ

## ക്രെഡിറ്റ് മേഖല

1. വിളകൾക്ക് യഥാസമയം വായ്പകൾ ലഭിക്കുന്നില്ല.

2,. കാലാകാലങ്ങളായി അംഗത്വം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

3. കാർഷികേതര വായ്പകൾ ആവശ്യാനുസരണം ലഭിക്കുന്നില്ല.

4. കാർഷിക വിളകളുടെ സംഭരണം – വിപണനം സഹകരണ സംഘം ഏറ്റെടുക്കുന്നില്ല.

5. കാർഷികോപകരണങ്ങൾ , വളം എന്നിവ സംഭരിച്ച് വിതരണം ചെയ്യുന്നില്ല.

6. കാർഷിക വായ്പകൾ അനുവദിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല.

## സാധ്യതകളും നിർദ്ദേശങ്ങളും

1. കാർഷിക വിളകളുടെ പരിക്രമമനുസരിച്ച് യഥാസമയം വായ്പകൾ ലഭ്യമാക്കണം

2. നബാഡ് നൽകുന്ന കാർഷിക വായ്പകൾ നേരിട്ട് പ്രൈമറി സംഘങ്ങൾക്ക് നൽകണം

3. വായ്പ ഇനത്തിൽ കാർഷിക വായ്പ ഗണ്യമായി ഉയർത്തുക

4. വായ്പകൾ നിശ്ചിത ആവശ്യത്തിന് ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

5. നവീന കാർഷിക മേഖലയിൽ പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിക്കുക.

6. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണ കേന്ദ്രം ആരംഭിക്കുക

7 പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സഹകരണ സ്റ്റോർ ആരംഭിക്കുക

8. കാർഷികോപകരണങ്ങൾ വളം എന്നിവയുടെ വിപണന കേന്ദ്രം ആരംഭിക്കുക.

## വ്യവസായ മേഖല പ്രശ്നങ്ങൾ

1. പ്രവർത്തന മൂലധനത്തിന്റെ കുറവ്

2.തൊഴിലാളികളുടെ കുറവ്

3. ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണി കുറവ്

4. അസംസ്കൃത സസ്തുക്കളുടെ വില വർദ്ധനവ്

## സാധ്യതകളും നിർദ്ദേശങ്ങളും

1. പ്രവർത്തന മൂലധനത്തിന്റെ അഭാവത്തിൽ സർക്കാർ ഷെയർ നല്കി സഹായിക്കുക

2. തൊഴിലാളികളെ ആകർഷിക്കാൻ സാധിക്കും വിധം വേതന വർദ്ധനവ് പരിഷ്കരിക്കുക.

3. ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.

4. അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവിന് നിയന്ത്രണം ഏർപ്പെടുത്തുക.

5. ഉൽപ്പാദിപ്പിക്കുന്ന തുണികൾക്ക് പുറമെ ഗാർമെന്റ്സ് ഉണ്ടാക്കി കയറ്റുമതി ചെയ്യുവാൻ സംവിധാനം ഉണ്ടാക്കുക.

## മറ്റു സംഘങ്ങൾ

1 ക്ഷീര സംഘത്തിന്റെ പ്രവർത്തനം കോട്ടയംപൊയിൽ കേന്ദ്രമായി ഒതുങ്ങുന്നു.

2. പഞ്ചാചത്തിലെ ആകെ പാലുൽപ്പാദനത്തിന്റെ പരിമിതമായ ഭാഗം മാത്രമേ ശേഖരിക്കുന്നുള്ളൂ. (15%)

3. സംഘത്തിന് സ്വന്തമായി കെട്ടിടമില്ല.

4. സംഘത്തിന് കലക്ഷൻ കേന്ദ്രമില്ലാത്തതിനാൽ റോഡരികിൽ വെച്ച് പാൽ അളന്ന് വാങ്ങേണ്ടിവരുന്നു.

5. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനമില്ല.

6. സംഘത്തിന്റെ പ്രവർത്തന മേഖലയിൽ മിൽമ വിൽപന ബൂത്തുകൾ ആരംഭിച്ചത് സംഘത്തിന്റെ വിൽപനയെ പ്രതികൂലമായി ബാധിക്കുന്നു.

7. ചില സമയങ്ങളിൽ കർഷകരുടെ മുഴുവൻ പാലും ശേഖരിക്കാൻ കഴിയുന്നില്ല.

## സാധ്യതകളും നിർദ്ദേശങ്ങളും

1. ക്ഷീരകർഷകരിൽ നിന്നും എല്ലാ കാലത്തും മുഴുവൻ പാലും വാങ്ങേണ്ടതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

2. ശുദ്ധമായ ഗുണനിലവാരമുള്ള പാൽ മാത്രം വിൽപ്പന നടത്തുന്നതിന് സംവിധാനം ഉണ്ടക്കേണ്ടതാണ്.

3. സംഘത്തിന് ആനുകൂല്യം വർദ്ധിപ്പിക്കേണ്ടതാണ്.

4. സംഘത്തിന്റെ ക്ഷീരോൽപ്പന്ന യൂനിറ്റ് വിപുലപ്പെടുത്തേണ്ടതാണ്.

5. ക്ഷീരകർഷകർക്ക് ആവശ്യമായ എല്ലാ ഉല്പാദന ഉപാധികളും സംഘത്തിൽ കൂടി ന്യായവിലക്ക് ലഭ്യമാക്കേണ്ടതാണ്.

## പൊതുനിർദ്ദേശങ്ങൾ

1. കാർഷികോൽപ്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന യൂനിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതാണ്.

2. റെഡിമെയ്ഡ് ഗാർമെന്റ്സ് മേഖലകളിൽ സഹകരണ സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.

3. മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദന വിപണന സംസ്ക്കരണത്തിന് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

4. ഹോട്ടൽ വ്യവസായം സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

5. ക്ഷീരോൽപ്പാദക സഹകരണ സംഘം ആരംഭിക്കുന്നതിന് നിയമ തടസ്സങ്ങൾ നീക്കേണ്ടതാണ്.

6. കെട്ടിട നിർമ്മാണ സാമഗ്രികൾക്കായുള്ള സഹകരണ സംഘം തുടങ്ങുന്നതിനുള്ള സാധ്യത ആരായേണ്ടതാണ്.

## സ്കൂൾ സംഘങ്ങൾ

### പ്രശ്നങ്ങൾ

1. പ്രവർത്തനം പുസ്തക വിതരണത്തിൽ മാത്രം ചുരുങ്ങുന്നു.

## സാധ്യതകൾ

1. പുസ്തകങ്ങൾക്ക് പുറമെ സ്കൂൾ കുട്ടികൾക്ക് യൂനിഫോം സ്റ്റേഷനറി ഉൾപ്പെടെയുള്ള സാധനങ്ങളും സൊസൈറ്റി മുഖേന വിതരണം ചെയ്യേണ്ടതാണ്.

## കോട്ടയം സർവ്വീസ് ബാങ്ക്

| സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | പരമാവധി കടം എടുക്കാവുന്ന തുക | നിക്ഷേപങ്ങൾ |
|---|---|---|---|---|---|---|---|---|---|
| കോട്ടയം സർവ്വീസ് സഹകരണ ബാങ്ക് | കോട്ടയം പഞ്ചായത്ത് | 1949 | 3166 | 5 രൂപ | 780000 | 350425 | 100000 | 17541100 | 9057467 |

## കൂത്ത്പറമ്പ് വീവേഴ്സ് കോ–ഓപ് സൊസൈറ്റി

| പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരോഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം | സർക്കാർ ഓഹരി | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | പരമാവധി കടമെടുക്കാവുന്ന തുക |
|---|---|---|---|---|---|---|---|
| കോട്ടയം കൂത്തുപറമ്പ് മൊകേരി പാട്യം | 1954 | 646 | 100 രൂപ | 10 ലക്ഷം രൂപ | 174300 | 804860 | 6000000 |

## കോട്ടയം ക്ഷീരോത്പാദക സഹകരണസംഘം

| പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒര് ഓഹരിയുടെ വില | അംഗീകൃത ഓഹരി മൂലധനം |
|---|---|---|---|---|
| 6.7,8 വാർഡുകൾ | 1984 | 246 | 10 രൂപ | 2870 |

## കോട്ടയം വനിതാ സഹകരണസംഘം

| പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരി യുടെ വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | നിക്ഷേപങ്ങൾ |
|---|---|---|---|---|---|---|---|
| കോട്ടയം പഞ്ചായത്ത് | 1994 | 237 | 25 രൂപ | 25325 | 25325 | ഇല്ല | 140420 |

# (12)

# വിഭവസമാഹരണം

ഏതൊരു ഗ്രാമപഞ്ചായത്തിന്റെയും വികസനത്തിനു വേണ്ട അനുപേക്ഷണീയ ഘടകങ്ങളെ പൊതുവം നാലായി തരം തിരിക്കാം. സാമ്പത്തിക വിഭവം, പ്രകതി വിഭവം, മനുഷ്യവിഭവം, സാങ്കേതിക വിഭവം എന്നിവയാണവ. ഇവയിൽ പ്രഥമസ്ഥാനം സാമ്പത്തിക വിഭവത്തിനു തന്നെയാണെന്ന് പറയാം. സാമ്പത്തിക വിഭവത്തിന്റെ കാര്യത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തിപ്പോൾ കാലമായി ദാരിദ്ര്യരേഖയുടെ വളരെ താഴെ തട്ടിലാണ്. ഈ സാമ്പത്തിക വിഭവ ദാരിദ്ര്യമാണ് നമ്മുടെ വികസന മോഹങ്ങളെ തല്ലിക്കെടുത്തുന്നത്. 1995 –96ലെ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ പ്രകാരം സർക്കാർ ഗ്രാന്റുകൾ ലഭിച്ചിട്ടുകൂടി നമ്മുടെ പഞ്ചായത്തിന്റെ ദാരിദ്ര്യം അവസാനിക്കുന്നില്ലെന്നാണ്.

(പട്ടിക 1)

നമ്മുടെ തനത് വരുമാനശ്രോതസ്സ് വളരെ ശുഷ്കമാണ് ഇവയാകട്ടെ കെട്ടിടനികുതി, തൊഴിൽ നികുതി, സർവ്വീസ് ചാർജ്ജ്, ലൈസൻസ് ഫീ എന്നിങ്ങനെ നാലിനങ്ങളിൽ ഒതുങ്ങിനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ ആഭ്യന്തരവരുമാനം 95–96 ൽ 239294 രൂപ മാത്രമാണ് എടുത്തുപറയത്തക്ക വ്യവസായ ശാലകളോ പ്രദർശന ശാലകളോ നിലവിലില്ല. അടുത്തകാലത്ത് അല്പാൽപ്പമായി സ്വയംതൊഴിൽ രീതിയിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ഉയർന്നുവരുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ വരുമാനവർദ്ധനവിൽ ഇവയൊന്നും കാര്യമായ സ്വാധീനം ചലുത്താറില്ല.

ഗ്രാമപഞ്ചായത്തിൽ ഇന്ന് മൊത്തം 3572 കെട്ടിടങ്ങളാണ് ഉള്ളത്. കഴിഞ്ഞമൂന്നുവർഷങ്ങളായി വർഷംതോറും ശരാശരി 110 പുതിയ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കിയതായി സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. ഗൾഫ്മേഖലയുടെ സ്വാധീനത്തിന്റെ പ്രൗഡിയിൽ അന്തസ്സ് വിളിച്ചറിയിക്കുന്നതാണ് ഇവയിൽ ഭൂരിഭാഗവും ഒന്നാം നിലയുടെ നിർമ്മാണം പൂർത്തിയാക്കി കെട്ടിടനികുതി ചുമത്തിയശേഷം രണ്ടാംനിലയിൽ കൂട്ടിച്ചേർക്കൽ നടത്തി സൗകര്യങ്ങൾ വർദ്ധിപ്പിച്ച കെട്ടിടങ്ങൾ നിരവധിയുണ്ട്. തത്വാധിഷ്ഠിതവും ശാസ്ത്രീയവുമായ പുനർനിർണ്ണയത്തിലൂടെ നിലവിലുള്ള കെട്ടിടനികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ സാദ്ധ്യതയുണ്ട്. നികുതിയേതരവരുമാനങ്ങളായ ലൈസൻസ് ഫീ, സർവ്വീസ് ചാർജ്ജ്

എന്നിവ ഗണ്യമായി വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. തൊഴിൽ നികുതി എല്ലാ മേഖലകളിലേക്കും വ്യാപിപ്പിച്ചാൽ വരുമാനത്തിൽ ചെറിയരീതിയിലുള്ള വർദ്ധനവുണ്ടാക്കാൻ കഴിയും .

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ഇന്നത്തെ നിലയിൽ നടത്തിക്കൊണ്ടുപോകുന്നത് സർക്കാരിൽനിന്ന് ലഭിക്കുന്ന ധനസഹായം കൊണ്ട് മാത്രമാണ്. 1995–96 ൽ ലഭിച്ച അത്തരം ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഉപാദിരഹിതഫണ്ട്. 2 ലക്ഷം
2. ജെ.ആർ. വൈ ഫണ്ട് 1,11,375
3. പ്രത്യേകആവശ്യങ്ങൾക്കുള്ള ധനസഹായം 1,18,781.40

ആകെ 4,30,156.40

ഇതിനുപുറമെ പഞ്ചായത്തിരാജ് നിയമപ്രകാരം മറ്റ് വകുപ്പുകളിൽ നിന്ന് അനുവദിച്ച താഴെക്കാണിച്ച തുകക്കുള്ള വികസനപ്രവർത്തനങ്ങളും നടന്നിട്ടുണ്ട്.

1. മൃഗസംരക്ഷണം 1400.00
2. കൃഷി 3,36,377.00

43 ചെറുകിട ജലസേചനം 2500.00

4.ആരോഗ്യം

a) ആയുർവ്വേദം

b) മറ്റ് ആരോഗ്യ പ്രവർത്തനം 11,750.00

ആകെ 3,52,027.00

ചെലവുകളുടെ ഇനത്തിൽ മുഖ്യമായ ഇനം ഭരണ ചെലവു തന്നെയാണ്. 1995 –96 ൽ ഇത് 323073.95 രൂപ ആയിരുന്നു. തനതു വരുമാനത്തിന്റെ 135% ആണ് ഭരണ ച്ചെലവ്. ശമ്പള പരിഷ്കരണം വാർഷിക ഇൻക്രിമെന്റ്, ആറ് മാസം കൂടുമ്പോഴുള്ള ക്ഷാമബത്താവർദ്ധന എന്നിവ കാരണം ഈ ഇനത്തിൽ വർദ്ധനവ് തുടർന്നുകൊണ്ടേയിരിക്കും.

പഞ്ചായത്ത് ഇതുവരെ ഏറ്റവും അധികം ഫണ്ട് വിനിയോഗിച്ചിട്ടുള്ളത് റോഡുകളുടെ നിർമ്മാണത്തിനും വാർഷിക അറ്റകുറ്റപ്പണികൾക്കുമാണ്. പ്രാദേശികമായി നാട്ടുകാർ നിർമ്മിച്ചതും പഞ്ചായത്ത് നിർമ്മിച്ചതുമായ റോഡുകൾ നിരവധിയുണ്ട്. മനുഷ്യശരീരത്തിലെ നാഡീവ്യൂഹം പോലെ റോഡുകളുടെശൃംഖല തന്നെ നമ്മുടെ പഞ്ചായത്തിനകത്ത് നിലവിലുണ്ട്. പഞ്ചായത്ത് മരാമത്ത് പണികൾ കരാറുകാരെ ഏൽപിക്കുകയാണ് ഇതുവരെ

## കോട്ടയം ഗ്രാമപഞ്ചായത്ത് 1995–96 ലെ വരവ് ചെലവ് കണക്കുകൾ

| ക്ര. ന | വരവുകൾ | രൂപ | പൈസ | വരുമാനത്തിന്റെ എത്ര % | ക്ര. ന | ചെലവുകൾ | രൂപ | പൈസ | മൊത്തം ചെലവ് എത്ര % |
|---|---|---|---|---|---|---|---|---|---|
| 1 | കെട്ടിടനികുതി | 130785 | 88 | 13.8 | 1 | എസ്റ്റാബ്ലിഷ്മെന്റ് | 323073 | 95 | 27.4 |
| 2 | തൊഴിൽ നികുതി | 61810 | 0 | 6.5 | 2 | പൊതു മരാമത്ത് | 48338 | 0 | 4.1 |
| 3 | സർവ്വീസ് ചാർജ്ജ് | 32650 | 42 | 3.5 | 3 | വിദ്യാഭ്യാസം | 16848 | 50 | 1.4 |
| 4 | ലൈസൻസ്ഫീ | 14047 | 75 | 1.5 | 4 | ജലവിതരണം ഓടകൾ പൊതുജനാരോഗ്യം | 1430 | 0 | 0.1 |
| 5 | വസ്തുകൈമാറ്റ നികുതി | 274098 | 0 | 19 | 5 | തെരുവ് വിളക്ക് | 20526 | 0 | 1.7 |
| 6 | അൺടൈഡ് ഫണ്ട് | 200000 | 0 | 21.2 | 6 | സർക്കാർ ഗ്രാന്റുകളും അൺടൈഡ് ഫണ്ട് ഉപയോഗിച്ച് നടത്തിയവികപ്രവർത്തനങ്ങൾ | 769566 | 40 | 65.3 |
| 7 | ജെ. ആർ. വൈ ഫണ്ട് | 1111375 | 0 | 11.8 | | | | | |
| 8 | പ്രത്യേക ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഗ്രാന്റുകൾ | 118781 | 40 | 12.6 | | | | | |
| മൊത്തംവരവ് | | 943548 | 45 | | | മൊത്തം ചെലവ് | 1179782 | 85 | |

ചെയ്തത്. സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളൊഴികെ മറ്റ് പ്രവർത്തനങ്ങളെല്ലാം സംഘടനകൾ വഴിയോ ഗ്രാമസഭകൾ വഴിയോ നടത്തേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസം, ജലവിതരണം, പൊതുജനാരോഗ്യം തെരുവ് വിളക്കുകൾ കത്തിക്കൽ എന്നിവയാണ് മറ്റ് നികസന ചിലവിനങ്ങൾ. ഈ സേവന മേഖലകൾക്കുള്ള ചെലവുകൾ താരതമ്യേന വളരെ ചെറുതാണ്. 138 തെരുവ് വിളക്കുകളാണ് പഞ്ചായത്തിലുള്ളത്. 1995 –96 ൽ ഇതുനുവേണ്ടി ചെലവായത് 20526 രൂപയാണ്. കത്താത്ത തെരുവ് വിളക്കുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടി വരുന്നസ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്.

ഓരോ പ്രദേശത്തേയും പ്രകൃതി വിഭവങ്ങളുടെ നിലവിലുള്ള ഉത്പാദനം വർദ്ധിപ്പിച്ച് അവയെ അടിസ്ഥാനമാക്കി പ്രാദേശിക ആവശ്യങ്ങളും സാധ്യതകളും കണക്കിലെടുത്ത് വ്യക്തികളുടെയും സംഘടനകളുടെയും ഉത്പാദന സംരഭങ്ങൾ പടുത്തുയർത്തുകയാണ് ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള ഏറ്റവും വലിയ മാർഗ്ഗം. ഇതിന് സാമ്പത്തിക പിൻബലം അത്യാവശ്യമാണ്.

ബാങ്കുകളുടെയും സഹകരണ സംഘങ്ങളുടെയും സഹായത്തോടെ ഇത് നടപ്പിലാക്കാൻ കഴിയും. നമ്മുടെ പഞ്ചായത്തിൽ പരിമിതമായ തോതിൽ വായ്പാ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന ഏക സഹകരണ ധനകാര്യ സ്ഥാപനമാണ് കോട്ടയം സർവ്വീസ് സഹകരണ ബാങ്ക്. ജനങ്ങളുടെ മുഴുവൻ വായ്പാ ആവശ്യങ്ങൾ നിറവേറ്റാൻ ഇന്ന്ഈ സ്ഥാപനം പ്രപ്തമല്ല. കൂടുതൽ അംഗങ്ങളെയും മറ്റും ചേർത്ത് മൂലധനടിത്തറ വികസിപ്പിച്ച് ജനങ്ങളുടെ വായ്പാ ആവശ്യം നിറവേറ്റത്തക്ക നിലയിൽ ഈ സ്ഥാപ

ന /ത്ത വളർത്തേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൂത്ത്പറമ്പ് വീവേഴ്സ് സൊസൈറ്റിയുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും വനിതാ സഹകരണ സംഘം,ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നിവയുടെ പ്രവർത്തനം വ്യാപകമോ ആശാവഹമോ അല്ല. പഞ്ചായത്തിലെ മുഖ്യ കാർഷികോൽപ്പന്നമായ നാളികേരതേതെ അടിസ്ഥാനമാക്കി ഒരു നാളികേര കൊപ്ര സംഭരണ സംഘവും പഞ്ചായത്ത് മുഴുവൻ സംഭരണ ശൃംഖലയുമുള്ള ഒരു പാൽ സംഭരണ വിതരണ സഹകരണ സംഘവും സ്ഥാപിക്കുന്നതിന് നല്ല സാധ്യത കാണുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും ഗൾഫ് കുടിയേറ്റക്കാരുടെ സ്വാധീനം നിലനിൽക്കുന്നു. യു.എ.ഇ, കുവൈറ്റ് ഒമാൻ സൗദി അറേബ്യ എന്നിവിടങ്ങളിലാണ് നമ്മുടെ കുടിയേറ്റക്കാരിലധികവും. സാങ്കേതിക വിദഗ്ദരും,ഡോക്ടർമാർ എൻജിനിയർമാർ തുടങ്ങിയവരൊന്നുംതന്നെ ഇവരിലില്ലെന്ന് പറയാം. ഭൂരിഭാഗവും കൂലിപ്പണിക്കരും വ്യാപാരസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമാണ്. ഗൾഫ്മേഖലയിൽ ജോലിതേടിപ്പോയവർ നമ്മുടെ പഞ്ചായത്തിൽ ഏകദേശം 500 ൽ ഏറെപ്പേർ ഉണ്ടാകുമെന്നാണ് കണക്ക്. ഇവരുടെ വരുമാനത്തിന്റെ സിംഹഭാഗവും മണിമാളികകൾ പണിയുന്നതിനു വേണ്ടിയാണ് ഉപയോഗിച്ചുവരുന്നത്. കാർഷികമേഖലയിലെ മറ്റ് ഉൽപാദനമേഖലയിലോ മുതൽ മുടക്കാൻ ഇവർ താൽപര്യം കാണിക്കാറില്ല. ഗൾഫ് മരീചികയുടെ അസ്ഥിരതയെക്കുറിച്ച് ഇവരെ ബോധവാൻമാരാക്കുകയും ഇവരുടെ സമ്പാദ്യം ഉൽപ്പാദനമേഖലകളിൽ നിക്ഷേപിക്കാനുള്ള സങ്കടിത ശ്രമം നടത്തേണ്ടിയിരിക്കുന്നു.

തൊഴിൽരെഹിതരും അർദ്ധതൊഴിലുള്ളവരുമായ ധാരാളം ആളുകൾ നമ്മുടെ പഞ്ചായത്തിലെ ഓരോ പ്രദേശത്തുമുണ്ട്. ഇവർക്ക് പുതിയ ലക്ഷ്യബോധം നൽകുകയും കായികസന്നദ്ധപ്രവർത്തനങ്ങളിൽ തൽപ്പരരാകേണ്ടതുമാണ്. പുതിയൊരു വികസന സംസ്കാരം വളർത്തിയെടുത്ത് നാടിന്റെ പുരോഗതിയിൽ ഇവരെ അണിനിരത്താൻ കഴിയും.

സാമ്പത്തികവിഭവപരിമിതികളാണ് വികസനപ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും നിർവ്വഹിക്കുവാനും നമ്മുടെ പഞ്ചായത്തിന് തടസ്സമായിരുന്നത്. പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിൽ ഉൽപ്പാദനപരമായ കൂടുതൽ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൻ പര്യാപ്തമായ സാമ്പത്തിക വിഭവം നമ്മുടെ പഞ്ചായത്തിൽ ലഭിക്കുമെന്ന് നമുക്ക് ന്യായമായും പ്രതീക്ഷിക്കാം.

## പ്രശ്നങ്ങൾ

1.സാമ്പത്തികമായും വളരെയധികം പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണിത്

2. കെട്ടിടനികുതിചുമത്തിയതിനുശേഷം മോടിപിടിപ്പിക്കുകയും ആഢംബരമായി വീണ്ടും നിർമ്മാണം നടത്തുകയും ചെയ്ത കെട്ടിടങ്ങൾക്ക് നികുതി ചുമത്താറില്ല.

3. തൊഴിൽ നികുതിയിൽ എല്ലാവിഭാഗം തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടില്ല.

4. സന്നദ്ധപ്രവർത്തനസാധ്യതകളെ വേണ്ടരീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞില്ല.

5.ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ നിലവിലുണ്ട്.

## സാധ്യതകൾ

1. ആഢംബരമുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്താൻ കഴിയും

2. തൊഴിൽനികുതി ഈടാക്കാത്ത തൊഴിലാളികളിൽനിന്ന നികുതി ഈടാക്കാവുന്നതാണ്.

3ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്താവുന്നതാണ്.

4. ആറാംമൈൽ കോട്ടയം അങ്ങാടി എന്നീ പ്രദേശങ്ങളിൽ ഓട്ടോറിക്ഷാ പാർക്കിങ് സൗകര്യം ഏർപ്പെടുത്തുകയും പാർക്കിങ്ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്.

5. കോട്ടയം ചിറ, കോട്ടയം അമ്പലം എന്നിവയെ ബന്ധപ്പെടുത്തി ടൂറിസത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്.

6. ധനകാര്യസ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ ഉപയോഗിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

7. ഗൾഫ്മേഖലയിലെ പണം സ്വരൂപിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

8. സന്നദ്ധപ്രവർത്തനവും സംഭാവനകളും സ്വരൂപിച്ച് വികസനപ്രവർത്തനങ്ങൾ നടത്താവുന്നതാണ്.



" സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെ സ്ഥിതിക്ക്
മാറ്റം വരുത്താമെന്ന്
എപ്പോൾ ജനസാമാന്യത്തിന്
തോന്നുന്നുവോ അപ്പോൾ
മാത്രമാണ് ഭാരതം
പൂർണ്ണ സ്വാതന്ത്ര്യം നേടുക "

-ഗാന്ധിജി